മാർച്ച് 2017

വാല്യം 45 | ലക്കം എട്ട്


# യോജന

**മലയാളം പതിപ്പ്**

*ചീഫ് എഡിറ്റർ:*
**ദീപിക കച്ചൽ**

*സീനിയർ എഡിറ്റർ:*
**ധന്യ സനൽ. കെ**

*എഡിറ്റർ ഇൻ ചാർജ്:*
**ജെ. മഹേഷ് കുമാർ**


## ഈ ലക്കത്തിൽ

# കേന്ദ്ര ബജറ്റ് 2017-18


**മലയാളം പതിപ്പ്:** റ്റി.സി. 25/139, ഗവൺമെന്റ് പ്രസ് റോഡ്, തിരുവനന്തപുരം - 695001. **ഫോൺ: 0471 - 2323826**

**ഇ-മെയിൽ: yojanamal50@yahoo.co.in**

**വെബ്സൈറ്റ് :** www.yojana.gov.in

**ഇ-മെയിൽ:** yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നഡ, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം :
ബിസിനസ് മാനേജർ (സർക്കുലേഷൻ ആന്റ് അഡ്വർടൈസ്മെന്റ്) പബ്ലിക്കേഷൻസ് ഡിവിഷൻ, റൂം നം.48-53, സൂചനാ ഭവൻ, സിജിഒ കോംപ്ലക്സ്, ലോധി റോഡ്, ന്യൂഡൽഹി 110 003

**വരിസംഖ്യ: ഒരു വർഷം 230/-, രണ്ടുവർഷം 430/-, മൂന്നുവർഷം 610/-.**



യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും. അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.

യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷെ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നൽകപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.




## ലേഖനങ്ങൾ ക്ഷണിക്കുന്നു

സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതി വിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന ലേഖനങ്ങൾ വിദഗ്ധരിൽ നിന്നും ഗവേഷണ വിദ്യാർത്ഥികളിൽ നിന്നും ക്ഷണിക്കുന്നു.

വിലാസം:

പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം 695 001

e-mail:

**yojanamal50@yahoo.co.in**

☎ **0471 2323826**

## യോജന തപാലിൽ ലഭിക്കുവാൻ

പത്രാധിപർ, യോജന,

ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം 695 001

എന്ന വിലാസത്തിൽ നിശ്ചിത തുക മണിയോർഡർ ആയോ ഡിമാന്റ് ഡ്രാഫ്റ്റ് ആയോ അയക്കുക.

ഒരു വർഷം – 230 രൂപ • 2 വർഷം – 430 രൂപ • 3 വർഷം – 610 രൂപ

e-mail: **yojanamal50@yahoo.co.in**

☎ **0471 2323826**

യോജന
മാർച്ച് 2017 • വാല്യം 45 • ലക്കം എട്ട്

# ഉള്ളടക്കം

## കേന്ദ്ര ബജറ്റ് 2017 – 18

7 കേന്ദ്ര ബജറ്റ്: ഒരു സമഗ്ര അവലോകനം
എൻ.ആർ.ഭാനുമതി, എ. ശ്രീഹരി നായിഡു

12 പ്രായോഗിക ധനവിനിയോഗം: ഒരു പുതു ദർശനം
പ്രൊഫ. ചരൺ സിങ്

19 വ്യാവസായിക പുരോഗതിയും തൊഴിലവസരങ്ങളും: ബജറ്റ് അവലോകനം
അരൂപ് മിശ്ര

23 നവ വികസന മാതൃക: കാർഷിക മേഖലയ്ക്കും ഗ്രാമീണ ഇന്ത്യയ്ക്കും ഉത്തേജനം
നിരേന്ദ്ര ദേവ്

28 പ്രത്യേക ലേഖനം
റെയിൽ ബജറ്റ്: പുതുരൂപം, പ്രതീക്ഷാഭരിതം
അരുണേന്ദ്ര കുമാർ

33 ബജറ്റിലെ ഘടനാപരവും നിർവാഹകപരവുമായ മാറ്റങ്ങൾ
ഹാപ്പി പാന്ത്

36 റിയൽ എസ്റ്റേറ്റ് മേഖലയെ സജീവമാക്കി ബജറ്റ് പരിഷ്ക്കരണം
ഡോ.രൺജിത് മേഹ്ത

42 കൃഷി, ജലസേചനം, ക്ഷീരോത്പാദനം: ബജറ്റിലെ മുൻഗണനകൾ
ലക്ഷ്മി ജോഷി, വി.പി.അഹൂജ

44 യുവതലമുറയ്ക്കായി ബജറ്റിലെ പ്രതീക്ഷകൾ
ഡോ.എസ്.എസ്.മൻതാ

49 ആരോഗ്യ ബജറ്റ്: ലക്ഷ്യം ഗുണകരമായ വികസനം
രാജീവ് അഹൂജ

53 ബജറ്റ് 2017 – 18: ഹ്രസ്വ – ദീർഘകാല പരിഗണനകളുടെ സന്തുലനം
ഡോ. ജോസ് സെബാസ്റ്റ്യൻ

57 യുവജനക്ഷേമവും, നൈപുണ്യ വികസനവും ലക്ഷ്യമിട്ട് വിദ്യാഭ്യാസ ബജറ്റ്
ഡോ.പി. ഗോപിനാഥൻ പിള്ള

61 ഡിജിറ്റൽ ഇന്ത്യയ്ക്ക് കരുത്തായി കേന്ദ്ര ബജറ്റ്
ഡോ. ബിജു.ടി, ഡോ. ടോജോ ജോസ്

65 വാണിജ്യ,വ്യവസായരംഗത്ത് ഉണർവ്വേകുന്ന ബജറ്റ്
ഡോ. ശചീന്ദ്രൻ

68 എല്ലാവർക്കും വീട്: ചെലവു കുറഞ്ഞ ഭവനപദ്ധതികൾക്ക് ബജറ്റ് നൽകുന്ന പ്രതീക്ഷകൾ
പ്രഭിഷ. എ.ടി.

71 നിങ്ങൾക്കറിയോമോ?

## അടുത്ത ലക്കം

മാർച്ച് 2017

## തൊഴിൽ പരിഷ്ക്കരണങ്ങൾ

## ബഹുതല സ്പർശിയായ വികസന ബജറ്റ്

അനേകം അനിശ്ചിതത്വങ്ങളുടെ നടുവിലാണ് ഈ വർഷത്തെ കേന്ദ്ര ബജറ്റ് പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടത്. നോട്ട് അസാധുവാക്കൽ, ചരക്കു സേവന നികുതി, അമേരിക്കയിലെ പുതിയ ഭരണകൂടം തുടങ്ങി ആഭ്യന്തരവും ബാഹ്യവുമായ വിഷയങ്ങൾ കനത്ത വെല്ലുവിളികളാണ് ഉയർത്തിയത്. ഫെബ്രുവരി മാസത്തെ അവസാന പ്രവൃത്തി ദിവസം അവതരിപ്പിക്കുക എന്ന പരമ്പരാഗത കീഴ്‌വഴക്കം മറികടക്കുകയും, റെയിൽവെ ബജറ്റിനെ കൂടി പൊതു ബജറ്റിൽ ഉൾപ്പെടുത്തുകയും, പദ്ധതി - പദ്ധതിയിതര ചെലവ് എന്നുള്ള വേർതിരിവ് ബജറ്റിൽ നിന്ന് ഒഴിവാക്കുകയും ചെയ്തുകൊണ്ട് ഈ വർഷത്തെ കേന്ദ്ര ബജറ്റ് ചരിത്രത്തിൽ ഇടം പിടിച്ചിരിക്കുകയാണ്. പണക്കാരനെയും പാവപ്പെട്ടവനെയും ഒരു പോലെ ബാധിച്ച നോട്ട് അസാധുവാക്കലിനു ശേഷം അവതരിപ്പിക്കപ്പെട്ട ബജറ്റ് എന്ന നിലയിൽ പൊതുജനത്തിന് ആശ്വസിക്കാൻ എന്തെങ്കിലും അടിയന്തിര ആനുകൂല്യങ്ങൾ അതിലുണ്ടാവും എന്നു കരുതിയിരുന്നു. പാവപ്പെട്ട ജനവിഭാഗങ്ങളോടും ഗ്രാമങ്ങളോടും കൃഷിക്കാരോടുമുള്ള ഗവൺമെന്റിന്റെ അനുകൂല നയങ്ങളുടെ തുടർച്ചയാണ് ഇത്തവണത്തെ ബജറ്റിൽ പ്രതിഫലിച്ചത്. കൂടാതെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ച ഉത്തേജിപ്പിക്കുന്നതിനുള്ള ദീർഘകാല നടപടികൾക്കാണ് അതിൽ ഊന്നൽ നല്കിയിരിക്കുന്നത്. ഇന്ത്യയുടെ പരിവർത്തനം, ഉത്തേജനം, ശുചിത്വം എന്നീ സമഗ്ര ലക്ഷ്യങ്ങൾ നേടുന്നതിനായി ബഹുതല സ്പർശിയായ സമീപനവും ബജറ്റ് സ്വീകരിച്ചിരിക്കുന്നു. അതിനായി ഗ്രാമ വികസനം, കൃഷി, അടിസ്ഥാനസൗകര്യങ്ങൾ, നൈപുണ്യവികസനം, നിർമ്മാണ രംഗം, തൊഴിലവസര സൃഷ്ടി തുടങ്ങി സമ്പദ്‌വ്യവസ്ഥയുടെ എല്ലാ മേഖലകൾക്കും വേണ്ടത്ര പരിഗണന ബജറ്റ് നല്കിയിട്ടുമുണ്ട്.

ബജറ്റിൽ മുന്തിയ പരിഗണ നല്കിയിരിക്കുന്നത് കൃഷിക്കാർക്കും ഗ്രാമീണ ജനങ്ങൾക്കുമാണ്. അടുത്ത അഞ്ചു വർഷം കൊണ്ട് ഇന്ത്യയിലെ കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കാനുള്ള നടപടികളാണ് ധനമന്ത്രി ഇതിൽ പ്രഖ്യാപിച്ചിരിക്കുന്നത്. കാർഷിക വായ്പയ്ക്കായി 10 ലക്ഷം കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങളിൽ നിന്ന് കൃഷിക്കാരെ രക്ഷിക്കുന്നതിന് പ്രധാന മന്ത്രി ഫസൽ ബീമ യോജനയുടെ കീഴിലുള്ള ദീർഘ കാല ജലസേചന നിധി 40000 കോടി രൂപയായി വർധിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ 40 ശതമാനം വിളകളെ കൂടി രക്ഷിക്കാമെന്നാണ് കരുതുന്നത്.

ഗ്രാമങ്ങളിലെ തൊഴിൽ അവസരങ്ങൾക്കു കൂടുതൽ പ്രാധാന്യം നല്കുന്നതിനും നാട്ടിൻ പുറങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും യുവാക്കൾക്കായി നിരവധി നൈപുണ്യ സംരംഭങ്ങൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തൊഴിൽ അവസര മേഖലയിലെ കേന്ദ്ര ഗവൺമെന്റിന്റെ പതാക നൗകാ പദ്ധതിയായ മാഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിക്കാണ് ബജറ്റിൽ ഏറ്റവും കൂടുതൽ തുകയായ 48000 കോടി രൂപ വകയിരുത്തിയിരിക്കുന്നത്. രാജ്യത്ത് പുതിയ 300 ഓൺലൈൻ പഠനപരിപാടിയുമായി സ്വയം (SWAYAM) പദ്ധതി വിപുലീകരിക്കും. സങ്കല്പ് (SANKALP)പദ്ധതിക്കു കീഴിൽ യുവാക്കൾക്ക് വിപണന മേഖലയിൽ നൈപുണ്യ പരിശീലനം നല്കുന്നതിന് 4000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 'ഇന്ത്യയിൽ നിർമ്മിക്കൂ' പരിപാടി വഴി ഇന്ത്യയെ ലോകത്തിന്റെ നൈപുണ്യ തലസ്ഥാനമാക്കുക എന്നതാണ് ഈ രണ്ടു പദ്ധതികളും ലക്ഷ്യമിടുന്നത്. 50000 ഗ്രാമങ്ങളിലെ ഒരു കോടിയിലധികം ജനങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് പിടിച്ചുയർത്തുക എന്നതാണ് അന്ത്യോദയ ദൗത്യം കൊണ്ട് ഉദ്ദേശിക്കുന്നത്. രാജ്യത്തെ 100 ശതമാനം ഗ്രാമങ്ങളും 2018 മെയ് ഒന്നിനു മുമ്പായി വൈദ്യുതീകരിക്കുക, പൊതുസ്ഥല വിസർജ്യ വിമുക്ത ഗ്രാമങ്ങൾക്ക് മുൻഗണന നല്കി പൈപ്പുവെള്ളം എത്തിക്കുക, പ്രധാൻ മന്ത്രി ഗ്രാമ സഡക്ക് യോജനയിൽ നാട്ടിൻപുറങ്ങളുടെ ജീവനാഡികളായ ഗ്രാമീണ റോഡുകളുടെ നിർമ്മാണം പ്രതിദിനം 133 കിലോമീറ്റർ വീതം പൂർത്തിയാക്കുക തുടങ്ങിയ ബജറ്റ് പ്രഖ്യാപനങ്ങൾ ഗ്രാമവികസനത്തിനു ഗവൺമെന്റ് നൽകുന്ന ഊന്നൽ വ്യക്തമാക്കുന്നു.

സാമ്പത്തിക വികസനത്തിന്റെ അടിസ്ഥാനം ശക്തമായ അടിസ്ഥാന സൗകര്യങ്ങളാകയാൽ, ബജറ്റിൽ 3.96 ലക്ഷം കോടി രൂപയാണ് അതിനായി വകയിരുത്തിയിരിക്കുന്നത്. റെയിൽവെയ്ക്കു ഈ ബജറ്റിൽ വക കൊള്ളിച്ചിരിക്കുന്നത് 1.3 ലക്ഷം കോടി രൂപയാണ്. ട്രെയിൻ യാത്രക്കാരുടെ സുരക്ഷ, കോച്ചുകളുടെ ശുചിത്വം, റെയിൽവെയുടെ മൊത്തത്തിലുള്ള വികസനം എന്നിവയാണ് ബജറ്റിൽ ഊന്നൽ നല്കിയിരിക്കുന്ന മേഖലകൾ. ഭൂമി വ്യാപാരത്തിന് കൂടുതൽ ഉന്മേഷം പകരുക എന്ന ലക്ഷ്യത്തോടെ ഭവന നിർമ്മാണ മേഖലയ്ക്ക് അടിസ്ഥാനസൗകര്യ പദവി നല്കിയിരിക്കുന്നു. അനായാസേന വ്യവസായം നടത്തുന്നതിനും നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നിരവധി നടപടികൾ ബജറ്റിൽ സ്വീകരിച്ചിരിക്കുന്നു. 90 ശതമാനം വിദേശ നിക്ഷേപങ്ങളും നേരിട്ട് വരുന്നതിനാൽ ഫോറിൻ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡിന്റെ പ്രവർത്തനം അവസാനിപ്പിച്ചു. എല്ലാ മേഖലകളിലെയും സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി 50 കോടിയിൽ താഴെ വിറ്റുവരവ് ഉള്ള കമ്പനികളുടെ കോർപ്പറേറ്റ് ഇൻകം ടാക്സ് 25 ശതമാനമാക്കി.

രാജ്യത്തെ ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയാക്കി മാറ്റുന്നതിന് ഭാരത് നെറ്റിന് 10000 കോടി രൂപ അനുവദിച്ചു. ആധാർ പെയ്ക്ക് തുടക്കം കുറിച്ചു. സൈബർ സുരക്ഷയ്ക്കായി പ്രത്യേക ദൗത്യ സംഘത്തെ നിയോഗിച്ചു. കള്ളപ്പണം തടയുന്നതിനും അതുവഴി രാഷ്ട്രീയ ശുചീകരണം നടപ്പാക്കുന്നതിന്റെയും ഭാഗമായി രാഷ്ട്രീയ പാർട്ടികൾക്ക് ഒരാളിൽ നിന്നു സ്വീകരിക്കാവുന്ന സംഭാവന പരമാവധി 2000 രൂപയാക്കി. ഇതിനു മുകളിലുള്ള സംഖ്യ ചെക്കായോ ഡിജിറ്റൽ പേയ്മെന്റായോ സ്വീകരിക്കാവുന്നതാണ്. സാമ്പത്തിക സുതാര്യതയും, അഴിമതി തുടച്ചു മാറ്റലും തീവ്ര സാമ്പത്തിക വളർച്ചയും ലക്ഷ്യമാക്കിയുള്ള ഗവൺമെന്റിന്റെ ലക്ഷ്യങ്ങൾക്ക് 2017 - 18 ബജറ്റ് പ്രഖ്യാപനങ്ങൾ മൊത്തത്തിൽ അടിവരയിടുന്നു. സമൂഹത്തിലെ എല്ലാ ശ്രേണിയിൽ ഉള്ളവർക്കും സന്തോഷിക്കാനുള്ള വക ഈ ബജറ്റിലുണ്ട് എന്നു ചുരുക്കം.



# കേന്ദ്ര ബജറ്റ്: ഒരു സമഗ്ര അവലോകനം

എൻ ആർ ഭാനുമതി, എ ശ്രീഹരി നായിഡു

ഇന്ത്യൻ ഭരണ ഘടനയുടെ 110 (എ) 112,113,114(3) പ്രകാരം ഗവൺമെന്റിന്റെ നിയമപരമായ ബാധ്യതയാണ് ബജറ്റ്. ചരിത്രപരമായി അത് കേവലം ഒരു ബാലൻസ് ഷീറ്റ് നിർദ്ദേശം മാത്രമാണ്. എന്നിരുന്നാലും, ഗവൺമെന്റുകൾ ബജറ്റിനെ വലിയ നയതീരുമാനങ്ങളും പ്രത്യേകിച്ച് നികുതി നിർദ്ദേശങ്ങളും പ്രഖ്യാപിക്കാനുള്ള അവസരമായിട്ടാണ് ഉപയോഗിക്കുന്നത്. വർഷങ്ങളായി നടത്തിവരുന്ന ബജറ്റ് അവതരണം അടുത്ത കാലത്തായി അനേകം മാറ്റങ്ങൾക്കു വിധേയമായിക്കഴിഞ്ഞു. ഈ വർഷവും മൂന്ന് സുപ്രധാന മാറ്റങ്ങൾ ഇതിൽ വരുത്തിയിട്ടുണ്ട്. റെയിൽവെ ബജറ്റ് കേന്ദ്രബജറ്റിനോട് യോജിപ്പിച്ചു, ബജറ്റ് അവതരണം ഒരു മാസം മുന്നേയാക്കി, ധനവിനിയോഗത്തിലെ പദ്ധതി – പദ്ധതിയിതര ചെലവുകൾ തമ്മിലുള്ള തിരിവ് അവസാനിപ്പിച്ചു – എന്നിവയാണ് അവ. ഈ മാറ്റങ്ങൾ മൂലം കഴിഞ്ഞ കാല ബജറ്റുകളുമായി ഈ ബജറ്റിനെ താരതമ്യം ചെയ്യുക അല്പം ബുദ്ധിമുട്ടാണ്. എന്നാലും ബജറ്റ് അവതരിപ്പിച്ച പശ്ചാത്തലം മനസിലാക്കേണ്ടത് സുപ്രധാനമാണ്. ബജറ്റിനു മുന്നേ തന്നെ നോട്ട് അസാധുവാക്കൽ, ചരക്കു സേവന നികുതി ബില്ല് പാസാക്കൽ എന്നീ നയപരമായ സംഭവങ്ങൾ നടന്നിരുന്നു. അന്താരാഷ്ട്ര തലത്തിലാകട്ടെ, അമേരിക്കയിലെയും യൂറോപ്പിലെയും ആഗോളവത്ക്കരണ വിരുദ്ധ നിലപാടുകളും, എണ്ണവിലയിലെ കുതിപ്പും, സാമ്പത്തിക മാന്ദ്യത്തിൽ നിന്നു വളരെ സാവകാശത്തിലുള്ള തിരിച്ചു വരവും, ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ കൂടുതൽ അനിശ്ചിതത്വത്തിലാക്കി.

ഈ അനിശ്ചിതത്വങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തവണത്തെ ബജറ്റിനെ കുറിച്ച് വലിയ പ്രതീക്ഷകളാണ് ഉണ്ടായിരുന്നത്. അതായത് സമ്പദ് വ്യവസ്ഥയുടെ ഉയർത്തെണീല്പും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾക്കുള്ള സാധ്യതകളും സംബന്ധിച്ചായിരുന്നു പ്രതീക്ഷകളധികവും. ഇത്തവണത്തെ ബജറ്റിനെ മനസിലാക്കാനും, സമ്പദ് വ്യവസ്ഥയിന്മേൽ അതിന്റെ സ്വാധീനം അപഗ്രഥിക്കാനുമുള്ള ഒരു പരിശ്രമമാണ് ഈ ലേഖനം. ധനമന്ത്രി സൂചിപ്പിച്ചതുപോലെ ഈ വർഷത്തെ ബജറ്റിന്റെ മുഖ്യ വിഷയം ടെക് ഇന്ത്യയാണ്. (അതായത് റ്റി - ട്രാൻസ്ഫർമേഷൻ, ഇ- എനർജൈസ്, സി- ക്ലീൻ ഇന്ത്യ)

## നിലവിലുള്ള ബൃഹത് പ്രവണതകൾ

സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ ഇന്ത്യയുടെ 2016 –17 ലെ മൊത്ത ആഭ്യന്തര ഉത്പാദന വളർച്ച 7.1 ശതമാനമായിട്ടാണ് കണക്കാക്കുന്നത്. എന്നാൽ CSO ഈ കണക്കിൽ നോട്ട് അസാധുവാക്കലിന്റെ സ്വാധീനം കണക്കിലെടുത്തിട്ടില്ല. നോട്ട് അസാധുവാക്കൽ മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ 1 മുതൽ 2 ശതമാനം വരെ കുറവ് വരുത്തുമെന്നാണ് സാമ്പത്തിക വിദഗ്ധരുടെ അഭിപ്രായം. കഴിഞ്ഞവർഷത്തെ മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ കാർഷിക മേഖലയുടെ ഉയർച്ചയാണ് സൂചിപ്പിക്കുന്നത്. കഴിഞ്ഞ വർഷം നല്ല മഴ ലഭിച്ചതാണ് കാരണം. സേവന മേഖലയും 9 ശതമാനം കണ്ട് വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. വ്യവസായ മേഖല 5.2 ശതമാനവും വളർച്ച പ്രതീക്ഷിക്കുന്നു (പട്ടിക 1). ഡിസംബറിലെ പണപ്പെരുപ്പം ഉപഭോക്തൃ വില സൂചിക പ്രകാരം 3.4 ശതമാനം മാത്രമാണ്. ഇത് റിസർവ് ബാങ്കിന്റെ ലക്ഷ്യത്തിലും താഴെത്തന്നെയാണ്. വാണിജ്യ മേഖലയിൽ കയറ്റുമതിയും ഇറക്കുമതി

യും താഴേക്കാണ്. ഇത് വലിയ ആശങ്ക ഉളവാക്കുന്നു. ഇതു പ്രകാരം 2016 –17 ന്റെ ആദ്യ പകുതിയിൽ കറന്റ് അക്കൗണ്ട് കമ്മി കുത്തനെ താഴേയ്ക്ക് വന്ന് 0.3 ശതമാനത്തിലെത്തി. വരുമാനത്തിൽ ഉയർച്ച കാണാനായെങ്കിലും ഏപ്രിൽ – നവംബർ കാലഘട്ടത്തിൽ കമ്മി ഉയർന്ന് 86 ശതമാനത്തിൽ സ്പർശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് ധനക്കമ്മി 2016 –17 ലെ ലക്ഷ്യമായ 3.5 ശതമാനം യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്നും പ്രതീക്ഷ ഉണ്ടായിരുന്നു.

ബാങ്കിങ് മേഖലയിൽ നോട്ട് അസാധുവാക്കലിനെ തുടർന്ന് നിക്ഷേപങ്ങൾ ഉയരുകയും ബാങ്കുകൾ നിക്ഷേപങ്ങളുടെയും വായ്പകളുടെയും പലിശ കുറയ്ക്കുകയും ചെയ്തു. ഇതിലൂടെ വായ്പകളുടെ ആവശ്യവും അതിലൂടെ വളർച്ചയുമാണ് പ്രതീക്ഷിച്ചത്. എന്നാൽ ഇപ്പോഴത്തെ നിക്ഷേപ വളർച്ച 0.2 എന്ന നിരക്കിൽ താഴേയ്ക്കായത് ഉത്ക്കണ്ഠയ്ക്ക് കാരണമായിട്ടുണ്ട്. സെന്റർ ഫോർ മെയ്ന്റെയിനിങ് ഇന്ത്യൻ ഇക്കോണമിയുടെ വിവരങ്ങളും കാണിക്കുന്നത് പദ്ധതികളുടെ പ്രഖ്യാപനത്തിലും മറ്റും നേരിട്ട വൻ കുറവാണ്. നോട്ട് അസാധുവാക്കലിനു മുമ്പ് ഉണ്ടായിരുന്ന 227 സൂചികയിൽ നിന്നും അമ്പതു ദിവസങ്ങൾക്കു ശേഷം 177 എത്തിയിരിക്കുന്നു എന്നാണ് കണക്ക്.

**ചില ധനകാര്യ സൂചകങ്ങളുടെ അടുത്ത കാലത്തെ പ്രവണതാ വിവരം**

| സൂചകം - വർഷം | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 |
|---|---|---|---|---|---|
| GVA വളർച്ചാ നിരക്ക് | 5.4 | 6.3 | 7.1 | 7.2 | 7.1 |
| GFCF വളർച്ചാ നിരക്ക് | 4.9 | 3.4 | 4.9 | 3.9 | -0.2 |
| ആഭ്യന്തര മൊത്ത സമ്പാദ്യം (ജിഡിപിയുടെ ശതമാനത്തിൽ) | 33.8 | 33 | 33 | - | - |
| കൃഷി | 1.5 | 4.2 | -0.2 | 1.2 | 4.1 |
| വ്യവസായം | 3.6 | 5 | 5.9 | 7.4 | 5.2 |
| സേവനം | 8.1 | 7.8 | 10.3 | 8.9 | 8.8 |
| പണപ്പെരുപ്പം | 10 | 9.4 | 5.8 | 4.9 | 3.41 |
| കറന്റ് അക്കൗണ്ട് കമ്മി | 4.8 | 1.7 | 1.3 | 1.1 | 0.3 |
| കയറ്റുമതി | 6.7 | 7.8 | 1.7 | -5.2 | 2.2 |
| ഇറക്കുമതി | 6 | -8.2 | 0.8 | -2.8 | -3.8 |
| വരുമാന കമ്മി (ജിഡിപിയുടെ ശതമാനത്തിൽ) | 3.7 | 3.2 | 2.9 | 2.5 | 2.3 |
| ധന കമ്മി (ജിഡിപിയുടെ ശതമാനത്തിൽ) | 4.9 | 4.5 | 4.1 | 3.9 | 3.5 |

(അവലംബം : 2016-17 ലെ സാമ്പത്തിക സർവേ റിപ്പോർട്ട്)

## ബജറ്റിലെ പ്രധാന ആശയങ്ങൾ

പണപ്പെരുപ്പ നിയന്ത്രണ ലക്ഷ്യം, മോണിറ്ററി പോളിസി കമ്മിറ്റി, ആധാർ നിയമം, ജിഎസ്ടി തുടങ്ങി കഴിഞ്ഞവർഷം നിരവധി പരിഷ്കാരങ്ങൾ നടപ്പാക്കിയിട്ടും ഈ വർഷം വീണ്ടും നയപരമായ ഒട്ടനവധി മാറ്റങ്ങൾ വിവിധ മേഖലകളിൽ ബജറ്റ് കൊണ്ടുവന്നിട്ടുണ്ട്.

## പരമ്പരാഗത മേഖലകൾ

കൃഷിക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ മൂന്നു തലങ്ങളിലാണ്. വിളവെടുപ്പിനു മുമ്പ്, വിളവെടുക്കുമ്പോൾ, വിളവെടുപ്പിനു ശേഷം എന്നിങ്ങനെ അതിനെ തരം തരിക്കാം. വിളവെടുപ്പിനു മുമ്പുള്ള പ്രശ്നങ്ങൾ വായ്പ, വളങ്ങൾ, ജലസേചനം തുടങ്ങിയവയാണ്. വിളവെടുപ്പു കാലത്തെ പ്രശ്നങ്ങൾ വരൾച്ചയും വെള്ളപ്പൊക്കവും അവയ്ക്കുള്ള ഇൻഷുറൻസ് പദ്ധതികളുമായി ബന്ധപ്പെട്ടവയാണ്. വിളവെടുപ്പിനു ശേഷമുള്ള

വയാകട്ടെ, വിപണി, വില, ചരക്കു നീക്കം എന്നിവയും. കഴിഞ്ഞ വർഷം നടപ്പാക്കിയ ഭൂമി ആധാരത്തിന്റെ ഡിജിറ്റലൈസേഷൻ, ഗ്രാമീണ വൈദ്യുതീകരണം, ഗ്രാമീണ ഓപ്റ്റിക്കിൽ ഫൈബർ കേബിൾ സ്ഥാപനം എന്നിവയുടെ തുടർച്ചയായി ഈ വർഷം ഏർപ്പെടുത്തിയിട്ടുള്ള സോയിൽ കാർഡ്, ഫസൽ ബീമ യോജന, ദീർഘകാല സൂക്ഷ്മ ജലസേചന നിധി, ഇലക്ട്രോണിക് ദേശീയ കാർഷിക വിപണി എന്നീ പദ്ധതികൾ കൃത്യമായി നടപ്പിലാക്കിയാൽ ഇന്ത്യൻ കാർഷിക മേഖലയിലെ നഷ്ട സാധ്യത ഒരു പരിധി വരെ നിയന്ത്രണവിധേയമാക്കാനാകും.

ഈ ബജറ്റിൽ കാർഷിക വായ്പകൾക്ക് 10 ലക്ഷം കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്. കഴിഞ്ഞ വർഷം ഇത് 9 ലക്ഷം കോടി രൂപയായിരുന്നു. കൂടുതലായി 20000 കോടി രൂപ കൂടി സൂക്ഷ്മ ജലസേചന പദ്ധതികൾക്കായി ലഭ്യമാക്കും. രാജ്യത്തുടനീളമുള്ള കാർഷിക വിപണികളെ ഏകോപിപ്പിക്കുവാൻ ഇലക്ട്രോണിക് കാർഷിക വിപണികളുടെ എണ്ണം 250 ൽ നിന്ന് 585 ആയി ഉയർത്തും. കരാർ കൃഷിക്ക് പ്രത്യേകിച്ച് ക്ഷീരമേഖല, പഴം, പച്ചക്കറി എന്നിവയ്ക്ക് മാതൃകാ നിയമങ്ങൾ കൊണ്ടുവരാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

## അടിസ്ഥാന സൗകര്യം

ഇന്ത്യയിൽ നിക്ഷേപം നടത്തുന്നതിൽ നിന്ന് സ്വകാര്യ വിദേശ സംരംഭകരെ അകറ്റുന്നത് ഇവിടത്തെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവുകാരണമാണ്. അടിസ്ഥാന സൗകര്യം എന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ബജറ്റിൽ റോഡുകൾ, വൈദ്യുതി, ഡിജിറ്റൽ സംവിധാനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ ഊന്നൽ നല്കിയിട്ടുണ്ട്. രാജ്യത്തെ 100 ശതമാനം ഗ്രാമങ്ങളും 2018 മെയ് മാസം ഒന്നാം തീയതിയോടെ വൈദ്യുതീകരിക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ഇതിനായി ദീൻദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജനയ്ക്ക് 4,814 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. പ്രധാന മന്ത്രി ഗ്രാമ സഡക് യോജനയുടെ കീഴിൽ 2016 –17ൽ പ്രതിദിനം 133 കിലോമീറ്റർ റോഡാണ് രാജ്യത്ത് നിർമ്മിച്ചത്. 2011 –14 കാലഘട്ടത്തിൽ ഇത് ശരാശരി 73 കിലോമീറ്റർ ആയിരുന്നു. ഈ പദ്ധതിക്കായി ഇത്തവണത്തെ ബജറ്റിൽ നീക്കിവച്ചിരിക്കുന്ന വിഹിതം 19,000 കോടി രൂപയാണ്. റെയിൽവെയുടെ വികസനത്തിനായുള്ള ബജറ്റ് വിഹിതം 55,000 കോടി രൂപയാണ്. ബജറ്റിൽ മൊത്തം 2.41 കോടി രൂപ വക കൊള്ളിച്ചുകൊണ്ട് ഗതാഗത മേഖലയുടെ വികസനത്തിനും വളർച്ചയ്ക്കും ഗവൺമെന്റ് വലിയ പ്രാധാന്യമാണ് നല്കുന്നത്. കൂടുതൽ തൊഴിൽ സാധ്യത, ഇതര മേഖലകളുമായി ശക്തമായ ബന്ധം സ്ഥാപിക്കൽ എന്നിവ ഗതാഗത മേഖലയ്ക്ക് വേണ്ടതുണ്ട് എന്നതിനാൽ ഈ മേഖലയ്ക്ക് കൂടുതൽ തുക നല്കുന്നതിലൂടെ സമഗ്ര വികസനമാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്.

**അടിസ്ഥാന സൗകര്യത്തിനായുള്ള ബജറ്റ് വിഹിതം**

| ഇനം | 2015-2016 | 2016-2017 | 2017-2018 |
|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി (MGNREGA) | 38500 | 47499 | 48000 |
| പ്രധാന മന്ത്രി ആവാസ് യോജന (PMAY) | 20075 | 20936 | 29043 |
| പ്രധാൻ മന്ത്രി സഡക് യോജന (PMGSY) | 19000 | 19000 | 19000 |
| അമൃത് (AMRUT) | | 7296 | 95599 |
| പ്രതിരോധ വകുപ്പിന് ഒപ്റ്റിക്കൽ ഫൈബർ ശൃംഖല | 2710 | 3210 | 3000 |
| ഭാരത് നെറ്റ് | 0 | 6000 | 10000 |
| മെട്രോ പദ്ധതികൾ | 10000 | 15700 | 18000 |
| ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന | 8500 | 7874 | 10635 |
| സാഗർമാല | 450 | 406 | 600 |
| പാവപ്പെട്ടവർക്കുള്ള എൽപിജി | 2000 | 2500 | 2500 |
| റെയിൽവെയ്ക്കുള്ള ബജറ്റ് വിഹിതം | 30121.2 | 35007.9 | 55000 |
| മൊത്തം | **138652.2** | **167691.9** | **187678** |

### ബജറ്റും ബൃഹത് സമ്പദ് വ്യവസ്ഥയും

ബജറ്റിലെ ഒരു സുപ്രധാന നയ തീരുമാനം വരുമാന കമ്മി ലക്ഷ്യം നേടുന്നത് സംബന്ധിച്ചാണ്. അന്താരാഷ്ട്ര റേറ്റിങ് ഏജൻസികളുടെ സമ്മർദ്ദത്തിന്റെ പശ്ചാത്തലത്തിൽ ഫിസ്ക്കൽ റസ്പോൺസിബിലിറ്റി ആൻഡ് ബജറ്റ് മാനേജ്മെന്റ് (FRBM) ചട്ടപ്രകാരം ഗവൺമെന്റ് ധനക്കമ്മി 3 ശതമാനത്തിൽ പിടിച്ചു നിർത്തും എന്നു പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ FRBM കമ്മിറ്റിയുടെ പുതിയ ശുപാർശ സംബന്ധിച്ചുള്ള അവ്യക്തത നിലവിലുള്ള സാഹചര്യത്തിൽ നിക്ഷേപങ്ങൾ പരിഷ്കരിക്കാൻ ബജറ്റ് അതിന്റെ ധനക്കമ്മി 3 ശതമാനത്തിനു പകരം 3.2 ശതമാനമാക്കി മാറ്റിയിട്ടുണ്ട്. ഇവിടെ ഏറ്റവും പ്രധാന നേട്ടം ധനക്കമ്മി 2.3 ശതമാനത്തിൽ നിന്ന് 1.9 ശതമാനത്തിലേയ്ക്ക് കൊണ്ടുവന്നു എന്നതാണ്. മൂലധന ചെലവ് 1.1 ശതമാനത്തിൽ നിന്ന് 1.3 ശതമാനവുമായി. FRBM മുന്നോട്ടു വച്ചിട്ടുള്ളതായി കാണപ്പെടുന്ന ഒരു നിർദ്ദേശം 2023 ഓടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള 60 ശതമാനം വരുന്ന വായ്പാ നടപടികളാണ് (കേന്ദ്ര ഗവൺമെന്റ് 40 ശതമാനം, സംസ്ഥാന ഗവൺമെന്റ് 20 ശതമാനം) ഇത്തരം വായ്പാ മാർഗ്ഗം വളർച്ചയ്ക്കും വികസന ലക്ഷ്യങ്ങൾ നേടുന്നതിനുമുള്ള സാമ്പത്തിക സാഹചര്യം നല്കും.

### വരുമാന സമാഹരണ നയങ്ങൾ

ചരക്കു സേവന നികുതി പ്രഖ്യാപനം, നോട്ട് അസാധുവാക്കൽ എന്നിവയെ തുടർന്ന് നികുതി അടവിൽ വർധനവുണ്ടായി. നികുതി വരുമാനം 1.4 ശതമാനം കണ്ട് ഉയരുകയായിരുന്നു. ടാക്സ് ഇൻഫർമേഷൻ നെറ്റ് വർക്ക് നടപ്പാക്കിയ ശേഷം 2003 -2007 കാലഘട്ടത്തിലും ഇതേ പ്രതിഭാസം സംഭവിച്ചിരുന്നു. മൂലധന വരവ് കഴിഞ്ഞ വർഷങ്ങളിലേതു പോലെ ബജറ്റ് പ്രതീക്ഷിക്കുന്നത് 72500 കോടി രൂപയാണ്. പ്രായോഗികമായി ചിന്തിച്ചാൽ ഇത് ബുദ്ധിമുട്ടായിരിക്കും. ഈ കണക്കു കൂട്ടലുകൾക്ക് ആധാരം 2017 -18 ൽ പ്രതീക്ഷിക്കുന്ന 11.75 ശതമാനം മൊത്ത ആഭ്യന്തര ഉത്പാദന വളർച്ചയാണ്. 2016 -17 ൽ ഇത് 11 ശതമാനമായിരുന്നു. ജൂലൈ 1 മുതൽ ജിഎസ്ടി നടപ്പിലാക്കുമെന്നതിനെ ആശ്രയിച്ചാണ് കാര്യങ്ങൾ കണക്കുകൂട്ടുന്നത്. നേരിട്ടുള്ള നികുതി പരിശോധിക്കുമ്പോൾ സാമ്പത്തിക സർവെ ചൂണ്ടിക്കാണിക്കുന്നതനുസരിച്ച് 100 ൽ 7 പേർ മാത്രമാണ് നികുതി അടയ്ക്കുന്നത്. നികുതി ഒടുക്കുന്നത് കുറച്ചുകൂടി വ്യാപകമാക്കുന്നതിനായി ബജറ്റ് കുറഞ്ഞ നികുതി നിരക്ക് 5 ശതമാനത്തിലേയ്ക്ക് താഴ്ത്തി കൊണ്ടുവന്നിരിക്കുകയാണ്. കൂടാതെ റിട്ടേണുകളുടെ ഇ-ഫയലിങ് നടപടികൾ ലളിതമാക്കുകയും ചെയ്തിരിക്കുന്നു.

### ബാങ്കിങ് മേഖലയിലെ പ്രതിസന്ധിയും പ്രവൃത്തി രഹിത ആസ്തി പ്രശ്നങ്ങളും

ഇന്ത്യയിൽ സ്വകാര്യ നിക്ഷേപങ്ങൾ കുറയാനുള്ള പ്രധാന കാരണം ബാങ്കിങ് മേഖലയിൽ നിലവിലുള്ള ഇരട്ട ബാലൻസ് ഷീറ്റ് പ്രതിസന്ധിയാണ്. നോട്ട് അസാധുവാക്കൽ വളരെ ചെലവു കുറഞ്ഞ രീതിയിലുള്ള നിക്ഷേപങ്ങൾ കൊണ്ടുവരികയും ബാങ്കുകളുടെ ബാലൻസ് ഷീറ്റുകൾ സാധാരണ നിലയിലാക്കുവാൻ സഹായിക്കുകയും ചെയ്തു. പുനർ മൂലധനവത്ക്കരണത്തിലൂടെ വീണ്ടും ബജറ്റ് ബാങ്കുകളെ സഹായിക്കും എന്നും ചില പ്രതീക്ഷകൾ ഉണ്ടായിരുന്നു. ഇതിനായി കഴിഞ്ഞ വർഷത്തെ ബജറ്റ് വിഹിതം 10000 കോടി രൂപയായിരുന്നു. ഈ ബജറ്റിൽ അത് 25000 കോടി രൂപയാണ്. ഇത് പൊതുമേഖലാ ബാങ്കുകളുടെ പ്രവർത്തി രഹിത ആസ്തിയിൽ വൻ കുതിപ്പാണ് വരുത്തിയിരിക്കുന്നത്. ഇത് ബാങ്കുകളെ സഹായിക്കില്ല. എങ്കിൽത്തന്നെയും ഇന്ദ്രധനുഷ് പോലെ പല പദ്ധതികളും ബാങ്കുകളെ സഹായിക്കാൻ ദീർഘദൃഷ്ടിയോടെ ആവിഷ്കരിച്ചിട്ടുണ്ട്.

### ബജറ്റും നോട്ട് അസാധുവാക്കലും

നോട്ട് അസാധുവാക്കലിനു ശേഷം സാമ്പത്തിക രംഗത്ത് ചില അസ്വാസ്ഥ്യങ്ങൾ ഉണ്ടായിട്ടുണ്ട്. വാഹന വിപണിയിൽ കച്ചവടം 18.66 ശതമാനം കണ്ട് കുറഞ്ഞതായി 2016 ഡിസംബറിലെ കണക്കുകൾ സൂചിപ്പിക്കുന്നു. ഇത് ഏറ്റവും ബാധിച്ചിരിക്കുന്നത് ഇരു ചക്ര-മൂന്നു ചക്ര വാഹനങ്ങളെയാണ്. കാരണം ഇവയെല്ലാം തന്നെ നേരിട്ട് പണം നല്കി വാങ്ങിയിരുന്നതാണ്. ഇവയുടെ വ്യാപാരം യഥാക്രമം 22.04 ശതമാനം മുതൽ 36.23 ശതമാനം വരെ ഇടിഞ്ഞു. ചില റിപ്പോർട്ടുകൾ പ്രകാരം 2016 ന്റെ അവസാന പാദത്തിൽ ഭൂമി വ്യാപാരം ഏതാണ്ട് 50 ശതമാനം കണ്ട് കുറഞ്ഞിട്ടുണ്ട്. രാജ്യത്തെ മൊത്ത ആഭ്യന്തര ഉത്പാദനം 0.25 ശതമാനം മു

തൽ 1 ശതമാനം വരെ കുറയുമെന്നാണ് സാമ്പത്തിക സർവെയുടെ വെളിപ്പെടുത്തൽ.

നോട്ട് അസാധുവാക്കലിനു ശേഷം മൊത്ത ആഭ്യന്തര ഉത്പാദന വളർച്ച കുറയുമ്പോഴും നികുതി വരുമാനം കൂടുന്നതായാണ് കാണുന്നത്. കോർപ്പറേഷൻ നികുതി (4.4 ശതമാനം), വരുമാന നികുതി (24.6 ശതമാനം), കേന്ദ്ര എക്സൈസ് തീരുവ ( 43 ശതമാനം), സേവന നികുതി ( 23.9 ശതമാനം), കസ്റ്റംസ് തീരുവ (4.1 ശതമാനം) എന്നിങ്ങനെയാണ് വർധന. ഇതിനു വിശദീകരണമായി പറയുന്നത് നോട്ട് അസാധുവാക്കലിനു ശേഷം നികുതി നല്കുന്നവരുടെ സംഖ്യ ഉയർന്നിട്ടുണ്ട് എന്നതാണ്. പണമിടപാടുകൾ സുതാര്യമാക്കിയപ്പോൾ നികുതി അടവ് നേരത്തെ ഉണ്ടായിരുന്നതിനെ അപേക്ഷിച്ച് വർധിച്ചു. സാമ്പത്തിക സർവെ, നാഷണൽ പെയ്മെന്റ് കോർപ്പറേഷൻ എന്നിവ നല്കുന്ന വിവരങ്ങളനുസരിച്ച് റൂപെയ് അധിഷ്ഠിത ഇലക്ട്രോണിക് പണമിടപാടുകൾ 13000 കോടിയായി ഉയർന്നിട്ടുണ്ട്. ഇ- കോമേഴ്സ് പ്രകാരമുള്ള പണമിടപാട് വർധന 2000 കോടി രൂപയാണ്. ഏതാനും മാസം കൊണ്ട് 300 -400 ശതമാനമാണ് വർധന.

പണമിടപാടുകൾ നേരിട്ടു നടക്കുന്നിടത്തോളം കാലം കള്ളപ്പണം തടയാൻ സാധിക്കില്ല. ഇതിന് ബജറ്റ് നിർദ്ദേശിക്കുന്നത്, 3 ലക്ഷത്തിനു മുകളിലുള്ള എല്ലാ സാമ്പത്തിക ഇടപാടുകൾക്കും നികുതി ഏർപ്പെടുത്തുക എന്നതാണ്. ഇതുവഴി കാലക്രമേണ നേരിട്ടുള്ള കറൻസി ഇടപാടുകൾ കുറയും, കറൻസി രഹിത പണമിടപാടുകൾ മാത്രമാകുമ്പോൾ അത് കണക്കിൽ വരികയും അതുവഴി നികുതി അടവ് കൂടുകയും അങ്ങനെ കള്ളപ്പണത്തിന്റെ വരവ് നിലയ്ക്കുകയും ചെയ്യുമെന്ന് കണക്കാക്കപ്പെടുന്നു.

## ബജറ്റും ഡിജിറ്റൽ സമ്പദ് വ്യവസ്ഥയും

സമ്പദ് വ്യവസ്ഥയെ കറൻസി രഹിത സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന് ധനകൈമാറ്റത്തിന്റെ ഘടനയിൽ തന്നെ അടിസ്ഥാനപരമായ മാറ്റങ്ങൾ ആവശ്യമാണ്.ഇവിടെ ഇന്ത്യ മൂന്നു വെല്ലുവിളികളാണ് നേരിടുന്നത്. സൈബർ സുരക്ഷ, ഡിജിറ്റൽ സൗകര്യങ്ങളുടെ അപര്യാപ്തത, ഡിജിറ്റൽ കൈമാറ്റ ചെലവ് എന്നിവയാണ് അവ. ഇതിൽ ആദ്യ രണ്ടു പ്രശ്നങ്ങളെ ഒരു പരിധി വരെ പരിഹരിക്കാൻ ബജറ്റ് ശ്രമിച്ചിട്ടുണ്ട്.

**സൈബർ സുരക്ഷ:** വർധിച്ചു വരുന്ന സൈബർ ആക്രമണങ്ങളിൽ നിന്ന് സാമ്പത്തിക മേഖലയെ സുരക്ഷിതമാക്കുന്നതിന് അടിയന്തിരമായി കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീമിനെ സജ്ജമാക്കുക എന്നതാണ് ബജറ്റ് നിർദ്ദേശിക്കുന്ന മാർഗ്ഗം.

**ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ:** ഡിജിറ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഭാരത് നെറ്റ്, ഡിജിഗാവോൺ, കൂടുതൽ പ്രോത്സാഹനങ്ങൾ എന്നിവയ്ക്ക് ബജറ്റിൽ തുക നീക്കി വച്ചിരിക്കുന്നു. ഈ നയങ്ങൾ ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും. ഈ രംഗത്ത് രാജ്യത്ത് തദ്ദേശീയ ഉത്പാദന ആവാസ വ്യവസ്ഥ സൃഷ്ടിക്കുകയും ചെയ്യും.

## സമഗ്ര വളർച്ച സൃഷ്ടിക്കാൻ ബജറ്റിനാവുമോ?

ഇന്ത്യ നേരിടുന്ന എറ്റവും വലിയ വെല്ലുവിളി വേണ്ടത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ച് വളർച്ച നേടുന്നതിലാണ്. ഇതിനായി അടിസ്ഥാന സൗകര്യ വിഹിതം 25 ശതമാനം വർധിപ്പിക്കുക എന്ന മധ്യമാർഗ ലക്ഷ്യം ഉണ്ടെങ്കിലും ഉത്പാദന മേഖലയിലെ അടുത്ത കാലത്തുള്ള പ്രതികൂല പ്രവണതകൾ വീണ്ടും വെല്ലുവിളി ഉയർത്തുന്നു. ഈ പശ്ചാത്തലത്തിൽ ബജറ്റ് ഭാഗികമായി ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നു. ഭവന നിർമ്മാണം, വിനോദ സഞ്ചാരം, റോഡ് നിർമ്മാണം, മറ്റ് അടിസ്ഥാന വികസനങ്ങൾ തുടങ്ങി കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്ന മേഖലകൾക്ക് ഊന്നൽ നല്കി കൊണ്ടാണ് ഇത്തവണത്തെ ബജറ്റ് സമഗ്ര വളർച്ചയ്ക്ക് വേണ്ടി പരിശ്രമിക്കുന്നത്.

സാമ്പത്തിക പരിസ്ഥിതിയിൽ ആഭ്യന്തരവും ബാഹ്യവുമായ അനിശ്ചിതത്വങ്ങൾ നിലനില്ക്കുന്ന ഈ പശ്ചാത്തലത്തിൽ ബഹുവിധ പ്രശ്നങ്ങൾ പരിഹരിച്ചു കൊണ്ട് രാജ്യത്തിന്റെ വളർച്ചയ്ക്ക് പുതു ചൈതന്യം പകരാനാണ് കേന്ദ്ര ബജറ്റ് ശ്രമിക്കുന്നത്. കൂടുതൽ ആനുകൂല്യങ്ങളെക്കാൾ ബജറ്റ് ഊന്നൽ നല്കുന്നത് അടിസ്ഥാന സൗകര്യ വളർച്ചയ്ക്കാണ്. എന്നിരുന്നാലും ഈ നടപടികളെ ഉപരാഷ്ട്ര തലത്തിൽ കുറച്ചു കൂടി സമഗ്രമായ വളർച്ചാ നയങ്ങൾ കൊണ്ട് പൂർണമാക്കേണ്ടതുണ്ട്.

*(ലേഖകൻ ന്യൂഡൽഹി ആസ്ഥാനമായ നാഷണൽ പബ്ലിക്, ഫിനാൻസ് ആന്റ് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ സേവനമനുഷ്ഠിച്ചു വരുന്നു)*




# പ്രായോഗിക ധനവിനിയോഗം: ഒരു പുതു ദർശനം

പ്രൊഫ.ചരൺ സിങ്

ഗവൺമെന്റുകളുടെ സാമ്പത്തിക നയത്തിന്റെ മുഖ്യ ഘടകമാണ് ബജറ്റ്. എല്ലാ സാമ്പത്തിക നയങ്ങളുടെയും ലക്ഷ്യം രാജ്യത്തിന്റെ സ്ഥായിയായ വളർച്ചയാണ്. ഇതു കൈവരിക്കുന്നതാകട്ടെ, സാമ്പത്തിക ധന നയങ്ങളുടെ നിർവഹണത്തിലൂടെയും. സാമ്പത്തിക നയം തൊഴിലവസരങ്ങൾ വർധിപ്പിക്കുകയും സുസ്ഥിര വളർച്ച ഉറപ്പാക്കുകയും ചെയ്യുമ്പോൾ, ധന നയം പണപ്പെരുപ്പം നിയന്ത്രിച്ചുകൊണ്ട് രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കനുകൂലമായ പശ്ചാത്തലം ഒരുക്കുന്നു. തൊഴിലവസരങ്ങളും പുരോഗതിയും കൈവരിക്കുന്നതിന് ഓരോ ഗവൺമെന്റും മികച്ച വിദ്യാഭ്യാസം, നൈപുണ്യ പരിശീലനം, കാര്യക്ഷമമായ പൊതുജനാരോഗ്യ പരിപാടി, തൊഴിലാളിക്ഷേമം, വ്യവസായത്തെ സഹായിക്കാൻ പോന്ന കരുത്തുറ്റ അടിസ്ഥാന സൗകര്യങ്ങൾ, സുരക്ഷാ- ഭരണ- നിയമ സംവിധാനങ്ങളിലൂടെ രാജ്യ സുരക്ഷ തുടങ്ങിയവ ശാക്തീകരിക്കാനുതകും വിധത്തിൽ മെച്ചപ്പെട്ട നയരൂപീകരണം നടത്താറുണ്ട്. അടിസ്ഥാനപരമായ ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതിനാവശ്യമായ പണത്തിന് ഗവൺമെന്റുകൾ വിവിധ സ്രോതസുകൾ കണ്ടെത്തുന്നു. പ്രത്യക്ഷവും പരോക്ഷവുമായ നികുതി, പൊതു സ്വകാര്യ സ്ഥാപനങ്ങളുടെ ലാഭവിഹിതം, അവസാന വഴി എന്ന നിലയ്ക്ക് ആഭ്യന്തരവും ബാഹ്യവുമായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കൽ എന്നിങ്ങനെ പോകുന്നു അവ. ഗവൺമെന്റുകളുടെ സാമ്പത്തിക വിഭവ സമാഹരണം, ചെലവഴിക്കൽ എന്നിവകൊണ്ട് ഉദ്ദേശിക്കുന്നത് സാമ്പത്തിക നയമനുസരിച്ചുള്ള വികസന പ്രവർത്തനങ്ങളാണ്.

വളരെ ക്ലേശകരമായ ആഭ്യന്തര അന്താരാഷ്ട്ര സാഹചര്യത്തിലാണ് നമ്മുടെ അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള കേന്ദ്ര ബജറ്റ് അവതരിപ്പിക്കപ്പെട്ടത്. ഇന്ത്യയിൽ നവംബർ 8 ന് പ്രഖ്യാപിച്ച നോട്ട് അസാധുവാക്കൽ നടപടിയുടെ പ്രത്യാഘാതം ഇതുമായി ബന്ധപ്പെട്ട് അപഗ്രഥിക്കേണ്ടതുണ്ട്. നോട്ട് അസാധുവാക്കലിനെ തുടർന്ന് ശേഖരിക്കപ്പെട്ട പണത്തിന്റെ കൃത്യമായ കണക്ക് റിസർവ് ബാങ്ക് ഇനിയും നല്കിയിട്ടില്ല. ഇന്ത്യയിലെ വ്യാപാര വ്യവസായ മേഖലയിൽ അതിന്റെ പ്രത്യാഘാതവും നിർണയിക്കപ്പെട്ടിട്ടില്ല. മാത്രവുമല്ല സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യ ഇതാദ്യമായി ചരക്കു സേവന നികുതി(ജിഎസ്ടി) എന്ന അതിപ്രധാനമായ നികുതി പരിഷ്കരണം നടപ്പാക്കുന്നതിന്റെ മുൾമുനയിൽ നില്ക്കുകയാണ്. അന്താരാഷ്ട്ര തലത്തിൽ സാമ്പത്തിക വളർച്ച മാന്ദ്യത്തിലും മുരടിപ്പിലുമാണ്. ആഗോളവിപണിയിൽ എണ്ണവില ഉയരുന്നു. അമേരിക്കയിൽ ആഗോളവത്ക്കരണത്തിന്റെ മാറ്റവും, ഇംഗ്ലണ്ടിൽ ബ്രിക്സ് ഉയർത്തുന്ന ഭീഷണിയും യൂറോപ്പിലാകമാനം രാഷ്ട്രീയ അനിശ്ചിതത്വം സൃഷ്ടിച്ചിട്ടുണ്ട്.

ഈ പശ്ചാത്തലത്തിൽ 2017-18 ലെ കേന്ദ്ര ബജറ്റ് പ്രധാനമായും ഊന്നൽ നല്കുന്നത് ഇന്ത്യയുടെ നവീകരണത്തിനും ശുചിത്വപാലനത്തിലും ഉത്തേജനത്തിനുമാണ്. ഇതിനായി വ്യത്യസ്തങ്ങളായ പത്ത് മേഖലകൾ ബജറ്റ് നിർദ്ദേശിക്കുന്നു - കൃഷിക്കാർ, ഗ്രാമീണ ജനത, യുവാക്കൾ, പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങൾ, അടിസ്ഥാന സൗകര്യം, സാമ്പത്തിക മേഖല, ഡിജിറ്റൽ സമ്പദ് വ്യവസ്ഥ, പൊതു സേവനം, സാമ്പത്തിക കാര്യ നിർവഹണം, നികുതി എന്നിവയാണ് അവ.

പട്ടിക I

| കേന്ദ്ര ബജറ്റിന്റെ ചുരുക്കം (ജിഡിപിയുടെ ശതമാനത്തിൽ) | | | | | |
|---|---|---|---|---|---|
| വരവ് | 2016 -17 | 2017-18 | ചെലവ് | 2016-17 | 2017-18 |
| നികുതി വരുമാനം | 9.4 | 9.0 | നികുതി ചെലവ് | 11.5 | 10.9 |
| നികുതി ചെലവ് ന്യൂനം നികുതി വരുമാനം = നികുതി കമ്മി | | | | 2.1 | 1.9 |
| മൂലധന വരുമാനം | 3.9 | 3.8 | മൂലധന ചെലവ് | 1.9 | 1.8 |
| മൊത്തം ചെലവ് ന്യൂനം നികുതി വരുമാനം = മൊത്ത ധനകമ്മി | 3.2 | 3.2 | | | |
| (സ്രോതസ്: കേന്ദ്ര ബജറ്റ് 2017 -18) | | | | | |

**വരുമാനവും മൂലധന ഘടകങ്ങളും**

ഇന്ത്യയിൽ ആസൂത്രണപദ്ധതികൾ തുടങ്ങിയതു മുതലുള്ള സാമ്പത്തിക ഗതിയുടെ അപഗ്രഥനം കാണിക്കുന്നത് മൂലധന ചെലവ് 1960 കൾ മുതൽ ചുരുങ്ങി വരുന്നു എന്നാണ് (പട്ടിക II കാണുക).

പട്ടിക II

| വരുമാനവും മൂലധന ഘടകങ്ങളും (ജിഡിപിയുടെ ശതമാനത്തിൽ) | | | | |
|---|---|---|---|---|
| വർഷം | നികുതിവരുമാനം | മൂലധനവരുമാനം | നികുതിചെലവ് | മൂലധനചെലവ് |
| 1950-51 | 3.90 | 1.16 | 3.34 | 1.76 |
| 1960-61 | 4.89 | 6.44 | 4.60 | 5.74 |
| 1970-71 | 6.91 | 4.29 | 6.57 | 5.24 |
| 1980-81 | 8.27 | 5.29 | 9.63 | 5.59 |
| 1990-91 | 9.37 | 6.65 | 12.54 | 5.42 |
| 2000-01 | 8.85 | 6.16 | 12.76 | 2.19 |
| 2010-11 | 10.13 | 5.17 | 13.37 | 2.01 |
| 2011-12 | 8.60 | 6.51 | 13.12 | 1.82 |
| 2012-13 | 8.84 | 5.85 | 12.50 | 1.68 |
| 2013-14 | 9.00 | 5.00 | 12.17 | 1.66 |
| 2014-15 | 8.82 | 3.88 | 11.75 | 1.57 |
| 2015-16 | 8.75 | 3.97 | 11.26 | 1.85 |
| 2016-17 (RE) | 9.44 | 3.92 | 11.51 | 1.86 |
| 2017-18 (BE) | 9.00 | 3.75 | 10.90 | 1.84 |
| (സ്രോതസ്:കേന്ദ്ര ബജറ്റ് 2017 -18) | | | | |

**നികുതി ബജറ്റ്:** ചുവടെ കൊടുത്തിട്ടുള്ള പട്ടിക (പട്ടിക III) പരിശോധിച്ചാൽ പലിശ അടവ്, സബ്സിഡികൾ, പെൻഷനുകൾ എന്നിവയ്ക്കായി വരുമാനത്തിന്റെ പകുതി ചെലവാകുന്നു എന്നത് വ്യക്തമാകുന്നതാണ്.

**പട്ടിക III**

| നികുതി ബജറ്റ് (ജിഡിപിയുടെ ശതമാന കണക്കിൽ) | | | | | |
|---|---|---|---|---|---|
| **നികുതി വരുമാനം** | | | **നികുതി ചെലവ്** | | |
| ഘടകങ്ങൾ | 2016 –17 | 2017–18 | ഘടകങ്ങൾ | 2016 –17 | 2017–18 |
| കോർപ്പറേഷൻ നികുതി | 3.3 | 3.2 | പലിശ | 3.2 | 3.1 |
| വരുമാന നികുതി | 2.3 | 2.6 | സബ്സിഡി | 1.7 | 1.6 |
| കസ്റ്റംസ് തീരുവ | 1.4 | 1.5 | പെൻഷൻ | 0.9 | 0.8 |
| എക്സൈസ് തീരുവ | 2.6 | 2.4 | | | |
| സേവന നികുതി | 1.6 | 1.6 | | | |
| ഡിവിഡന്റുകൾ | 1.0 | 0.8 | | | |
| മൊത്തം | 9.4 | 9.0 | മൊത്തം | 11.5 | 10.9 |
| (സ്രോതസ്: കേന്ദ്ര ബജറ്റ് 2017 –18) | | | | | |

**ധനകാര്യ സൂചകങ്ങൾ :** 1970 –71 മുതലുള്ള സാമ്പത്തിക ഗതിയുടെ അപഗ്രഥനം കാണിക്കുന്നത് നികുതി ഇതര വരുമാനം നിശ്ചലാവസ്ഥയിലും നികുതി വരുമാനം സ്ഥിരമായ വളർച്ചയിലുമാണ് എന്നാണ്. **(പട്ടിക IV കാണുക).**

**പട്ടിക IV**

| സാമ്പത്തിക സൂചകങ്ങൾ (ജിഡിപിയുടെ ശതമാനത്തിൽ) | | | |
|---|---|---|---|
| **വർഷം** | **മൊത്തം നികുതി വരുമാനം** | **നികുതി ഇതര വരുമാനം** | **നികുതി വരുമാനം** |
| 1970–71 | 5.2 | 1.8 | 6.9 |
| 1980–81 | 6.3 | 2.0 | 8.3 |
| 1990–91 | 7.3 | 2.0 | 9.4 |
| 2000–01 | 6.3 | 2.6 | 8.9 |
| 2014–15 | 7.2 | 1.6 | 8.8 |
| 2015–16 | 6.9 | 1.8 | 8.8 |
| 2016–17 | 7.2 | 2.2 | 9.4 |
| 2017–18 | 7.3 | 1.7 | 9.0 |
| (സ്രോതസ്: കേന്ദ്രബജറ്റ് 2017–18) | | | |

**ആകെ കടം: ഒരു ആഗോള അവലോകനം**

എല്ലാ ആഭ്യന്തര പ്രശ്നങ്ങൾക്കിടയിലും ഇന്ത്യ ആഗോള സമ്പദ് വ്യവസ്ഥയിൽ തൃപ്തികരമായ ഒരിടം നേടിയിട്ടുള്ളതായി ഇതു സംബന്ധിച്ച സംഘിതി വിവര കണക്കുകൾ വ്യക്തമാക്കുന്നു. (പട്ടിക V കാണുക).

പട്ടിക V

| ആകെ കടം: ആഗോള അവലോകനം (ജിഡിപിയുടെ ശതമാനത്തിൽ) | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| **രാജ്യം** | **2013** | **2014** | **2015** | **2016** | **2017** | **2018** | **2019** | **2020** | **2021** |
| ബ്രസീൽ | 60.4 | 63.3 | 73.7 | 78.3 | 82.4 | 85.2 | 87.9 | 90.8 | 93.6 |
| ചൈന | 36.9 | 39.8 | 42.9 | 46.3 | 49.9 | 52.6 | 54.6 | 56.1 | 57.2 |
| ഫ്രാൻസ് | 92.4 | 95.3 | 96.1 | 97.2 | 97.8 | 97.9 | 97.4 | 95.9 | 93.8 |
| ജർമനി | 77.1 | 74.5 | 71.0 | 68.2 | 65.9 | 63.6 | 61.1 | 58.9 | 56.7 |
| ഇന്ത്യ | 68.0 | 68.3 | 69.1 | 68.5 | 67.2 | 65.6 | 63.5 | 61.4 | 59.2 |
| ഇന്തോനേഷ്യ | 24.8 | 24.7 | 27.3 | 27.5 | 28.2 | 29.2 | 29.9 | 30.4 | 30.9 |
| ജപ്പാൻ | 244.5 | 249.1 | 248.0 | 250.4 | 253.0 | 254.9 | 254.7 | 254.5 | 253.9 |
| റഷ്യ | 13.1 | 15.9 | 16.4 | 17.1 | 17.9 | 18.6 | 19.1 | 18.9 | 18.5 |
| ദക്ഷിണാഫ്രിക്ക | 44.0 | 46.9 | 49.8 | 51.7 | 53.3 | 54.6 | 55.4 | 55.9 | 56.2 |
| ബ്രിട്ടൺ | 86.0 | 87.9 | 89.0 | 89.0 | 88.8 | 88.6 | 86.6 | 84.3 | 82.1 |
| അമേരിക്ക | 104.6 | 104.6 | 105.2 | 108.2 | 108.4 | 107.9 | 107.8 | 107.9 | 108.3 |

**പ്രധാന പ്രശ്നങ്ങൾ:** ഇത്തവണത്തെ ബജറ്റിൽ നിരവധി ആശങ്കകൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

## ഇന്ത്യയുടെ നികുതി പ്രശ്നങ്ങൾ

ഇന്ത്യ മൊത്തത്തിൽ നികുതി സൗഹൃദ രാജ്യമല്ല എന്നാണ് ധനമന്ത്രി സൂചിപ്പിച്ചിരിക്കുന്നത് (പട്ടിക 7, 8). കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ശേഖരിക്കുന്ന ആകെ നികുതി മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 18 ശതമാനം മാത്രമാണ്. പുരോഗതി പ്രാപിച്ച രാജ്യങ്ങളിലാകട്ടെ ഇത് 30 ശതമാനത്തിനും മുകളിലാണ്. ഇന്ത്യയിലെ സാമ്പത്തിക അവസ്ഥ പരിശോധിച്ചാൽ 30 ശതമാനം ആളുകളും ദാരിദ്ര്യ രേഖയ്ക്കു താഴെയാണ്. ബാക്കി 60 ശതമാനം ഗ്രാമങ്ങളിൽ താമസിക്കുന്നവരും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരുമാണ്(കൃഷിക്ക് നികുതി ഇല്ല). ഇവിടെ കൂടുതൽ സാമ്പത്തിക സ്രോതസ് കണ്ടെത്തുക ബുദ്ധിമുട്ടാണ്. കൂടാതെ നിരവധി ചരക്കുകൾ തീരുവയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളവയാണ്. നികുതി എന്നത് വരുമാനത്തിന്റെ ഭാഗമായതിനാൽ ശ്രീലങ്ക, മെക്സിക്കോ, ഇന്തോനേഷ്യ, ഫിലിപ്പീൻസ് തുടങ്ങിയ ദരിദ്ര രാജ്യങ്ങളിൽ പുരോഗതി നേടിയ രാജ്യങ്ങളെ അപേക്ഷിച്ച് നികുതി നിരക്ക് വളരെ കുറവാണ്.

പട്ടിക VII

| ഇന്ത്യയുടെ നികുതിദായക സമൂഹം (പൊതുവിഭാഗം) | |
|---|---|
| **വിഭാഗങ്ങൾ** | **എണ്ണം** |
| സംഘടിതമേഖലയിൽ തൊഴിലെടുക്കുന്നവർ | 4.2 കോടി |
| ഈ മേഖലയിലെ ശമ്പള വരുമാനമുള്ളവരിൽ ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്തവരുടെ എണ്ണം | 1.7 കോടി |
| അനൗദ്യോഗിക വിഭാഗത്തിലെ സംരംഭകർ | 5.6 കോടി |
| ഈ മേഖലയിൽ ഫയൽ ചെയ്യപ്പെട്ട റിട്ടേണുകൾ | 1.8 കോടി |

| | |
|---|---|
| രാജ്യത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കമ്പനികൾ<br>റിട്ടേൺ ഫയൽ ചെയ്ത കമ്പനികൾ | 13.9 ലക്ഷം<br>5.9 ലക്ഷം |
| വരുമാനവും നഷ്ടവും ഇല്ലായെന്ന് രേഖപ്പെടുത്തിയ കമ്പനികൾ (Zero Income or Losses) | 2.8 ലക്ഷം |
| 1 കോടിയിൽ താഴെ ലാഭം പ്രഖ്യാപിച്ച കമ്പനികൾ | 2.8 ലക്ഷം |
| 1-10 കോടി വരെ ലാഭം പ്രഖ്യാപിച്ച കമ്പനികൾ | 28,667 |
| 10 കോടിക്കു മുകളിൽ ലാഭം പ്രഖ്യാപിച്ച കമ്പനികൾ | 7,781 |
| (സ്രോതസ്: കേന്ദ്ര ബജറ്റ് പ്രസംഗം 2017 -18) | |

**പട്ടിക VIII**

| ഇന്ത്യയുടെ നികുതി ദായക സമൂഹം (വ്യക്തിഗതം) | |
|---|---|
| വിഭാഗങ്ങൾ | എണ്ണം |
| വ്യക്തിഗത നികുതി റിട്ടേണുകൾ | 3.7 കോടി |
| നികുതി ഇളവ് പരിധിക്ക് താഴെയുള്ളവരുടെ എണ്ണം | 99 ലക്ഷം |
| 2.5 - 5 ലക്ഷത്തിനു മധ്യേ ആദായമുള്ളവർ | 1.9 കോടി |
| 5-10 ലക്ഷത്തിനു മധ്യേ ആദായമുള്ളവർ | 52 ലക്ഷം |
| 10 ലക്ഷത്തിനു മുകളിൽ ആദായമുള്ളവർ | 24 ലക്ഷം |
| 5 ലക്ഷത്തിനു മുകളിൽ ആദായമുള്ളവർ<br>അതിൽ ആദായം ശമ്പളരൂപത്തിൽ കൈപ്പറ്റുന്നവർ | 76 ലക്ഷം<br>56 ലക്ഷം |
| 50 ലക്ഷത്തിനു മുകളിൽ ആദായമുള്ളവർ | 1.7 ലക്ഷം |
| (സ്രോതസ്: കേന്ദ്ര ബജറ്റ് പ്രസംഗം 2017 -18) | |

ഇന്ത്യയെ അഴിമി രഹിതമാക്കി മാറ്റാനുള്ള ഉദ്ദേശ്യം ഗവൺമെന്റ് വെളിപ്പെടുത്തിയിരിക്കുന്ന പശ്ചാത്തലത്തിലാണ് നികുതി നിർവഹണത്തിൽ കൂടുതൽ ജാഗ്രതയും കാര്യക്ഷമതയും ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ധനമന്ത്രി അടിവരയിട്ട് പ്രസ്താവിച്ചത്. ജപ്പാൻ പോലുള്ള രാജ്യങ്ങൾ നികുതി നല്കുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നല്കാറുണ്ട്. അമേരിക്കയിലാകട്ടെ നികുതി വെട്ടിപ്പിന് കനത്ത ശിക്ഷയാണ് നിലവിലുള്ളത്.

മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ നികുതി വരുമാനം ഉയർന്നു നില്ക്കുന്ന പല വികസിത രാജ്യങ്ങളിലും ജനങ്ങൾക്കു ലഭിക്കുന്ന ആരോഗ്യ, വിദ്യാഭ്യാസ, ഗതാഗത, പൊതു സേവനങ്ങൾ കുറ്റമറ്റതും ഉന്നത നിലവാരമുള്ളതുമാണ്. കൂടാതെ അവിടെ ജീവിതം വളരെ സുരക്ഷിതവുമാണ്. സ്ത്രീ തൊഴിലാളികൾക്ക് സുരക്ഷിതമായ തൊഴിൽ സാഹചര്യങ്ങളുണ്ട്. നീതിന്യായ സംവിധാനം വളരെ കാര്യക്ഷമവും തർക്ക പരിഹാരങ്ങൾ വളരെപ്പെട്ടെന്ന് സാധ്യവുമാണ്.

ഇന്ത്യയിലെ ജനസംഖ്യയിൽ 66 ശതമാനവും 34 വയസിൽ താഴെ പ്രായമുള്ള യുവാക്കളാണ്. അടുത്ത തലമുറയ്ക്ക് അഴിമതി രഹിത ഇന്ത്യ ഒരു മുതൽക്കൂട്ടായിരിക്കും. സ്റ്റാർട്ട് അപ്പുകൾ ഇവിടെ വ്യവസായ സംരംഭങ്ങൾ സുഗമമാക്കും. കള്ളപ്പണം കണ്ടെത്താൻ ഗവൺമെന്റ് നിരവധി ശ്രമങ്ങൾ നടത്തുന്നുണ്ടെങ്കിലും ഇന്ത്യയുടെ അഴിമതി സൂചിക ഇപ്പോഴും ഇരുണ്ടതാണ്. അതിനാൽ കള്ളപ്പണം കണ്ടെത്താൻ ശക്തമായ നടപടികൾ തുടരേണ്ടിയിരിക്കുന്നു. ഈ സംരംഭത്തിൽ ചാർട്ടേഡ് അക്കൗണ്ടന്റുമാർ, നിയമവിദഗ്ധർ, സാമൂഹ്യപ്രവർത്തകർ, മതനേതാക്കൾ, മാധ്യമപ്രവർത്തകർ, രാഷ്ട്രീയ നേതാക്കൾ തുടങ്ങിയവരെ കൂടി ഉൾപ്പെ

ടുത്തിക്കൊണ്ടുള്ള സമഗ്രമായ സമീപനമാണ് ആവശ്യം.

## സാമ്പത്തിക മേഖല

കഴിഞ്ഞ വർഷത്തെ പ്രവണതകളുടെ തുടർച്ചയായി കൂടുതൽ നിക്ഷേപം നടത്തി ഗവൺമെന്റ് ബാങ്കുകളുടെ മൂലധനഘടന പരിഷ്കരിക്കുമെന്നു പ്രഖ്യാപിക്കുകയുണ്ടായി. ഇത്തരം പരിഹാര നടപടികൾ തുടർച്ചയായി ഉണ്ടാകുമോ, അതോ ഉപാധികളോടു കൂടിയതാണോ എന്നുള്ള കാര്യങ്ങളൊക്കെ വളരെ പ്രധാനപ്പെട്ടതാണ്. വാണിജ്യബാങ്കുകൾക്ക് നഷ്ടം സംഭവിക്കുമ്പോൾ അത് വീണ്ടെടുക്കുന്നതിനുള്ള ശേഷി അവർക്ക് ഉണ്ടായിരിക്കണം. എല്ലാ പൊതുമേഖലാ ബാങ്കുകളും ലാഭ നഷ്ടങ്ങൾ കണക്കാക്കാതെ ജീവനക്കാരുടെ വേതനം തൊഴിൽശേഷിയുടെ അടിസ്ഥാനത്തിൽ വർധിപ്പിക്കണം. നികുതി ദായകരിൽ നിന്ന് പണം ലഭ്യമാക്കുന്നതിനൊപ്പം വാണിജ്യബാങ്കുകൾ സ്വയം വികസനാത്മകമായി പ്രവർത്തിക്കണം. വാണിജ്യ ബാങ്കുകളിലേയ്ക്കുള്ള തുടർച്ചയായ മൂലധന നിക്ഷേപം ധാർമ്മിക പ്രശ്നങ്ങൾ ഉയർത്തുന്നതിനും കാരണമായേക്കാം.

## കേന്ദ്രബജറ്റിന്റെ മുൻകൂർ അവതരണം

മാർച്ച് അവസാനത്തോടെ പാർലമെന്റിന്റെ അംഗീകാരം നേടേണ്ടതുകൊണ്ടും മന്ത്രാലയങ്ങൾക്ക് ഏപ്രിൽ ഒന്നു മുതൽ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള പണം ലഭ്യമാക്കേണ്ടതുകൊണ്ടും ഇക്കുറി കേന്ദ്രബജറ്റ് അല്പം നേരത്തെ അവതരിപ്പിച്ചു. നേരത്തേ ബജറ്റ് അവതരിപ്പിച്ചതു കൊണ്ട് ധനസമാഹരണവും ചെലവും സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ നടത്താൻ സഹായകമാകും.

### സാമ്പത്തിക നയം: വാർഷികമായി തുടരണമോ?

പുരോഗതി പ്രാപിച്ച രാജ്യങ്ങളിൽ ബജറ്റ് അവതരണം എന്നത് ഒരു സംഭവമേയല്ല. എന്നാൽ ഇന്ത്യയിൽ ഒരു മാസം മുന്നേ തന്നെ അതെക്കുറിച്ചുള്ള ചർച്ചകൾ ചൂടുപിടിക്കും. വ്യവസായം, ഓഹരി വിപണി, വ്യക്തികൾ എന്നുവേണ്ട എല്ലാവരും ബജറ്റ് എന്ന വാർഷിക പരിപാടിക്കായി ഉദ്വേഗപൂർവം കാത്തിരിക്കുന്നു. ഇത് ഒരു കണക്കിൽ പറഞ്ഞാൽ വളർച്ച ഉറപ്പാക്കുന്ന സാമ്പത്തിക നയ രൂപീകരണത്തിന് പ്രതിബന്ധമാണ്. കാരണം ഒരു സാമ്പത്തിക നയം പൂർണമായി നടപ്പാക്കാൻ കുറഞ്ഞ പക്ഷം രണ്ടു വർഷമെങ്കിലും വേണം. അതിനാൽ സാമ്പത്തിക പ്രവർത്തനങ്ങളുടെ ഒരു കണക്ക് എല്ലാ വർഷവും അവതരിപ്പിക്കുകയും സാമ്പത്തിക നയ രൂപീകരണം കുറഞ്ഞ പക്ഷം അഞ്ചു വർഷത്തിലൊരിക്കൽ എന്ന കണക്കിൽ കൊണ്ടുവരികയും ചെയ്യുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കണം.

### റെയിൽവെ ബജറ്റ്

പ്രശസ്ത ബ്രിട്ടീഷ് റെയിൽവെ സാമ്പത്തിക വിദഗ്ധൻ വില്യം അക്വർത്തിന്റെ ശുപാർശയെ തുടർന്ന് 1924 ലാണ് റെയിൽവെയ്ക്കു മാത്രമായി പ്രത്യേക ബജറ്റ് ആരംഭിച്ചത്. 1949 മുതൽ റെയിൽവെ ബജറ്റ് പൊതു ബജറ്റിൽ ഉൾക്കൊള്ളിക്കണമെന്നുള്ള നിർദ്ദേശം വിവിധ കമ്മിറ്റികൾ മുന്നോട്ടു വച്ചെങ്കിലും രാഷ്ട്രീയ കാരണങ്ങളാൽ നടന്നില്ല. ഇപ്പോൾ അത് പൊതുബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുകയാണ്. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം റെയിൽവെയിൽ നിന്ന് പ്രതീക്ഷിക്കാം. റെയിൽവെയ്ക്ക് മികച്ച സ്ഥാപന ഘടനയിൽ ശ്രദ്ധിക്കാനും സാധിക്കും.

### ബജറ്റിലെ പ്രയോഗിക മാറ്റങ്ങളുടെ യുക്തി

കേന്ദ്ര ബജറ്റിലെ പ്രധാന പരിഷ്കാരം പദ്ധതി പദ്ധതിയിതര വേർതിരിവുകൾ ഇല്ലാക്കി എന്നതാണ്. നയ തീരുമാനങ്ങളുടെ വെളിച്ചത്തിലാണ് ഈ നടപടി. പദ്ധതി വ്യയം നല്ലതും പദ്ധതി ഇതര വ്യയം പാഴ്ച്ചെലവുമാണ് എന്ന് ഇന്ത്യയിൽ പൊതുവെ ഒരു ധാരണയുണ്ട്. ഇതുമൂലം ആസ്തികളുടെ അറ്റകുറ്റപണികൾക്കുള്ള പദ്ധതിയിതര വ്യയം പോലും അവഗണിക്കപ്പെടുന്ന സാഹചര്യമാണുള്ളത്. അതിനാൽ സംസ്ഥാനത്തും കേന്ദ്രത്തിലും ഉയർന്ന പദ്ധതി വ്യയം കാണിക്കാനുള്ള ബോധപൂർവമായ ശ്രമങ്ങളും ഉണ്ട്. ഈ വേർതിരിവ് ഇല്ലാതാക്കിയത് പൊതു വ്യയത്തിന്റെ കാര്യക്ഷമത വിലയിരുത്താൻ സഹായകമായി.

ഭരണഘടന വിഭാവനം ചെയ്തിരിക്കുന്ന പോലെ ബജറ്റിന്റെ ശ്രദ്ധ ഇപ്പോൾ വരുമാനത്തിലേയ്ക്കും മൂലധന വ്യയത്തിലേയ്ക്കും മാറി. വരുമാനവും മൂലധന വ്യയവും തമ്മിലുള്ള വ്യക്തമായ അന്തരം കാര്യക്ഷമവും സുതാര്യവും അപഗ്രഥനപരവുമായ തീർപ്പുകൾക്ക് അത്യാവശ്യമാണ്. ഗവൺമെന്റിന്റെ പ്രവർത്തന ചെലവും നിക്ഷേപങ്ങളും വിലയിരുത്തുന്നതിനും ഇത് സഹായകരമാകും.

ഭരണഘടനയുടെ 112 -ാം വകുപ്പു പ്രകാരം വാർഷിക സാമ്പത്തിക വിവരണത്തിൽ വരുമാനക്കണക്കിലെ വ്യയവും മറ്റ് വ്യയങ്ങളും തമ്മിലുള്ള വേർതിരിവ് വ്യക്തമാക്കിയിരിക്കണം. ഗവൺമെന്റിന്റെ പൊതു സാമ്പത്തിക ചട്ടം 2005 അനുസരിച്ച് വ്യയ നിർണയത്തിൽ വരുമാന വ്യയത്തിന് മറ്റ് വ്യയങ്ങളിൽ നിന്ന് വ്യത്യസ്തമായ വ്യവസ്ഥ ചെയ്തിരിക്കണം. ഇതിൽ ചെലവുകൾ, വായ്പകൾ, വായ്പ അടവുകൾ, ഹ്രസ്വകാല

വായ്പകൾ ഇവയെല്ലാം ഉൾപ്പെടും.

ചെലവുകൾക്ക് ഓരോന്നിനും പ്രത്യേകിച്ചുള്ള വകയിരുത്തൽ മറ്റു രാജ്യങ്ങളുടെ ബജറ്റിൽ വലിയ നിർബന്ധമുള്ള കാര്യമല്ല. പല പരിഷ്കൃത രാജ്യങ്ങളും അവരുടെ വളർച്ചയുടെ കാലത്ത് ഈ വേർതിരിവ് ബജറ്റുകളിൽ സൂക്ഷിച്ചിരുന്നു. അത് പദ്ധതി വിഹിതം കാര്യക്ഷമമായി വകയിരുത്തുന്നതിനായിരുന്നു. ചില രാജ്യങ്ങൾ ഈ രീതി ഇപ്പോഴും തുടരുമ്പോൾ മറ്റുള്ള രാജ്യങ്ങൾ അത് പാടെ ഉപേക്ഷിച്ചു.

**ഉപസംഹാരം**

മൊത്തത്തിൽ നോക്കുമ്പോൾ ഇപ്രാവശ്യത്തെ ബജറ്റ് പ്രായോഗിക സ്വഭാവമുള്ളതാണ്. നോട്ട് അസാധുവാക്കൽ മൂലം സംഭവിച്ച ആഘാതങ്ങളെ മറികടക്കാൻ ഇതിനു സാധിക്കും. നോട്ട് അസാധുവാക്കലിന് ഗവൺമെന്റ് സ്വരുക്കൂട്ടിയ പിന്തുണ ഇന്ത്യയെ അഴിമതി രഹിതമാക്കുന്നതിന് ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. പണമിടപാടുകൾക്ക് മൂന്നു ലക്ഷം വരെയുള്ള പരിധി, രാഷ്ട്രീയ സംഭാവനകൾക്ക് കടിഞ്ഞാൺ തുടങ്ങിയവയ്ക്കുപരി മറ്റു ചില കർശന നടപടികൾ കൂടി ഉണ്ടാകണം. മൊത്തത്തിൽ ബജറ്റിലെ നിർദ്ദേശങ്ങൾ നികുതി ഘടനയെ ശക്തമാക്കും. അതോടൊപ്പം വളർച്ചയെയും തൊഴിലവസരങ്ങളെയും വർധിപ്പിക്കും. എന്നാൽത്തന്നെയും രാജ്യത്തെ യുവജനസംഖ്യയുടെ പ്രയോജനം ഉപയോഗപ്പെടുത്താനുള്ള നടപടികൾക്കും ദൂരവ്യാപകമായ സാമ്പത്തിക പരിഷ്കാരങ്ങൾക്കും ഡിജിറ്റലൈസേഷൻ നടപടികൾക്കുമായി കൂടുതൽ ഊന്നൽ ഇത്തവണത്തെ ബജറ്റിൽ നൽകാമായിരുന്നു.

*(ബാംഗ്ലൂർ ഐഐഎമ്മിൽ സാമ്പത്തിക ശാസ്ത്ര വിഭാഗം പ്രൊഫസറാണ് ലേഖകൻ)*

## വിജ്ഞാന പാത

### പ്രധാനമന്ത്രി ഗ്രാമീണ ഡിജിറ്റൽ സാക്ഷരതാ അഭിയാന് തുടക്കം

2019 മാർച്ചോടെ ഗ്രാമീണഭാരതത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ ഗ്രാമങ്ങളാക്കി മാറ്റിക്കാൻ ലക്ഷ്യമിടുന്ന പ്രധാനമന്ത്രി ഗ്രാമീണ ഡിജിറ്റൽ സാക്ഷരതാ അഭിയാന് (PMGDISHA) 2017 ഫെബ്രുവരി 8 ന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. 2351 കോടി രൂപയാണ് പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ളത്. ഡിജിറ്റൽ ഇന്ത്യ പദ്ധതിക്കുകീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ ബൃഹദ് സംരംഭം ലോകത്തെതന്നെ ഏറ്റവും വലിയ സാക്ഷരതാ സംരംഭങ്ങളിൽ ഒന്നാകുമെന്നാണ് കരുതുന്നത്. പദ്ധതിപ്രകാരം 2016-17 വർഷക്കാലത്ത് 25 ലക്ഷംപേർക്കും 2017-18 വർഷക്കാലത്ത് 275 ലക്ഷം പേർക്കും, 2018-19 വർഷക്കാലത്ത് 300 ലക്ഷം പേർക്കും ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ പരിശീലനം നൽകാനാണ് ലക്ഷ്യമിടുന്നത്. രാജ്യത്തെ 2,50000 ഗ്രാമപഞ്ചായത്തുകളിൽ ഓരോന്നും ശരാശരി 200 മുതൽ 300 വരെ ഗ്രാമീണരെ പരിശീലനത്തിൽ പങ്കാളികളാക്കണം. സംസ്ഥാന സർക്കാരുകളുടെ ഔദ്യോഗിക ഏജൻസികളുടെ സഹായത്തോടെ കേന്ദ്ര ഐടി, ഇലക്ട്രോണിക്സ് മന്ത്രാലയമാണ് പദ്ധതിയ്ക്ക് ചുക്കാൻ പിടിക്കുന്നത്. ദേശീയ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ 2014 -ൽ നടത്തിയ ഒരു സർവ്വേയിൽ രാജ്യത്തെ ഗ്രാമീണ ജനതയ്ക്കിടയിൽ വെറും 6% വീടുകളിൽ മാത്രമാണ് കമ്പ്യൂട്ടർ ഉള്ളത് എന്ന് കണ്ടെത്തിയിരുന്നു. 15 കോടിയിൽപരം ഗ്രാമീണർ ഡിജിറ്റൽ രംഗത്ത് നിരക്ഷരരാണെന്നും സർവേ വെളിപ്പെടുത്തിയിരുന്നു. ഈ പശ്ചാത്തലത്തിലാണ് ഗ്രാമീണ ജനതയെ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗത്തെക്കുറിച്ചും അവയുടെ അനന്തസാദ്ധ്യതകളെക്കുറിച്ചും ബോധവാൻമാരാക്കാനും ഉപയോക്താക്കളാക്കാനും കേന്ദ്രഗവൺമെന്റ് PMGDISHA പദ്ധതിയുമായി മുന്നോട്ടുപോകുന്നത്.




# വ്യാവസായിക പുരോഗതിയും തൊഴിലവസരങ്ങളും: ബജറ്റ് അവലോകനം

അരൂപ് മിത്ര

എല്ലാ ഗവൺമെന്റുകളും പരിഗണിക്കുന്ന പ്രാഥമികമായ ഒരു ലക്ഷ്യം രാജ്യത്ത് വ്യാവസായിക പുരോഗതിയും തൊഴിലവസര സൃഷ്ടിയും ഉറപ്പാക്കുക എന്നതാണ്. ഏതൊരു വികസ്വര രാജ്യവുമെന്നപോലെ ഇന്ത്യയും അതിന്റെ വ്യാവസായിക മേഖലയെ നവീകരിക്കേണ്ടതുണ്ട്. കാരണം സേവനമേഖല മാത്രം വിചാരിച്ചാൽ രാജ്യത്തെ അവിദഗ്ധരും അർദ്ധവിദഗ്ധരുമായ തൊഴിലാളികളെ ഉത്പദാനപരമായി ഉപയോഗിക്കാൻ സാധിക്കില്ല. മാത്രവുമല്ല കാർഷിക മേഖലയിൽ ഇപ്പോൾ തന്നെ ആവശ്യത്തിലധികം തൊഴിലാളികൾ ഉണ്ട് എന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. സാങ്കേതിക പുരോഗതിയിലൂടെ രാജ്യത്തെ വ്യവസായ മേഖലയുടെ മൊത്തം ഉത്പാദന വളർച്ച നിർണായകമായി വർധിപ്പിക്കാൻ സാധിക്കുന്നതാണ്. സാങ്കേതിക നവീകരണം മൂലധന നിക്ഷേപകേന്ദ്രീകൃതമാണ് എന്ന് അടുത്ത കാലത്തായി ഒരു പഠനം വ്യക്തമാക്കിയിട്ടുണ്ട്. ഉത്പ്പന്ന വൈവിധ്യവത്ക്കരണം, കൂടുതൽ മുതൽമുടക്കു കൂടാതെ പുതിയ ഉത്പ്പന്നങ്ങളുടെയും ഉപോത്പ്പന്നങ്ങളുടെയും നിർമ്മാണം, പുത്തൻ സാങ്കേതിക വിദ്യകളുടെ വൻ തോതിലുള്ള ഉപഭോഗം എന്നിവയിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ നേടാനാകും. അങ്ങനെ ഉത്പാദന നേട്ടവും തൊഴിലവസര സൃഷ്ടിയും ഒന്നിച്ചു സാധ്യമാകും. ഈ പശ്ചാത്തലത്തിൽ നിന്നുവേണം കേന്ദ്ര ബജറ്റ് 2017-18 നെ വിലയിരുത്തേണ്ടത്. അതിലെ ഹ്രസ്വകാല സൂചനകളും അവയുടെ കേന്ദ്രീകരണ വ്യാപ്തിയും ദീർഘകാല ലക്ഷ്യങ്ങളും മനസിലാക്കാൻ ഇത് പ്രയോജനപ്പെടും.

അടുത്ത കാലത്ത് നടന്ന കറൻസിനോട്ടുകൾ അസാധുവാക്കിയ ചരിത്ര സംഭവം മൂലം സമ്പദ്‌വ്യവസ്ഥയിൽ കുറച്ചു നാളേയ്ക്കെങ്കിലും തിരിച്ചടി ഉണ്ടാകുമെന്നും, തൊഴിലില്ലായ്മയുടെ തോത് ഉയർത്തുമെന്നും എല്ലാവരും ഭയന്നിരുന്നു. പട്ടണങ്ങളിലെ കാർഷികേതര നിക്ഷേപത്തെയും വളർച്ചയെയും ഇത് പ്രതികൂലമായി ബാധിക്കുന്നതിനും തത്ഫലമായി നഗരങ്ങളിൽ തൊഴിൽ രാഹിത്യവും തൊഴിലാളി ബാഹുല്യവും ഉണ്ടാകുന്നതിനുമുള്ള സാധ്യതയും നിലനിന്നിരുന്നു. സേവന നിർമ്മാണ മേഖലകളിലെ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ നിക്ഷേപം, വളർച്ച, തൊഴിലവസരം എന്നിവയെ ഇതു തളർത്തുമെന്നാണ് കരുതപ്പെട്ടിരുന്നത്. വലിയ വ്യവസായങ്ങളും ഈ ഭീഷണിയിൽ നിന്ന് മുക്തമല്ല. പല യൂണിറ്റുകളും ചട്ടങ്ങൾ ഒഴിവാക്കി ബിസിനസ് മുന്നോട്ടു കൊണ്ടുപോകുന്നതിന് കോഴ നല്കുന്ന പതിവുണ്ടായിരുന്നു. നിക്ഷേപത്തിലെ വെട്ടിച്ചുരുക്കൽ കൊണ്ട് ആദ്യം സംഭവിക്കുക തൊഴിലാളികളുടെ എണ്ണം കുറയുന്നു എന്നതാണ്. ഇതിനു കാരണം മിക്ക വ്യവസായ സ്ഥാപനങ്ങളിലെയും പ്രധാന നിക്ഷേപം തൊഴിലാളികൾ ആണ് എന്നതാണ്, പ്രത്യേകിച്ച് കരാർ തൊഴിലിന്റെ ഈ കാലഘട്ടത്തിൽ. വിപണിയിൽ താഴേയ്ക്കു ചായുന്ന പ്രവണതയെ നേരിടാൻ ചെലവു കുറയ്ക്കുക എന്നതല്ലാതെ സംരംഭകർക്ക്

മുന്നിൽ മറ്റ് മാർഗങ്ങൾ ഇല്ല. ഗ്രാമീണ മേഖലയിലെ തൊഴിലില്ലായ്മയും ഉയരുമെന്ന് ഭയപ്പെടുന്നുണ്ട്. അതുകാരണം നിലവിൽ ഇനിയും കൂടുതൽ തൊഴിലാളികളെ ഉൾക്കൊള്ളാൻ കാർഷിക മേഖലയ്ക്കും സാധിക്കില്ല. കാർഷിക മേഖലയിൽ ഉള്ളവർ തന്നെ കാർഷികേതര മേഖലകളിലേയ്ക്ക് ചേക്കേറിക്കൊണ്ടിരിക്കുകയാണ്. അവിടെയാകട്ടെ, കച്ചവടത്തിന് ദിവസാടിസ്ഥാനത്തിൽ പണം വേണം. അതിനാൽ നോട്ട് അസാധുവാക്കൽ ഗ്രാമങ്ങളിലെ കാർഷികേതര മേഖലയുടെ വളർച്ചയോടും തൊഴിലവസരങ്ങളോടും ദാക്ഷിണ്യം കാണിച്ചെന്നു കരുതാനാവില്ല. പക്ഷെ ഇപ്പറയുന്നതിൽ പലതും അതിശയോക്തി കലർന്നതാണുതാനും. കാരണം വ്യാപാരത്തിൽ എങ്ങിനെയായായാലും പണമിടപാട് നന്നായിട്ട് നടക്കും. അതിൽ കാലതാമസം എന്ന ഘടകവും ഉണ്ടാകും. അപ്പോൾ സാധാ രണാ സംവിധാനങ്ങൾ നോട്ട് അസാധുവാക്കൽ കൊണ്ടുള്ള വളർച്ചാ ഇടിവിനെ അകാർമ്മികമാക്കിയേക്കാം. എഴുപതുകളിലെ ബാങ്കു ദേശസാത്ക്കരണം പോലെ, നോട്ട് അസാധുവാക്കലും ഒഴിവാക്കാനാവാത്തതായിരുന്നു. അത് വളരെ പെട്ടെന്ന് നടപ്പാക്കി. അല്ലെങ്കിൽ അതിന്റെ ലക്ഷ്യം സാധിക്കാതെ പോയേനെ.

സംഭവിച്ചേക്കാൻ സാധ്യതയുള്ള ഹ്രസ്വകാല നഷ്ടങ്ങളെ നേരിടാൻ കേന്ദ്രബജറ്റ് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് പരമാവധി വിഹിതം നീക്കി വച്ചിരിക്കുന്നു. അതിനാൽ എപ്പോൾ വേണമെങ്കിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കാം. തൊഴിലുറപ്പ് പദ്ധതിയെകുറിച്ചുള്ള ഒരു ആക്ഷേപം അത് ഭാവി വളർച്ചയ്ക്കായി ആസ്തികൾ ഒന്നും സൃഷ്ടിക്കുന്നില്ല എന്നതാണ്. എന്നാൽ കേന്ദ്ര ബജറ്റ് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് ഒരു പുതിയ മാനം നല്കാൻ ശ്രമിച്ചിരിക്കുന്നു. ചെലവുകൾ കുത്തനെ ഉയർന്നു നില്ക്കുന്ന സാമ്പത്തിക വർഷത്തിന്റെ അവസാന നിമിഷത്തിൽ തൊഴിലുകൾ തിടുക്കത്തിൽ വിഭജിച്ച് നല്കുന്ന പരിപാടി ഇനി ഉണ്ടാകില്ല. വരൾച്ചയെ നേരിടുന്നതിനായി 2017-18 കാലഘട്ടത്തിൽ അഞ്ചു ലക്ഷം കുളങ്ങൾ കൂടി നിർമ്മിക്കാനുള്ള നിർദ്ദേശം ഉണ്ട്. ഈ ജലസേചന പദ്ധതിയെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിക്കുകയാണെങ്കിൽ കാർഷിക വളർച്ചയുടെ കാഴ്ച്ചപ്പാടിൽ അത് വളരെ കാര്യക്ഷമവും ഉത്പാദനപരവുമായ നടപടി ആയിരിക്കും. കാർഷികാനുബന്ധ മേഖലകൾക്കുള്ള 2017 -18 ബജറ്റിലെ വിഹിതം 24 ശതമാനമാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ തുക കൂടുതലാണ്. ഗ്രാമീണ മേഖലയിലെ തൊഴിൽരാഹിത്യം, തൊഴിലാളികളുടെ സംഖ്യയിലെ വർധന, പട്ടിണി തുടങ്ങിയ പ്രശ്നങ്ങളിൽ കൂടുതൽ ശക്തമായി ഇടപെടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു എന്നതിന്റെ സൂചന കൂടിയാണ് ഇത്. പ്രധാനമന്ത്രിയുടെ തൊഴിൽ അവസര, വായ്പാ സഹായ പദ്ധതികൾക്ക് മൂന്നിരട്ടി പണമാണ് ബജറ്റ് നീക്കി വച്ചിരിക്കുന്നത്. പ്രധാനമന്ത്രിയുടെ തൊഴിൽ അവസര പരിപാടി ഒരു വായ്പാനുബന്ധ പദ്ധതിയാണ്. ഗ്രാമീണ തൊഴിലവസര പദ്ധതി, പ്രധാനമന്ത്രി റോസ്ഗാർ യോജന എന്നിവയുമായി സംയോജിപ്പിച്ചാണ് ഇത് നടപ്പാക്കുക. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക മന്ത്രാലയത്തിനാണ് ഇതിന്റെ മേൽനോട്ടം. സംസ്ഥാന തലത്തിൽ ഖാദി ഗ്രാമവ്യവസായ കമ്മീഷൻ ഇത് നടപ്പാക്കും. സ്വയം തൊഴിൽ സംരംഭങ്ങൾ, ചെറുകിട സംരംഭങ്ങൾ, മറ്റു പദ്ധതികൾ എന്നിവ വഴി നഗര ഗ്രാമ പ്രദേശങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ പ്രാഥമിക ഉദ്ദേശ്യം. രണ്ടാമത്തെ ലക്ഷ്യം, പരമ്പരാഗത ഗ്രാമീണ കരകൗശല വൈദഗ്ധ്യത്തെ തിരികെ കൊണ്ടുവന്ന് അതിലൂടെ നഗരങ്ങളിലെ ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്നതാണ്.



**തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചുള്ള ഒരു ആക്ഷേപം അത് ഭാവി വളർച്ചയ്ക്കായി ആസ്തികൾ ഒന്നും സൃഷ്ടിക്കുന്നില്ല എന്നാണ്. ഇത്തവണത്തെ കേന്ദ്ര ബജറ്റ് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് ഒരു പുതിയ മാനം നല്കാൻ ശ്രമിച്ചിരിക്കുന്നു. ചെലവുകൾ കുത്തനെ ഉയർന്നു നില്ക്കുന്ന സാമ്പത്തിക വർഷത്തിന്റെ അവസാന നിമിഷത്തിൽ തൊഴിലുകൾ തിടുക്കത്തിൽ വിഭജിച്ച് നല്കുന്ന പരിപാടി ഇനി ഉണ്ടാവില്ല. വരൾച്ച നേരിടുന്നതിനായി 2017 – 18 കാലഘട്ടത്തിൽ അഞ്ചു ലക്ഷം കുളങ്ങൾ കൂടി നിർമ്മിക്കാനുള്ള നിർദ്ദേശം ഉണ്ട്. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ഇത് ബന്ധിപ്പിക്കുകയാണെങ്കിൽ കാർഷിക വളർച്ചുടെ കാഴ്ച്ചപ്പാടിൽ വളരെ കാര്യക്ഷമവും ഉത്പാദനപരവുമായ നടപടി ആയിരിക്കും.**

രാജ്യവ്യാപകമായി പണമിടപാടുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിന് ബജറ്റ് ഊന്നൽ നല്കുന്നു. ഡിജിറ്റൽ പണമിടപാടുകൾ വഴി ചെറുകിട സൂക്ഷ്മ സംരംഭങ്ങൾക്ക് രാജ്യത്തുടനീളം വായ്പ ലഭ്യമാക്കിക്കൊണ്ടാണ് ഈ നടപടിയെ ബജറ്റ് പ്രോത്സാഹിപ്പിക്കുന്നത്. ഇതുവഴി ഈ സംരംഭങ്ങളുടെ ഉത്പാദനം കുത്തനെ ഉയരുകയും രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിലേയ്ക്ക് അവ അർത്ഥപൂർണമായ സംഭാവന നല്കുകയും ചെയ്യും. ഇതിലൂടെ നോട്ട് അസാധുവാക്കൽ ഉളവാക്കിയ പ്രതിസന്ധിയെ മറികട

ക്കാൻ ഇവയ്ക്ക് സാധിക്കുകയും ചെയ്യും. സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ എണ്ണത്തിൽ അധികമുണ്ടെങ്കിലും മൂല്യവർധനവിൽ അവയുടെ സംഭാവന നാമമാത്രമാണ്. രജിസ്റ്റർ ചെയ്യാത്ത വ്യവസായ യൂണിറ്റുകൾ ഉദാഹരണം. മൂല്യവർധിത ഉത്പ്പന്നങ്ങളുടെ നിർമ്മാണത്തിൽ അവയുടെ വിഹിതം മൂന്നിൽ ഒന്നോ മറ്റോ ആണ്. അവയെ രാജ്യവികസനത്തിന്റെ മുഖ്യധാരയിലേയ്ക്കു കൊണ്ടുവരാനുള്ള നീക്കം താല്പര്യമുള്ള കാര്യമാണ്. കാരണം സംഘടിത വ്യവസായ മേഖലയെ കൊണ്ടു മാത്രം രാജ്യത്തെ സപ്ലൈ - ഡിമാന്റ് വിടവ് കാര്യക്ഷമമായി നികത്താൻ സാധിക്കില്ല. നികുതിയിൽ നിന്ന് ഒഴിവാകുന്നതിനായി പല കമ്പനികളും രജിസ്റ്റർ ചെയ്യാതെ മുന്നോട്ടു പോകാൻ നിശ്ചിയിച്ചിരിക്കുന്നു. അതിനായി യൂണിറ്റുകളെ പലതായി വിഭജിക്കുകയും ചെയ്യുന്നു. എന്നാൽ ഡിജിറ്റലൈസേഷൻ പ്രക്രിയ നികുതി ഘടന ഏകീകരിക്കുകയും കമ്പനികൾക്ക് സാമ്പത്തികമായി മുന്നേറുവാൻ സഹായകമാകുകയും ചെയ്യുന്നു. ഡെബിറ്റ് കാർഡുകളും മൊബൈൽ ഫോണുകളും ഇല്ലാത്തവർക്കു വേണ്ടി ആധാർ അധിഷ്ഠിത പണമിടപാടു സംവിധാനം ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്.

അമ്പതു കോടിയോ അതിൽ താഴെയോ മാത്രം വിറ്റുവരവുള്ള സ്ഥാപനങ്ങൾ ഇനി 25 ശതമാനം നികുതി നല്കിയാൽ മതിയാകും. അതിനാൽ ആധുനിക ചെറുകിട വ്യവസായങ്ങൾക്കായി കൂടുതൽ മുതൽമുടക്കാൻ സാധ്യത ഉണ്ട്. വ്യവസായം പുരോഗമിക്കുമ്പോൾ തൊഴിലവസരങ്ങളും ഉയരും. മറുവശത്ത്, ആധുനിക സാങ്കേതിക വിദ്യയുടെ ഒപ്പം വരുന്ന വിദേശനിക്ഷേപത്തിനും ബജറ്റിൽ ഗണ്യമായ ശ്രദ്ധ ലഭിച്ചിട്ടുണ്ട്. 90 ശതമാനം വിദേശ നിക്ഷേപവും ഓട്ടോമാറ്റിക് സംവിധാനമാണ് ഇഷ്ടപ്പെടുന്നത്. ഫോറിൻ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡിന്റെ പ്രവർത്തനം അവസാനിപ്പിച്ചു. ചുവപ്പുനാടയുടെ കാലതാമസം ഒഴിവാക്കിക്കൊണ്ട് സാമ്പത്തിക നടപടിക്രമങ്ങൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. നേരിട്ടുള്ള വിദേശ നിക്ഷേപത്തിൽ 36 ശതമാനം വളർച്ചയാണ് കാണുന്നത്. ഇത് മൂലധന നിക്ഷേപവും തൊഴിലവസരങ്ങളും ഉയർത്തും. ടെലികമ്യൂണിക്കേഷൻ ഫ്രോഡ് പ്രിവൻഷൻ ഗ്രൂപ്പിനെ കുറിച്ച് നടത്തിയ ഗവേഷണത്തിൽ ഉത്പാദന വളർച്ച നിർണയിക്കുന്ന ഘടകങ്ങളെ തിരിച്ചറിഞ്ഞിട്ടുണ്ട്. അവയിൽ സഞ്ചിതസമ്പദ് വ്യവസ്ഥ, അടിസ്ഥാന സൗകര്യം, വിവര ആശയവിനിമയ സാങ്കേതിക വിദ്യ, പരിഷ്കരണം എന്നിവയാണ് പ്രധാന ഘടകങ്ങൾ. ഉത്പാദനത്തെ ത്വരിതപ്പെടുത്തുന്ന മറ്റൊരു ഘടകം നവീകരണമാണ്. നവീകരണത്തിലൂടെ സ്ഥാപനങ്ങൾ ഉയർന്ന സാങ്കേതികവിദ്യ സ്വായത്തമാക്കുകയും അത് വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ പ്രാധാന്യം എല്ലാ വികസന രേഖകളിലും വ്യക്തമാക്കിയിട്ടുള്ളതാണ്. ഉദാഹരണത്തിന് പൊതുവായ അടിസ്ഥാന സൗകര്യം, ഉത്പാദനം ത്വരിതപ്പെടുത്തുന്നതിനുള്ള നിർണായക ഘടകമാണ്. സാങ്കേതിക കാര്യക്ഷമതയാകട്ടെ, ഇതര ഉത്പാദന ഘടകങ്ങളുമായും ബാഹ്യ സാമ്പത്തിക നിലയുമായും ബന്ധപ്പെട്ടതുമാണ്. തൊഴിലാളികളുടെ സംഖ്യ വെട്ടിക്കുറയ്ക്കുന്നതാണ് മൂലധന നിക്ഷേപത്തിലെയും തൊഴിലാളികളുടെ പുരോഗതിയിലെയും പ്രധാന പ്രതിസന്ധിയായി നിർമ്മാണ മേഖലയിൽ കാണുന്നത്. കേന്ദ്ര ബജറ്റ് ഈ പ്രതിസന്ധി പരിഹരിക്കാൻ ശ്രമിക്കുന്നു. ബജറ്റ് പ്രകാരം ഈ സാമ്പത്തിക വർഷത്തിൽ തന്നെ ഗവൺമെന്റ് SANKALP( സ്കിൽ അക്വിസിഷൻ ആൻഡ് നോളജ് അവയർനെസ് ഫോർ ലൈവ്‌ലിഹുഡ് പ്രമോഷൻ പ്രോഗ്രാം) ആരംഭിക്കും. 4000 കോടി രൂപയാണ് ഇതിന് വേണ്ടി ചെലവഴിക്കുക. ഈ പദ്ധതിയിലൂടെ മൂന്നര കോടി യുവാക്കളെയാണ് തൊഴിൽ പരിശീലിപ്പിക്കുക. യുവാക്കൾക്ക് തൊഴിൽ വിപണിയുടെ ആവശ്യം മുന്നിൽ കണ്ടുകൊണ്ടുള്ള പരിശീലമാണ് നല്കുക. പ്രധാനമന്ത്രി കൗശൽ കേന്ദ്രങ്ങൾ 600 ജില്ലകളിലേയ്ക്കു കൂടി വ്യാപിപ്പിക്കും. പൊതുജനങ്ങളെ സഹായിക്കാൻ 100 അന്താരാഷ്ട്ര നൈപുണ്യ കേന്ദ്രങ്ങൾ കൂടി തുറക്കും. കൗശൽ കേന്ദ്രങ്ങളെ സാമൂഹ്യ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റി അവിടെ ഗ്രാമീണർക്ക് ഭാഷാ പരിശീലനം, ഡിജിറ്റൽ ഗ്രന്ഥശാല, തൊഴിൽ മാർഗ നിർദ്ദേശം, മൂല്യനിർണയം തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തും. ഇത് തൊഴിൽ സാധ്യതകൾ ഉയർത്തും.

രാജ്യത്തുടനീളം വിദേശ ഭാഷാ പരിശീലനത്തിനുള്ള ഇന്ത്യ - ഇന്റർനാഷണൽ സ്കിൽ സെന്ററുകൾ സ്ഥാപിക്കും. വിദേശ രാജ്യങ്ങളിൽ തൊഴിൽ അന്വേഷിക്കുന്നവർക്ക് ഇത് വലിയ അനുഗ്രഹമാകും. ഐടിഐകളുടെ പരിശീലനം സംബന്ധിച്ച് ശക്തമായ വിമർശനം ഉയർന്നിട്ടുണ്ട്. ഉദാഹരണമായി ഒരു പ്ലമ്പറെ ഗൾഫിൽ ജോലിക്കു അയക്കുന്നതിനു മുമ്പ് അയാൾക്ക് ആ തൊഴിലിൽ വിദഗ്ധ പരിശീലനം നല്കേണ്ടതുണ്ട്. ഈ കാഴ്ച്ചപ്പാടോടുകൂടിയ പുതിയ നീക്കം വളരെ പ്രോത്സാഹനജനകമാണ്. ഇത് വിദേശ രാജ്യങ്ങളിലെ ഇന്ത്യാക്കാരുടെ തൊഴിലവസരസാധ്യത വർധിപ്പിക്കും. അതുവഴി രാജ്യത്തേയ്ക്കുള്ള വിദേശനാണ്യ സമ്പത്ത് ഗണ്യമായി വർധിക്കുകയും ചെയ്യും. വിദേശത്തുനിന്ന് ഇപ്രകാരം വരുന്ന സമ്പത്തിനെ എങ്ങനെ ഉത്പാദനപരമായി ഉപയോഗിക്കാൻ സാധിക്കും എന്നത് ഭാവിയിൽ നാം സ്വീകരിക്കേണ്ട നയത്തിൽ പ്രധാനമാണ്. അതിനാവശ്യമായ ആദ്യ നടപടി അന്താരാഷ്ട്ര നിലവാരമുള്ള, വിദഗ്ധ തൊഴിലാളികളെ പരിശീലിപ്പിച്ച് തയാറാക്കി നിർത്തുക എന്നതാണ്. അങ്ങനെ ചെയ്താൽ അത് പ്രതിഫലിപ്പിക്കുക, ഗവൺമെന്റിന്റെ പുരോഗമനപരമായ കാഴ്ച്ചപ്പാടായിരിക്കും.

ഇത്തവണത്തെ ബജറ്റിൽ അടിസ്ഥാനവികസനത്തിനുള്ള ബജറ്റ് വിഹിതവും വലുതാണ്. ഇവിടെയും തൊഴിൽ സാധ്യതകൾ അനന്തമാണ്. അടിസ്ഥാന സൗകര്യ വികസന മേഖലയിൽ തന്നെ ധാരാളം മനുഷ്യ ശേഷി ആവശ്യമുണ്ട്. അടിസ്ഥാന സൗകര്യ നിർമ്മാണ തന്ത്രത്തിന് പ്രാദേശികമാനം കൂടി നല്കിയാൽ ഇതിന്റെ പരിണിതഫലം നാം പ്രതീക്ഷിക്കുന്നതിലും അപ്പുറമായിരിക്കും. പ്രാദേശിക അസമത്വങ്ങൾ വളരെ വളർന്നു പോയിരിക്കുന്നു. കേന്ദ്രീകരണത്തിനു പകരം സംസ്ഥാനങ്ങളിലെ സാമ്പത്തിക വളർച്ച വിഭിന്നദിശകളിലേയ്ക്ക് അകന്നു പോകുന്നതായാണ് അനുഭവപ്പെടുന്നത്. പ്രാദേശികമായ ഈ അസമത്വം നിയന്ത്രിക്കാനുള്ള ഫലപ്രദമായ ഒരു മാർഗം പിന്നോക്ക മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുക എന്നതാണ്. ഏകോപനം സമ്പത്തിന്റെ സമാഹരണത്തിലേയ്ക്ക് നയിക്കും. ഈ സമാഹൃത സമ്പത്തിന്റെ പ്രയോജനം നേടുന്നതിന് കൂടുതൽ മൂലധന നിക്ഷേപം ആ മേഖലകളിലേയ്ക്ക് നടത്തണം. അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ കുറെക്കൂടി പ്രാദേശികമായ സമീപനം സ്വീകരിക്കണം. ഉദാഹരണത്തിന് വ്യവസായവത്ക്കരണത്തിന്റെ കാര്യത്തിൽ വടക്കു കിഴക്കൻ മേഖലയ്ക്ക് മിക്ക പ്പോഴും അവഗണന മാത്രമാണ് ബാക്കി.

ഒരു പുതിയ മെട്രോ റെയിൽ പദ്ധതി ഉടൻ തന്നെ പ്രഖ്യാപിക്കപ്പെടുമെന്നു കരുതുന്നു. ഇത് യുവാക്കൾക്ക് ധാരാളം പുതിയ തൊഴിലവസരങ്ങൾ തുറക്കും. നഗരങ്ങളിലെ യുവാക്കളെ സംബന്ധിച്ചിടത്തോളം ഇത് വലിയ അനുഗ്രഹമാകും.

വിമർശനാത്മകമായി ചിന്തിച്ചാൽ വ്യാവാസായികാധിഷ്ഠിത വളർച്ചയായിരുന്നു ബജറ്റിന്റെ ലക്ഷ്യമെങ്കിൽ ഉത്പാദന മേഖലയിൽ കുറെക്കൂടി കാര്യങ്ങൾ ചെയ്യാമായിരുന്നു. മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ ഭാഗമായി തൊഴിലാളി കേന്ദ്രീകൃതമായ തുകൽ, രത്നം, ആഭരണം എന്നീ വ്യവസായങ്ങൾക്ക് നികുതി ഇളവുകൾ ബജറ്റിൽ നല്കാമായിരുന്നു. ചൈനീസ് മാതൃകയിലുള്ള ഉത്പാദക യൂണിറ്റുകളോടു കൂടിയ വൻ വ്യവസായനഗരങ്ങൾ രാജ്യത്ത് ഉടനീളം നിർമ്മിക്കുമ്പോൾ ഈ സ്മാർട്ട് സിറ്റി പദ്ധതികളിൽ വെള്ളം, വൈദ്യുതി, മാലിന്യനിർമ്മാർജ്ജനം, പാചകവാതകം തുടങ്ങി പൊതുജനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ, താമസസ്ഥലങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവയുടെ കുറവ് പരിഹരിക്കപ്പെടേണ്ടതുണ്ട്. ബജറ്റിൽ പല സാമ്പത്തിക വിഹിതങ്ങളും ഈ കേന്ദ്രങ്ങൾക്കു പ്രഖ്യാപിച്ചിട്ടും അവ ശ്രദ്ധിക്കപ്പെടാതെ പോവുകയും ചെയ്തു. തൊഴിൽ അവസരങ്ങളിൽ അധിഷ്ഠിതമായ വ്യവസായവത്ക്കരണം ബജറ്റിന്റെ കേന്ദ്രബിന്ദു ആയിരുന്നില്ല. മറിച്ച് ബജറ്റ് കൂടുതൽ കാർഷിക ഗ്രാമീണ കേന്ദ്രീകൃതമായിരുന്നു. അതിനു കാരണം ഒരു പക്ഷെ രാജ്യത്തെ മഹാഭൂരിഭാഗം ജനങ്ങളും ഇന്നും അധിവസിക്കുന്നത് ഗ്രാമങ്ങളിലും ഏർപ്പെട്ടിരിക്കുന്നത് കൃഷിയിലുമാണ് എന്നതാവാം. എന്നാലും തൊഴിലാളികൾക്ക് കൂടുതൽ പ്രാധാന്യമുള്ള വ്യവസായങ്ങളെ ആധുനികവത്ക്കരിക്കാൻ സഹായിക്കുന്ന, കയറ്റുമതി സാധ്യതയുള്ളതും നിലവാരമുള്ളതുമായ ഉത്പ്പന്നങ്ങൾ നിർമ്മിക്കാൻ കഴിവു നല്കുന്ന, അവരുടെ വളർച്ചയ്ക്ക് ഉത്തോലകമാകുന്ന, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന നടപടികൾ ഇപ്പോഴും അവസരം കാത്ത് കഴിയുകയാണ്. സാങ്കേതിക വിദ്യകൾ വെറുതെ ഇറക്കുമതി ചെയ്യാതെ ഉത്പാദന മേഖലയ്ക്കും തൊഴിലവസരങ്ങൾക്കും ഉപകാരപ്രദമാകുന്ന നവീകരണങ്ങളെ എപ്രകാരം പ്രോത്സാഹിപ്പിക്കാം എന്നതായിരിക്കട്ടെ ഭാവി ചർച്ചകളുടെ പ്രധാന വിഷയം.

*(ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എക്കണോമിക് ഗ്രോത്തിൽ പ്രൊഫസറും ജപ്പാനിലെ നഗോയ (Nagoya) യൂണിവേഴ്സിറ്റിയിൽ വിസിറ്റിങ് പ്രൊഫസറുമാണ് ലേഖകൻ)*

## വിജ്ഞാന പാത

### അഞ്ച് അസോസിയേറ്റ് ബാങ്കുകളുടെ എസ്.ബി.ഐ ലയനത്തിന് കേന്ദ്ര കാബിനറ്റ് അംഗീകാരം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദരാബാദ്, സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ജയ്പൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് പട്യാല എന്നീ അഞ്ച് അസോസിയേറ്റ് ബാങ്കുകളുടെ എസ്.ബി.ഐ ലയനത്തിന് 2017 ഫെബ്രുവരി 15 ന് ചേർന്ന കേന്ദ്ര കാബിനറ്റ് യോഗം അംഗീകാരം നൽകി. 2016 മെയിലാണ് ഇത് സംബന്ധിച്ച ശുപാർശ സമർപ്പിക്കപ്പെട്ടത്. 2017 ഏപ്രിലോടെ ലയനം നടപ്പാക്കാനാണ് തീരുമാനം. അസോസിയേറ്റ് ബാങ്കുകളുടെ ലയനത്തോടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അടിസ്ഥാന ആസ്തി 37 ലക്ഷം കോടി കവിയും. 22,500 ബ്രാഞ്ചുകളും 58,000 ATM സൗകര്യങ്ങളും എസ്.ബി.ഐ യ്ക്കുണ്ടാവും. എസ്.ബി.ഐ യിലെ ഉപഭോക്താക്കളുടെ എണ്ണം 50 കോടി പിന്നിടും. 2008-ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് സൗരാഷ്ട്രയും 2010-ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡോറും, എസ്.ബി.ഐ യിൽ ലയിച്ചിരുന്നു.



# നവ വികസന മാതൃക : കാർഷിക മേഖലയ്ക്കും ഗ്രാമീണ ഇന്ത്യയ്ക്കും ഉത്തേജനം

നിരേന്ദ്ര ദേവ്

**ഏ**റെ സാധ്യതകൾ ഉണ്ടായിട്ടും കാർഷിക സമ്പദ് വ്യവസ്ഥയും ഗ്രാമവികസനവും ഇന്ത്യയിൽ പ്രതീക്ഷിച്ച നേട്ടങ്ങൾ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടാക്കിയിട്ടില്ലെന്നത് വസ്തുതയാണ്. എന്നാൽ 2017-18 ലേക്കുള്ള ബജറ്റ് പല വിധത്തിലും ഈ മേഖലയിൽ നിർണ്ണായകമാണ് എന്ന് കാണാം. വർദ്ധിച്ച തുക നീക്കിവയ്ക്കൽ, ശരിയായ പദ്ധതികളുടെ കണ്ടെത്തൽ, കൃത്യമായ മാർഗരേഖ തയ്യാറാക്കുക എന്നിവയിലൂടെ കാർഷിക മേഖലയെ വിശാലമായി നോക്കിക്കാണാനും, ഗ്രാമവികസനമെന്ന ലക്ഷ്യം നേടാൻ വെല്ലുവിളിയാകുന്ന സ്വാഭാവികവും മനുഷ്യനിർമ്മിതവുമായ തടസ്സങ്ങൾ നീക്കം ചെയ്യാനും ഇത്തവണത്തെ ബജറ്റ് ഏറെ സഹായകമാകും. ശരിയായ സന്തുലനമാണ് ഇക്കൊല്ലത്തെ ബജറ്റിന്റെ മുഖ്യ സവിശേഷത. ഗ്രാമീണമേഖലക്ക് നൽകിയ ഊന്നൽ, കാർഷിക സമൂഹത്തിന് നൽകിയ കൈത്താങ്ങ്, നാഗരിക ഉപഭോക്താക്കൾക്കുള്ള സഹായം എന്നിവയാണ് ബജറ്റിലെ പ്രധാന സവിശേഷതകൾ.

ഗ്രാമീണ, കാർഷിക അനുബന്ധമേഖലകൾക്ക് 2017-18 സാമ്പത്തിക വർഷം 1,87,223 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 24% വർദ്ധനയാണ് ഇത്തവണ വരുത്തിയത്. 'എല്ലാവരുടേയും പങ്കാളിത്തത്തോടെ ഏവർക്കും വികസനം' എന്ന മുദ്രാവാക്യത്തിന് അനുസൃതമായി രാജ്യത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുള്ള വളർച്ച സാധ്യമാക്കുന്നതിനുമായി കാർഷിക, അനുബന്ധ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഇത്തവണത്തെ ബജറ്റിൽ ഊന്നൽ നൽകിയിരിക്കുന്നത്.

കർഷകർക്ക് മികച്ച വരുമാനം ഉറപ്പു വരുത്തുന്നതിൽ കഴിഞ്ഞ ദശകങ്ങളിൽ പാളിച്ചകൾ ഉണ്ടായിട്ടുണ്ട്. വിപണികൾ ചിതറിക്കിടക്കുന്ന അവസ്ഥ ഇതിന് ഒരു കാരണമായതായി കാണാം. ഇത് മനസ്സിലാക്കി സംയോജിത വിപണിക്ക് രൂപം നൽകാനും വിപണന രംഗത്തെ വിടവുകൾ കണ്ടെത്തി അവ നികത്തുന്നതിനും നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

## കാർഷിക ഉല്പന്നങ്ങൾക്ക് മികച്ച വില

കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് മികച്ച വില ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനങ്ങൾക്ക് അയച്ചു കൊടുക്കുന്ന കരാർ കൃഷി രീതിയുടെ മാതൃകാ നിയമം സംബന്ധിച്ചും ധനമന്ത്രി ബജറ്റിൽ വെളിച്ചം വീശി. ദേശീയ ഇലക്ട്രോണിക് കാർഷിക വിപണി (e-NAM) യുടെ കീഴിൽ കൂടുതൽ നിയന്ത്രിത കാർഷിക വിപണികൾ കൊണ്ടുവരുന്നതിനാണ് ഗവൺമെന്റ് ഊന്നൽ നൽകിയത്.

e-NAMന്റെ കീഴിൽ ഇപ്പോൾ 250 കാർഷികോല്പന്ന വിപണന കമ്പനികൾ ഉള്ളത് 585 ആയി ഉയർത്താനാണ് പദ്ധതിയെന്ന് ധനമന്ത്രി ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കി. കൂടാതെ വൃത്തിയാക്കൽ, തരം

തിരിക്കൽ, പായ്ക്ക് ചെയ്യൽ ജോലികൾക്കായി ഓരോ e-NAM വിപണിക്കും 75 ലക്ഷം രൂപ വീതം അനുവദി ക്കുമെന്നും ധനമന്ത്രി അറിയിച്ചു. 2016ൽ തുടക്കമിട്ട e-NAM ഇല്ക്ട്രോണിക് വ്യാപാരത്തിലൂടെ വൻമാറ്റ ങ്ങൾക്കാകും വഴിയൊരുക്കുക.

കർഷകർ അടിക്കടി നേരിടുന്ന വെല്ലുവിളി യായ വില അസ്ഥിരതയ്ക്ക് മികച്ച ഉത്തരമാണ് e-NAM. കർഷകർ നേരിടുന്ന പല വെല്ലുവിളികളെയും കുറിച്ച് ബോധ്യമുണ്ടെന്ന് കൃഷി മന്ത്രാലയത്തിന്റെ അടുത്തിടെ പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നു. ഇടനിലക്കാരുടെ സാന്നിധ്യമാണ് ഇതിൽ പ്രധാന പ്രശ്നം. ഇടനിലക്കാരെ പാടെ ഒഴിവാക്കി വില നിർണ്ണ യത്തിൽ സുതാര്യത ഉറപ്പ് വരുത്തുകയാണ് ഗവൺ മെന്റിന്റെ ലക്ഷ്യം. ഓരോ ഉല്പന്നത്തിനും രാജ്യത്തുട നീളം ഒരു അടിസ്ഥാന വില ഗവൺമെന്റ് ഉറപ്പ് വരു ത്തും. ഇതിൽ നിർണ്ണായകമാകുന്നത് e-NAM ആയിരി ക്കും.

e-NAM എന്നത് ഒരു ഓൺലൈൻ വ്യാപാര വേദി ആണെന്നും സമാന്തര വിപണന സംവിധാനമാ യി കാണരുതെന്നും കേന്ദ്ര കൃഷി മന്ത്രാലയം കഴിഞ്ഞ വർഷം തന്നെ വ്യക്തമാക്കിയിരിക്കുന്നു. കാർഷിക കമ്പോളങ്ങളുടെ ദേശീയ ശൃംഖല ഓൺലൈൻ മുഖേ ന ബന്ധപ്പെടാവുന്ന തരത്തിൽ രൂപപ്പെടുത്തിയെടു ക്കാനുള്ള ഒരു ഉപാധിയാണ് e-NAM എന്ന് കണക്കാ ക്കപ്പെടുന്നു.

കമ്പോളങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഓൺലൈൻ പോർട്ടൽ മുഖേനേ ഉപയോഗപ്പെടുത്താൻ e-NAM സഹായകമാകും. സംസ്ഥാനത്തിന് പുറത്തു ള്ളവർക്ക് പോലും വ്യാപാരത്തിൽ പങ്കെടുക്കുവാൻ e-NAM വേദിയാകും. 8 സംസ്ഥാനങ്ങളിലായി 21 കമ്പോളങ്ങൾ പരസ്പരം സംയോജിപ്പിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. ഉത്തർപ്രദേശ് (6), ഗുജറാത്ത് (3), തെല ങ്കാന (5), രാജസ്ഥാൻ (1), മധ്യപ്രദേശ് (1), ഹരിയാന (2), ഝാർഖണ്ഡ് (1), ഹിമാചൽ പ്രദേശ് (2) എന്നി ങ്ങനെയാണവ.

എന്നിരുന്നാലും ചില പ്രശ്നങ്ങൾ പരിഗണി ക്കേണ്ടതുണ്ട്. സുതാര്യത ഉറപ്പ് വരുത്തുന്നതിനായി കാർഷിക വിപണികളിൽനിന്ന് അകറ്റി നിർത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്ന ഇടനിലക്കാരുടെ പ്രശ്ന മാണ് കർഷകർ മുഖ്യമായി നേരിടുന്നത്.

വേഗം കേടുവരുന്ന ഉല്പന്നങ്ങളെ കാർഷി കോല്പന്ന വിപണന കമ്പനികളിലെ പട്ടികയിൽ നിന്ന് ഒഴിവാക്കണമെന്ന് ധനമന്ത്രി ബജറ്റ് പ്രസംഗത്തിൽ ആവശ്യപ്പെട്ടിരുന്നു. തങ്ങളുടെ ഉല്പന്നം മികച്ച വില ക്ക് വിൽക്കാൻ ഇത് കർഷകരെ അനുവദിക്കുമെന്ന് ധനമന്ത്രി പറഞ്ഞു. പഴം, പച്ചക്കറി കർഷകരെ ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുമായി ബന്ധപ്പെടുത്തി മെച്ച പ്പെട്ട വില ഉറപ്പ് വരുത്താനും വിളവെടുപ്പിന് ശേഷം ഉല്പന്നം പാഴാകുന്നത് തടയാനുമാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നതെന്ന് ബജറ്റ് നിർദ്ദേശങ്ങൾ ചൂണ്ടിക്കാട്ടു ന്നു.

ഓരോ തുള്ളിക്കും അധിക വിളവ് എന്ന ലക്ഷ്യം നേടാനായി മൈക്രോ ജലസേചന ഫണ്ടിന് നബാർഡ് രൂപം നൽകുമെന്ന് ഗവൺമെന്റ് പ്രഖ്യാപി ക്കുകയുണ്ടായി. ഇതിനായി 5000 കോടി രൂപയുടെ സഞ്ചിത നിധിക്കും രൂപം നൽകി. 8000 കോടി രൂപ യുടെ ക്ഷീര വികസന നിധിക്കും നബാർഡ് രൂപം നൽകുന്നുണ്ട്. ഗുജറാത്ത്, കർണ്ണാടക, മഹാരാഷ്ട്ര തുടങ്ങി ചില സംസ്ഥാനങ്ങൾക്ക് മാത്രമേ ക്ഷീര വിക സന രംഗത്ത് നേട്ടം കൊയ്യാൻ കഴിഞ്ഞിട്ടുള്ളു. നിശ്ചി ത കാലാവധിക്കുള്ളിൽ വായ്പാ തവണകൾ അട യ്ക്കുന്ന കർഷകർക്ക് മൂന്ന് ശതമാനം അധിക കിഴിവും ഇക്കൊല്ലത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

നടപ്പ് വർഷം കാർഷിക മേഖല 4.1 ശതമാനം വളർച്ച രേഖപ്പെടുത്തുമെന്നാണ് ധനമന്ത്രിയുടെ പ്രതീ ക്ഷ. ഖാരീഫ്, റാബി വിളകൾക്ക് ഇക്കൊല്ലം വിത്തിറ ക്കിയത് കൂടുതലായിരുന്നുവെന്നത് കാര്യങ്ങൾ സുഗമ മാകുമെന്നതിന്റെ സൂചനയായി കാണാം.

കഴിഞ്ഞവർഷം തുടക്കമിട്ട വിള ഇൻഷുറൻസ് പദ്ധതിയായ പ്രധാനമന്ത്രി ഫസൽ ബീമ യോജന ക്കുള്ള നീക്കിയിരിപ്പ് നടപ്പ് വർഷം മുൻവർഷ ബജറ്റ് വിഹിതമായ 5500 കോടിക്ക് പകരം 13,240 കോടി രൂപ യായി ഉയർത്തിയെന്നത് പ്രതിസന്ധി നേരിടുന്ന കർഷ കരെ സഹായിക്കാനുള്ള ഗവൺമെന്റിന്റെ ശ്രമമാണ് കാണിക്കുന്നത്. അടുത്ത വർഷത്തേക്ക് 9000 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്. മേൽപറഞ്ഞ പദ്ധതി 2016-17 ൽ 30% കൃഷി സ്ഥലത്ത് പ്രയോജനപ്പെടുത്തിയെങ്കിൽ 2017-18 ൽ 40% സ്ഥലത്തേക്കും 2018-19 ൽ 50% വിസ്തൃ തിയിലേക്കും ഉയർത്താനാണ് ലക്ഷ്യമെന്ന് ധനമന്ത്രി പറഞ്ഞു.

വിള ഇൻഷുറൻസ് പദ്ധതിക്ക് അധിക തുക നീക്കി വയ്ക്കാനുള്ള ഗവൺമെന്റ് തീരുമാനത്തെ പാർലമെന്റിനകത്തും പുറത്തും പ്രതിപക്ഷ കക്ഷികൾ ഉൾപ്പെടെ സ്വാഗതം ചെയ്തു. ജലസേചന പദ്ധതികൾക്കായുള്ള പ്രധാനമന്ത്രി കൃഷിസിഞ്ചായി യോജനയാണ് ഇക്കൊല്ലത്തെ ബജറ്റിൽ ഇടം നേടിയ മറ്റൊരു കാർഷിക ക്ഷേമ പദ്ധതി.

ഗവൺമെന്റിന്റെ മറ്റൊരു സവിശേഷ പദ്ധതിയായ മണ്ണ് പരിശോധനാ കാർഡിനെപറ്റി പരാമർശിക്കവെ കർഷകർക്ക് അവരുടെ മണ്ണിന്റെ പരിശോധനാ ഫലങ്ങൾ വേഗത്തിൽ ലഭ്യമാക്കിയാൽ മാത്രമെ കർഷകർക്ക് പ്രയോജനം ഉണ്ടാകൂ എന്ന് ധനമന്ത്രി ചൂണ്ടിക്കാട്ടി. കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ മിനി ലാബുകൾ സജ്ജീകരിച്ച് 648 കേന്ദ്രങ്ങളും ഇതിന്റെ കീഴിൽ കൊണ്ടുവരാൻ ഗവൺമെന്റ് ലക്ഷ്യമിടുന്നു. ഇതുകൂടാതെ യോഗ്യരായ സംരംഭകർ വഴി 1000 ചെറുകിട മണ്ണ് പരിശോധനാ ശാലകളും ആരംഭിക്കുമെന്ന് ധനമന്ത്രി അറിയിച്ചു. ഇതു കൂടാതെ ദീർഘകാല ജലസേചന ഫണ്ടിന് നബാർഡ് ഇതിനകം രൂപം നൽകിയിട്ടുണ്ട്.

കുളങ്ങളിലും മറ്റും മഴവെള്ളം തടഞ്ഞു നിർത്തുന്നതും ഗ്രാമപ്രദേശങ്ങളിലെയും കാർഷിക മേഖലകളിലെയും അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമാണെന്ന് കൃഷി മന്ത്രാലയ ഉദ്യോഗസ്ഥർ പറയുന്നു. മഴക്കുറവ് നേരിടുന്ന പ്രദേശങ്ങളിൽ പ്രത്യേകിച്ചും, ജലസേചനം നടത്തുന്നതിൽ ഇത് നിർണ്ണായകമാണ്. ജലസേചനപദ്ധതികൾക്ക് അനുബന്ധമായി ഗ്രാമ-നഗര പ്രദേശങ്ങളിൽ മഴവെള്ള സംഭരണം നിർബന്ധമാക്കി പല സംസ്ഥാനങ്ങളും നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. 2014 ൽ ഇപ്പോഴത്തെ ഗവൺമെന്റ് തുടക്കമിട്ട പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന അത്തരത്തിൽ സുപ്രധാന ചുവടുവയ്പായി കണക്കാക്കാം. കർഷകരുടെ വരുമാനം 2022 ഓടെ ഇരട്ടിയാക്കാൻ ലക്ഷ്യമിട്ട് കാർഷിക, കാർഷികേതര മേഖലകളിലെ ഇടപെടൽ പുനരവലോകനം ചെയ്യുന്നതിന് ഊർജ്ജിത ശ്രമങ്ങളാണ് ബജറ്റ് വിഭാവനം ചെയ്യുന്നത്.

## ഗ്രാമവികസനത്തിനായി അധിക വിഹിതം

ഗ്രാമീണ മേഖലക്കുള്ള ചെലവ് വിഹിതം വർദ്ധിപ്പിക്കാത്ത പക്ഷം ഗ്രാമീണ ഇന്ത്യയുടെ സ്ഥിതി മെച്ചപ്പെടുത്താമെന്ന പ്രഖ്യാപനം വെറും പാഴ്വാക്കാകും. 2014 ന് ശേഷം ഇത് നാലാം തവണയും ധനമന്ത്രി ഗ്രാമപ്രദേശങ്ങൾക്ക് കൂടുതൽ തുക നീക്കി വയ്ക്കുന്ന കാര്യം ബജറ്റിൽ ഊന്നിപറഞ്ഞു. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, ഗ്രാമീണ റോഡുകൾ, ഗ്രാമീണ വൈദ്യുതീകരണം തുടങ്ങിയവക്കൊപ്പം തന്നെ ദാരിദ്ര്യനിർമ്മാർജ്ജനവും അദ്ദേഹം എടുത്തുപറഞ്ഞു. സാമ്പത്തിക പരിഷ്കരണ നടപടികൾ തുടരേണ്ടതിന്റെ ആവശ്യകതയും കൂടുതൽ നിക്ഷേപങ്ങൾ, വളർച്ച ത്വരിതപ്പെടുത്തൽ എന്നിവ അനിവാര്യമാണെന്നും ധനമന്ത്രി ചൂണ്ടിക്കാട്ടി.


ഓരോ വർഷവും ഗ്രാമീണ മേഖലയിൽ മൂന്ന് ലക്ഷം കോടി രൂപയാണ് ഗവൺമെന്റ് ചെലവിടുന്നത്. ഉത്തരവാദിത്തം, ഫലപ്രാപ്തി, സംയോജനം എന്നിവയിൽ ഊന്നി ഒരു കോടി ഭവനങ്ങളെ ദാരിദ്ര്യ മുക്തമാക്കാനും 50000 ഗ്രാമ പഞ്ചായത്തുകളെ 2019 ഓടെ ദാരിദ്ര്യത്തിൽ നിന്ന് മുക്തമാക്കാനും ലക്ഷ്യമിടുന്ന അന്ത്യോദയ ദൗത്യം ഏറ്റെടുക്കുന്ന കാര്യവും ഗവൺമെന്റ് വ്യക്തമാക്കി. ഗ്രാമങ്ങൾ ഗാന്ധിദർശനത്തിന്റെ അവശ്യഘടകമാണെന്നതു കണക്കിലെടുത്ത് ഗാന്ധിജിയുടെ 150-ാം ജന്മവാർഷികത്തോട് അനുബന്ധിച്ചാണ് ഇത് നിശ്ചയിച്ചിരിക്കുന്നത്.

ഓരോ ദരിദ്ര കുടുംബത്തിനും സുസ്ഥിര വരുമാനം ഉറപ്പുവരുത്താനുള്ള കൃത്യമായ പദ്ധതിയുടെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് മുന്നോട്ട് പോകാൻ ഉദ്ദേശിക്കുന്നത്. ദാരിദ്ര്യ രഹിത ഗ്രാമപഞ്ചായത്തുകൾക്കായി സമഗ്രമായ സൂചിക തയ്യാറാക്കി പുരോഗതി അടിസ്ഥാന തലത്തിൽ അവലോകനം ചെയ്യുമെന്ന് ധനമന്ത്രി പറഞ്ഞു.

കർഷകരുടെ വരുമാനം ഇരട്ടിയാക്കണമെന്ന ലക്ഷ്യത്തോടെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പുനരവലോകനം ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതായും ധനമന്ത്രി വെളിപ്പെടുത്തി. ഓരോ ഗ്രാമീണ കുടുംബത്തിനും വർഷം കുറഞ്ഞത് 100 തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുമ്പോൾ തന്നെ, അത് ഗ്രാമീണ സമൂഹത്തിന്റെ ഉത്പാദന ക്ഷമതയും വരുമാനവും വർദ്ധിപ്പിക്കാൻ തക്കവണ്ണം ഉപകരിക്കുമെന്ന് ഗവൺമെന്റ് ലക്ഷ്യമിടുന്നു.

തൊഴിലുറപ്പ് പദ്ധതിയിലൂടെ 5 ലക്ഷം കുളങ്ങളും 10 ലക്ഷം കുഴികളും നിർമ്മിക്കുമെന്ന കഴിഞ്ഞ ബജറ്റിലെ ലക്ഷ്യം പൂർണ്ണമായും കൈവരിക്കും.

ഇത്ത വണ 5 ലക്ഷത്തിന്റെ സ്ഥാനത്ത് മാർ ച്ച് 2017 ഓടെ 10 ലക്ഷം കുളങ്ങൾ നിർമ്മിക്കാനാണ് ഗവൺമെന്റ് ലക്ഷ്യമി ടുന്നത്. 2017-18 ൽ മറ്റൊരു 5 ലക്ഷം കുള ങ്ങളും കൂടി നിർമ്മിക്കും. ഈ ഒറ്റ നടപടി യിലൂടെ തന്നെ ഗ്രാമപഞ്ചായത്തുകളെ വ രൾച്ചാ മുക്തമാക്കാൻ കഴിയുമെന്ന് പ്രതീ ക്ഷിക്കുന്നു.




തൊഴിലുറപ്പ് പദ്ധതിയിൽ വനിത കളുടെ പങ്കാളിത്തം നേരത്തേ 48 ശതമാനമായിരുന്നത് ഇപ്പോൾ 55 ശതമാനമായെന്നതും ശ്രദ്ധേയമാണ്. 2016 -17 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് 38,500 കോടി രൂപ നീക്കിവച്ചിരുന്ന സ്ഥാന ത്ത് 2017-18 ൽ 48,000 കോടി രൂപ നീക്കിവച്ചു. പദ്ധതി ക്ക്, ഇതുവരെ ലഭിച്ച ഏറ്റവും വലിയ തുകയാണിത്. പദ്ധതിയിൻ കീഴിൽ നിർമ്മിച്ച എല്ലാ നിർമ്മിതികളും ഭൂമിശാസ്ത്രപരമായി അടയാളപ്പെടുത്തി സുതാര്യത ഉറപ്പുവരുത്തും. കർഷകർ, ഗ്രാമീണ ജനത എന്നിവരു മായി യോജിച്ച് പ്രവർത്തിച്ച് അവരുടെ ജീവിതവും പരി സ്ഥിതിയും മെച്ചപ്പെടുത്താനാണ് ലക്ഷ്യമെന്ന് സംശ യലേശമന്യേ ധനമന്ത്രി വ്യക്തമാക്കി.

പഴയതും പുതിയതുമായ പദ്ധതികളുടെ ഭാഗ മായി ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് നൈപുണ്യ പരിശീലനം നൽകാനും ബജറ്റ് നിർദ്ദേശിക്കുന്നു. 2022 ഓടെ 5 ലക്ഷം പേർക്ക് മേസ്തിരിപ്പണിയിൽ പരിശീ ലനം നൽകും. 2017-18 ഓടെ 20000 പേർക്ക് നൈപുണ്യ പരിശീലനം നൽകുകയാണ് ഉടൻ മുന്നിലുള്ള ലക്ഷ്യം.

വികസന പരിപാടികൾ നടപ്പാക്കുന്നതിനുള്ള മനുഷ്യശേഷിയിലുള്ള കുറവാണ് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ നേരിടുന്ന പ്രധാന പ്രതിസന്ധി. ഇത് പരിഹരിക്കാനും അടുത്ത സാമ്പത്തിക വർഷം നടപടി സ്വീകരിക്കും. പെൺകുട്ടികൾ, വനിതകൾ എന്നിവരോ ടുള്ള പ്രത്യേക സമീപനം അരക്കിട്ടുറപ്പിക്കുന്നതാണ് ഇത്തവണത്തെ ബജറ്റ്.

14 ലക്ഷം സംയോജിത ശിശു വികസന അംഗന വാടി കേന്ദ്രങ്ങളിൽ മഹിളാ ശക്തി കേന്ദ്രങ്ങൾ സ്ഥാപി ക്കുന്നതിനായി 500 കോടിരൂപ നീക്കിവച്ചു. ഗ്രാമീണ വനിതകൾക്ക് നൈപുണ്യവികസനം, തൊഴിൽ, ഡിജി റ്റൽ സാക്ഷരത, ആരോഗ്യക്ഷേമകാര്യങ്ങൾ, പോഷ കാഹാരം എന്നിവ ഒരു കുടക്കീഴിൽ ലഭ്യമാക്കുകയാ ണ് ഉദ്ദേശിക്കുന്നത്.

ഗർഭിണികൾക്ക് സാമ്പത്തിക സഹായം നൽ കുന്നതിനുള്ള ദേശീയ പദ്ധതിയെക്കുറിച്ച് പ്രധാന മന്ത്രി 2016 ഡിസംബർ 31 ന് നടത്തിയ പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതനുസരിച്ച് ആശുപത്രികളിലും ആരോഗ്യകേന്ദ്രങ്ങളിലും പ്രസവിക്കുന്ന സ്ത്രീകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 6000 രൂപ വീതം നേരിട്ട് നിക്ഷേപിക്കും. ഇതിനായി കുഞ്ഞുങ്ങൾക്ക് പ്രതിരോ ധകുത്തിവയ്പു നൽകേണ്ടത് നിർബന്ധമാണ്. ഗ്രാമീ ണ ജനതക്കു ഈ പദ്ധതി ഏറെ സഹായം ചെയ്യും.

രാജ്യത്തെ എല്ലാ ഗ്രാമങ്ങളെയും കൂട്ടിയിണ ക്കുക എന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രി ഗ്രാമസഡക് യോജനക്ക് 19000 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. സം സ്ഥാന വിഹിതം കൂടി കണക്കിലെടുത്താൽ മൊത്തം 27000 കോടി രൂപ പദ്ധതിക്ക് ലഭ്യമാകും. 2011-14 കാലയ ളവിൽ പ്രതിദിനം 73 കിലോ മീറ്റർ റോഡ് നിർമ്മിച്ചി രുന്ന സ്ഥാനത്ത് 2016-17 ൽ പദ്ധതിയിൻ കീഴിൽ 133 കി.മീ ഗ്രാമീണ റോഡുകൾ നിർമ്മിച്ചതായി ധനമന്ത്രി പറഞ്ഞു. കൂടാതെ ഗ്രാമീണ മേഖലയിലെ ദരിദ്രർക്കാ യി പ്രഖ്യാപിച്ച പ്രധാനമന്ത്രി ആവാസ് യോജനക്ക് 2017-18 ൽ 44% വർധനയോടെ 23000 കോടി രൂപ നീക്കി വച്ചു. 10 ദശലക്ഷം വീടുകൾ നിർമ്മിക്കുകയാണ് ലക്ഷ്യം. അതുപോലെ ഗ്രാമീണ വൈദ്യുതീകരണത്തി നുള്ള ദീന ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന ക്കുള്ള വിഹിതം 43% വർദ്ധിപ്പിച്ച് 2017-18 ൽ 4814 കോടി രൂപയാക്കി.

ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളുടെ വിക സനവും കർഷകർക്കുള്ള സഹായവും ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ സമഗ്ര വളർച്ചക്കുള്ള നിർണ്ണായക ഘട കങ്ങൾ ആണ്. അതുകൊണ്ട് തന്നെ, കാർഷിക വിക

സനത്തിൽ ഊന്നിയുള്ള ഗ്രാമീണ അടിസ്ഥാന സൗക ര്യ വികസന പ്രശ്നത്തെ മുൻകാലങ്ങളെ അപേക്ഷിച്ച് സമഗ്രമായും നേരിട്ടും സമീപിക്കേണ്ടതുണ്ട്. ഇതനുസ രിച്ച് കഴിഞ്ഞ രണ്ടര വർഷങ്ങളിൽ പലവിധ പദ്ധതി കൾ കേന്ദ്രസർക്കാർ തയ്യാറാക്കിയിരുന്നു. ഗ്രാമങ്ങളി ലും ചെറുപട്ടണങ്ങളിലും തൊഴിലവസരങ്ങൾ സൃഷ്ടി ക്കാനും അടിസ്ഥാന തലത്തിൽ വിഭവശേഷി മെച്ചപ്പെ ടുത്താനും കൃഷിയും അനുബന്ധ മേഖലക ളും ശക്തി പ്പെടുത്തി ഗ്രാമീണ ഇന്ത്യയിൽ ഐശ്വര്യ നവും സമ്പദ് സമൃദ്ധിയും കൊണ്ടുവരാനുമാണ് ഇതുവഴി ഗവൺമെ ന്റ് ലക്ഷ്യമിടുന്നത്.

### ഗ്രാമീണ വൈദ്യുതീകരണം

ഗ്രാമീണ വൈദ്യുതീകരണത്തിന് ഗവൺമെന്റ് ഉന്നത പരിഗണന നൽകുന്നുവെന്ന് 2017-18 ലെ ബജറ്റ് വ്യക്തമാക്കുന്നു. രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീ കരണ പദ്ധതി നടപ്പാക്കിയിട്ടും ഗ്രാമീണ ഇന്ത്യയുടെ പല ഭാഗങ്ങളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല. ആകെയുള്ള 29 സംസ്ഥാനങ്ങളിൽ 28ഉം 100 ശതമാനം വൈദ്യുതികരണമെന്ന ലക്ഷ്യം നേടുന്നതിനായി കേ ന്ദ്രത്തോടൊപ്പം പ്രവർത്തിക്കുമെന്ന് ഉറപ്പ് നൽകിയതാ യി ഊർജ്ജമന്ത്രി ലോക്സഭയിൽ പറഞ്ഞിട്ടുണ്ട്.

ഗ്രാമീണ വൈദ്യുതീകരണത്തിന് ഇപ്പോഴത്തെ ഗവൺമെന്റ് മുന്തിയ പരിഗണനയാണ് നൽകുന്നത്. മലിന ജലം, ഓട ജലം എന്നിവയിൽ നിന്ന് വൈദ്യുതി ഉത്പ്പാദിപ്പിക്കുന്നതിനുള്ള നിർദ്ദേശം 2014-15 ൽ ഗ്രാമ വികസന മന്ത്രാലയം മുന്നോട്ട് വച്ചിരുന്നു. സൗരോർ ജ്ജത്തിന്റെ വിപുലമായ ഉപയോഗത്തിലൂടെ രാജ്യത്തി ന്റെ വൈദ്യുതി രൂപരേഖ മാറ്റി വരയ്ക്കുകയാണ് ഒരു പ്രധാന ലക്ഷ്യം.

### പ്രധാന ബജറ്റ് പ്രഖ്യാപനങ്ങൾ

• കാർഷിക വായ്പ 10 ലക്ഷം കോടിയെന്ന റെക്കോഡ് തുകയിൽ നിജപ്പെടുത്തി.

• മണ്ണ് പരിശോധനാ കാർഡുകൾ ലഭ്യമാക്കൽ, കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ മിനി ലാബുകൾ സജ്ജമാ ക്കൽ തുടങ്ങിയവയ്ക്ക് അംഗീകാരം.

• നബാർഡ് മുഖേനയുള്ള ദീർഘകാല ജലസേചന വായ്പ 40000 കോടി രൂപയായി ഉയർത്തി.

• കരാർ കൃഷി രീതിക്കുള്ള മാതൃകാ നിയമം സംസ്ഥാ നങ്ങളിലേക്ക് വ്യാപിപ്പിക്കും.

• 8000 കോടി രൂപയുടെ ക്ഷീര വികസന നിധിക്ക് തീരുമാനമായി.

• ഒരു കോടി കുടുംബങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് രക്ഷി ക്കാൻ അന്ത്യോദയ ദൗത്യം നടപ്പിലാക്കും.

• ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് 48000 കോടി രൂപ യെന്ന സർവകാല റെക്കോർഡ് വിഹിതം ഏർപ്പെടു ത്തി.

• പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതിക്ക് 19000 കോടി വകയിരുത്തി. സംസ്ഥാന വിഹിതം കൂടി ചേർന്നാൽ 27,000 കോടിയാവും.

• പ്രധാനമന്ത്രി ഭവന പദ്ധതിക്ക് 23,000 കോടി രൂപ നീ ക്കിവച്ചു.

• 2018 മെയ് മാസത്തോടെ 100% ഗ്രാമീണ വൈദ്യുതീ കരണം സാധ്യമാക്കാൻ വേണ്ട സത്വര നടപടികൾക്ക് ശുപാർശ നൽകി.

*(ന്യൂഡൽഹി ആസ്ഥാനമായി സേവനമനുഷ്ഠിക്കുന്ന മുതിർന്ന പത്രപ്രവർത്തകനും കൃഷി, ഗ്രാമവികസന മേഖലകളിൽ സ്പെഷ്യലിസ്റ്റുമാണ് ലേഖകൻ)*

## വിജ്ഞാന പാത

### പ്രധാനമന്ത്രി ആവാസ് യോജന: ത്രിപുര മാതൃകാ സംസ്ഥാനം.

പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി നടത്തിപ്പിൽ മാതൃകാ സംസ്ഥാനമായി ത്രിപുരയെ തെരഞ്ഞെടുത്തു. 15605 വീടുകളാണ് പദ്ധതിയുടെ ഭാഗമായി ത്രിപുരയിൽ നിർമ്മിക്കപ്പെട്ടത്. 42,896 വീടുകൾ നിർമ്മിക്കുന്നതിനായി സംസ്ഥാനം അനുമതി തേടിയിട്ടുണ്ട്.

പ്രത്യേക ലേഖനം




# റെയിൽ ബജറ്റ് പുതുരൂപം, പ്രതീക്ഷാഭരിതം

**അരുണേന്ദ്രകുമാർ**

**തൊ**ണ്ണൂറ്റി മൂന്നു വർഷമായി അവതരിപ്പിച്ചു പോന്ന, പ്രത്യേക റെയിൽവേ ബജറ്റ് എന്ന പാരമ്പര്യം ഈ വർഷം തെറ്റിച്ചിരിക്കുകയാണ്. റെയിൽവേ ബജറ്റിനെ പൊതു ബജറ്റിൽ ലയിപ്പിച്ചു. ഇതുസംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾക്കുമുമ്പ്, പൊതുബജറ്റിൽ റെയിൽവേ ബജറ്റിനെ ലയിപ്പിക്കുകയോ വേർതിരിക്കുകയോ ചെയ്യുന്നതിന്റെ രസതന്ത്രം മനസിലാക്കിയിരിക്കുന്നത് നല്ലതാണ്.

1920-ൽ സർ വില്യം അക്വോർത്തിന്റെ അധ്യക്ഷതയിൽ ഈസ്റ്റേൺ റെയിൽവേ കമ്മിറ്റി രൂപംകൊണ്ടു. അക്വോ കമ്മിറ്റിയുടെ ശുപാർശപ്രകാരം 'പ്രത്യേക കൺവൻഷൻ' വിളിച്ച് 1924-ൽ റെയിൽവേയുടെ ധനകാര്യ കാര്യങ്ങൾ പ്രത്യേകമാക്കി. സ്വാതന്ത്ര്യത്തിനുശേഷം രാജ്യത്തെ പൊതു ഗതാഗതത്തിന്റെ 75 ശതമാനവും ചരക്കുകടത്തിന്റെ 90 ശതമാനവും നിർവഹിച്ചിരുന്നത് റെയിൽവേയാണ്. അതുകൊണ്ടുതന്നെ റെയിൽവേയ്ക്ക് പ്രത്യേക ബജറ്റ് എന്നത് ന്യായീകരിക്കാവുന്നതാണ്. എന്നാൽ ഇന്ന് ഈ വിഹിതം യഥാക്രമം പതിനഞ്ചും മുപ്പതും ശതമാനമായി കുറഞ്ഞിരിക്കുന്നു. ഇപ്പോഴത്തെ സർക്കാർ ഈ മാറ്റത്തെ അംഗീകരിക്കുകയും ഈ പ്രശ്നത്തെ മൊത്തമായി കണ്ട് തീരുമാനമെടുക്കുകയും ചെയ്തിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് റെയിൽവേ ബജറ്റിനെ അടിസ്ഥാനസൗകര്യ വിഭാഗത്തിൽപ്പെടുത്തി പൊതുബജറ്റിൽ ഉൾപ്പെടുത്തിയതിനെ നാം നോക്കിക്കാണേണ്ടത്. ഇന്ത്യൻ റെയിൽവേയുടെ ധനകാര്യ സ്വാതന്ത്ര്യം പൊതു ബജറ്റ് ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതുവരെ അനുഭവിച്ചുപോന്ന സ്വാതന്ത്ര്യം നിലനിർത്തുകയും ചെയ്തിട്ടുണ്ട്. സംയോജിത ഗതാഗതത്തിന്റെ ഫലം ബജറ്റിൽ വ്യക്തമായി കാണാവുന്നതാണ്. ലോജിസ്റ്റിക് മേഖലയിലെ കമ്പനികളുമായി ചേർന്ന് സംയോജിത ട്രാൻസ്പോർട്ട് സൊലൂഷൻ നടപ്പാക്കേണ്ടിയിരിക്കുന്നു. ഇത് ഉപഭോക്താവിനും ട്രാൻസ്പോർട്ടർക്കും ഒരേപോലെ നേട്ടം നൽകുന്ന സംഗതിയാണ്.

റെയിൽവേ പധാനമായും നാല് കാര്യങ്ങളിൽ ശ്രദ്ധ നൽകണമെന്നാണ് ഇത്തവണത്തെ ബജറ്റ് നിർദ്ദേശിക്കുന്നത്:

**1. യാത്രക്കാരുടെ സുരക്ഷ**

**2. മൂലധനവും വികസനാധിഷ്ഠിത സേവനങ്ങളും**

**3. ശുചിത്വം**

**4. ധനകാര്യ, അക്കൗണ്ടിംഗ് പരിഷ്കാരങ്ങൾ**

## യാത്രക്കാരുടെ സുരക്ഷ

റെയിൽവേയിലെ സുരക്ഷിതത്വ ക്രമീകരണങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക നിക്ഷേപം വേണമെന്ന തോന്നൽ ഏതാനും വർഷങ്ങളായി ഉയർന്നു വരുകയായിരുന്നു. സുരക്ഷയൊരുക്കുന്നതിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കാൻ ആഭ്യന്തര ധനസമാഹരണം കൊണ്ടു സാധിക്കാത്തതാണ് കാരണം. 2001-ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന അടൽ ബിഹാരി വാജ്പേയിയുടെ നേതൃത്വത്തിലുണ്ടായിരുന്ന ഗവൺമെന്റ് പ്രത്യേക റെയിൽവേ സുരക്ഷാഫണ്ട് രൂപീകരിച്ചതായിരുന്നു ഇക്കാര്യത്തിൽ മുമ്പുണ്ടായിട്ടുള്ള ശ്രമം. ട്രാക്ക്, പാലങ്ങൾ, സിഗ്നലിംഗ് ഗിയർ, റോളിംഗ് സ്റ്റോക് തുടങ്ങിയ സുരക്ഷാമേഖലയിലും മറ്റു മേഖലകളിലും കുമിഞ്ഞുകൂടി കിടക്കുന്ന പഴക്കംചെന്ന ആസ്തികൾ ഇല്ലാതാക്കി പുതിയവ സ്ഥാപിക്കാനാണ് ഇതു ലക്ഷ്യമിട്ടിരുന്നത്. ലാപ്സാകാത്തതും പലിശരഹിതവുമായി 17,000 കോടി രൂപയുടെ നിധിയായിരുന്നു സുരക്ഷാ ഫണ്ട്. ചെയ്യേണ്ട ജോലികളുടെ പട്ടിക 'ഗ്രീൻ ബുക്ക്' എന്ന പേരിട്ട ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തു. സുരക്ഷിതത്വ ആശങ്കകളെ പുതിയ സാഹചര്യത്തിൽ നോക്കിക്കണ്ടു പരിഹാരം കാണണമെന്നത് ഏറ്റവും അത്യാവശ്യമാണെന്ന് ഈ ബജറ്റ് അംഗീകരിക്കുന്നു. ഇതിനായി അടുത്ത അഞ്ചുവർഷത്തേക്ക് ഒരു ലക്ഷം കോടി രൂപയുടെ സാമ്പത്തിക സഹായത്തോടെ രാഷ്ട്രീയ റെയിൽ സംരക്ഷണ പദ്ധതി (RRSK) ആരംഭിക്കുമെന്നു ബജറ്റിൽ പ്രഖ്യാപനമുണ്ട്. ഗവൺമെന്റ് ഇതിനായി മൂലധന സഹായം നൽകും. ശേഷിച്ച തുക റെയിൽവേ അവരുടെ സ്വന്തം വരുമാനത്തിൽ നിന്നും മറ്റു സ്രോതസുകളിൽ നിന്നും സമാഹരിക്കണം. ഈ നിധിയിൽ നിന്നുള്ള സഹായത്തോടെ സുരക്ഷാ ജോലികൾ നടപ്പാക്കുന്നതിനു കൃത്യമായ മാർഗനിർദ്ദേശങ്ങളും സമയക്രമവും ഗവൺമെന്റ് നിശ്ചയിക്കണം. സുരക്ഷിതത്വ പരിപാടികൾ തയാറാക്കുന്നതിനും അതിന്റെ മെയിന്റനൻസ് പരിപാടികൾക്കും രാജ്യാന്തര വൈദഗ്ധ്യം പ്രയോജനപ്പെടുത്തണം.

ഇതൊരു ധീരമായ നീക്കമാണെന്നു മാത്രമല്ല കാലോചിത ആശയവുമാണ്. പഴയ ഐസിഎഫ് (ICF) കോച്ചുകൾ പൂർണമായും മാറ്റി ആധുനിക എൽഎച്ച്ബി കോച്ചുകളാക്കണം; റെയിലിലെ വിള്ളലുകൾ കണ്ടെത്താൻ ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യ സ്വീകരിക്കണം; കാലപ്പഴക്കം ചെന്ന പാലങ്ങൾ മാറ്റി പുതിയവ നിർമിക്കണം; സുരക്ഷിതമായ സിഗ്നലിംഗ് സംവിധാനം സ്ഥാപിക്കണം; പഴക്കം ചെന്ന റൂട്ട് റിലേ ഇന്റർലോക്കിംഗ് സംവിധാനം മാറ്റി പുതിയതു സ്ഥാപിക്കണം തുടങ്ങിയവയാണ് പ്രധാന പദ്ധതി ശ്രമങ്ങൾ. കഴിഞ്ഞ കുറേ വർഷങ്ങളായി കാവൽക്കാരില്ലാത്ത ലെവൽ ക്രോസിംഗിലെ അപകടം ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2020-ഓടെ കാവൽക്കാരില്ലാത്തെ ലെവൽ ക്രോസുകൾ പൂർണമായും ഇല്ലാതാക്കാൻ ഈ ബജറ്റ് ലക്ഷ്യമിടുന്നു. കാവൽക്കാരുള്ള നിരവധി ലെവൽ ക്രോസുകൾ റോഡ് ഓവർബ്രിഡ്ജ്, റോഡ് അണ്ടർ ബ്രിഡ്ജ് എന്നിവ വഴി ഗണ്യമായി കുറയ്ക്കാനുള്ള ശ്രമം ഇപ്പോൾ നടന്നുവരുന്നുണ്ട്. തീപിടിത്തം കുറയ്ക്കുന്ന വസ്തുക്കൾ കോച്ചുകളുടെ ഉൾവശത്ത് ഉപയോഗിച്ചു സുരക്ഷിതത്വം വർധിപ്പിക്കുകയാണ് മറ്റൊരു പദ്ധതി.

മൂലധനം, റവന്യു ചെലവുകളിൽനിന്നാണ് RRSKയ്ക്ക് ആവശ്യമായ ഫണ്ട് സമാഹരിക്കുക. ആയിരം കോടി രൂപ റവന്യുച്ചെലവിൽനിന്നും19,000 കോടി രൂപ മൂലധനച്ചെലവിൽനിന്നുമാണ് വകയിരുത്തുന്നത്. ഇതുസംബന്ധിച്ചുള്ള പദ്ധതികൾ പ്രത്യേകം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

## മൂലധനവും വികസനാധിഷ്ഠിത സേവനങ്ങളും

ഇപ്പോഴത്തെ ബജറ്റിൽ പദ്ധതിച്ചെലവ് 1,21,000 കോടി രൂപയിൽനിന്നു 1,31,000 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. ബജറ്റ് വകയിരുത്തൽ മുൻ വർഷത്തെ 46,355 കോടി രൂപയിൽനിന്നു 55,000 കോടി രൂപയായി ഉയർത്തുകയും ചെയ്തു. ബജറ്റിനു പുറത്തുള്ള സ്രോതസുകളിൽനിന്നു വിഭവസമാഹരണത്തിനു ശക്തമായ ഊന്നലാണ് ബജറ്റ് നൽകിയിട്ടുള്ളത്. എന്നാൽ 14000 കോടി രൂപ ആഭ്യന്തര സമാഹരണം വഴി സ്വരൂപിക്കും. ഇത് മുൻവർഷത്തെ പുതുക്കിയ ബജറ്റ് തുകയായ 14,715 കോടി രൂപയേക്കാൾ അൽപ്പം കുറവാണ്. പദ്ധതി വകയിരുത്തലിന്റെ വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു. (പട്ടിക കാണുക)

| റെയിൽവേയ്ക്കായുള്ള പദ്ധതി വകയിരുത്തൽ (രൂപ കോടിയിൽ) | | | | |
|---|---|---|---|---|
| വർഷം | പ്ലാൻ ഔട്ട്ലേ (Plan Outlay) | ജിബിഎസ് വിഭവം | അധിക സമാഹരണം | ആഭ്യന്തര വിഭവ സമാഹരണം |
| 2011-12 | 45,061 | 21,073 | 14,790 | 9,198 |
| 2012-13 | 50,383 | 25,234 | 15,142 | 10,007 |
| 2013-14 | 53,984 | 28,174 | 15,225 | 10,590 |
| 2014-15 | 65,798 | 31,596 | 17,788 | 16,414 |
| 2015-16 | 93,520 | 35,007 | 39,006 * | 19,446 |
| 2016-17 | 121,000 | 46,355 | 59,930 | 14,715 |
| 2017-18 | 131,000 | 55,000 | 62,000 | 14,000 |

(* ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള 17,136 കോടി രൂപ ഉൾപ്പെടെയാണിത്. ആദ്യമായിട്ടാണ് ഇത്തരത്തിലുള്ള നവീനമായ ഫണ്ടു സമാഹരണ രീതി ഉപയോഗിക്കുന്നത്. ഇതിനുശേഷം ഈ രീതി ഏതാണ്ടു സാധാരണപോലെയായിട്ടുണ്ടെന്ന് അടുത്ത രണ്ടു വർഷത്തെ കണക്കുകളിൽനിന്നു മനസിലാക്കാം.)

പദ്ധതി വകയിരുത്തൽ 2014-15-ലെ 65,978 രൂപയിൽനിന്നും ഏതാണ്ട് ഇരട്ടിയോടെ 2017-18-ൽ 1,31,000 കോടി രൂപയായിട്ടുണ്ട്. രാജ്യത്തിന്റെ ജീവനാഡിയായ ഇന്ത്യൻ റെയിൽവേയിൽ വൻതോതിൽ നിക്ഷേപം നടത്താനുള്ള ഇപ്പോഴത്തെ ഗവൺമെന്റിന്റെ പ്രതിബദ്ധതയെയാണ് ഇതു പ്രതിഫലിപ്പിക്കുന്നത്. റെയിൽവേ ബജറ്റ് പൊതു ബജറ്റിൽ ലയിപ്പിച്ചതോടെ റെയിൽവേയുടെ ഡിവിഡൻഡ് ബാധ്യതയും ഇല്ലാതായി . ഇതുവഴി 10,000 കോടി രൂപയോളം അധികമായി റെയിൽവേയ്ക്കു ലഭ്യമാകും. വരും വർഷങ്ങളിലും ഇതു ലഭിച്ചുകൊണ്ടിരിക്കും.

ചെയ്തുതീർക്കേണ്ട ജോലികളുടെ പട്ടിക വളരെ മികച്ചതും റെയിൽവേ വികസനത്തിന്റെ മുഖ്യ മേഖലകളെ ഉൾപ്പെടുത്തിയിരിക്കുന്നതുമാണ്. 2017-18-ൽ 3500 കിലോമീറ്റർ റെയിൽവേ ലൈൻ കമ്മീഷൻ ചെയ്യാനാണ് ബജറ്റിൽ ലക്ഷ്യമിട്ടിരിക്കുന്നത്. 2016-17-ലിത് 2800 കിലോമീറ്ററായിരുന്നു. വൈദ്യുതീകരണത്തിനും ഊന്നൽ നൽകിയിരിക്കുന്നു. 2017-18-ൽ നാലായിരം കിലോമീറ്റർ വൈദ്യുതീകരിക്കും. 2016-17-ലെ പുതുക്കിയ ബജറ്റിലെ രണ്ടായിരം കിലോമീറ്ററിന്റെ ഇരട്ടിയാണിത്.

വളരെ പ്രധാന നിർദേശമായി കരുതുന്ന 'സ്റ്റേഷൻ പുനർവികസന'മാണ് എടുത്തുപറയേണ്ട മറ്റൊന്ന്. ഭോപ്പാലിനു സമീപമുള്ള ഹബീബ്ഗഞ്ചിലും ഗാന്ധിനഗറിലും ഈ പദ്ധതി ആരംഭിച്ചു കഴിഞ്ഞു. 2017-18 ൽ പുനർവികസനത്തിനായി 25 സ്റ്റേഷനുകളുടെ കരാർ ഉടനേ നൽകും. ലിഫ്റ്റ്, എസ്കലേറ്റർ തുടങ്ങിയവ സ്ഥാപിച്ച് 500 സ്റ്റേഷനുകൾ ഭിന്നശേഷി സൗഹൃദമാക്കും. അതോടൊപ്പം 7000 സ്റ്റേഷനുകളെ സൗരോർജ സ്റ്റേഷനുകളാക്കാനും ബജറ്റിൽ നിർദ്ദേശമുണ്ട്. മുന്നൂറു സ്റ്റേഷനുകളിൽ ഇതിനുള്ള ജോലി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ആയിരം മെഗാവാട്ട് സോളാർ മിഷൻ പദ്ധതിയനുസരിച്ച് 2000 റെയിൽവേസ്റ്റേഷനുകളിൽ ജോലികൾ ഉടനേ ആരംഭിക്കും. ടൂറിസം, തീർത്ഥയാത്ര തുടങ്ങിയവയ്ക്കായി പ്രത്യേകം ട്രെയിനുകൾ ആരംഭിക്കും. സംസ്ഥാന സർക്കാരുകളുമായി സംയുക്തസംരംഭങ്ങൾ ആരംഭിക്കുന്ന ബിസിനസ് തന്ത്രവും നടപ്പാക്കാനുദ്ദേശിക്കുന്നു. ഇത് നവീനമായ ഫണ്ടിംഗിനു വഴിതെളിക്കുമെന്നു മാത്രമല്ല, പദ്ധതികൾ സംസ്ഥാനങ്ങളുടെ സഹായത്തോടെ സമയബന്ധിതമായി പൂർത്തിയാക്കുവാനും സാധിക്കും. ഒമ്പതു സംസ്ഥാന സർക്കാരുകളുമായി ചേർന്ന് റെയിൽ വേ സംയുക്ത സംരംഭങ്ങൾ സ്ഥാപിക്കും. നിർമാണ, വികസനപ്രവർത്തനങ്ങൾക്കായി 70 പദ്ധതികൾ കണ്ടെത്തിയിട്ടുണ്ട്.

## ശുചിത്വം

സ്വച്ഛ് ഭാരത് അഭിയാന്റെ കീഴിൽ ശുചിത്വത്തിന് ഇന്ത്യൻ റെയിൽവേ പ്രത്യേക ശ്രദ്ധ നൽകുന്നു. ശുചിത്വ റെയിൽ എന്നാണ് ഇതുകൊണ്ടു റെയിൽവേ അർഥമാക്കുന്നത്. റെയിൽവേ പ്ലാറ്റ്ഫോമുകളിലും ഓടിക്കൊണ്ടിരിക്കുന്ന ട്രെയിനുകളിലും ഈ സംവിധാനം ഇപ്പോൾ പ്രാവർത്തികമായിട്ടുണ്ട്. എസ്.എം.എസ് അടിസ്ഥാനത്തിലുള്ള ' ക്ലീൻ മൈ കോച്ച്' സേവനത്തിന് പ്രീതി ഏറിവരികയാണ്. ഓരോ കോച്ചിന്റെയും എല്ലാ ആവശ്യങ്ങളും രജിസ്റ്റർ ചെയ്യുന്നതിനു ഒരു ഏകജാലക സംവിധാനം ഒരുക്കുന്ന 'കോച്ച് മിത്ര'

സൗകര്യം പുതിയ ബജറ്റിൽ നിർദ്ദേശിച്ചിരിക്കുകയാണ്.

കക്കൂസ് മാലിന്യങ്ങൾ റെയിൽവേ സ്റ്റേഷനുകളിൽ പുറം തള്ളുന്ന കാഴ്ച സാധാരണമാണ്. ഇതു ഏറ്റവും വൃത്തിഹീനമാണെന്നു മാത്രമല്ല റെയിലിന്റെ തുരുമ്പിക്കലിനും കാരണമാകുന്നുണ്ട്. 2019-ഓടെ എല്ലാ തീവണ്ടി കോച്ചുകളിലും ബയോ ടോയ്‌ലറ്റുകൾ സ്ഥാപിക്കുവാൻ ബജറ്റ് നിർദ്ദേശം വയ്ക്കുന്നു. ഈ പുതിയ പരീക്ഷണം പൂർത്തിയാകുമ്പോൾ റെയിൽ വേയുടെ ട്രാക്കിന്റെ മുഖം തന്നെ മാറിപ്പോകും. കക്കൂസ് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും ജൈവ പാഴ്‌വസ്തുക്കൾ ഇന്ധനമാക്കി മാറ്റുന്നതിനുമുള്ള ഒരു പൈലറ്റ് പ്ലാന്റ് ന്യൂഡൽഹി, ജയ്പ്പൂർ റെയിൽവേ സ്റ്റേഷനുകളിൽ ആരംഭിക്കുവാൻ ബജറ്റ് നിർദ്ദേശിക്കുന്നു. ശുദ്ധിയുള്ള സ്റ്റേഷൻ, അതോടൊപ്പമുള്ള ചുറ്റുപാടുകളും ശുചിയായ സൂക്ഷിക്കുന്നതിലേക്കു ഇതു നയിക്കും.

## ധനകാര്യ , അക്കൗണ്ടിംഗ് പരിഷ്കാരങ്ങൾ

2019 മാർച്ച് മുതൽ അക്രൂവൽ ബേസ്ഡ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് (accrual Based Financial Statement) നടപ്പിൽവരും. ഈ അക്കൗണ്ടിംഗ് സംവിധാനത്തിൽ വരുമാനം ലഭിക്കുമ്പോൾ അത് ഇൻകം സ്റ്റേറ്റ്മെന്റിൽ റിപ്പോർട്ട് ചെയ്യും. ലഭിക്കുന്ന വരുമാനവും ബന്ധപ്പെട്ട ചെലവും പരസ്പരം യോജിച്ചുപോകുമെന്നതാണ് അക്രൂവൽ അക്കൗണ്ടിംഗിന്റെ ഗുണം. എല്ലാ ബിസിനസ് ഇടപാടുകളും ഒരൊറ്റ റിപ്പോർട്ടിംഗ് പീരിയഡിൽ തന്നെ കാണാനാകും. ഈ അക്കൗണ്ടിംഗ് പരിഷ്കാരം വഴി റെയിൽവേയ്ക്ക് നൽകുന്ന ഓരോ സേവനത്തിന്റെയും മൂല്യം കണക്കുകൂട്ടാൻ സാധിക്കും.

ഈ ബജറ്റിൽ റെയിൽവേക്കൂലികളൊന്നും വർധിപ്പിച്ചിട്ടില്ല. മാത്രവുമല്ല, യാത്രക്കാരുടെ ഇടയിൽ ഡിജിറ്റൽ ശീലം വളർത്തുന്നതിനായി IRCTC വഴി ബുക്കു ചെയ്യുന്ന ഇ- ടിക്കറ്റിനുള്ള സർവീസ് ചാർജ് പിൻവലിക്കുകയും ചെയ്തു. ഇതുവളരെ സ്വാഗതാർഹമായ നീക്കമാണ്. IRFC, IRCON, IRCTC എന്നീ റെയിൽവേ ഉപകമ്പനികളുടെ ഓഹരികൾ സ്റ്റോക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യാനും ബജറ്റ് നിർദ്ദേശിക്കുന്നു.

## വരവും ചെലവും

റെയിൽവേ ബജറ്റ് ശ്രദ്ധ നൽകുന്ന മേഖലകളെക്കുറിച്ചു നാം ചർച്ച ചെയ്തു. ഇനി 2017-18 ബജറ്റിലെ വരവു ചെലവു കണക്കുകൾ ഒന്നു പരിശോധിച്ചു നോക്കാം.

2017-18 ബജറ്റിൽ മൊത്തം വരുമാനമായി 1,88,988 കോടി രൂപ ലഭിക്കുമെന്ന് അനുമാനിക്കുന്നു. ഇത് 2016-17-ലെ പുതുക്കിയ ബജറ്റ് അനുമാനമായ 1,72,155 കോടി രൂപയേക്കാൾ 16,843 കോടി രൂപയും 2016-17 ബജറ്റ് അനുമാനത്തേക്കാൾ 4,178 കോടി രൂപയും അധികമാണ്. യാത്രാവരുമാനം പുതുക്കിയ 2016-17 ബജറ്റിനെ അപേക്ഷിച്ച് 2,125 കോടി രൂപ അധികം പ്രതീക്ഷിക്കുന്നു. ഇത് 2016-17 ബജറ്റ് അനുമാനത്തേക്കാൾ 887 കോടി രൂപ കുറവാണ്.

അതേപോലെ ചരക്കുകടത്തു വരുമാനം 2016-17 ലെ പുതുക്കിയ ബജറ്റ് പ്രതീക്ഷയേക്കാൾ 9,256 കോടി രൂപ അധികമാണ് 2017-18-ലെ ബജറ്റിൽ അനുമാനിക്കുന്നത്. ഇത് 2016-17 -ലെ ബജറ്റ് അനുമാനത്തേക്കാൾ 224 കോടിരൂപ കൂടുതലാണ്. പലവക വരുമാനം 2016-17 ലെ പുതുക്കിയ ബജറ്റ് പ്രതീക്ഷയേക്കാൾ 4,032 കോടി രൂപ വർധനയോടെ 14,122 കോടി രൂപയാകുമെന്നാണ് പുതിയ ബജറ്റ് അനുമാനം.

ഇതിൽനിന്നെല്ലാം മനസിലാകുന്ന കാര്യം വരുമാന പ്രതീക്ഷ വളരെ യാഥാർത്ഥ്യത്തോടെയാണ് തയ്യാറാക്കിയിട്ടുള്ളതെന്നാണ്. നിക്ഷേപം, വരുമാനം എന്നിവ ഉൾപ്പെടെ റെയിൽവേയുടെ ആകെ അടങ്കൽ 2017-18 ബജറ്റിൽ 3,06,498 കോടി രൂപയായി കണക്കാക്കുന്നു. ഇത് 2016-17 ലെ പുതുക്കിയ ബജറ്റ് പ്രതീക്ഷയേക്കാൾ 27,908 കോടി രൂപയും ബജറ്റ് അനുമാനത്തേക്കാൾ 12,903 കോടി രൂപയും അധികമാണ്.

റവന്യൂ ചെലവും വളരെ യാഥാർത്ഥ്യത്തോടെയാണ് കണക്കാക്കിയിട്ടുള്ളത്. ഇത് 1,78,350 കോടി രൂപയാകുമെന്ന് 2017-18 ബജറ്റിൽ അനുമാനിക്കുന്നു. അതായത് 2016-17 ലെ പുതുക്കിയ ബജറ്റ് പ്രതീക്ഷയേക്കാൾ 15,390 കോടി രൂപ കൂടുതൽ. സാധാരണ പ്രവർത്തന ച്ചെലവ് (OWE) പുതുക്കിയ ബജറ്റിൽ കണക്കാക്കുന്നത് 1,22,760 കോടി രൂപയാണ്. ഇത് 2016-17 ബജറ്റ് അനുമാനത്തേക്കാൾ 800 കോടി രൂപ കുറവാണ്. 2017-18- ബജറ്റിൽ സാധാരണ പ്രവർത്തന ചെലവ് 1,29,750 കോടി രൂപയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. മൊത്ത വരുമാനം 8,948 കോടി രൂപയായും കണക്കാക്കുന്നു. ഇത് 2016-17ലെ പുതുക്കിയ ബജറ്റ് അനുമാനത്തേക്കാൾ 1,253 കോടി രൂപ കൂടുതലും 2015-16ലെ യഥാർത്ഥ നെറ്റ് വരുമാനമായ 19,288 കോടി രൂപയേക്കാൾ വളരെ കുറവാണ്.

2017-18ൽ പ്രതീക്ഷിക്കുന്ന ഓപ്പറേറ്റിംഗ് അനുപാതം 94.6 ശതമാനമാണ്. ഇതാവട്ടെ പുതുക്കിയ 2016-17 ബജറ്റ് അനുമാനമായ 94.9 ശതമാനത്തേക്കാൾ അൽപം കുറവാണ്. 2016 ഡിസംബറിൽ ഓപ്പറേറ്റിംഗ് റേഷ്യോ 109.6 ശതമാനായിരുന്നു. ചെലവുകൾ, സേവനങ്ങളുടെ ഗുണമേന്മ, സാമൂഹ്യ ഉത്തരവാദിത്തം, മറ്റു ഗതാഗതമേഖലകളിൽനിന്നുള്ള മത്സരം എന്നിവയെല്ലാം കണക്കിലെടുത്താണ് റെയിൽവേ അതിന്റെ താരിഫ് നിശ്ചയിക്കുന്നത്.

പുതിയ റെയിൽവേ ലൈനുകൾ നിർമിക്കുന്നതിന് അലോട്ടു ചെയ്തിരിക്കുന്ന തുക 11,533 കോടി രൂപയാണ്. ഇത് മുൻവർഷത്തേക്കാൾ അൽപം കുറവാണ്. ഗേജ് കൺവേർഷനും കുറഞ്ഞ തുകയായ 3,091 കോടി രൂപയാണ് ലഭിച്ചത്. ഇരട്ടപ്പാത, ട്രാഫിക് സൗകര്യങ്ങൾ എന്നിവയ്ക്ക് കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്. ഇരട്ടപ്പാതയ്ക്കായുള്ള വകയിരുത്തൽ പുതിയ ബജറ്റിൽ, 2016-17ലെ ബജറ്റിലെ 1,423 കോടി രൂപയിൽനിന്നു 2543 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. അതേപോലെ ട്രാഫിക് സൗകര്യങ്ങൾ ഒരുക്കുവാൻ 1851 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 2016-17 ബജറ്റിലിത് 1036 കോടി രൂപയായിരുന്നു.

റോഡ് സുരക്ഷാ ജോലികൾക്കായി മാറ്റിവച്ചിട്ടുള്ള തുകയിലും നല്ല വർധനയുണ്ട്. പ്രത്യേകിച്ചും റോഡ് ഓവർ ബ്രിഡ്ജ്, റോഡ് അണ്ടർ ബ്രിഡ്ജ് എന്നിവയ്ക്കുള്ള തുക. ഇവയ്ക്കുള്ള വകയിരുത്തൽ 3066 കോടി രൂപയിൽനിന്നു 4512 കോടി രൂപയാക്കിയിട്ടുണ്ട്. ട്രാക്ക് പുതുക്കുന്നതിനാണ് കൂടുതൽ തുക മാറ്റിവച്ചിട്ടുള്ളത്. 2017-18 ബജറ്റിൽ ഇതിനായി നീക്കി വച്ചിട്ടുള്ള തുക 9,961 കോടി രൂപയാണ്. ഇതിനായി 2016-17-ലെ ബജറ്റിൽ 4000 കോടി രൂപയാണ് നീക്കിവച്ചിരുന്നത്. പുതുക്കിയ ബജറ്റിലത് 6740 കോടി രൂപയായിരുന്നു. പഴക്കം ചെന്ന ട്രാക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമമാണ് ഇതിൽ പ്രതിഫലിക്കുന്നത്.

അതേപോലെ പാലങ്ങൾക്കുള്ള വകയിരുത്തൽ 2016-17ലെ പുതുക്കിയ ബജറ്റിലെ 592 കോടി രൂപയിൽനിന്നു 2017-18ൽ 746 കോടി രൂപയായി ഉയർത്തി. സിഗ്നലിംഗ്, ടെലികോം തുടങ്ങിയവയ്ക്കു നീക്കി വച്ചിട്ടുള്ള തുക 2016-17 ലെ 954 കോടി രൂപയിൽനിന്നു 145 ശതമാനം വർധിപ്പിച്ച് 2331 കോടിയാക്കി ഉയർത്തി.

RRSKയ്ക്കു പുറമേ റെയിൽവേയുടെ സുരക്ഷിതത്വം ഉയർത്തുന്നതിനുള്ള പാരമ്പര്യ നടപടികൾ തുടരും. ട്രാക്ക് , ലോക്കോ മോട്ടീവ്, കോച്ച്, പാലം, സിഗ്നലിംഗ് തുടങ്ങിയ വിവിധ വിഭാഗങ്ങളിലാണ് സുരക്ഷ ഉറപ്പാക്കുന്നതിനുള്ള തത്വത്തിനുള്ള ചെലവുകൾ വിനിയോഗിക്കുന്നത്. ആർആർഎസ്കെ എന്നിവയിൽ ചെലവാക്കുന്ന തുകയ്ക്കു പുറമേ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട മേഖലകളിലെ ചെലവുകൾക്കായി 42,679 കോടി രൂപയാണ് പുതിയ ബജറ്റിൽ നീക്കിവച്ചിട്ടുള്ളത്. ഇതാകട്ടെ 2016-17 ലെ പുതുക്കിയ ബജറ്റിലെ അനുമാനത്തേക്കാൾ 814 കോടി രൂപ കൂടുതലാണ്.

നാല് പ്രധാനമേഖലകളെ ആവശ്യമായ ധനകാര്യ വിഭവം നൽകി ബജറ്റ് ശക്തമായി പിന്തുണച്ചിരിക്കുന്നു. പുതിയതായി രൂപീകരിച്ച രാഷ്ട്രീയ റെയിൽ സുരക്ഷാ പദ്ധതിക്ക് ആവശ്യമായ വകയിരുത്തൽ നടത്തിയിട്ടുണ്ട്. മാത്രവുമല്ല, വരുമാനം, ചെലവ്, വിവിധ പദ്ധതികളുടെ പൂർത്തിയാക്കൽ തുടങ്ങിയവയെല്ലാം വളരെ യാഥാർത്ഥ്യബോധത്തോടെയാണ് ബജറ്റിൽ തയ്യാറാക്കിയിട്ടുള്ളത്. ഇന്ത്യയുടെ വളർച്ചാ യന്ത്രമായ ഇന്ത്യൻ റെയിൽവേയുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനു പുതിയ രൂപത്തിൽ എത്തിയ ബജറ്റ് ഊർജം നൽകും.

*(ഇന്ത്യൻ റയിൽവേയുടെ മുൻ ചെയർമാനായിരുന്നു ലേഖകൻ)*

## വിജ്ഞാന പാത

### 'ശുചിത്വ ഭാരത'ത്തിനു പിന്നിലെ സ്ത്രീശക്തി: ദേശീയ വാരാഘോഷത്തിന് (Swachh Shakti Saptah) തുടക്കമായി

2014 ഒക്ടോബർ 2നു പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ച ശുചിത്വ ഭാരത ദൗത്യം മൂന്നാം വർഷം പിന്നിടവേ, ദൗത്യത്തിനു പിന്നിലെ സ്ത്രീശക്തി അംഗീകരിക്കുന്നതിനും വനിതകളുടെ നേതൃപാടവം പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര ഗവൺമെന്റ് 2017 മാർച്ച് 1 മുതൽ 7 വരെ ഒരാഴ്ചക്കാലം 'ശുചിത്വ ഭാരത'ത്തിനു പിന്നിലെ സ്ത്രീശക്തി സംബന്ധിച്ച് ദേശീയ വാരാഘോഷം സംഘടിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് രാജ്യത്തെ 100 ജില്ലകളെ പൊതുസ്ഥല വിസർജ്ജ്യ വിമുക്ത ജില്ലകളായി പ്രഖ്യാപിക്കും. വാരാഘോഷത്തോടനുബന്ധിച്ച് വിവിധ രംഗങ്ങളിൽ കഴിവു തെളിയിച്ച സ്ത്രീകളെ, പ്രത്യേകിച്ച് പഞ്ചായത്ത്, മുൻസിപ്പാലിറ്റി, നഗരസഭാ തലങ്ങളിൽ സന്നദ്ധ സാമൂഹിക സേവനം നടത്തിയ വനിതകളെ രാജ്യമൊട്ടുക്കും ആദരിക്കും. 2019-ഓടെ പൊതുസ്ഥല വിസർജ്ജ്യ വിമുക്ത രാജ്യമാക്കി ഇന്ത്യയെ മാറ്റാനാണ് സ്വച്ഛ് ഭാരത് അഭിയാൻ ലക്ഷ്യമിടുന്നത്.

# ബജറ്റിലെ ഘടനാപരവും നിർവാഹപരവുമായ മാറ്റങ്ങൾ

ഹാപ്പി പാന്ത്

**ക**ഴിഞ്ഞ രണ്ടു വർഷമായി ഗവൺമെന്റ് എടുത്ത തീരുമാനങ്ങൾ നൽകിയിരുന്ന സൂചന ബജറ്റ് നടപടി ക്രമങ്ങളിൽ വൻമാറ്റങ്ങൾ സംഭവിക്കുവാൻ പോവുകയാണെന്നതായിരുന്നു. ഫെബ്രുവരി ഒന്നിന് ഗവൺമെന്റ് അവതരിപ്പിച്ച നാലാമത്തെ ബജറ്റ് അത്തരത്തിലുള്ള ചില മാറ്റങ്ങൾ ഫലത്തിൽ കൊണ്ടുവന്നിരിക്കുകയാണ്.

ധനകമ്മി നിയന്ത്രണംപോലുള്ള പൊതുവായ നയങ്ങളിൽ 2017-18 ലെ കേന്ദ്ര ബജറ്റ് തുടർച്ച പുലർത്തുകയായിരുന്നുവെങ്കിലും ബജറ്റ് പ്രക്രിയയിൽ ഇത്തവണ നിരവധി മാറ്റങ്ങൾ കൊണ്ടുവന്നിരിക്കുകയാണ്. റെയിൽവേ ബജറ്റ് പൊതുബജറ്റിൽ ലയിപ്പിച്ചു, ചെലവിനത്തിൽ പദ്ധതി, പദ്ധതിയിതര വേർതിരിവ് ഉപേക്ഷിച്ചു, ബജറ്റ് അവതരണം ഒരു മാസം നേരത്തെയാക്കി എന്നിവയാണ് അവയിൽ പ്രധാനം.

## റെയിൽവേ ബജറ്റിന്റെ ലയനം

പൊതു ബജറ്റിൽ ഉൾപ്പെടുത്തി റെയിൽവേ ബജറ്റ് അവതരിപ്പിച്ചു എന്നതാണ് ഇത്തവണ നടപ്പാക്കിയ ഏറ്റവും വലിയ മാറ്റം. പ്രത്യേക റെയിൽവേ ബജറ്റെന്ന 92 വർഷത്തെ പാരമ്പര്യമാണ് നീതി ആയോഗിന്റെ ഉപദേശപ്രകാരം അവസാനിപ്പിച്ചത്. 1920 കളുടെ തുടക്കത്തിൽ ബ്രിട്ടീഷുകാരുടെ കാലത്താണ് പൊതുധനകാര്യത്തിൽനിന്നും റെയിൽവേയുടെ ധനകാര്യത്തെ വേർതിരിച്ചു പ്രത്യേകമാക്കിയത്. ഇപ്പോഴത്തെ ലയനത്തിലൂടെ സാമ്പത്തിക വളർച്ചയ്ക്ക് ഊർജം നൽകാൻ റെയിൽവേയ്ക്കു കഴിയുമെന്ന് വാദിക്കപ്പെടുന്നു. ലയനം വെറും തൊലിപ്പുറത്തു മാത്രമാണെന്നു ചിലർ വാദിക്കുന്നു. റെയിൽവേയെ പുനസംഘടിപ്പിക്കുന്നതിനു മുമ്പ് രാകേഷ് മോഹൻ കമ്മിറ്റിയുടെ ശുപാർശകൾ നടപ്പാക്കുകയാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്നും അവർ ചൂണ്ടിക്കാണിക്കുന്നു. ആവശ്യത്തിനു നിക്ഷേപം നടത്താത്തത്, ദുർലഭമായ വിഭവം തെറ്റായി വകയിരുത്തുന്നത്, വർധിച്ചുവരുന്ന കടബാധ്യതകൾ, ഉപഭോക്താക്കൾക്കു ലഭിക്കുന്ന മോശമായ സേവനം, ദ്രുതഗതിയിൽ മോശമായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക നില തുടങ്ങിയവ വഴി ഇന്ത്യൻ റെയിൽവേ വിഷമവൃത്തത്തിലൂടെ കടന്നുപോവുകയാണെന്നാണ് രാകേഷ് മോഹൻ കമ്മിറ്റി നിരീക്ഷിച്ചത്.

റെയിൽവേയെ വേട്ടയാടുന്ന കാതലായ ചോദ്യം ഇതൊരു വാണിജ്യ സ്ഥാപനമാണോ സാമൂഹ്യ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ഒന്നാണോ എന്നതാണ്. ഇന്ത്യൻ റെയിൽവേ സംവിധാനം ഏറ്റവും വേഗം പരിഷ്കരിക്കുകയും നവീകരിക്കുകയും വേണമെന്നാണ് വിദഗ്ധ കമ്മിറ്റിയുടെ അഭിപ്രായം. വികസനാത്മക പ്രവർത്തനങ്ങളല്ലാത്തവയെ കൈയൊഴികയും ശേഷിച്ചവയെ ബിസിനസ് രീതിയിൽ പുനസംഘടിപ്പിക്കുകയും വാണിജ്യ മാനേജ്മെന്റ് സംവിധാനം സ്വീകരിക്കുകയും ചെയ്യണമെന്നു കമ്മിറ്റി നിർദ്ദേശിക്കുന്നു. സാമൂഹ്യാവശ്യത്തിനായി റെയിൽവേ നിരവധി ചെലവുകൾ വഹിക്കുന്നുണ്ട്. ഈ ചെലവുകൾ കേന്ദ്രസർക്കാരോ സംസ്ഥാന സർക്കാരുകളോ നേരിട്ടു വഹിക്കണമെന്ന് നിരവധി കമ്മിറ്റികൾ ശുപാർശ ചെയ്തിട്ടുണ്ട്.

## പദ്ധതി, പദ്ധതിയിതര ചെലവു തരംതിരിക്കൽ അവസാനിക്കുന്നു

പദ്ധതി, പദ്ധതിയിതര ചെലവുകളുടെ അടിസ്ഥാനത്തിൽ ബജറ്റ് ചെലവുകളുടെ തരംതിരിക്കൽ 1951-ൽ ആദ്യ പഞ്ചവത്സര പദ്ധതി കാലത്താണ് ആദ്യമായി ഏർപ്പെടുത്തിയത്. ഇതിൽ പദ്ധതിച്ചെലവുകളുടെ അനുമാനവും വകയിരുത്തലും നടത്തിയത് ആസൂത്രണക്കമ്മീഷനായിരുന്നു. പഞ്ചവത്സര പദ്ധതിയുടെ കീഴിൽ വരുന്ന സർക്കാർ പദ്ധതികൾക്കും പരിപാടികൾക്കുമുള്ള ചെലവിനെയാണ് പദ്ധതിച്ചെലവുകൾ എന്നു വിവക്ഷിക്കുന്നത്. ആവർത്തനച്ചെലവായാലും മൂലധനച്ചെലവായാലും എല്ലാവിധ പദ്ധതികളുടേയും പരിപാടികളുടേയും ചെലവുകളെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഉദാഹരണത്തിന്, സർവ ശിക്ഷാ അഭിയാന്റെ കീഴിൽ അധ്യാപകരുടെ ശമ്പളച്ചെലവ് പദ്ധതി റവന്യൂച്ചെലവും സ്കൂൾ കെട്ടിടം പണിയാൻ വരുന്ന ചെലവ് പദ്ധതി മൂലധനച്ചെലവും ആയിട്ടാണ് കണക്കാക്കുക.

ആസൂത്രണകമ്മീഷന്റെ അല്ലെങ്കിൽ പഞ്ചവത്സര പദ്ധതിയുടെ പരിധിയിൽ വരാത്തതും ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും വേണ്ടി വരുന്ന ചെലവുകളെയാണ് പദ്ധതിയിതര ചെലവുകളായി കണക്കാക്കുന്നത്. ഉദാഹരണത്തിന്, പലിശച്ചെലവ്, സബ്സിഡികൾ, ശമ്പളം, പെൻഷൻ, പോലീസ്, പ്രതിരോധം തുടങ്ങിയവയിലെ ആസ്തികളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി വരുന്ന ചെലവുകൾ തുടങ്ങിയവ.

പ്രതിരോധം, പോലീസ്, പലിശച്ചെലവ് തുടങ്ങിയവയ്ക്കു വേണ്ടി മാത്രമല്ല, വിദ്യാഭ്യാസം, ആരോഗ്യം, ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ ശമ്പളം, അടിസ്ഥാ

നസൗകര്യം, ആസ്തികളുടെ അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് തുടങ്ങിയവയെല്ലാം അതാതു വിഭാഗങ്ങളിലെ പദ്ധതിയിതരച്ചെലവു ബജറ്റിൽ നിന്നാണ് എടുക്കുക.

പദ്ധതി, പദ്ധതിയിതര ചെലവകളുടെ തരംതിരിക്കൽ മനസിലാക്കുന്നതിനു നമുക്കു ചില ഉദാഹരണങ്ങൾ പരിശോധിക്കാം. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പ്രകാരം ഗ്രാമ വികസന മന്ത്രാലയം നിർമിക്കുന്ന റോഡുകളുടെ ചെലവ് പദ്ധതിച്ചെലവിലാണ് വരിക. എന്നാൽ അതിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ചെലവു പദ്ധതിയിതര ബജറ്റിലാണ് വരിക. കേന്ദ്രീയ വിദ്യാലയങ്ങൾ, നവോദയ വിദ്യാലയങ്ങൾ മറ്റ് ഗവൺമെന്റ് സ്കൂളുകൾ തുടങ്ങിയവയിലെ അധ്യാപകർക്കുള്ള വകയിരുത്തൽ; ഹെൽത്ത്സെന്റർ, ഗവൺമെന്റ് മെഡിക്കൽ കോളജ് തുടങ്ങിയവയിലെ ഡോക്ടർമാർക്കുള്ള ശമ്പളം തുടങ്ങിയവ പദ്ധതിയിതര ബജറ്റിൽനിന്നാണ്. അതേസമയം സർവ ശിക്ഷ അഭിയാന്റെ (എസ്എസ്എ) കീഴിൽ വരുന്ന താൽക്കാലിക അധ്യാപകർക്കും നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ വരുന്ന താൽക്കാലിക ഡോക്ടർമാർക്കും നൽകേണ്ട തുക ബജറ്റിലെ പദ്ധതി വിഭാഗത്തിൽനിന്നാണ് ലഭിക്കുക. ഈ ബജറ്റോടെ ഇത്തരത്തിലുള്ള എല്ലാ ചെലവുകളും ഇനി ഒരുമിച്ചാണ് കണക്കാക്കുക.

ബജറ്റ് ചെലവിനെ പദ്ധതി, പദ്ധതിയിതരം എന്നിങ്ങനെ രണ്ടായി തിരിക്കുന്നത് ഒട്ടേറെ തെറ്റിദ്ധാരണയ്ക്ക് ഇടയാക്കിയിട്ടുണ്ട്. പദ്ധതിച്ചെലവ് വികസനവും പദ്ധതിയിതരച്ചെലവു വികസനേതരവുമാണെന്നതാണ് പ്രധാനമായിട്ടുള്ളത്. ഇതുമൂലം പദ്ധതിച്ചെലവിനങ്ങളിലേക്ക് കൂടുതൽ ശ്രദ്ധ പോകുന്നുണ്ട്. അതേപോലെ പദ്ധതിയിതരച്ചെലവിൽ വരുന്ന അറ്റകുറ്റപ്പണികൾ പോലുള്ളവയെ അവഗണിക്കുകയും ചെയ്യുന്നു. പദ്ധതിയിതര ചെലവിൽ വരുന്നതിനാൽ മിക്ക സംസ്ഥാനങ്ങളിലേയും മിക്ക മേഖലകളിലും റെഗുലർ സ്റ്റാഫിന്റെ അഭാവം അനുഭവപ്പെടുന്നുണ്ട്. ഈ തരംതിരിക്കൽ വഴി ലഭിക്കുന്ന വിഭവങ്ങൾ പലതായി വിഭജിച്ചുപോകുകയും ചെയ്യുന്നു. ഇതുമൂലം ഒരു സേവനം ശരിയായ വിധത്തിൽ നൽകുന്നതിനുള്ള ചെലവ് നിശ്ചയിക്കാനും സാധിക്കാതെ വരുന്നു. 2017-18 ലെ ബജറ്റ് മുതൽ എല്ലാ ചെലവുകളും ഒരുമിച്ചായിരിക്കും റിപ്പോർട്ടു ചെയ്യുക. ഇതുവഴി വിഭവവിതരണം ലളിതമാകും. ഫലം എന്തായിരിക്കുമെന്നു കണക്കുകൂട്ടി മെച്ചപ്പെട്ടവിധത്തിൽ തുക വകയിരുത്താൻ ഇതുവഴി സാധിക്കും. ഗവൺമെന്റ് ചെലവുകളിലെ പദ്ധതി, പദ്ധതിയിതര വ്യത്യാസം എടുത്തുകളയുന്നതു മൂലം വിവിധ മേഖലകൾക്കും മന്ത്രാലയങ്ങൾക്കുമുള്ള വിഭവവിതരണം ഏറ്റവും മികച്ച രീതിയിൽ നടത്താൻ സാധിക്കുമെന്നാണ് ഇതു സംബന്ധിച്ചു പഠിക്കാൻ നിയോഗിച്ച വർക്കിംഗ് ഗ്രൂപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളത്.

ഇതുവരെ ദളിത് വിഭാഗത്തിനുള്ള വകയിരുത്തൽ ഷെഡ്യൂൾ കാസ്റ്റ് സബ് പ്ലാൻ(എസ്സിഎസ്പി) വിഭാഗത്തിലായിരുന്നു. ഈ മേഖലയ്ക്കുള്ള പദ്ധതിത്തുകയുടെ 16 ശതമാനമാണ് ദളിത് വിഭാഗത്തിനായി നീക്കി വച്ചിരുന്നത്. ഈ വർഷത്തെ ബജറ്റിൽ 'അലോക്കേഷൻ ഫോർ വെൽഫയർ ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ്' എന്ന വിഭാഗത്തിലാണ് ഇത് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ അലോക്കേഷൻ നടത്താനായി മന്ത്രാലയങ്ങളും ഡിപ്പാർട്ടുമെന്റുകളും എടുത്തിട്ടുള്ള ഘടകങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കിയിട്ടില്ല. എന്തായാലും എസ്സിഎസ്പിയുടെ കീഴിൽ പുതിയ നിയമം ഉണ്ടാക്കിയെടുക്കേണ്ടത് വളരെ പ്രധാനമാണ്.

വളരെ കുറച്ചു സംസ്ഥാനങ്ങൾ മാത്രമാണ് കേന്ദ്ര സർക്കാരിനെ പിന്തുടർന്ന് പദ്ധതി, പദ്ധതിതര ചെലവിലെ തരംതിരിവ് ഉപേക്ഷിച്ചിട്ടുള്ളത്. ഇപ്പോഴത്തെ സംവിധാനം തുടരുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ പുതിയ തീരുമാനം വഴി ബുദ്ധിമുട്ടുണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

പദ്ധതി, പദ്ധതിയിതര ചെലവുകളിലെ തരംതിരിവ് ഉപേക്ഷിക്കുമ്പോൾ കാപ്പിറ്റൽ, റവന്യു തരംതിരിവിന് വലിയ ശ്രദ്ധ ലഭിക്കാനിടയുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സാമൂഹ്യക്ഷേ മേഖല വിഭാഗങ്ങൾക്ക് ഇതു ചിലപ്പോൾ പ്രശ്നങ്ങൾ ഉണ്ടാക്കാൻ സാധ്യതയുണ്ട്. കാരണം ഈ മേഖലയിലെ വലിയൊരു ഭാഗം തുകയും റവന്യുച്ചെലവ് വിഭാഗത്തിൽപ്പെടുത്തിയാണ് ചെലവാക്കുന്നത്.

വികസനത്തിലെ വിടവ് നികത്തുന്നതിനുള്ള ഏറ്റവും മികച്ച രീതി വികേന്ദ്രീകൃത ആസൂത്രണമാണെന്ന് പരക്കെ അംഗീകരിച്ചിട്ടുള്ള കാര്യമാണ്. ജനങ്ങളുടെ ആവശ്യങ്ങൾ മനസിൽ വച്ചുകൊണ്ടുള്ള ആസൂത്രണമാണിത്. ഭരണഘടനാ സ്ഥാപനമായിട്ടുപോലും ജില്ലാ ആസൂത്രണ കമ്മിറ്റികൾ ( ഡിപിസി) ഇപ്പോഴും അവഗണയിലാണ്. പഞ്ചവത്സര പദ്ധതി എന്ന സമീപനം ഏതാണ്ട് അവസാനിക്കുന്ന സാഹചര്യം മാറി ജില്ലാ ആസൂത്രണക്കമ്മിറ്റികളെ ശക്തിപ്പെടുത്തണം. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും താഴേത്തട്ടിൽനിന്നുള്ള ആസൂത്രണത്തിനായി അതിനെ ഉപയോഗപ്പെടുത്തുകയും വേണം.

നിലവിലുണ്ടായിരുന്ന പഞ്ചവത്സര പദ്ധതി പ്രക്രിയയുടെ പ്രധാന ലക്ഷ്യം മേഖലകൾ തമ്മിലുള്ള അസന്തുലിതാവസ്ഥ പ്രത്യേക പാക്കേജുകൾ വഴി തിരുത്തുവാൻ സാധിക്കുന്നുവെന്നതാണ്. ഇതിന്റെ പ്രസക്തി ഇപ്പോഴും നഷ്ടപ്പെട്ടിട്ടില്ല. അസന്തുലിതാവസ്ഥ നിലനിൽക്കുന്ന മേഖലകളിൽ കേന്ദ്ര മന്ത്രാലയങ്ങൾക്കു ഇടപെട്ട് അതു കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കും. പിന്നാക്ക പ്രദേശങ്ങൾ കണ്ടെത്തുകയും പ്രത്യേക പാക്കേജുകളിലൂടെ അധികവിഭവം ലഭ്യമാക്കുവാനും മന്ത്രാലായങ്ങൾക്കു സാധിക്കും

## ഒരു മാസം മുന്നേയുള്ള ബജറ്റവതരണം

ഇത്തവണ കേന്ദ്ര ബജറ്റ് അവതരിപ്പിച്ചത്




ഫെബ്രുവരി ഒന്നിനാണ്. അതായത് സാധാരണയേക്കാൾ ഒരു മാസം മുമ്പേ. കഴിഞ്ഞ വർഷം വരെ എല്ലാ ഫെബ്രുവരിയുടേയും അവസാനത്തെ പ്രവൃത്തിദിനത്തിലാണ് കേന്ദ്ര ബജറ്റ് ലോക്സഭയിൽ അവതരിപ്പിച്ചു പോന്നിരുന്നത്. രണ്ടായിരം വരെ ബ്രിട്ടീഷ് കാലഘട്ടത്തിലെ പതിവനുസരിച്ച് വൈകുന്നേരം അഞ്ചുമണിക്കായിരുന്നു ബജറ്റ്. അത് 2000 മുതൽ രാവിലെ 11 മണിക്ക് ആക്കി.

കേന്ദ്ര ബജറ്റ് ഒരു മാസ മുമ്പേ അവതരിപ്പിക്കുന്നതുകൊണ്ട് ചില പ്രയോജനങ്ങളൊക്കെയുണ്ട്. പുതിയ ധനകാര്യ വർഷം ആരംഭിക്കുന്നതിനു മുമ്പുതന്നെ നിയമപരമായ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കുവാൻ സാധിക്കുന്നു. ഇതുവഴി വിവിധ മന്ത്രാലയങ്ങൾക്കു ആദ്യപാദത്തിൽതന്നെ വിവിധ കേന്ദ്ര പദ്ധതികൾക്കുള്ള തുക ലഭ്യമാക്കുവാൻ സാധിക്കുന്നു. നേരത്തെ ബജറ്റ് നടപടികൾ മേയ് പകുതി വരെ നീളുകയായിരുന്നു പതിവ്. ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം പകുതിയിലാണ് അപ്രോപ്രിയേഷൻ ബിൽ പാസാക്കുക. ഇതുമൂലം രണ്ടോ മൂന്നോ മാസത്തെ ചെലവുകൾക്കാവശ്യമായ തുക കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നു ലഭ്യമാക്കാൻ മാർച്ചിൽ വോട്ട്-ഓൺ- അക്കൗണ്ടു വഴി പാർലമെന്റിന്റെ അംഗീകാരം നേടേണ്ടതുണ്ടായിരുന്നു. 2017-18ലെ ബജറ്റ് ഒരു മാസം മുന്നേ അവതരിപ്പിച്ച സാഹചര്യത്തിൽ ധനകാര്യ വർഷത്തിന്റെ തുടക്കത്തിൽതന്നെ ആവശ്യമായ ഫണ്ടുകൾ സംസ്ഥാനങ്ങൾക്കും പദ്ധതി നടപ്പാക്കൽ ഏജൻസികൾക്കും ലഭ്യമാക്കുവാൻ സാധിക്കും.

എന്നാൽ വെല്ലുവിളികളും ഇക്കാര്യത്തിലില്ലാതില്ല. വരുമാനം, ചെലവ് എന്നിവ സംബന്ധിച്ച സമഗ്ര കണക്കുകളുടെ അഭാവമാണ് ഏറ്റവും പ്രതികൂലമായ സംഗതി. കഴിഞ്ഞ വർഷം വരെ ബജറ്റ് തയാറാക്കൽ നടപടികൾ അവസാന ഘട്ടത്തിലെത്തുന്നത് ഫെബ്രുവരി മധ്യത്തോടെയായിരുന്നു. അപ്പോഴേയ്ക്കും ആ ധനകാര്യ വർഷത്തെ ആദ്യ ഒമ്പതു മാസത്തെ വരവും ചെലവും സംബന്ധിച്ച കണക്കുകളും ലഭ്യമാകുമായിരുന്നു. ജിഡിപി, സമ്പദ്ഘടനയിലെ വിവിധ മേഖലകളുടെ വളർച്ച തുടങ്ങിയവ സംബന്ധിച്ച് ഈ വർഷത്തെ ബജറ്റ് പ്രക്രിയയിൽ ഉപയോഗിച്ചിട്ടുള്ള കണക്കുകൾ മിക്കവാറും 2016-17 സാമ്പത്തിക വർഷത്തിലെ ആദ്യ രണ്ടു പാദങ്ങളെ അധികരിച്ചാകാനാണ് സാധ്യത. ബജറ്റ് തീയതി നേരത്തെയാക്കിയത് മറ്റു ചില പ്രയാസങ്ങളുമുണ്ടാക്കിയിട്ടുണ്ട്. പാർലമെന്റിനും സ്റ്റാൻഡിംഗ് കമ്മിറ്റിക്കും ബജറ്റ് സസൂക്ഷ്മം പഠിക്കുവാൻ സമയം കിട്ടുമോയെന്നതാണ് മറ്റൊരു ചോദ്യം.

## ബജറ്റിന്റെ സഞ്ചിത ഫലം

എല്ലാ മന്ത്രാലയങ്ങളേയും ഡിപ്പാർട്ടുമെന്റുകളേയും ഉൾപ്പെടുത്തി ബജറ്റിന്റെ സഞ്ചിത ഫലം പുറത്തിറക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ ധനമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. പൊതുചെലവു നടത്തുന്നതിൽനിന്നുണ്ടാകുന്ന ഫലം എന്താണെന്നു കൂടുതൽ ശ്രദ്ധിക്കാനാണ് ഇതു ലക്ഷ്യമിടുന്നത്. പ്രത്യേകിച്ചും വികസനപരിപാടികൾക്കും പദ്ധതികൾക്കുമായി ചെലവഴിക്കുന്ന തുകയുണ്ടാക്കുന്ന ഫലം. ഗവൺമെന്റ് പദ്ധതിയനുസരിച്ച് നിശ്ചിത ലക്ഷ്യത്തിനായി ചെലവഴിക്കുന്ന പൊതുപണം പ്രതീക്ഷിക്കുന്ന ഫലമുണ്ടാക്കുന്നുണ്ടോയെന്ന നിർണായകമായ വിവരം ഈ ഡോക്കുമെന്റിന്റെ സൃഷ്ടിയിലൂടെ ലഭ്യമാക്കുവാൻ സാധിക്കും.

## ബജറ്റിനെ ശക്തമാക്കാനുള്ള മറ്റു നടപടികൾ

ബജറ്റ് പ്രക്രിയയിൽ വരുത്തിയിട്ടുള്ള ചില മാറ്റങ്ങൾ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് പൊതു ചെലവു മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിലാണ്. അതു ശരിയായ ദിശയിലുള്ള ചുവടുവയ്പുമാണ്. സാമൂഹ്യമേഖലയിലെ ഗവൺമെന്റ് ചെലവഴിക്കലിന്റെ ഫലം മെച്ചപ്പെടുത്താൻ പക്ഷേ ഈ നീക്കങ്ങൾകൊണ്ടു മാത്രം സാധിക്കുകയില്ല. ജില്ലാ ആസൂത്രണ കമ്മിറ്റികളെ ശക്തിപ്പെടുത്തി വികസന പദ്ധതികൾ തയാറാക്കേണ്ടത് ഇതിൽ നിർണായകമാണ്. സാമൂഹ്യമേഖലകളിലെ ഗവൺമെന്റ് ചെലവുകൾ സംബന്ധിച്ച ജില്ലാതല വിവരങ്ങൾ ലഭിക്കുക വലിയ വെല്ലുവിളി തന്നെയാണ്. ഇത്തരം വിവരങ്ങൾ യഥാസമയം പൊതുജനങ്ങൾക്കു ലഭിക്കത്തക്കവിധത്തിൽ പ്രസിദ്ധീകരിക്കുവാൻ സാധിച്ചാൽ അത് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന ഫണ്ടു ഉപയോഗത്തിൽ പൊതുജനങ്ങളുടെ ജാഗ്രതയെ ശക്തിപ്പെടുത്തും. പൊതുഫണ്ട് ചെലവാക്കുന്ന പദ്ധതികളിൽനിന്നുള്ള ഫലവും മെച്ചമാകും. ഈ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾക്കൂടി ബജറ്റിംഗ് പ്രക്രിയയിൽ സംയോജിപ്പിക്കേണ്ടത് ആവശ്യമാണ്.

*(ന്യൂഡൽഹി ആസ്ഥാനമായ സെന്റർ ഫോർ ബഡ്ജറ്റ് ആന്റ് ഗവേണൻസ് അക്കൗണ്ടബിലിറ്റി (CBGA) യിൽ കോ-ഓർഡിനേറ്ററാണ് ലേഖകൻ)*

# റിയൽഎസ്റ്റേറ്റ് മേഖലയെ സജീവമാക്കി ബജറ്റ് പരിഷ്‌ക്കരണം




**ഡോ. രൺജീത് മേഹ്ത**

**പ**ല കാരണങ്ങളാൽ സവിശേഷമാണ് 2017 ലെ ബജറ്റ്. ഒന്നാമതായി സർക്കാർ പ്ലാൻ, നോൺ പ്ലാൻ എന്നിങ്ങനെ ചെലവുകൾ വേർതിരിച്ചു എന്നതാണ്. മുടക്കുമുതലിനെ ഇപ്പോൾ വരുമാനവും മൂലധനച്ചെലവുമായാണ് തരംതിരിച്ചിരിക്കുന്നത്. പൊതുബജറ്റിൽ റെയിൽവേ ബജറ്റ് കൂടി ഉൾപ്പെടുത്തി എന്നതാണ് രണ്ടാമത്തെ സവിശേഷത. 92 വർഷമായി തുടർന്നുവരുന്ന രീതിയാണ് ഇത്തവണ സർക്കാർ മാറ്റിയത്. ശരിയായ ദിശയിലുള്ളതാണ് ഈ രണ്ട് ചുവടുവെയ്പ്പുകളും. ഭാവിയിൽ ഗുണഫലമുണ്ടാക്കാനിടയുള്ളതാണ് ഈ രണ്ട് നടപടികളും.

പൊതുവേ സാമ്പത്തിക മാന്ദ്യകാലത്ത് ധനമന്ത്രിമാർ വാർഷിക ബജറ്റ് തയ്യാറാക്കുമ്പോൾ സാമ്പത്തിക വളർച്ചയുണ്ടാക്കാൻ അവർക്ക് മുന്നിൽ രണ്ട് വഴികൾ മാത്രമേ ഉണ്ടാകാറുള്ളൂ, ഡിമാൻഡ് സൈഡും സപ്ലൈ സൈഡും. അല്ലെങ്കിൽ അവ രണ്ടും ചേർന്നത്. ആവശ്യകതയാൽ(ഡിമാൻഡ്) നയിക്കപ്പെടുന്ന വളർച്ച അടിസ്ഥാനപരമായി ഉപഭോഗത്താൽ നയിക്കപ്പെടുന്ന വളർച്ചയാണ്. അതിന് സാധാരണ പ്രേരകമാവുന്നത് കുറഞ്ഞ പ്രത്യക്ഷ, പരോക്ഷ നികുതി നിരക്കുകളാണ്. അപ്പോൾ ഉപഭോക്താവിന്റെ കൈവശം വാങ്ങാനായി കൂടുതൽ അവശേഷിക്കും. പിന്നെ കുറച്ച് ജനപ്രീണന നടപടികളും സബ്സിഡികളും. ഇത് ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും ആവശ്യം വർധിപ്പിക്കുകയും സമ്പദ് വ്യവസ്ഥയെ ഉണർത്തുകയും ചെയ്യും. ധനമന്ത്രിമാർ അപൂർവമായേ ഇതിലേതെങ്കിലും ഒന്നിന് പകരം മറ്റൊന്ന് തിരഞ്ഞെടുക്കാറുള്ളൂ. പകരം പലപ്പോഴും അവർ സാമ്പത്തിക പ്രവർത്തനം ത്വരിതപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ ഡിമാൻഡ്, സപ്ലൈ വശങ്ങളിൽ നിന്നുള്ള സമ്മിശ്ര ഇളവുകൾ നൽകുകയാണ് ചെയ്യാറുള്ളത്.

ഡിമാൻഡിലധിഷ്ഠിതമായ വളർച്ചയ്ക്ക് പകരം നിക്ഷേപാധിഷ്ഠിത വളർച്ചയാണ് ഇന്ത്യൻ സമ്പദ് വ്യവസ്ഥയ്ക്കായി 2017 ലെ ബജറ്റിൽ ധനമന്ത്രി അരുൺ ജെയ്റ്റ്‌ലി മുഖ്യമായും തിരഞ്ഞെടുത്തത്. വ്യവസായികൾക്കിടയിലും ഉപഭോക്താക്കൾക്കിടയിലും സർക്കാറിനെക്കുറിച്ച് അത്ര മെച്ചമല്ലാത്ത അഭിപ്രായം നിലനിൽക്കുന്ന ഘട്ടത്തിൽ നികുതി നിരക്കുകൾ കുറക്കുന്നത് വഴിയുണ്ടാകാനിടയുള്ള ഉപഭോഗ വർധനയെ അദ്ദേഹം തിരസ്കരിക്കാനുള്ള സാധ്യത വളരെക്കുറവായിരുന്നു. എങ്കിലും ആവശ്യകത വർധിക്കുമെന്ന പ്രതീക്ഷയിൽ നികുതിയിൽ കുറവു വരുത്തുന്നത് ഒരു അപകടസാധ്യതയേറിയ തീരുമാനമായാണ് കാണപ്പെട്ടത്. സുസ്ഥിരവും നിശ്ചിതവുമായ വളർച്ചയ്ക്കായി സർക്കാർ നിക്ഷേപങ്ങൾ വർധിപ്പിച്ചുകൊണ്ട് സാഹചര്യം നിയന്ത്രണത്തിലാക്കുകയായിരുന്നു മികച്ച നടപടി.

ധനമന്ത്രി അദ്ദേഹത്തിന്റെ കൈവശമുള്ള സകല വിഭവസ്രോതസ്സുകളും ഉപയോഗിച്ച് സമ്പദ് വ്യവസ്ഥയുടെ നിക്ഷേപ/ വിതരണ രംഗത്തേക്ക് പണമൊഴുക്കുകയായിരുന്നു. അടിസ്ഥാന സൗകര്യ പദ്ധതികൾക്കായി 3.96 ലക്ഷം കോടി രൂപ ബജറ്റിൽ നീക്കിവെച്ചിട്ടുണ്ട്. സംരഭകത്വത്തിനുള്ള ഉദയ് സ്കീമിന് കീഴിൽ 2.44 ലക്ഷം കോടി രൂപയും ഗ്രാമീണ, കാർഷിക അനുബന്ധ മേഖലകൾക്കായി 1.85 കോടിരൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഗ്രാമീണ മേഖലകളിൽ ഉത്പാദനക്ഷമമായ ആസ്തികൾ സൃഷ്ടിക്കാനായി MGNREGA പദ്ധതിയിൽ 48000 കോടിയും കുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടിയുള്ള പദ്ധതികൾക്കായി 1.84 ലക്ഷം കോടി രൂപയും നീക്കിവെച്ചിട്ടുണ്ട്. ഇത്തരം പദ്ധതികൾ അനുബന്ധ മേഖലകളിലും ആവശ്യമായ ഡിമാൻഡ് സൃഷ്ടിക്കുമെന്നും അതുവഴി ഉയർന്ന സാമ്പത്തിക വിനിമയത്തിന്റെ ഒരു ശൃംഖലതന്നെ സൃഷ്ടിക്കപ്പെടുമെന്നുമെന്നാണ് കരുതപ്പെടുന്നത്.

അതേസമയം ഡിമാൻഡ്, സപ്ലൈ അധിഷ്ഠിത സമ്പദ് വ്യവസ്ഥകളുടെ ആത്യന്തിക ലക്ഷ്യം സമ്പദ്

വ്യവസ്ഥയെ പ്രവർത്തനക്ഷമമാക്കുകയെന്നതാണ്. ഡിമാൻഡ് അധിഷ്ഠിത വളർച്ച സമ്പദ് വ്യവസ്ഥയിൽ സാമ്പത്തിക വർഷത്തിലെ ഒറ്റ പാദം കൊണ്ടുതന്നെ തത്ക്ഷണ ഉപഭോഗ വളർച്ച സൃഷ്ടിക്കും. അതേസമയം നിക്ഷേപം വർധിപ്പിക്കുന്നത് വഴിയുണ്ടാകുന്ന വളർച്ചയ്ക്ക് കാലതാമസം ഉണ്ടാവുകയും സാമ്പത്തിക വർഷത്തിലെ മൂന്ന് പാദവും കഴിഞ്ഞ് ഉയർന്ന ജി ഡി പിയായി മാത്രമേ അത് പ്രകടമാവുകയുമുള്ളൂ. ഈ പശ്ചാത്തലമുണ്ടെങ്കിലും ഇന്ത്യൻ റിയൽഎസ്റ്റേറ്റ് മേഖലയ്ക്കും 265 ഓളം വരുന്ന അതിന്റെ അനുബന്ധ വ്യവസായങ്ങൾക്കും അടിയന്തരമായി ഉത്തേജനമേകേണ്ടതുണ്ടായിരുന്നു.

സമീപകാലത്തായി റിയൽഎസ്റ്റേറ്റ് മേഖല അതിവേഗ മുന്നേറ്റങ്ങൾ നടത്തുകയും ഇന്ത്യൻ സമ്പദ് വ്യവസ്ഥയിലെ സുപ്രധാന പങ്കാളികളിലൊന്നായി ഉയരുകയും ചെയ്തിട്ടുണ്ട്. അതേസമയം തന്നെ ഡീമോണിട്ടൈസേഷന് ശേഷം ഈ മേഖലയിൽ ഒരു മാന്ദ്യം പ്രകടവുമാണ്. ഛിന്നഭിന്നമായും അസംഘടിതമായും നിലകൊണ്ട രാജ്യത്തെ റിയൽഎസ്റ്റേറ്റ് മേഖല ഇന്ന് ലോകത്തെ വികസിത സമ്പദ് വ്യവസ്ഥകളിലേതിന് സമാനമായരീതിയിൽ കൃത്യമായ ഘടനയുള്ളതും സുസംഘടിതവും ആയിമാറുന്ന അതിന്റെ പരിണാമ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയാണ്. ആഗോളതലത്തിൽ ഇന്ത്യയുടെ വർധിച്ചുകൊണ്ടിരിക്കുന്ന പ്രാധാന്യത്തിന്റെ ഗുണപരമായ സ്വാധീനം ഈ മേഖലയുടെ മേലുള്ള പ്രതീക്ഷകളും ഉത്തരവാദിത്തങ്ങളും വർധിക്കുന്നതിലേക്ക് നയിക്കുന്നുണ്ട്.

2017-18 ലെ ബജറ്റിൽ സർക്കാർ ഭാഗത്ത് നിന്ന് റിയൽ എസ്റ്റേറ്റ് മേഖല വലിയ പിന്തുണ പ്രതീക്ഷിച്ചിരുന്നു . ചെലവുകുറഞ്ഞ ഭവന നിർമാണ മേഖലയ്ക്ക് അടിസ്ഥാനസൗകര്യ പദവി നൽകിയ ബജറ്റിലെ നടപടിക്ക് '2022 ഓടെ എല്ലാവർക്കും വീട്' എന്ന സർക്കാർ ദൗത്യത്തിലേക്കുള്ള നിർണമായകമായ ചുവടുവെയ്പ്പ് ആയി മാറാൻ കഴിയും. ചെലവുകുറഞ്ഞ ഭവന നിർമാണ മേഖലയിൽ ഇപ്പോൾ തന്നെ നല്ല സാന്നിധ്യമുള്ള ഡവലപ്പർമാർക്ക് വലിയ ഗുണം ഉണ്ടാക്കാൻ ഈ നീക്കം സഹായകരമാവും. പ്രധാൻമന്ത്രി ആവാസ് യോജന എന്ന പേരിൽ വിളിക്കപ്പെടുന്ന '2022 ഓടെ എല്ലാവർക്കും വീട്' പദ്ധതിയിൽ രാജ്യത്തെ 305 നഗരങ്ങളും പട്ടണങ്ങളും ഇതിനകം കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്. 2022 ഓടെ ഗ്രാമങ്ങളിലെ ദരിദ്ര ജനതയ്ക്കായി രണ്ട് കോടി ഭവനങ്ങൾ നിർമ്മിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഈ ദൗത്യത്തിനായി 2030 ഓടെ 38 ദശലക്ഷം വരുന്ന തൊഴിൽസേന വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. നിലവിൽ ഇത് 29 ദശലക്ഷമാണ്. ഇങ്ങനെ തൊഴിലവസരം സൃഷ്ടിക്കുന്ന മുഖ്യ പദ്ധതിയായും ഇത് മാറും.

പരിവർത്തിപ്പിക്കൽ, ഊർജ്ജമേകൽ, ശുചിയാക്കൽ എന്നീ ലക്ഷ്യങ്ങളോടുകൂടിയ താഴെപ്പറയുന്ന പത്ത് പ്രമേയങ്ങളിൽ അധിഷ്ഠിതമാണ് 2017 ലെ ബജറ്റ്.

1. കർഷകർ : അഞ്ച് വർഷത്തിനുള്ളിൽ കർഷകരുടെ വരുമാനം ഇരട്ടിയായി വർധിപ്പിക്കും.

2. ഗ്രാമീണ ജനത : തൊഴിലും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കും.

3. യുവാക്കൾ : നൈപുണ്യവിദ്യാഭ്യാസവും തൊഴിലുമേകി യുവാക്കളെ ഊർജസ്വലരാക്കും.

4. ദരിദ്രരും അവകാശം നിഷേധിക്കപ്പെട്ടവരും: സാമൂഹിക സുരക്ഷിതത്വത്തിനും ചെലവുകുറഞ്ഞ ഭവന നിർമാണത്തിനുമുള്ള സംവിധാനങ്ങൾ അവരെ കരുത്തുറ്റതാക്കും.

5. കാര്യക്ഷമത, ഉത്പാദനക്ഷമത, ജീവിത ഗുണനിലവാരം എന്നിവയ്ക്ക് വേണ്ടിയുള്ള അടിസ്ഥാന സൗകര്യ വികസനം.

6. സാമ്പത്തിക മേഖല : കരുത്തുറ്റ സ്ഥാപനങ്ങളിലൂടെ വളർച്ചയും സ്ഥിരതയും ഉറപ്പാക്കും.

7. ഉത്തരവാദിത്തം, സുതാര്യത എന്നിവയ്ക്കായി ഡിജിറ്റൽ സമ്പദ് വ്യവസ്ഥ പ്രയോഗത്തിൽ വരുത്തും.

8. പൊതുജന സേവനം: ജനപങ്കാളിത്തത്തോടെ കാര്യക്ഷമമായ ഭരണ നിർവഹണവും സേവനം നൽകലും ഉറപ്പാക്കും.

9. കാര്യക്ഷമമായ വിഭവ വിനിയോഗം ഉറപ്പുവരുത്തുന്നതിനും സാമ്പത്തിക ഭദ്രത നിലനിർത്തുന്നതിനും കരുതലോടെയുള്ള സാമ്പത്തിക മാനേജ്മെന്റ് ആവിഷ്ക്കരിക്കും.

10. നികുതി നിർവഹണം : സത്യസന്ധരെ ആദരിക്കാൻ പ്രത്യേക ശ്രദ്ധ പുലർത്തും.

## റിയൽ എസ്റ്റേറ്റ് രംഗത്തിന് പ്രോത്സാഹനമേകുന്നതിന് 2017 ബജറ്റിലുള്ള മുഖ്യ നിർദ്ദേശങ്ങൾ

•ചെലവുകുറഞ്ഞ ഭവന നിർമാണത്തിന് അടിസ്ഥാന സൗകര്യ പദവി നൽകി.

•2019 ഓടെ ഒരു കോടി ഗ്രാമീണ ഭവനങ്ങൾ

നിർമ്മിക്കും.

•നാഷണൽ ഫിനാൻസ് ബാങ്കിന് പുനർവായ്പ നൽകാൻ 20,000 കോടി വകയിരുത്തി.

•പ്രധാൻമന്ത്രി ആവാസ് യോജനയ്ക്ക് 23000 കോടിയുടെ ധനസഹായം.

•വിറ്റുപോകാത്ത വസ്തുവിന് മേലുള്ള മൂലധനവിൽപനലാഭ ബാധ്യത പദ്ധതി പൂർത്തിയാകുന്ന വർഷത്തിൽ ഒടുക്കിയാൽ മതിയാകുന്ന തരത്തിൽ റിയൽ എസ്റ്റേറ്റ് ഡെവലപ്പർമാർക്ക് നികുതി ഇളവ് ഏർപ്പെടുത്തി.

• ചെലവ്കുറഞ്ഞ ഭവനനിർമാണ മേഖലയിൽ 30-60 ചതുരശ്ര മീറ്റർ ബിൽറ്റ്അപ്പ് ഏരിയയ്ക്ക് പകരം 30-60 കാർപ്പറ്റ് ഏരിയയാണ് ഇനി പരിഗണിക്കുക.

• സ്ഥാവരസ്വത്തിൻമേലുള്ള മൂലധന ലാഭ നികുതിയുടെ ഹോൾഡിങ് കാലം മൂന്ന് വർഷത്തിൽ നിന്ന് രണ്ട് വർഷമായി കുറച്ചു.

• പൂർണതാ സർട്ടിഫിക്കറ്റ് ലഭിച്ചശേഷം വിറ്റഴിയാത്ത വസ്തുവിന് ഒരു വർഷത്തെ നികുതി അവധി ഏർപ്പെടുത്തും.

• മൂന്ന് ലക്ഷത്തിന് മുകളിൽ കറൻസി കൈമാറ്റം അനുവദിക്കില്ല.

• ഇന്ദിര ആവാസ് യോജന പദ്ധതി 600 ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കും.

• വസ്തുവിൽപനയിൽ നിന്നുള്ള ലാഭത്തിന്റെ സൂചിക തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന വർഷം 01.04.1981 ൽ നിന്ന് 01.04.2001 ലേക്ക് മാറ്റി.

## ചെലവ് കുറഞ്ഞ ഭവനനിർമാണ മേഖലയ്ക്ക് അടിസ്ഥാനസൗകര്യ പദവി

സാമ്പത്തിക പരിഷ്കരണം, പണപ്പെരുപ്പ നിയന്ത്രണം, കാര്യക്ഷമമായ സാമ്പത്തിക മാനേജ്മെന്റ് തുടങ്ങിയവ തുടരുമെന്ന് വാഗ്ദാനം ചെയ്യുന്ന 2017 ലെ ബജറ്റിൽ ചെലവുകുറഞ്ഞ ഭവനനിർമാണ മേഖലയ്ക്ക് അടിസ്ഥാന സൗകര്യ പദവി നൽകിയത് മധ്യവർഗ ഉപഭോക്താക്കളുടെ കാഴ്ചപ്പാടിൽ റിയൽ എസ്റ്റേറ്റ് മേഖലയിൽ ഗുണപരമായ മാറ്റങ്ങളുണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. '2022 ഓടെ എല്ലാവർക്കും വീട്' എന്ന സർക്കാർ ദൗത്യത്തിനും ഇത് വലിയ പ്രോത്സാഹനം നൽകും. മാത്രമല്ല ഈ മേഖലയിലെ സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഈ രംഗത്ത് ആരോഗ്യകരമായ മൽസരത്തിനിടയാക്കുകയും അത് വീട് വാങ്ങാനൊരുങ്ങുന്ന മധ്യവർഗം, പിന്നോക്ക മധ്യവർഗം എന്നീ വിഭാഗങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ടത് തിരഞ്ഞെടുക്കാനുള്ള അവസരം നൽകുകയും ചെയ്യും.

റിയൽ എസ്റ്റേറ്റ് മേഖലയ്ക്കും വ്യവസായ പദവി നൽകണമെന്ന് വ്യവസായ മേഖല കാലങ്ങളായി സർക്കാറിനോട് ആവശ്യപ്പെട്ടുവരുകയായിരുന്നു. റിയൽ എസ്റ്റേറ്റ് മേഖലയെ വ്യവസായങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുത്താത്തതുകൊണ്ട് ഡെവലപ്പർമാർ, ബിൽഡർമാർ, നിക്ഷേപകർ തുടങ്ങിയവരൊക്കെ പലപ്പോഴും ഉയർന്ന പലിശ നിരക്കിൽ വായ്പ എടുക്കാൻ നിർബന്ധിതരായിരുന്നു. കനത്ത പലിശ നിരക്കുള്ള വായ്പകൾ കാരണം ഒട്ടുമിക്ക കെട്ടിടനിർമാതാക്കളും സാമ്പത്തിക ഞെരുക്കം നേരിട്ടിരുന്നു.

ഇതുകൂടാതെ പ്രധാൻമന്ത്രി ആവാസ് യോജനയിലൂടെയും ചെലവുകുറഞ്ഞ പാർപ്പിടസൗകര്യ വികസനത്തിന് ബജറ്റിൽ പ്രോത്സാഹനമേകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഒമ്പത് ലക്ഷത്തിന് മുകളിലുള്ള വായ്പകൾക്ക് നാല് ശതമാനവും 12 ലക്ഷത്തിന് മുകളിലുള്ള വായ്പകൾക്ക് 3 ശതമാനവും പലിശനിരക്ക് മാത്രമേ ഈടാക്കൂ എന്നാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്.സാമ്പത്തികമായ ദുർബല വിഭാഗത്തിലും താഴ്ന്ന വരുമാന വിഭാഗത്തിലും പെടാത്തവർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമോ എന്നകാര്യത്തിൽ ആശയക്കുഴപ്പമുണ്ട്. ഇത്തരം പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള കാലയളവ് മൂന്ന് വർഷത്തിൽ നിന്ന് അഞ്ച് വർഷമായും സർക്കാർ നീട്ടിയിട്ടുണ്ട്. ഇതുവഴി ലാഭബന്ധിത ആദായനികുതി ഇളവുകൾക്ക് കൂടുതൽ പദ്ധതികൾ യോഗ്യത നേടും. കൂടുതൽ ആവശ്യകത ഉണ്ടായിരുന്നെങ്കിലും ഇതുവരെ ചെലവുകുറഞ്ഞ ഭവനനിർമാണ മേഖലയിൽ വളരെ പരിമിതമായ സ്വാകാര്യ പങ്കാളിത്തം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ലാഭ ബന്ധിത ഇളവുകൾക്കൊപ്പം ചെലവുകുറഞ്ഞ ഭവനനിർമാണത്തിന് അടിസ്ഥാനസൗകര്യ പദവികൂടി ലഭിക്കുന്നത് കൂടുതൽ ചെലവുകുറഞ്ഞ ഭവന പദ്ധതികൾ ഏറ്റെടുക്കാൻ ഡെവലപ്പർമാരെ പ്രേരിപ്പിക്കും. ഇത് ഈ മേഖലയിൽ സ്വകാര്യ പങ്കാളിത്തം വർധിപ്പിക്കും.

## ചെലവ് കുറഞ്ഞ ഭവനനിർമാണത്തിനുള്ള മാനദണ്ഡം

ചെലവ് കുഞ്ഞ ഭവനനിർമാണത്തിനുള്ള മാനദണ്ഡം 30/60 ചതുരശ്ര മീറ്റർ ബിൽറ്റപ്പ് ഏരിയയിൽ നിന്ന് 30/60 ചതുരശ്ര മീറ്റർ കാർപ്പറ്റ് ഏരിയയായി മാറ്റിയി

ട്ടുണ്ട്. ഇത് ചെലവ് കുറഞ്ഞ ഭവന നിർമാണ മേഖലയെ ബിൽഡർമാർക്കിടയിലും ഉപഭോക്താക്കൾക്കിടയിലും കൂടുതൽ ആകർഷകമാക്കി മാറ്റും. ബിൽറ്റപ്പ് ഏരിയയിൽ നിന്ന് കാർപ്പറ്റ് ഏരിയയിലേക്ക് മാനദണ്ഡം മാറ്റിയതോടെ വീടുവാങ്ങുന്നവർക്ക് കൂടുതൽ വിശാലമായ വീടുകൾ ലഭിക്കാനും ബിൽഡർമാർക്ക് തങ്ങളുടെ വസ്തു കൂടുതൽ വലിയ ഉപഭോക്തൃസമൂഹത്തിൽ വിറ്റഴിക്കാനും സാധിക്കും. 30 ചതുരശ്ര മീറ്റർ പരിധി നാല് മെട്രോപ്പോളിറ്റൻ പട്ടണങ്ങളിലെ മുൻസിപ്പൽ പരിധികളിൽ മാത്രമേ ബാധകമാകൂ. മെട്രോ നഗരങ്ങളുടെ പ്രാന്തപ്രദേശങ്ങൾ അടക്കം രാജ്യത്തെ മറ്റു ഭാഗങ്ങളിൽ 60 ചതുരശ്ര മീറ്റർ എന്ന പരിധിയാണ് ബാധകമാവുക.

## സ്ഥാവരസ്വത്തുക്കൾക്കുള്ള ഹോൾഡിങ് കാലയളവിൽ കുറവ്

സ്ഥാവര സ്വത്തുക്കളുടെ കാര്യത്തിൽ അതിൽ നിന്നുള്ള ലാഭത്തിന് ദീർഘകാല വിഭാഗത്തിലേക്ക് യോഗ്യത നേടുന്നതിനുള്ള ഹോൾഡിങ് കാലയളവ് നിലവിലെ 3 വർഷത്തിൽ നിന്ന് രണ്ട് വർഷമായി കുറച്ചിരിക്കുകയാണ് 2017-18 ലെ ബജറ്റിൽ. രണ്ട് വർഷത്തിനു ശേഷം വസ്തുവിൽക്കുന്നവരുടെ മേലുള്ള നികുതി ഭാരം ഇത് വലിയ തോതിൽ കുറയ്ക്കുകയും റിയൽ എസ്റ്റേറ്റ് മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുകയും ചെയ്യും. സ്ഥാവരസ്വത്ത് സൂചികയിൽ ചേർക്കുന്നതിനുള്ള ചിലവിന് കണക്കാക്കുന്ന അടിസ്ഥാന വർഷവും സർക്കാർ മാറ്റിയിട്ടുണ്ട്. നേരത്തേ ഉണ്ടായിരുന്ന 1981 ന് പകരം പുതിയ അടിസ്ഥാന വർഷം 2001 ആണ്. ഈ നടപടി വ്യക്തികളുടെ സ്ഥാവര സ്വത്തുക്കളുടെ അക്വിസിഷൻ ചെലവ് ഉയർത്താൻ സഹായിക്കും. അതുവഴി അവരുടെ മൊത്തത്തിലുള്ള മൂലധനലാഭം കുറയ്ക്കാൻ കഴിയും. മാത്രമല്ല, വിറ്റഴിക്കപ്പെടാത്ത വസ്തുവിന് പൂർണതാ സർട്ടിഫിക്കറ്റ് ലഭിച്ച ശേഷം ഒരുവർഷത്തെ ഇടവേള നൽകുന്നത് ബിൽഡർമാർക്ക് അൽപം ആശ്വാസമേകുകയും ചെയ്യും.

## നാഷണൽ ഹൗസിങ് ബാങ്ക് വഴി ഉയർന്ന പുനർവായ്പാ സേവനം

2016 അവസാനത്തിൽ സർക്കാർ നടപ്പാക്കിയ ഡീമോണിട്ടൈസേഷന്റെ ഫലമായി ബാങ്കുകളിലെ മിച്ചധനം വർധിച്ചിട്ടുണ്ട്. ഇത് വായ്പാ നിരക്ക് കുറയ്ക്കുവാൻ രാജ്യത്തെ പ്രധാന ബാങ്കുകളെ സഹായിച്ചിട്ടുണ്ട്. വായ്പാ നിരക്കിലെ ഈ കുറവ് പുതുതായി വീടുവാങ്ങുന്നവർക്ക് മാത്രമല്ല ആഹ്ലാദം പകരുന്നത്, നേരത്തേ വീടുവാങ്ങാനായി സ്ഥിരമല്ലാത്ത പലിശനിരക്ക് ബാധകമായ ഭവന വായ്പ എടുത്തവരെക്കൂടിയാണ്. എന്നിരുന്നാലും, നാഷണൽ ഹൗസിങ് ബാങ്കിന്റെ പുനർവായ്പാ പദ്ധതി നിലവിൽ വീട്ടുടമകളായവരുടെ വികാരവും പരിഗണിക്കുന്നുണ്ട്. പ്രത്യേകിച്ച് മുമ്പ് കൂടിയ പലിശ നിരക്ക് നൽകാൻ നിർബന്ധിതരായിരുന്നവരെ.

## വസ്തുവിൽപനയും സംയുക്ത വികസന കരാറും (JDA)

ഈ വിഷയത്തിൽ നിലവിലുണ്ടായിരുന്ന രീതിയെ മാറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ബജറ്റ് നിർദ്ദേശം ഒരു വസ്തു വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള സംയുക്ത കരാറിൽ ഒപ്പിട്ട ഭൂവുടമയുടെ മേലായിരിക്കും പദ്ധതി പൂർത്തിയാകുമ്പോൾ വസ്തുവിൽപന ലാഭ നികുതി ബാധ്യത എന്ന് വ്യക്തമാക്കുന്നു. ഇത് നിർണായകമായ മാറ്റമാണ്. ഈ വിഷയത്തിൽ വ്യക്തത വരുത്താനും ആദായനികുതി വകുപ്പുമായുള്ള നിയമവ്യവഹാരം ഒഴിവാക്കാനും ഇത് ആവശ്യമായിരുന്നു. ഒരു വസ്തു വികസിപ്പിക്കുന്നതിനായി സംയുക്ത കരാറിൽ ഒപ്പിട്ടാൽ അതിന്റെ വസ്തുവിൽപന ലാഭ നികുതി പദ്ധതി പൂർത്തിയാകുന്ന വർഷത്തിൽ അടച്ചാൽ മതിയെന്നാണ് ഇതിനർത്ഥം. വസ്തുവിൽപന ലാഭ നികുതി കുറയ്ക്കുന്നതിനുള്ള നിരവധി നടപടികൾക്ക് പുറമേയുള്ള ഈ നീക്കം ഭൂവുടമയ്ക്ക് മാത്രമല്ല നികുതിയിൽ ഇളവ് നൽകുന്നത്, ബിൽഡർക്കും അല്ലെങ്കിൽ പ്രൊമോട്ടർക്കും കൂടിയാണ്. അതുവഴി അവരുടെ ബാധ്യതയും കുറയും. കഴിഞ്ഞ മൂന്ന് വർഷത്തിലധികമായി കടുത്ത സമ്മർദം നേരിടുന്ന റിയൽഎസ്റ്റേറ്റ് വിപണിയിലേക്ക് കൂടുതൽ ഭൂമി എത്താനും അതുവഴി ഭൂമി കൈമാറ്റങ്ങൾ വർധിക്കാനും ഇത് സഹായിക്കും.

## കറൻസി ഇടപാടുകളിൽ നിയന്ത്രണം

സർക്കാർ നടപ്പാക്കിയ ഡീമോണട്ടൈസേഷൻ ദൗത്യത്തിന്റെ വിപുലീകരണമായാണ് മൂന്ന് ലക്ഷത്തിനുമേൽ കറൻസി ഇടപാട് അനുവദിക്കില്ല എന്ന് ബജറ്റിൽ തീരുമാനിച്ചത്. ഡീമോണട്ടൈസേഷന് മുമ്പ് ഇത്തരത്തിലുള്ള വൻകിട പണമിടപാടുകൾ റിയൽ എസ്റ്റേറ്റ് മേഖലയിൽ നടന്നിരുന്നു. എന്നാൽ ഡീമോണട്ടൈസേഷൻ പ്രഖ്യാപിച്ചതിന് ശേഷം വസ്തു വാങ്ങുന്നവരും വിൽപനക്കാരും ഈ വിഷയത്തിൽ ജാഗ്രത പാലിച്ചതിനെത്തുടർന്ന് വൻകിട കറൻസി ഇടപാടുക

ളിൽ കാര്യമായ കുറവ് വന്നിരുന്നു. അതുകൊണ്ടുതന്നെ ഈ നിബന്ധന മേഖലയിൽ ചെറിയ പ്രത്യാഘാതം മാത്രമേ ഉണ്ടാക്കൂ. മാത്രമല്ല അത് ഹ്രസ്വകാല ആഘാതം മാത്രമായിരിക്കുകയും ചെയ്യും. അതേ സമയം ഈ നടപടി സുതാര്യമായ സമ്പദ് വ്യവസ്ഥയ്ക്കും വിദേശ നിക്ഷേപത്തിന് ഉത്തേജനമേകുന്നതിന് അടിത്തറ പാകുകയും ചെയ്യും.

### ആന്ധ്രപ്രദേശിന് പുതിയ തലസ്ഥാനം: ലാൻഡ് പൂളിങ് സംവിധാനം നിർണായക ചുവടുവെയ്പ്പ്

ഭൂമി ഏറ്റെടുക്കൽ ചട്ടം ഉപയോഗിക്കാതെ നവീനമായ ലാൻഡ്പൂളിങ് സംവിധാനം(ഭൂ ഉടമകളെ സംഘടിപ്പിക്കുന്ന സംവിധാനം) ഉപയോഗിച്ചായിരിക്കും ആന്ധ്രപ്രദേശിന് പുതിയ തലസ്ഥാനം നിർമിക്കുക എന്നാണ് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. വൻകിട വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഭൂമി ഏറ്റെടുക്കൽ ഏറെ ചർച്ചകൾക്കിടയാക്കുകയും വലിയ തടസ്സമായി നിലനിൽക്കുകയും ചെയ്യുകയാണ്. പുതിയ ലാൻഡ് പൂളിങ് സംവിധാനം ഭൂമിയുമായി ബന്ധപ്പെട്ട തർക്കങ്ങൾ വലിയ തോതിൽ കുറക്കുകയും വികസനപ്രവർത്തനങ്ങളുടെ വേഗത വർധിപ്പിക്കുകയും ചെയ്യും. വസ്തു വിൽപനയിൽ നിന്ന് ലഭിക്കുന്ന ലാഭം നികുതിയിൽ നിന്ന് ഒഴിവാക്കിയത് ഭൂവുടമകളുടെ ആത്മവിശ്വാസം ഉയർത്തുകയും അവരുടെ ഭൂമി പുതിയ സർക്കാർ പദ്ധതിപ്രകാരം തലസ്ഥാന നഗര നിർമാണത്തിനായി ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്യും. എന്നിരുന്നാലും ആന്ധ്രപ്രദേശ് സംസ്ഥാനം പുനസംഘടിപ്പിക്കപ്പെട്ട 2014 ജൂൺ രണ്ടിനോ അതിനു മുമ്പോ പ്രസ്തുത സ്ഥലങ്ങളുടെ ഭൂവുടമകൾ ആയിരുന്നവർക്ക് മാത്രമായി ഈ ഇളവ് പരിമിതപ്പെടുത്തിയിട്ടുണ്ട്.

### ആദായനികുതി അടിസ്ഥാന സ്ലാബിൽ 5 ശതമാനം കുറവ്

2.5 ലക്ഷം മുതൽ അഞ്ച് ലക്ഷം വരെയുള്ള വ്യക്തിഗത വരുമാനത്തിനുള്ള നികുതി നിരക്ക് 10 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു. ആദ്യമായി വീടും സ്ഥലവുമൊക്കെ വാങ്ങുന്നവർക്ക് ഏറെ സഹായകരമാവുന്നതാണ് ഈ നടപടി. ആദായനികുതിയിൽ വരുത്തിയ ഈ ഇളവ് നികുതി പരിധിയിൽ വരുന്ന വിഭാഗത്തെ വിപുലമാക്കാൻ സഹായിക്കുകയും ആ വിഭാഗത്തിൽ നികുതി ഒടുക്കുന്നവരുടെ കയ്യിലെ ചെലവാക്കാവുന്ന പണത്തിന്റെ അളവ് വർധിപ്പിക്കുകയും ചെയ്യും. ഇതോടൊപ്പം ചെലവ് കുറഞ്ഞ ഭവന പദ്ധതികൾക്കുള്ള ഇളവുകളും ബാങ്ക് പലിശ നിരക്കിലെ കുറവും കൂടിയാകുന്നതോടെ ചെലവ് കുറഞ്ഞ ഭവന നിർമാണ രംഗത്തിന് വലിയ ഉത്തേജനം ലഭിക്കാൻ സാധ്യതയേറെയാണ്.

റിയൽ എസ്റ്റേറ്റ് മേഖലയിൽ വലിയ പരിവർത്തനങ്ങൾക്ക് വഴിയൊരുക്കുന്ന ബജറ്റാണ് ഇത്തവണത്തേത് എന്ന് തീർച്ചയായും പറയാനാവും. നികുതി വിധേയരകാണ്ടെതിനെക്കുറിച്ച് ജനങ്ങൾക്കിടയിൽ മികച്ച അവബോധം സൃഷ്ടിക്കാനും സർക്കാറിന് കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക സംരഭങ്ങളും നയ പരിഷ്കരണങ്ങളും സർക്കാർ പുരോഗമനാത്മകമായി തന്നെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ സദ്ഫലങ്ങൾ തീർച്ചയായും ഭാവിയിൽ ലഭിക്കും. ഡീമോണടൈസേഷന്റെ ഭാഗമായുണ്ടായത് ഒരു താൽക്കാലിക തിരിച്ചടി മാത്രമായിരുന്നു. സമ്പദ് വ്യവസ്ഥ തീർച്ചയായും തിരിച്ചുവരും. ഈ സാമ്പത്തിക വർഷത്തിന്റെ രണ്ടാംപാദത്തിൽ ചരക്ക് സേവന നികുതി നടപ്പിൽ വരുന്നതോടെയുണ്ടാകുന്ന നേട്ടങ്ങളിൽ പ്രതീക്ഷയോടെയാണ് നാം ഉറ്റുനോക്കുന്നത്.

ഈ അടിസ്ഥാനപരമായ പ്രതിബന്ധങ്ങളെയും അസ്വസ്ഥതകളെയും മറികടക്കുന്നത് വികസനപ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുകയും അത് വിപണിയെ കൂടുതൽ മെച്ചപ്പെട്ട സാമ്പത്തിക വിതരണത്തിലേക്ക് നയിക്കുകയും ചെയ്യും. സാമ്പത്തിക അനിശ്ചിതത്വവും മൂലധനച്ചെലവും ഗണ്യമായി കുറയുന്നതുകൊണ്ട് ഭൂവുടമകളുമായി ചേർന്നുള്ള പങ്കാളിത്ത, സംയുക്ത പദ്ധതികൾക്കാണ് നേരത്തേ തന്നെ ഡെവലപ്പർമാർ കൂടുതൽ താൽപര്യം പ്രകടിപ്പിച്ചിരുന്നത്. റിയൽ എസ്റ്റേറ്റ് മേഖലയിൽ നിന്ന് കള്ളപ്പണം പൂർണമായി ഇല്ലാതാക്കാൻ സർക്കാരും താൽപര്യപ്പെടുന്നതുകൊണ്ട് ഭൂമി ഇടപാടുകളിൽ പൂർണമായും ചെക്ക് പണമിടപാടുകൾ പ്രോത്സാഹിപ്പിക്കാൻ ഈ നടപടി കൂടുതൽ സഹായകരമാവും. കരുതലോടെയുള്ള ധനവിനിയോഗം, മൂലധനച്ചെലവിൽ ശ്രദ്ധ, ഉപഭോഗം, ഉത്പാദനക്ഷമത വർധിപ്പിക്കൽ എന്നവയ്ക്കൊപ്പം സന്തുലിതമായി പരിവർത്തിപ്പിക്കുക, ഊർജമേകുക, ശുചിയാക്കുക എന്നീ ലക്ഷ്യങ്ങൾ ബജറ്റിലെ 10 പ്രമേയങ്ങൾക്കുണ്ട്.

പല കാരണങ്ങളാലും ബജറ്റ് ലക്ഷ്യങ്ങളിലെ മുഖ്യ ആകർഷക ഘടകം ചെലവുകുറഞ്ഞ ഭവനനിർമാണം തന്നെയാണ്. ഇത്തരം ചെലവ് കുറഞ്ഞ ഭവന

ങ്ങൾക്ക് വാസ്തവത്തിൽ നമ്മുടെ നാട്ടിൽ ആവശ്യക്കാർ ഏറെയുണ്ട്. കാലങ്ങളായി സഫലീകരിക്കപ്പെടാതെ കിടക്കുകയായിരുന്നു അവരുടെ ഈ ആവശ്യം. നഗരങ്ങളിൽ 18.9 ദശലക്ഷം ഇത്തരം ഭവനങ്ങളുടെ കുറവ് നിലവിൽ തന്നെയുണ്ട്. ഇതിൽ 96 ശതമാനവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, കുറഞ്ഞവരുമാനക്കാരായ വിഭാഗങ്ങളാണ്. അതുകൊണ്ടുതന്നെ രാജ്യത്തിന്റെ സുസ്ഥിര വികസനത്തിനും എല്ലാവരെയും ഉൾക്കൊള്ളുന്ന സമഗ്ര വളർച്ചയ്ക്കും ഈ മേഖലയിൽ ശ്രദ്ധകേന്ദ്രീകരിക്കേണ്ടത് അത്യാവശ്യമായിരുന്നു.

നിക്ഷേപങ്ങൾക്ക് കെട്ടിടനിർമാതാക്കളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഈ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് അനുയോജ്യമായ തരത്തിൽ വിവിധ മേഖലകളുടെ വിശ്വാസം നേടിയിരിക്കുകയാണ് ബജറ്റിലെ ഇത്തരം സംരഭങ്ങൾ. കൂടുതൽ മൂലധനം ആകർഷിക്കുക, ചെലവ് കുറഞ്ഞ ധനസഹായം ലഭ്യമാക്കുക തുടങ്ങിയ അധിക ഗുണഫലങ്ങൾക്കൊപ്പമാണ് ചെലവ് കുഞ്ഞ ഭവന നിർമാണത്തിന് അടിസ്ഥാനസൗകര്യ പദവി നൽകിയത്. ഇത് കൂടാതെ 20000 കോടി രൂപയുടെ ഭവന വായ്പകൾ എൻ എച്ച് ബി പുനർവായ്പയായി നൽകുകയും ചെയ്യും. അനുബന്ധ സഹായമെന്നപോലെ പ്രഖ്യാപിച്ച നികുതി നിരക്ക് കുറയ്ക്കലും പലിശ നിരക്ക് അടുത്തകാലത്തായി കുറച്ചതും മേഖലയിൽ ഗുണപരമായ മാറ്റങ്ങളുണ്ടാക്കും.

നമ്മുടെ രാജ്യത്തെ യുവാക്കളുടെയും യുവതികളുടെയും എണ്ണം പരിഗണിക്കുമ്പോൾ ജനസംഖ്യാപരമായി ഇന്ത്യയ്ക്ക് ഇന്ന് വലിയ മേൽക്കൈ ഉണ്ട്. അതുകൊണ്ടുതന്നെ കാലത്തിനനുസൃതമായി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ഉചിത നടപടികൾ എടുക്കുന്നതിന് മറ്റെന്തിനേക്കാളും വലിയ പ്രാധാന്യമുണ്ട്. ഭവനനിർമാണ രംഗം ദീർഘമായ പിൻബന്ധങ്ങൾ ഉള്ളതും അതുവഴി പല മേഖലകളിൽ പലമടങ്ങ് സാമ്പത്തികപ്രവർത്തനങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ളതുമാണ്. എന്നാൽ അതോടൊപ്പം തന്നെ ഒട്ടേറെ തൊഴിലാളികളെ ആവശ്യമുള്ള, തൊഴിൽ സൃഷ്ടിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്ന ഒരു വ്യവസായം കൂടിയാണിത്. ഭവന നിർമാണ മേഖലയുടെ ഈ സവിശേഷത കൂടി ഇന്ത്യൻ യുവതയുടെ ആഗ്രഹാഭിലാഷങ്ങൾക്ക് അനുകൂലമായി പ്രവർത്തിക്കുകയും ഈ മേഖലയുടെ ജനസംഖ്യാപരമായ നേട്ടം തിരിച്ചറിയാൻ സഹായിക്കുകയും ചെയ്യും. അങ്ങനെ ശരിയായ ദിശയിലുള്ള ഒരു ചുവടുവെയ്പായി ഈ ബജറ്റ് മാറുമെന്ന് പ്രത്യാശിക്കാം.

*(ലേഖകൻ ന്യൂഡൽഹിയിലെ PHD ചേമ്പർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രിയിൽ ഡയറക്ടറാണ്.)*

## വിജ്ഞാന പാത

### ഒറ്റ വിക്ഷേപണത്തിൽ 104 ഉപഗ്രഹങ്ങൾ ഭ്രമണപഥത്തിൽ; ഐ എസ് ആർ ഒയ്ക്ക് ചരിത്രനേട്ടം

2017 ഫെബ്രുവരി 15 ന് നടന്ന വിക്ഷേപണത്തിൽ 104 ഉപഗ്രഹങ്ങളെ ഭ്രമണപഥത്തിൽ എത്തിക്കുകവഴി ഒറ്റ വിക്ഷേപണത്തിൽ ഏറ്റവുമധികം ഉപഗ്രഹങ്ങളെ ഭ്രമണപഥത്തിലെത്തിച്ചതിന്റെ റെക്കോഡ് ഐ.എസ്.ആർ.ഒ. സ്വന്തമാക്കി. ഇതുവരെ ഈ റെക്കോഡ് റഷ്യയ്ക്കായിരുന്നു. 2014 ജൂണിൽ അവർ ഒറ്റ വിക്ഷേപണത്തിൽ 37 കൃത്രിമോപഗ്രഹങ്ങളെയാണ് ഭ്രമണപഥത്തിലെത്തിച്ചത്. ഇന്ത്യയുടെ വിക്ഷേപണ വാഹനമായ പി എസ് എൽ വി സി –37 വാഹനം ഭ്രമണപഥത്തിലെത്തിച്ച 104 ഉപഗ്രഹങ്ങളിൽ ഇന്ത്യയുടെ തന്നെ കാർട്ടോസാറ്റ് സീരിസിലുള്ള ഉപഗ്രഹങ്ങളും നാനോ സാറ്റലെറ്റുകളായ ഐ.എൻ.എസ് – 1 A, ഐ.എൻ.എസ് – 1 B എന്നിവയും ഉൾപ്പെടുന്നു. അമേരിക്കയുടെതാണ് 96 സാറ്റലെറ്റുകളും. കൂടാതെ ഇസ്രേയേൽ, കസാഖിസ്താൻ, നെതർലാൻഡ്, യുഎഇ, സ്വിറ്റ്സർലാൻഡ്, എന്നീ രാജ്യങ്ങളുടെ സാറ്റലൈറ്റുകളും ഭ്രമണപഥത്തിലെത്തിവയിൽ ഉൾപ്പെടുന്നു. ഇതോടെ ഐ.എസ്.ആർ.ഒ യുടെ വിക്ഷേപണവാഹനങ്ങളുടെ വിശ്വാസയോഗ്യത ആഗോളതലത്തിൽ പ്രശംസയ്ക്ക് പാത്രമായിരിക്കുകയാണ്. ചിലവു കുറഞ്ഞതും വിശ്വസനീയവുമാണ് എന്നതിനാൽ കൂടുതൽ രാജ്യങ്ങൾ ഭാവിയിൽ ഇന്ത്യയെ കൂടുതലായി ആശ്രയിക്കുന്നതിന് ഈ വിക്ഷേപണം വഴിയൊരുക്കും.

# കൃഷി, ജലസേചനം, ക്ഷീരോത്പാദനം: ബജറ്റിലെ മുൻഗണനകൾ

**ലക്ഷ്മി ജോഷി, വി. പി അഹൂജ**

കാർഷിക മേഖലയുടെ വികസനത്തിനായി നിരവധി പ്രഖ്യാപനങ്ങളാണ് 2017 ലെ ബജറ്റിൽ നടത്തിയിട്ടുള്ളത്. ഇന്ത്യൻ കർഷകർക്ക് ആശ്വാസമേകാനും, ഉപഭോഗം വർധിപ്പിക്കാനും, കാർഷിക അനുബന്ധ മേഖലകളിൽ വളർച്ച പ്രോത്സാഹിപ്പിക്കാനും പര്യാപ്തമാണ് ഈ നടപടികളെല്ലാം തന്നെ.

ഉദ്യാനകൃഷി, ക്ഷീരോത്പാദന മേഖല തുടങ്ങിയവയ്ക്ക് വകയിരുത്തിയ തുക ഗണ്യമായി വർധിപ്പിച്ചുകൊണ്ട് പരസ്പരം ബന്ധപ്പെട്ട മേഖലകൾക്ക് വലിയ ഉത്തേജനമേകുന്നു എന്നതാണ് ഈ ബജറ്റിനെ വ്യതിരിക്തമാക്കുന്നത്. തീർച്ചയായും ഈ നടപടി ഭാവിയിൽ മികച്ച ഫലം ഉളവാക്കും.

വരൾച്ച മൂലം കുറഞ്ഞുപോയ 2015-16 ലെ രണ്ട് ശതമാന വളർച്ചാ നിരക്കിൽ നിന്ന് കാർഷിക മേഖല ഇക്കുറി 4.1 ശതമാനമെന്ന ആരോഗ്യകരമായ നില കൈവരിക്കുമെന്നാണ് കരുതപ്പെടുന്നത്. കാർഷിക വിപണിയുടെ നവീകരണത്തിന് ഏറെ ഉത്തേജനം നൽകുന്ന ഇത്തവണത്തെ ബജറ്റ് വിള ഇൻഷുറൻസിനുള്ള ധനസഹായം വർധിപ്പിക്കുകയും കാർഷിക വായ്പാ പരിധി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ക്ഷീരോത്പാദന മേഖലയുടെ വികനസനത്തിനും ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുമുള്ള പദ്ധതികൾ നടപ്പാക്കാൻ ഗ്രാമീണ  ബാങ്കായ നബാഡിനെ (കൃഷിക്കും ഗ്രാമവികസനത്തിനും വേണ്ടിയുള്ള ദേശീയ ബാങ്ക്) ബജറ്റിൽ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

കാർഷിക വളർച്ച ത്വരിതപ്പെടുത്തുന്നതിന് വായ്പാ മേഖലയ്ക്ക് 2017-18 ബജറ്റിൽ ഉയർന്ന മുൻഗണന ലഭിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തേക്കുള്ള നീക്കിവെയ്പ്പ് ലക്ഷ്യമിടുന്നത് 10 ലക്ഷം കോടിരൂപയാണ്. അതായത് ഒരു ലക്ഷം കോടിയുടെ ഗണ്യമായ വർധന. കാർഷിക മേഖലയിൽ വായ്പകൊടുക്കൽ വർധിപ്പിക്കാൻ ഇടയുള്ള സ്വാഗതാർഹമായ ഒരു നടപടിയാണിത്.

കർഷകരുടെ വരുമാനം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇരട്ടിയാക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ രണ്ട് വർഷത്തിനിടെ സർക്കാർ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. പ്രധാനമന്ത്രി കൃഷി സിൻചായ് യോജന(PMKSY), പ്രധാനമന്ത്രി ഫസൽ ഭീമ യോജന (PMFBY), കാർഷിക ഉത്പന്നങ്ങൾക്കായി ദേശീയ ഇലക്ട്രോണിക് കാർഷിക വിപണി (e-NAM)എന്നിവ അവയിൽ ചിലതാണ്. സൂക്ഷ്മ ജലസേചനത്തിന് മാത്രമായി നബാർഡിൽ 5000 കോടിയുടെ ഫണ്ട് തുടങ്ങാൻ 2017-18 ബജറ്റിലും നിർദ്ദേശമുണ്ട്. രാജ്യത്ത് കാർഷികോത്പാദനം നടക്കുന്ന ആകെ 141 ദശലക്ഷം ഹെക്ടറിൽ 54 ശതമാനത്തിലധികം പ്രദേശത്തും ജലസേചനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ല എന്ന വസ്തുത പരിഗണിക്കുമ്പോൾ ഇത് സ്വാഗതാർഹമായ നടപടിയാണ്.

കാർഷിക ഉത്പന്നങ്ങളുടെ വൃത്തിയാക്കൽ, തരംതിരിക്കൽ, പാക്ക് ചെയ്യൽ തുടങ്ങിയവയ്ക്കുള്ള സൗകര്യങ്ങളൊരുക്കുന്നതിന് ഓരോ e-NAM (Electronic National Agriculture Market) വിപണിയ്ക്കും 75 ലക്ഷം രൂപ വരെ ധനസഹായം നൽകിക്കൊണ്ട് നിലവിലുള്ള 250 വിപണികളിൽ നിന്നും 585 കാർഷികോത്പന്ന വിപണന സമിതികളിലേക്ക് (APMC) ദേശീയ ഇലക്ട്രോണിക് കാർഷിക വിപണിയെ (e-NAM) വിപുലീകരിക്കാനും ബജറ്റിൽ നിർദേശിച്ചിട്ടുണ്ട്. ഉത്പന്നങ്ങൾക്ക് മൂല്യവർധനവ് നൽകുന്നതിലൂടെ ഈ നീക്കം കർഷകർക്ക് ഗുണപ്രദമാവും എന്നാണ് കരുതപ്പെടുന്നത്.

കാർഷിക സംസ്കരണ യൂണിറ്റുകളുമായി ചേർന്ന് പച്ചക്കറികളും പഴങ്ങളും കൃഷി ചെയ്യുന്ന കർഷകർക്ക് മികച്ച വില ലഭിക്കുന്നത് ഉറപ്പുവരുത്താനും വിളവെടുപ്പിന് ശേഷമുള്ള നഷ്ടം കുറയ്ക്കാനും അവരെ ഒരുമിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാൻ കരാർ കൃഷി സമ്പ്രദായത്തിന് ഒരു മാതൃകാ നിയമം തയ്യാറാക്കാനും അത് സംസ്ഥാനങ്ങൾക്കിടയിൽ വിതരണം ചെയ്യാനും ബജറ്റ് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇടനിലക്കാരുടെ പിടിയിൽ നിന്ന് കർഷകരെ രക്ഷിക്കാനും തങ്ങളുടെ ഉത്പന്നങ്ങളെ സ്വയം വിൽക്കാൻ അവരെ അനുവദിക്കാനും എ. പി. എം. സികളിൽ നിന്ന് വേഗം കേടുവരുന്നവയെ പട്ടികയിൽ നിന്ന് ഒഴിവാക്കാനും സം


സ്ഥാനങ്ങളെ ബജറ്റ് പ്രേരിപ്പിക്കുന്നുണ്ട്.

2016 ലെ ഖാരിഫ് സീസണിൽ ആരംഭിച്ച PMFBY പദ്ധതി അതിന്റെ ആദ്യ സീസണിൽ തന്നെ മികച്ച പുരോഗതി നേടിയിട്ടുണ്ട്. 366.64 ലക്ഷം കർഷകർക്ക് (മൊത്തം കർഷകരുടെ 26.50 ശതമാനം വരും ഇത്) ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. 2016-17 ലെ ഖാരിഫ്, റാബി സീസണുകളിലെ 30 ശതമാനം കർഷകരെന്ന ലക്ഷ്യത്തെ മറികടക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. സർക്കാരിന്റെ മുഖ്യ വിള ഇൻഷുറൻസ് പദ്ധതി എന്ന നിലയിൽ PMFBYക്ക് 2016-17 ലെ 5500 കോടിയിൽ നിന്ന് 2017-18 ൽ 9000 കോടിയെന്ന ഗണ്യമായ വർധന ബജറ്റിൽ നൽകിയിട്ടുണ്ട്. 40 ശതമാനം വിളവെടുപ്പ് മേഖലയെ ബജറ്റ് വർഷമായ 2017-18 ൽ PMFBY വിള ഇൻഷുറൻസിന് കീഴിൽ കൊണ്ടുവരുകയും അടുത്തവർഷം (2018-19) അത് 50 ശതമാനമാക്കി ഉയർത്തുകയുമാണ് സർക്കാർ ലക്ഷ്യം.

രാജ്യത്തെമ്പാടുമുള്ള 648 കൃഷി വിജ്ഞാൻ കേന്ദ്രങ്ങളിൽ(കാർഷിക ഗവേഷണ സ്ഥാപനങ്ങൾ) മണ്ണ് പരിശോധനയ്ക്കുള്ള മിനി ലാബുകൾ ഒരുക്കി 2015 ൽ ആരംഭിച്ച സോയിൽ ഹെൽത്ത് കാർഡ് പദ്ധതി(മണ്ണ് പരിശോധിച്ച് ഫലം രേഖപ്പെടുത്തി കാർഡ് നൽകുന്ന പദ്ധതി) കൂടുതൽ ശക്തിപ്പെടുത്തും. ഇത് കൂടാതെ, സർക്കാർ സഹായത്തോടെ യോഗ്യരായ പ്രാദേശിക സംരംഭകരെ ഉപയോഗപ്പെടുത്തി 1000 മിനി ലാബുകളും ഒരുക്കും.

അടുത്തകാലത്ത് പാസാക്കിയ ചരക്ക് സേവന നികുതി നിയമവും (ജി. എസ്. ടി.) ഇന്ത്യയിലെ കാർഷിക, ഭക്ഷ്യ മേഖലകളിൽ വലിയ സ്വാധീനമുണ്ടാക്കാനിടയുണ്ട്. കേന്ദ്ര, സംസ്ഥാന സർക്കാറുകൾ ഈടാക്കുന്ന പ്രത്യക്ഷവും പരോക്ഷവുമായി ഒട്ടേറെ നികുതികൾ ഈ രണ്ട് മേഖലകളിലും ഇപ്പോഴും സജീവമായിട്ടുണ്ട് എന്ന വസ്തുത പരിഗണിക്കുമ്പോൾ പ്രത്യേകിച്ചും.

മികച്ച വില ലഭിക്കാനും വിളവെടുപ്പിന് ശേഷമുള്ള നഷ്ടം കുറയ്ക്കാനും കാർഷിക സംസ്കരണ യൂണിറ്റുകളുമായി ചേർന്ന് പച്ചക്കറികളും പഴങ്ങളും കൃഷി ചെയ്യുന്ന കർഷകരെ ഒന്നിപ്പിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇപ്പോൾ തന്നെ ആദ്യ ഘട്ടമെന്ന നിലയിൽ 10 സംസ്ഥാനങ്ങളിലെ 259 മണ്ഡികളെ( വിപണികൾ) ദേശീയ ഇലക്ട്രോണിക് കാർഷിക വിപണിയിൽ (e-NAM) ഒന്നിച്ചുചേർത്തിട്ടുണ്ട്. ഇതുവഴി 421 കോടി രൂപയുടെ കാർഷികോത്പന്നങ്ങൾ കച്ചവടം ചെയ്യപ്പെടുകയുണ്ടായി. ഇതിലേക്ക് കൂടുതൽ കർഷകർ കടന്നുവരുന്നത് പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ e-NAM പ്ലാറ്റ്ഫോമിൽ കച്ചവടം ചെയ്യപ്പെടുന്ന ചരക്കുകളുടെ വിലവിവരങ്ങൾ ലഭ്യമാക്കാനായി ഒരു മൊബൈൽ ആപ്പും ലോഞ്ച് ചെയ്തിരുന്നു. പഴങ്ങളും പച്ചക്കറികളും അടക്കം 69 ഓളം കാർഷിക, ഉദ്യാന ഉത്പന്നങ്ങളെ e-NAM പ്ലാറ്റ്ഫോമിൽ കച്ചവടത്തിനുള്ള ചരക്കുകളിൽ ഉൾപ്പെടുത്തിയിരുന്നു. ഈ മണ്ഡികളെ (പച്ചക്കറി ചന്തകളെ) ഇലക്ട്രോണിക് വിപണി വഴി ഇത്തരത്തിൽ ഏകീകരിക്കുന്നതും കർഷകരുടെ വരുമാനം വർധിപ്പിക്കാൻ സഹായിക്കും.




**e- National Agriculture Market (NAM)**

നബാഡിന് കീഴിൽ സ്ഥാപിക്കപ്പെടുന്ന ക്ഷീരോത്പന്ന, അടിസ്ഥാനസൗകര്യ വികസന ഫണ്ട് എന്ന പുതിയ സഹായ നിധിയുടെ മുഖ്യവിഹിതമായി 2000 കോടി രൂപയാണ് ബജറ്റിൽ നീക്കിവെച്ചിരിക്കുന്നത്. ക്ഷീരോത്പാദനവും കന്നുകാലി വളർത്തലും കർഷകർക്ക് അധിക വരുമാനം നൽകുന്നതോടൊപ്പം ക്ഷീരോത്പാദന മേഖലയുടെ മാത്രം വികസനത്തിനായി ഒരു സഹായനിധി സ്ഥാപിക്കുന്നത് കർഷകരുടെ ജീവിതം ഗുണപരമായ രീതിയിൽ മാറ്റിമറിക്കാൻ ഉതകുന്നതാണ്. അതേസമയം തന്നെ, ഇത് രാജ്യത്തെ മൊത്തം കാർഷിക ഉത്പന്നങ്ങളിൽ പാലും പാലുത്പന്നങ്ങളും നൽകുന്ന പങ്ക് വളരെയധികം വർധിപ്പിക്കുകയും ചെയ്യും. പാക്ക് ചെയ്ത പാലിനും പാലുത്പന്നങ്ങൾക്കും വർധിച്ചുവരുന്ന ആവശ്യം തിരിച്ചറിഞ്ഞ് ക്ഷീരോത്പാദക സഹകരണ സംഘങ്ങളും മറ്റ് പാലുത്പാദക കമ്പനികളും പാലും പാലുത്പന്നങ്ങളും സംഭരിക്കുന്നതിനും വിൽക്കുന്നതിനുമുള്ള കോൾഡ് ചെയിൻ സൗകര്യം ഏർപ്പെടുന്നതിലേക്കായുള്ള നിക്ഷേപം വർധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ക്ഷീരോത്പാദനമേഖലയിൽ മികച്ച ഹ്രസ്വ, മധ്യകാല വളർച്ച പ്രകടമാണ് എന്നതുകൊണ്ടു തന്നെ പാലിനും പാലുത്പന്നങ്ങൾക്കും ആവശ്യകത വർധിച്ചുകൊണ്ടിരിക്കുന്ന ഈ പ്രവണത ഭാവിയിലും തുടരാനാണ് സാധ്യത.

*(ലേഖകർ യഥാക്രമം ന്യൂഡൽഹിയിലെ നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് എക്കണോമിക് റിസർച്ചി(NCAER)ൽ അസോസിയേറ്റ് പ്രൊഫസറും കേന്ദ്ര കൃഷിമന്ത്രാലയത്തിലെ മുൻ ധനകാര്യ ഉപദേഷ്ടാവുമാണ്.)*




# യുവതലമുറയ്ക്കായി ബജറ്റിലെ പ്രതീക്ഷകൾ

ഡോ. എസ് എസ് മൻതാ

**2**016-ൽ ഐക്യരാഷ്ട്ര സഭ പ്രസിദ്ധീകരിച്ച ആഗോള ജനസംഖ്യാ റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിലെ ജന സംഖ്യ 130 കോടിയാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രണ്ടാമത്തെ രാജ്യം. പ്രതിവർഷ ജനസംഖ്യാ വളർച്ചയായ 1.2 ശതമാനത്തിൽ തുടരുമെങ്കിൽ 2022-ഓടെ ഇന്ത്യയിലെ ജനസംഖ്യ ചൈനയേയും മറികടന്ന് 150 കോടിയിലെത്തുമെന്നും റിപ്പോർട്ടു പറയുന്നു. എങ്കിൽ ലോകത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഏറ്റവും വലിയ ജനാധിപത്യ രാജ്യമാകും ഇന്ത്യ.

ഇപ്പോൾ ഇന്ത്യയിലെ ജനസംഖ്യയുടെ 60 ശതമാനത്തോളം 35 വയസിനു താഴെയുള്ളവരാണ്. 2020-ഓടെ ഇന്ത്യയുടെ ജനസംഖ്യയുടെ ശരാശരി പ്രായം 29 വയസായി കുറയും. ചൈനയിലിത് 37- ഉം ജപ്പാനിൽ 48- ഉം ആയിരിക്കും. 2020-നോട് അടുക്കുമ്പോൾ ഈ അക്കങ്ങളും വസ്തുതകളും കണക്കുകളും ഏറെ ഉത്കണ്ഠ ഉളവാക്കുന്നു. ഈ സ്ഥിതിവിശേഷത്തിന്റെ ഗൗരവത്തെ അല്ലെങ്കിൽ ആധിക്യത്തെ നേരിടാൻ നാം സജ്ജരാണോ? വളരുന്ന ഈ രാജ്യത്തിന് വിദ്യാഭ്യാസവും പ്രാവീണ്യവും തൊഴിലും നൽകുകയെന്ന വൻവെല്ലുവിളിയെ നേരിടുവാൻ വിശദമായ ആസൂത്രണവും വളരെ സൂക്ഷ്മമായ സമീപനവും വേണം. 2017 -ലെ കേന്ദ്ര ബജറ്റ് പ്രഖ്യാപനം ഇവയെല്ലാം മുന്നിൽ കണ്ടിട്ടുള്ളതാണ്.

ടെക് ഇന്ത്യ (ട്രാൻസ്ഫോം, എനർജൈസ്, ക്ലീൻ ഇന്ത്യ- TEC ഇന്ത്യ) എന്ന ഏറ്റവും യോജിച്ച പേരോടെ എത്തിയ ഈ ബജറ്റ് വളർച്ചാ സാഹചര്യങ്ങളുടേയും ജീവിതാവസ്ഥകളുടേയും മേന്മ ഉയർത്താൻ ലക്ഷ്യമിടുന്നു. നിരവധി വ്യത്യസ്തമായ വിഷയങ്ങളിലൂടെ ഈ വിശാല ദൗത്യം കൈവരിക്കുവാൻ ഈ ബജറ്റ് പ്രയത്നിക്കുന്നു. ഗ്രാമീണ ജനതയുടെ വികാസം, അടിസ്ഥാനസൗകര്യ നിർമാണം, തൊഴിൽ പദ്ധതികൾ, സുരക്ഷ, ചെലവുകുറഞ്ഞ ഭവനപദ്ധതി, ഡിജിറ്റൽ സമ്പദ്ഘടനയെ ശക്തമാക്കൽ, സുതാര്യത, ഉത്തരവാദിത്തം തുടങ്ങിയവയ്ക്ക് ബജറ്റിൽ പ്രാധാന്യം നൽകിയിരിക്കുന്നത് ഏറെ ശ്രദ്ധേയമാണ്.

ഗ്രാമീണ ഇന്ത്യയ്ക്ക് ഇന്ന് മൂന്നു പ്രധാന ഉത്കണ്ഠകളാണുള്ളത്:- പരിമിതമായ പ്രാപ്യത, പരിമിതമായ വിഭവങ്ങൾ, ഉടച്ചുവാർക്കാനാകാത്തവിധം ഉറച്ചുപോയ ചില ആശയങ്ങൾ, എന്നിവയാണ് അവ. ഇത്തരം സാഹചര്യങ്ങളിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് വിദ്യാഭ്യാസമാണ്. അമേരിക്കൻ എഴുത്തുകാരനായ ആൽവിൻ ടോഫ്ളർ പറയുന്നു-" നിങ്ങളെ സമൂഹത്തിന്റെ വികസന കാര്യങ്ങളിൽ ഇപ്പോൾ ആവശ്യമില്ലായെന്നും വളരെ അകലെ ഭാവിയിൽ, നിങ്ങൾ നിയന്ത്രണം ഏറ്റെടുക്കുന്നതുവരെ സമൂഹം സ്വയം ശാന്തമായി മുന്നോട്ടു പൊയ്ക്കോള്ളുമെന്നുമാണ് ഇന്നത്തെ യുവജനങ്ങൾക്ക് അവരുടെ ചുറ്റുമുള്ള സമൂഹം നൽകുന്ന രഹസ്യസന്ദേശം. എന്നാൽ, സമൂഹം സ്വയം മുന്നോട്ടു പോവുകയില്ലായെന്നതാണ് വസ്തുത. കാരണം, വളരെ ചെറുപ്പമായവരുടെപോലും പൂർണ പങ്കാളിത്തം ഇല്ലാതെ, സമൂഹം അവരുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണുവാൻ ശ്രമിക്കുന്നത് ബുദ്ധിശൂന്യതയും സ്വയം

അധിക ഭാരം ചുമത്തലുമാണ്."

അതിനാൽ വിദ്യാഭ്യാസത്തിനു വലിയൊരു പങ്കു വഹിക്കാനുണ്ട്. ഇത് സംവേദനത്തേയും അവബോധത്തേയും ശുദ്ധീകരിക്കും. സോഷ്യലിസം, മതേതരത്തം, ജനാധിപത്യം തുടങ്ങിയ മൂല്യങ്ങളിൽ അധിഷ്ഠിതമായ, സ്വതന്ത്രമായ മനസും മനോഭാവവും ഇതിൽ നിന്നാണുണ്ടാകുന്നത്. ഇത് സമ്പദ്ഘടനയുടെ വിവിധ തലങ്ങളിൽ മനുഷ്യശേഷി വികസിപ്പിക്കുവാൻ ഇടയാക്കുന്നു. എല്ലാവർക്കും വിദ്യാഭ്യാസം എന്ന ദേശീയ നയത്തിൽ വിദ്യാഭ്യാസത്തിന്റെ സത്തയും പങ്കും എന്താണെന്ന് അടിവരയിട്ടു പറഞ്ഞിട്ടുണ്ട്. 2010-ൽ നടപ്പിലാക്കിയ വിദ്യാഭ്യാസത്തിനുള്ള അവകാശം ഈ ദിശയിലുള്ള പ്രധാനപ്പെട്ട ചുവടുവയ്പാണ്.

എന്നാൽ പുരോഗതിയെ തടസ്സപ്പെടുത്തുന്ന പല ഘടകങ്ങളും നിലവിലുണ്ട്. അവികസിത അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയാണ് അത്തരത്തിലുള്ള തടസങ്ങളിലൊന്ന്. നല്ല അധ്യാപകർ, പഠനോപകരണങ്ങൾ തുടങ്ങിയവയുടെ അപ്രാപ്യത, ദാരിദ്ര്യം, ബാലവേല, നിരക്ഷരത, ചെറുപ്പത്തിലെ പഠനമുപേക്ഷിക്കൽ തുടങ്ങിയവ ഗ്രാമങ്ങൾ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളാണ്. ഇവയെ നേരിടാനും പരിഹാരം കാണുവാനുമുള്ള വഴി പുതിയ സാങ്കേതികവിദ്യയിലധിഷ്ഠിതമായി സ്വീകരിക്കേണ്ടിയിരിക്കുന്നു.

ഏതാനും മിനിറ്റുകൾക്കുള്ളിൽ ഒരു കൃഷിപാടത്തെ പ്രായസം കൂടാതെ ക്ലാസ് റൂമാക്കി മാറ്റുവാൻ ഡിജിറ്റൽ ടെക്നോളജിക്കു സാധിക്കും. പണ്ട് നിലനിന്നിരുന്ന ഗുരുകുലങ്ങളിൽ കുട്ടികൾ പഠിച്ചിരുന്നത് സ്വന്തം വീട്ടിൽനിന്ന് അകന്നുനിന്നുകൊണ്ടായിരുന്നു. ഒരു ഡിജിറ്റൽ ഗുരുകുലം സ്ഥാപിച്ചാൽ അത് അതിശയങ്ങൾ സൃഷ്ടിക്കും. പുതിയ സംവിധാനത്തിൽ കുട്ടികൾക്കു കുടുംബത്തെ സഹായിച്ചുകൊണ്ട് എളുപ്പത്തിൽ പഠിക്കുവാൻ സാധിക്കും. വളരെ ചെറുപ്പത്തിൽ തന്നെ ജോലിയും ജീവിതവും എങ്ങനെ സന്തുലിതമായി കൊണ്ടുപോകുവാൻ കഴിയുമെന്ന് അവർ പഠിക്കും.

ഈ മാറ്റത്തിന്റെ വിശാലമായ പാത സൃഷ്ടിക്കുവാനായി ഗ്രാമങ്ങളിൽ വൈഫൈ ബെൽറ്റുകൾ സൃഷ്ടിക്കപ്പെടണം. ടെലിവിഷൻ, റേഡിയോ, കംപ്യൂട്ടർ തുടങ്ങിയവയെ പഠനത്തിനു സഹായകമായി ഉപയോഗപ്പെടുത്തണം. ടെക്നോളജിയിൽ അഭിരുചിയുള്ളവരെ ഇത്തരത്തിലുള്ള സംവിധാനങ്ങൾ നടപ്പാക്കുവാൻ ഏൽപ്പിക്കുന്നത് തീർച്ചയായും അതിനെ വിജയത്തിലേക്ക് നയിക്കും. പ്രൈമറി സ്കൂളിലെ എൻറോൾമെന്റ് 95 ശതമാനത്തിൽ കൂടുതലായിരിക്കേ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമാണ് ശ്രദ്ധിക്കപ്പെടാതെ പോകുന്നത്. പല സർക്കാർ സ്കൂളുകളും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതാണ്. മികച്ച സ്വകാര്യ സ്കൂളുകളിൽ പോലും നിലനിൽക്കുന്നത് വികലമായ പഠനരീതികളും കുട്ടികളിൽ നിന്നു സഹജമായി ഉയർന്നുവരേണ്ട നൂതനയുക്തികളെ നശിപ്പിക്കുന്ന പഠന രീതികളുമാണ്.

ഈ സ്ഥിതിവിശേഷത്തെ അംഗീകരിച്ചുകൊണ്ട് ഇത്തവണത്തെ ബജറ്റ് സ്കൂളുകളിലെ പഠനത്തെ അളക്കുന്നതിനുള്ള സംവിധാനം അവതരിപ്പിക്കുകയാണ്. പ്രാദേശികതലത്തിൽ നവീനരീതി പ്രോ ത്സാഹിപ്പിക്കുന്നതിനായി സെക്കൻഡറി എഡ്യൂക്കേഷ ൻ ഇന്നോവേഷൻ ഫണ്ട് ലഭ്യമാക്കിയിരിക്കുകയാണ്. ഇതുവഴി എല്ലാവർക്കും വിദ്യാഭ്യാസം, തുല്യത, ഗുണമേന്മ മെച്ചപ്പെടുത്തൽ എന്നിവ ഉറപ്പാക്കുവാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. ആദ്യഘട്ടത്തിൽ വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന 3,479 ജില്ലകളിൽ ഇതു നടപ്പിലാക്കുന്നത് ശരിയായ ദിശയിലുള്ള ചുവടുവയ്പ്പാണ്. ഇത് രാജ്യത്തെ എല്ലാ ജില്ലകളിലേക്കും വികസിപ്പിക്കേണ്ടത് ആവശ്യവുമാണ്.

ബർട്രൻഡ് റസൽ പറഞ്ഞപോലെ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷ നിറവേറ്റുന്നതിനുപകരം ഭൂതകാലത്തെ സംരക്ഷിക്കാനുള്ള ആഗ്രഹമാണ് നമ്മുടെ അധ്യാപകരും വിദ്യാഭ്യാസ വിചക്ഷണരും കാലങ്ങളായി കൊണ്ടുനടന്നത്. അതായിരുന്നു വിദ്യാഭ്യാസരംഗം നേരിട്ട മന്ദീകരണത്തിന് പ്രധാനകാരണം. അതിന് പരിഹാരമെന്നോണം വിദ്യാഭ്യാസരംഗത്തെ നവനിർമ്മാണത്തിന് ചാലകശക്തിയായി രൂപപ്പെട്ടവയാണ് യൂണിവേഴ്സിറ്റികൾ. സർവ്വകലാശാലകളിൽ വളരെ ഉത്സാഹത്തോടെയുള്ള പഠനാന്തരീക്ഷം സൃഷ്ടിക്കുകയും അതു നിലനിർത്തിപ്പോരുകയും ചെയ്തുപോന്നു. വളരെ സ്വതന്ത്രമായ സ്ഥാപനങ്ങളിലേ മികച്ച പഠനം സംഭവിക്കുകയുള്ളു; പല വിഷയങ്ങളിൽനിന്നുള്ള പഠനത്തിന്റെ പൂർണമായ പരപ്രവർത്തനത്തിലൂടെയേ മികച്ച അധ്യയനം സാധ്യമാവുകയുള്ളൂ. സ്വതന്ത്രകല മുതൽ സമൂഹ്യശാസ്ത്രം വരെ, അടിസ്ഥാന ശാസ്ത്രം മുതൽ പ്രായോഗിക ശാസ്ത്രം വരെ വൈവിധ്യമാർന്ന എല്ലാ വിഷയങ്ങളും യൂണിവേഴ്സിറ്റികളുടെ ബഹുമുഖ സവിശേഷതകളാണ്.

എന്നാൽ ഇന്ത്യയിൽ, ഗുണമേന്മയുള്ള നിലവാരത്തിന്റെ വിഘടനവും ഫണ്ടിന്റെ അപര്യാപ്തതയും യൂണിവേഴ്സിറ്റികളുടെ അഫിലിയേഷൻ സംവിധാനത്തെ വെറും യാന്ത്രികമാക്കിത്തീർത്തു. കൈകാര്യം ചെയ്യാൻ സാധിക്കാത്ത അനുപാതത്തിൽ അഫിലി

യേഷൻ സംവിധാനം വളർന്നു. പഠനവും അറിവു പങ്കിടലും എന്ന ലക്ഷ്യത്തിൽനിന്നു ഭരണതലത്തിലേക്കു യൂണിവേഴ്സിറ്റികളുടെ ശ്രദ്ധ മാറിപ്പോയി. പരീക്ഷയും ഫലം പ്രഖ്യാപിക്കലും മാത്രമായി മുഖ്യ വിഷയം ഒതുങ്ങി. വിഭവങ്ങളിലെ അസന്തുലിതാവസ്ഥയെക്കുറിച്ചു യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകൾ സംവദിക്കാറില്ലാതായി. മാനേജ്മെന്റ് കൗൺസിൽ, സിൻഡിക്കറ്റ്, അക്കാദമിക് കൗൺസിൽ തുടങ്ങിയ യൂണിവേഴ്സിറ്റിയുടെ ആന്തരിക ഘടന പൂർണമായും വിവിധ രാഷ്ട്രീയ ഗ്രൂപ്പുകളുടെ പിടിയിലായി. ചുരുക്കത്തിൽ യൂണിവേഴ്സിറ്റികളുടെ അടിസ്ഥാന തത്ത്വമായി കരുതുന്ന അക്കാദമിക് പ്രവർത്തനങ്ങൾക്കു നീക്കി വയ്ക്കുവാൻ അവർക്കു സമയമില്ലെന്നായിരിക്കുന്നു.

ഈ ദുര്യോഗത്തിൽന്നു ഇവയെ രക്ഷപ്പെടുത്താനുള്ള ഏക വഴി സ്ഥാപനങ്ങളുടെ സ്വയംഭരണമാണ്. യൂണിവേഴ്സിറ്റികളുടെ അക്കാദമിക് അന്തരീക്ഷം പുനസ്ഥാപിക്കണമെന്നും യൂണിവേഴ്സിറ്റി കാമ്പസുകളെ വിശ്വസിക്കണമെന്നും ചില നേതാക്കൾ ആഗ്രഹിക്കുന്നു. ഭരണപമായ കാര്യങ്ങളിൽ നിന്നും അക്കാദമിക് കാര്യങ്ങൾ വ്യത്യസ്തമായി നിൽക്കണമെന്നും അവർ കരുതുന്നു. തീർച്ചയായും യൂണിവേഴ്സിറ്റി നടത്തിക്കൊണ്ടുപോകുന്നതിനുള്ള നിയമത്തിലെ വകുപ്പുകളിൽ വലിയ മാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു. ഇക്കാര്യങ്ങളെ അംഗീകരിച്ചുകൊണ്ട് ഗവൺമെന്റ് നല്ല ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു പിന്തുണ നൽകിക്കൊണ്ട് ഭരണപരമായും അക്കാദമിക് പരമായും കൂടുതൽ സ്വയംഭരണം അവയ്ക്ക് ലഭ്യമാക്കുകയാണ്.

ദീർഘകാല പഠനം, വെർച്വൽ പഠനം അല്ലെങ്കിൽ ഹൈബ്രിഡ് പഠനം എന്നിവ ഇന്ന് ജീവിതത്തെ മാറ്റി മറിക്കുകയാണ്. ലോകത്തിലെ ഏറ്റവും മികച്ച യൂണിവേഴ്സിറ്റികളുടെ പാഠ്യവിഷയങ്ങൾ ഇന്ന് ഓൺലൈനായും ഓഫ്ലൈനായും ലഭ്യമാണ്. വിവരസാങ്കേതി കവിദ്യയുടെ സഹായത്തോടെ ഗവൺമെന്റ് 'സ്വയം' (SWAYAM) എന്ന പ്ലാറ്റ്ഫോം വികസിപ്പിച്ചെടുത്തിരിക്കുകയാണ്. മുന്നൂറ്റിയമ്പതോളം ഓൺലൈൻ കോഴ്സുകളോടെ ഇതു പുറത്തിറക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഇത്തരം കോഴ്സുകളിൽ പങ്കെടുക്കാൻ ഏതൊരാൾക്കും സാധിക്കും. മാത്രവുമല്ല ജീവിതം മുഴുവനും പഠിക്കുവാനുള്ള ഉദാരമായ അന്തരീക്ഷവും ലഭ്യമാക്കുന്നു.

ബദൽ ക്രമീകരണമെന്ന നിലയിൽ, ബജറ്റ് ദേശീയ ടെസ്റ്റിംഗ് ഏജൻസി (National Testing Agency) സ്ഥാപിക്കുവാൻ നിർദ്ദേശിക്കുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള എല്ലാ പ്രവേശന പരീക്ഷകളുടേയും നടത്തിപ്പ് ചുമതല ഈ സ്വയംഭരണ സ്വാശ്രയ സ്ഥാപനത്തിനായിരിക്കും. അപേക്ഷകൾ സ്വീകരിക്കൽ, പരീക്ഷാ നടത്തിപ്പ്, പരീക്ഷയിലെ പ്രകടനത്തെപ്പറ്റിയുള്ള കുട്ടികളുടെ ഉത്ക്കണ്ഠ പരിഹരിക്കാനുള്ള കൗൺസലിംഗ് സഹായം ഇവയ്ക്കെല്ലാം വേണ്ടിവരുന്ന പണച്ചെലവ് ഈ നടപടി ഗണ്യമായി കുറയ്ക്കും.

ഈ അവസ്ഥയിൽ, ഫ്രോൺഹോഫർ മാതൃക(Fraunhober Model)യിലുള്ള ( നമ്മുടെ കാര്യത്തിൽ പൊതു സ്വകാര്യ പങ്കാളിത്തം) വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ തീർച്ചയായും സ്വാഗതം ചെയ്യപ്പെടേണ്ടതാണ്. വ്യവസായങ്ങളുമായോ ഗവൺമെന്റ് പദ്ധതികളുമായോ ഉള്ള കരാറുകൾ വഴിയാണ് ഇത്തരം മാതൃകകളിലെ വരുമാനത്തിന്റെ 70 ശതമാനവും നേടുന്നത്. ശേഷിച്ച 30 ശതമാനം, 9:1 അനുപാതത്തിൽ കേന്ദ്ര,സംസ്ഥാന സർക്കാരുകളിൽനിന്നുള്ള ഗ്രാന്റാണ്. ഈ തുക ഗവേഷണത്തിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താം. ഈ ഫണ്ടിംഗ് മാതൃക കേന്ദ്ര സൊസൈറ്റിക്കു മാത്രമല്ല വ്യക്തിഗത ഇൻസ്റ്റിറ്റ്യൂട്ടുകളിലും ഉപയോഗിക്കാവുന്നതാണ്.

മാക്സ്പ്ലാങ്ക് ഇൻസ്റ്റിറ്റ്യൂട്ട് പോലെ ഇന്ത്യയിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ടിന് തുടക്കമിടാൻ നമുക്കിനിയും വളരെയധികം മുന്നോട്ടു പോകേണ്ടതുണ്ട്. പ്രാഥമിക ലക്ഷ്യമനുസരിച്ച്, മാക്സ് പ്ലാങ്ക് സൊസൈറ്റി അതിന്റെ 83 ഇൻസ്റ്റിറ്റ്യൂട്ടുകളിലേയും നാച്വറൽ, ലൈഫ്, സാമൂഹ്യശാസ്ത്രം, ആർട്ട്, ഹ്യൂമാനിറ്റീസ് മേഖലകളിലെ അടിസ്ഥാന ഗവേഷണത്തെ പിന്തുണയ്ക്കുന്നു. അതേസമയം ഈ സ്ഥാപനങ്ങൾ സ്വതന്ത്രമായും യൂണിവേഴ്സിറ്റികളുമായി അടുത്തു സഹകരിച്ചും പ്രവർത്തിക്കുകയും ചെയ്യുന്നു. അതോടൊപ്പം യൂണിവേഴ്സിറ്റി ഘടനയിൽ പല കാരണങ്ങൾകൊണ്ടും സാധ്യമല്ലാത്ത നവീന ഗവേഷണങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നു.

ഇന്ത്യയിലെ യുവതലമുറയെ സഹായിക്കുന്ന വിധത്തിൽ നിലനിൽപ്പുള്ള ഒരു ആവാസവ്യവസ്ഥ നമുക്കാവശ്യമുണ്ട്. അതോടൊപ്പം എല്ലാ വിഭാഗത്തിലുമുള്ള വ്യവസായങ്ങൾക്കും ഉതകുംവിധം രാജ്യാന്തരനിലവാരത്തിലുള്ള നൈപുണ്യം വികസിപ്പിച്ചെടുക്കേണ്ടതുമുണ്ട്. മൾട്ടി കോളർ (Rust, Blue, Gray, White) തൊഴിൽ ശക്തിയെ വികസിപ്പിച്ചെടുക്കുവാൻ സാധിക്കുന്ന വിധത്തിൽ നൈപുണ്യ പരിശീലനം നൽകുന്നതിനുള്ള കേന്ദ്രങ്ങളുടെ ശൃംഖല രാജ്യമൊ

ട്ടാകെ നമുക്കാവശ്യമുണ്ട്. ഇത് മൂല്യവർധിത ശൃംഖലയിൽ പങ്കാളികളാകാൻ തൊഴിൽ ശക്തിയെ പ്രാപ്തമാക്കും. ഇതു നമ്മെ ഈ ചർച്ചയുടെ അടുത്ത ഭാഗത്തേക്ക് എത്തിക്കുകയാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റേയും നൈപുണ്യ വികസന സ്ഥാപനങ്ങളുടേയും കൂടുതലായ ആവശ്യത്തെക്കുറിച്ചുള്ളതാണ് അടുത്ത ചർച്ച.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും പരിശീലനവും (VET) രാജ്യത്തെ പ്രാഥമിക വിദ്യാഭ്യാസരംഗത്തിലെ പ്രധാന തത്ത്വങ്ങളിലൊന്നാണ്. രാജ്യത്തിന്റെ മാറുന്ന ഇപ്പോഴത്തെ അന്തരീക്ഷത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അതിന്റെ പങ്ക് ഫലപ്രദമായി വഹിക്കുവാൻ സാധിക്കും. ഇന്ത്യയുടെ വലിയ ജനസംഖ്യയുടെ ഗുണഫലം അനുഭവിക്കുന്നതിനായി തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലേയും പരിശീലനത്തിലേയും മുഖ്യഘടകങ്ങളെ കാലോചിതമായും ക്രിയാത്മകമായും ഉദാരമായും പുനർനിർവചിക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റ് അടിയന്തിരമായി അംഗീകരിക്കേണ്ടിയിരിക്കുന്നു.

ഇത്തരത്തിലുള്ള നിരവധി ആശയങ്ങളെ അരക്കിട്ടുറപ്പിക്കുന്നതാണ് ബജറ്റ് നിർദ്ദേശങ്ങൾ. പ്രധാൻ മന്ത്രി കൗശൽ കേന്ദ്രങ്ങൾ രാജ്യത്തെ 600-ലധികം ജില്ലകളിലേക്കു വ്യാപിപ്പിക്കുകയാണ്. കൂടാതെ രാജ്യത്തൊട്ടാകെ 100 രാജ്യാന്തര നൈപുണ്യവികസന കേന്ദ്രങ്ങൾ സ്ഥാപിക്കാനും ബജറ്റ് നിർദ്ദേശിക്കുന്നു. ഇതിനു പുറമേ മൂന്നര കോടി യുവജനങ്ങൾക്ക് വിപണിക്കു യോജിച്ച പരിശീലനം നൽകുന്നതിനായി 'സ്കിൽ അക്വിസേഷൻ ആൻഡ് നോളഡ്ജ് അവയർനെസ് ഫോർ ലൈവ്‌ലിഹുഡ് പ്രമോഷൻ പ്രോഗ്രാം' ( SANKALP) നടപ്പാക്കാൻ 4000 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ചില വസ്തുതകൾ

- 2012-ൽ രാജ്യത്ത് ഏതാണ്ട് 47.41 കോടി തൊഴിലാളികളുണ്ടായിരുന്നു. ഇക്കാര്യത്തിൽ ചൈനയ്ക്കു തൊട്ടുപിന്നിലാണ് ഇന്ത്യയുടെ സ്ഥാനം.
- തൊഴിലാളികളിൽ 94 ശതമാനം പേരും വെൻഡർമാർ തുടങ്ങി വീട്ടിൽ ചെയ്യുന്ന ഡയമണ്ട് പോളിഷിംഗ് വരെയുള്ള അസംഘടതിമേഖലയിലാണ് ജോലി ചെയ്യുന്നത്. ഈ മേഖലയിൽ സാമൂഹ്യസുരക്ഷാ പദ്ധതികളോ മറ്റ് ആനുകൂല്യങ്ങളോ ഒന്നുമില്ല. ഗവൺമെന്റ്, പൊതുമേഖല സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നതാണ് സംഘടിത മേഖല.
- 2012-ലെ കണക്കുപ്രകാരം രാജ്യത്തെ തൊഴിൽ ശക്തിയിൽ 60 ശതമാനവും സ്വയം തൊഴിൽ ചെയ്യുന്നവരാണ്. അവരിൽ നല്ലൊരു പങ്കും ഇപ്പോഴും പാവപ്പെട്ടവരായിത്തന്നെ തുടരുന്നു.
- മുപ്പതു ശതമാനത്തോളം പേർ താത്കാലിക ജോലിക്കാരാണ്. പത്തു ശതമാനം പേർ മാത്രമേ സ്ഥിരം ജോലിക്കാരായിട്ടുള്ളു. ഇതിൽതന്നെ അഞ്ചിൽ രണ്ടും പൊതുമേഖലാ സ്ഥാപനങ്ങളിലാണ് ജോലി നോക്കുന്നത്.
- ലോകത്ത് ഏറ്റവും കുറഞ്ഞ ആളോഹരിവരുമാനവും ഉത്പാദനക്ഷമതയുമുള്ള രാജ്യമാണ് ഇന്ത്യ. ജപ്പാന്റെ ആളോഹരി വരുമാനം 30,000 ഡോളറും ശ്രീലങ്കയുടേത് 879 ഡോളറുമാണ്. എന്നാൽ ഇന്ത്യയുടേത് 433 ഡോളർ മാത്രവും. വികസിതരാജ്യങ്ങളിലെ ആളോഹരി വരുമാനത്തിന്റെ 7.5 ശതമാനം മാത്രമേയുള്ളൂ ഇന്ത്യയിലെ ആളോഹരിവരുമാനം. അടുത്ത അര നൂറ്റാണ്ടുകൊണ്ട് ഇത് 80 ശതമാനം കണ്ടുവർധിക്കേണ്ടതുണ്ടെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു.
- നമ്മുടെ ജനസംഖ്യയുടെ 55 ശതമാനത്തോളം കാർഷികമേഖലയെ ആശ്രയിച്ചാണ് കഴിയുന്നത്. എന്നാൽ ജിഡിപിയിൽ ഈ മേഖലയുടെ സംഭാവന ഓരോ വർഷവും കുറഞ്ഞുവരികയാണുതാനും. ഗ്രാമീണ മേഖലയിൽനിന്നു നഗരമേഖലയിലേക്കുള്ള കുടിയേറ്റം ഉണ്ടാക്കുന്ന പ്രശ്നങ്ങൾ ചെറുതല്ല.

ഈ സാഹചര്യത്തിൽ ഇത്തരം പ്രശ്നങ്ങളെ ഫലപ്രദമായി ഇല്ലാതാക്കുന്ന വിധത്തിൽ 'സങ്കൽപ്' മികച്ച രീതിയിൽ ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടതുണ്ട്. കൂടാതെ 2017-18-ലേക്കു പ്രഖ്യാപിച്ചിട്ടുള്ള സ്ട്രൈവ് ( സ്ട്രെംഗ്ത് സ്കിൽസ് ഫോർ ഇൻഡസ്ട്രിയൽ വാല്യു എൻഹാൻസ്മെന്റ്) ചെറുകിട, ഇടത്തരം വ്യവസായമേഖലയ്ക്കു അങ്ങേയറ്റം പ്രയോജനം കിട്ടുന്ന വിധത്തിൽ SANKALP മായി സംയോജിപ്പിച്ചു വേണം നടപ്പാക്കാൻ. ഈ പദ്ധതിക്കു 2,200 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ടെക്സ്റ്റൈൽ മേഖലയിലേതുപോലെ ലെതർ, ചെരുപ്പു വ്യവസായങ്ങളിൽ തൊഴിൽ സൃഷ്ടിക്കുന്നതിനു പ്രത്യേക പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ടൂറിസവും പ്രാദേശിക തൊഴിലും പ്രൊമോട്ടു ചെയ്യുകയെന്ന ലക്ഷ്യത്തോടെ 'ഇൻക്രെഡിബിൾ ഇന്ത്യ' പ്രചാരണ പരിപാടി ലോകമെങ്ങും നടത്താനുദ്ദേശിക്കുന്നതും ശ്രദ്ധേയമാണ്.

വികസിത രാജ്യങ്ങളിലെ ഭൂരിപക്ഷത്തിന്റെയും ജനസംഖ്യയിൽ നല്ലൊരു പങ്കും പ്രായമായവരാണ്.

അവർ തൊഴിൽ മേഖലയിൽനിന്നു പുറത്തേക്കു പോകുന്നതോടെ വലിയൊരു വിടവ് സംഭവിക്കുമെന്നാണ് വിലയിരുത്തൽ. ഈ വിടവ് നികത്തുന്നതിനുള്ള മത്സരത്തിലെ മുൻനിരക്കാർ ഇന്ത്യക്കാരായിരിക്കും. അടുത്തകാലത്തെ പത്രവാർത്തകൾ അനുസരിച്ച് വരുന്ന ഏതാനും വർഷങ്ങളിൽ ജപ്പാനിൽ ഇത് 80 ലക്ഷവും യുഎസിൽ 170 ലക്ഷവും യൂറോപ്യൻ ജനസംഖ്യയുടെ നാലു ശതമാനവുമായിരിക്കും ഈ വിടവെന്നാണ് കണക്ക്. ഇന്ത്യ ഇതവഗണിച്ചാൽ നമുക്കു നല്ലൊരു അവസരമാണ് നഷ്ടപ്പെടുക. ചൈനയുടേയും ശ്രീലങ്കയുടേയും ഉൾപ്പെടെ വളർന്നുകൊണ്ടിരിക്കുന്ന മറ്റു ഏഷ്യൻ സമ്പദ്ഘടനകൾക്ക് അത് വലിയ നേട്ടത്തിന് സാഹചര്യമൊരുക്കുകയും ചെയ്യും.

ഡിജിറ്റലൈസേഷന് പ്രധാനമന്ത്രി നരേന്ദ്ര മോദിയിൽനിന്നുണ്ടായിട്ടുള്ള പിന്തുണ യുവാക്കളിലും ഇന്ത്യയിൽ ബിസിനസ് ചെയ്യുന്നവരിലും നമ്മുടെ പൊതു സംവിധാനത്തിലും പോസിറ്റീവ് ഫലങ്ങളാണുളവാക്കുന്നത്. ഡിജിറ്റൽ സമ്പദ്ഘടനയെ പ്രോത്സാഹിപ്പിക്കുന്നതിനായി ചില ഗുണപരമായ പ്രഖ്യാപനങ്ങളും വകയിരുത്തലുകളും ബജറ്റിലുണ്ട്. ഭീം ആപ്, വ്യക്തികൾക്കുള്ള റഫറൽ ബോണസ് സ്കീം, വ്യാപാരികൾക്കുള്ള കാഷ്ബാക്ക് സ്കീം, ആധാർ പേ തുടങ്ങിയവ ഇത്തരത്തിൽ തുടങ്ങിവച്ചിട്ടുള്ള പദ്ധതികളാണ്. യുപിഐ, യുഎസ്എസ്ഡി, ആധാർപേ, ഐഎംപിഎസ്, ഡെബിറ്റ് കാർഡ് തുടങ്ങിയവയിലൂടെ 2017-18-ൽ 2,500 കോടി ഡിജിറ്റൽ ഇടപാടുകളാണ് ബജറ്റിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഗവൺമെന്റിലേക്കുള്ള എല്ലാ പേമെന്റുകളും ഡിജിറ്റൽ രൂപത്തിലായിരിക്കണമെന്നും നിർദ്ദേശിക്കുന്നു. ഇത് ഗവൺമെന്റ് തലത്തിൽ മാത്രമല്ല, സ്വകാര്യമേഖലയിലും സുതാര്യതയും ഉത്തരവാദിത്വവും കൊണ്ടുവരും. കൂടാതെ പുതിയ തൊഴിലവസരങ്ങളും നൈപുണ്യവികസനത്തിനുള്ള സാഹചര്യങ്ങളും സൃഷ്ടിക്കും.

നേരത്തെ സൂചിപ്പിച്ചതുപോലെ, മാക്സ് പ്ലാങ്ക് അല്ലെങ്കിൽ ഫ്രോൺഹോഫർ പോലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ നൽകുന്ന അവസരങ്ങൾ സംയോജിത ഇന്നോവേഷനും മേക്ക് ഇൻ ഇന്ത്യ/ സ്റ്റാർട്ട് അപ് ഇന്ത്യ ഇനീഷ്യേറ്റീവിനും ഏറെ സഹായകരമാണ്. പ്രതിരോധം, റെയിൽവേ, അടിസ്ഥാനസൗകര്യം തുടങ്ങി പല മേഖലകളിലും വൈവിധ്യമാർന്ന ഉത്പന്നസേവനങ്ങൾക്കു വഴി തെളിക്കുന്ന മേക്ക് ഇൻ ഇന്ത്യ ഹബ്ബ് ബജറ്റിലെ പ്രധാന ആകർഷകമാണ്.

ഔപചാരിക വിദ്യാഭ്യാസ സംവിധാനത്തിൽ നിന്നു തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സംവിധാനത്തിലേക്കും തൊഴിൽ വിപണിയിലേക്കും പ്രവേശിക്കുവാൻ അവസരമുണ്ടാക്കുന്ന തരത്തിൽ നമ്മുടെ സ്കൂളുകളിലും കോളേജുകളിലും നൈപുണ്യ പരിശീലനവും വിദ്യാഭ്യാസവും സംയോജിപ്പിക്കുന്നതിനുള്ള പദ്ധതികൾ കൂടുതലായി ബജറ്റിലുണ്ടാകുന്നതിനെ ഞാൻ വ്യക്തിപരമായി ഇഷ്ടപ്പെടുന്നു. ഗവൺമെന്റിന്റെ നൈപുണ്യ വികസന പരിപാടികളെല്ലാം സംയോജിപ്പിക്കുന്നതിനും അതിലെ നിക്ഷേപത്തിൽനിന്നു പരമാവധി ഫലം ലഭ്യമാക്കുന്നതിനുമായി ദേശീയ നൈപുണ്യ യൂണിവേഴ്സിറ്റി സ്ഥാപിക്കുവാനുമുള്ള നീക്കം നല്ല തുടക്കമാണ്.

BHIM

BHARAT INTERFACE FOR MONEY

യുവാക്കളുടെ ശാക്തീകരണം ലക്ഷ്യമാക്കി പല പദ്ധതികൾക്കും തുടക്കം കുറിക്കുമ്പോഴും ഒരു ആശങ്ക ഉയർന്നുവരുന്നുണ്ട്. വർഷാവർഷം വിദ്യാഭ്യാസത്തിനായി ചെലവഴിക്കുന്ന തുക പിന്നോട്ടു പോകുന്നു എന്നതാണ് അത്. ജിഡിപിയുമായി കണക്കാക്കുമ്പോൾ വിദ്യാഭ്യാസത്തിനുള്ള ചെലവഴിക്കൽ തുക 2012 മുതൽ ഗണ്യമായി കുറഞ്ഞുവരികയാണ്. അതേസമയം യുവാക്കളുടെ എണ്ണം വർധിക്കുകയും ചെയ്യുന്നു.

രാജ്യത്തെ പൗരന്മാർക്ക് നൈപുണ്യ വികസനത്തിനും വിദ്യാഭ്യാസത്തിനുമായി പുതിയ ചാർട്ടർ സൃഷ്ടിച്ചുകൊണ്ട്, അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ട്, വളരെ ശ്രദ്ധയോടെ അവരുടെ കർമ്മം നിറവേറ്റാൻ നിർബ്ബന്ധിച്ചുകൊണ്ട്, ഇന്ത്യയുടെ വളർച്ചയിലും ഭാവിയിലേക്കുമായും ഗവൺമെന്റ് പുതിയ അധ്യായം കുറിക്കുകയാണ് ഇത്തവണത്തെ ബജറ്റിലൂടെ. ഈ യുവശക്തിയെ മുന്നോട്ടുകൊണ്ടുപോകുവാൻ പൗരന്മാർ നിയമപരമായ സമ്പത്തു സൃഷ്ടിയിൽ പങ്കാളികളാകണം. അവർ ധാർമ്മികമായ ഉത്തരവാദിത്തങ്ങളെ മുറുകെപ്പിടിക്കണം. രാജ്യം വലിയ ശക്തിയാകുമ്പോൾ നമ്മുടെ ഉത്തരവാദിത്തങ്ങളും അപ്രകാരം വലുതാവുന്നു.

*(കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിനു കീഴിലെ AICTE (All India Council for Technical Education) യുടെ മുൻ ചെയർമാനായിരുന്നു ലേഖകൻ)*




# ആരോഗ്യ ബജറ്റ്: ലക്ഷ്യം ഗുണകരമായ വികസനം

രാജീവ് അഹൂജ

2017-18 ലെ കേന്ദ്രബജറ്റിൽ ആരോഗ്യ മേഖലയ്ക്ക് ലഭിച്ചിരിക്കുന്ന വിഹിതം 50,283 കോടി രൂപയാണ്. അതായത് കഴിഞ്ഞ ബജറ്റിനെ അപേക്ഷിച്ച് 27 ശതമാനം വർധന. 2016-17ലെ ബജറ്റിൽ ആരോഗ്യമേഖലയ്ക്കായി വകയിരുത്തിയിരുന്നത് 39,533 കോടിയായിരുന്നു. കഴിഞ്ഞ 15 വർഷത്തെ ബജറ്റുകൾ പരിശോധിച്ചാൽ അവയിൽ ആരോഗ്യ മേഖലയ്ക്ക് ഏറ്റവും കൂടുതൽ തുക അനുവദിച്ചിരിക്കുന്നത് ഈ ബജറ്റിലാണെന്നു കാണാം. ചികിത്സാ രംഗത്തെ ചെലവുകൾ അടുത്ത സാമ്പത്തിക വർഷത്തിലും വർധിക്കാനിടയില്ല എന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെ നോക്കുമ്പോഴും ബജറ്റ് വിഹിതം ആരോഗ്യകരമായ വളർച്ച തന്നെയാണ് കാണിക്കുന്നത്. കേന്ദ്ര ബജറ്റ് ആരോഗ്യ മേഖലയ്ക്ക് അനുവദിച്ചിരിക്കുന്ന തുകയും ചെലവുകളും പരസ്പരം വിലയിരുത്തുന്നത് കേന്ദ്രഗവൺമെന്റ് ആരോഗ്യ മേഖലയിൽ ചെയ്യുന്ന സേവനങ്ങളെ കൂടുതൽ അടുത്തു മനസിലാക്കാൻ സഹായിക്കും.

2004 -2005 മുതൽ 2017 -18 വരെയുള്ള കേന്ദ്ര ബജറ്റുകൾ പരിശോധിച്ചാൽ പ്രതിവർഷം ആരോഗ്യ മേഖലയ്ക്കായുള്ള ബജറ്റിലെ വിഹിതത്തിൽ കുറഞ്ഞത് 10 ശതമാനമെങ്കിലും വർധനവ് കാണാൻ സാധിക്കും. ഇതിന് അപവാദം 2013 -14 മുതൽ 2016 -17 വരെയുള്ള കാലയളവ് മാത്രം. ഈ മൂന്നു വർഷത്തിനുള്ളിലാണ് കേന്ദ്ര ഭരണ സംവിധാനത്തിൽ സാരമായ മാറ്റം ഉണ്ടായതും 14-ാം ധനകാര്യകമ്മീഷന്റെ ശുപാർശയെ തുടർന്ന് സംസ്ഥാനങ്ങൾക്കുള്ള നികുതിവിഹിതം വർധിപ്പിച്ചതും. ഇത് സംസ്ഥാനങ്ങളുടെ വിവിധ വികസന പ്രവർത്തനങ്ങൾ കൂടുതൽ സുഗമമാക്കുന്നതിനായിരുന്നു. ആരോഗ്യമേഖല അതിൽ ഒന്നായിരുന്നു. ആരോഗ്യ മേഖലയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം വർധിപ്പിച്ചത് മൂലം വളർച്ചാനിരക്ക് 2010 -11 മുതൽ 2015 -16 വരെ 10 ശതമാനത്തിലും താഴെയ്ക്കു പോയി. ഇപ്പോൾ ഇത് മെല്ലെ ഉയർന്നു തുടങ്ങിയിരിക്കുന്നു. 2016 -17 ലെ ആരോഗ്യ മേഖലയിലെ ചെലവുകൾ കൃത്യമായി ഇപ്പോൾ ലഭ്യമല്ലെങ്കിലും അത് 17 ശതമാനമായിരിക്കുമെന്നു പ്രതീക്ഷിക്കുന്നു. മറ്റൊരു പ്രധാന കാര്യം 2015-16 ൽ ആരോഗ്യ മേഖലയ്ക്കുള്ള വിഹിതം 15 ശതമാനം കുറവായിരുന്നിട്ടും ചെലവുകൾ 9 ശതമാനം വർധിക്കുകയായിരുന്നു എന്നതാണ്.

ഈ പശ്ചാത്തലത്തിലാണ് 2017-18 ലെ ബജറ്റ് വിഹിതത്തിൽ 27 ശതമാനത്തിന്റെ വർധന ബജറ്റ് ഉദ്ദേശിക്കുന്നതു പോലെ പദ്ധതികൾ നടന്നാൽ ഇത് ആരോഗ്യ മേഖലയിൽ വൻ കുതിപ്പിനു കാരണമാകും. ആരോഗ്യ മേഖലയിലെ ചെലവുകൾ ആരോഗ്യ ബജറ്റ് വിഹിതവുമായി ഒത്തു പോകുമെന്നു നാം വിശ്വസിക്കുന്നത് എന്തുകൊണ്ടാണ്? ബജറ്റ് വിനിയോഗ നിരക്കിൽ കഴിഞ്ഞ രണ്ടു വർഷമായി കാണുന്ന പുരോഗതിയാണ് ഈ ആത്മവിശ്വാസത്തിനു കാരണം.

| ബജറ്റ് വിനിയോഗ നിരക്ക് | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 |
|---|---|---|---|---|---|---|---|
| പരിഷ്കരിച്ച വിഹിതം | 99.6 | 92.9 | 84.9 | 82.6 | 81.5 | 105.0 | 103.7 |
| യഥാർഥ വിഹിതം | 97.2 | 85.0 | 80.9 | 80.7 | 81.9 | 105.7 | |

(സ്രോതസ്: വിവിധ വർഷങ്ങളിലെ കേന്ദ്ര ബജറ്റ് രേഖകൾ)

## ബജറ്റ് വിഹിതം: സൂക്ഷ്മ വീക്ഷണം

ബജറ്റിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുള്ള വിഹിതത്തെ കുറച്ചു കൂടി സൂക്ഷ്മമായി പരിശോധിക്കുമ്പോൾ വളരെ പ്രസക്തമായ ചില കാര്യങ്ങൾ മനസിലാക്കാനാവും.

• ആരോഗ്യമേഖലയ്ക്കുള്ള ആകെ വിഹിതത്തിന്റെ 54 ശതമാനവും സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുമായി കൈമാറിയിരിക്കുന്നു.

• പ്രധാന മന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന ഉൾപ്പെടെയുള്ള കേന്ദ്ര പദ്ധതികൾക്ക് 15 ശതമാനം മാത്രമാണ് ( എയിംസ്, മെഡിക്കൽ കോളേജ് തുടങ്ങിയ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും മറ്റും) തുക നീക്കി വച്ചിരിക്കുന്നത്.

ആരോഗ്യ മേഖല, മെഡിക്കൽ വിദ്യാഭ്യാസം എന്നിവയ്ക്ക് ആവശ്യമായ മനുഷ്യ വിഭവത്തിന് 3425 കോടി രൂപ നീക്കി വച്ചിരിക്കുന്നു. NHRM- 3100 കോടി, PMSSY -1525 കോടി എന്നിങ്ങനെയും വകയിരുത്തുന്നു. ഈ മൂന്നു വിഭാഗത്തിനും കൂടി മൊത്തം വിഹിതത്തിന്റെ 80 ശതമാനം നീക്കി വച്ചിരിക്കുന്നു.

• ആരോഗ്യ മേഖലയിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ക്ഷാമം പരിഹരിക്കുന്നതിന് ഗവൺമെന്റ് മുന്തിയ പരിഗണന നല്കിയിരിക്കുന്നു. ഇതിനായി മെഡിക്കൽ കോളേജുകളിൽ പ്രതിവർഷം 5000 പോസ്റ്റ് ഗ്രാജുവേറ്റ് സീറ്റുകൾ കൂടി അനുവദിക്കും. മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ മനുഷ്യവിഭവശേഷിക്കാണ് ബജറ്റിൽ കൂടുതൽ വിഹിതം അനുവദിച്ചിരിക്കുന്നത്.

• മൊത്തം വിഹിതത്തിന്റെ ഏകദേശം 45 ശതമാനം ആരോഗ്യ കുടുംബക്ഷേമ വകുപ്പിനാണ് അനുവദിച്ചിരിക്കുന്നത്. NHRMനെ ശക്തിപ്പെടുത്താൻ ബജറ്റിൽ നല്ലൊരു വിഹിതം മാറ്റിവച്ചിട്ടുണ്ട്.

• ബജറ്റിലെ ആരോഗ്യ മൂലധന ചെലവ് 3510 കോടിയായി ഉയർത്തിയിട്ടുണ്ട്. 2016 -17 ൽ ഇത് 1760 കോടിയായിരുന്നു. ഇത് മിക്കവാറും PMSSYയുടെ കീഴിലുള്ള ആശുപത്രികൾക്കാണ്.

**ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിനായുള്ള ബജറ്റ് വകയിരുത്തൽ**
**(തുക കോടി രൂപയിൽ)**

| | 2016-17 | 2017-18 | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| കേന്ദ്ര ചെലവ് | 3804 | 4731 | 927 | 24.4 |
| കേന്ദ്ര ഗവൺമെന്റ് പദ്ധതികൾ / പ്രോജക്ടുകൾ | 4789 | 6967 | 2178 | 45.5 |
| മറ്റു കേന്ദ്ര ചെലവുകൾ | 6607 | 7965 | 1358 | 20.6 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | 21862 | 27691 | 5829 | 26.7 |
| ദേശീയ ആരോഗ്യ ദൗത്യം | 20362 | 26691 | 6329 | 31.1 |
| ദേശീയ ആരോഗ്യ പരിരക്ഷാ പരിപാടി | 1500 | 1000 | -500 | -33.3 |
| പ്രധാൻ മന്ത്രി സ്വസ്ഥ്യ സുരക്ഷ യോജന | 2450 | 3975 | 1525 | 62.2 |
| നിയമാനുസൃത സ്ഥാപനങ്ങൾ | 100 | 171 | 71 | 71.0 |
| സ്വയം ഭരണ സ്ഥാപനങ്ങൾ | 5174 | 6088 | 914 | 17.7 |
| മറ്റുള്ളവ | 1333 | 1706 | 373 | 28.0 |
| ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം | 18087 | 21189 | 3102 | 17.2 |
| ദേശീയ നഗര ആരോഗ്യ ദൗത്യം | 950 | 752 | -198 | -20.8 |
| പ്രാദേശിക ആരോഗ്യ പരിപാടി | 725 | 725 | 0.0 | 0.0 |
| ആരോഗ്യ വിദ്യാഭ്യാസ മേഖല | 600 | 4025 | 3425 | 570.8 |
| മൊത്തം | **37062** | **47354** | **10292** | **27.8** |

(സ്രോതസ്: കേന്ദ്ര ബജറ്റ് 2017-18)

ബജറ്റിലെ ആരോഗ്യവിഹിതം 27 ശതമാനം വർധിപ്പിച്ചിട്ടും അത് പലരെയും തൃപ്തരാക്കിയിട്ടില്ല. കാരണം അവർ ഇതിൽ കൂടുതൽ പ്രതീക്ഷിച്ചിരുന്നു എന്നതാണ്. അതിന് അടിസ്ഥാനം എന്തായിരിക്കും? ഒന്ന് ഇന്ത്യ പതിവായി ആരോഗ്യമേഖലയ്ക്ക് വലിയ പരിഗണന നല്കാറില്ല എന്ന അനുഭവം. രണ്ട്, ദേശീയ ആരോഗ്യ പരിരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു പ്രഖ്യാപനവും നടത്തിയില്ല എന്നത്. മാത്രമല്ല, അടുത്തനാളിൽ പ്രഖ്യാപിച്ച മറ്റു പദ്ധതികൾക്കായി കുറെ പണം നീക്കിവയ്ക്കുകയും ചെയ്തിരിക്കുന്നു.

പൊതുജനാരോഗ്യത്തിനായി കുറച്ചുമാത്രം ചെലവഴിക്കുന്നതാണ് ഇന്ത്യയുടെ പതിവ്. ആരോഗ്യ മേഖലയ്ക്കായുള്ള ഗവൺമെന്റിന്റെ ചെലവ് 2014-15 ൽ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 1.3 ശതമാനം മാത്രാണ്. അതായത് ഗവൺമെന്റിന്റെ 2014-15 ലെ മൊത്തം ചെലവിന്റെ 4.8 ശതമാനം. ഇതര രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ കുറവാണ്. ആരോഗ്യമേഖലയിൽ 2013-14 ലെ ഗവൺമെന്റിന്റെ പ്രതിശീർഷ ചെലവ് വെറും 20 ഡോളറിലും താഴെമാത്രം. പിന്നിട്ട വർഷങ്ങൾ പരിശോധിച്ചാലും ആരോഗ്യമേഖലയിൽ ഗവൺമെന്റ് എന്നും പിന്നിലാണ്. അതുകൊണ്ട് ഒന്നു രണ്ടു ബജറ്റുകളിലൂടെ ഇതു തിരുത്താനാകും എന്നു കരുതാനാവില്ല. ആരോഗ്യമേഖലയ്ക്കായി ചെലവാക്കുന്നതിന്റെ മൂന്നിൽ ഒന്നുമാത്രമെ കേന്ദ്ര ഗവൺമെന്റ് നല്കുന്നുള്ളു, അതായത് ബാക്കി മൂന്നിൽ രണ്ടും സംസ്ഥാനങ്ങളാണ് ചെലവാക്കുന്നത്. അതിനാൽ ഇന്ത്യയിൽ പൊതുജനാരോഗ്യത്തിനായി വലിയ പങ്കു വഹിക്കുന്നത് സംസ്ഥാന ഗവൺമെന്റുകളാണ്. പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങളാണ് ആരോഗ്യ മേഖലയിൽ കൂടുതൽ തുക ചെലവാക്കേണ്ടത്.

സംസ്ഥാന തലത്തിൽ ആരോഗ്യ മേഖലയിൽ പണം മാത്രമല്ല പ്രശ്നം. ആരോഗ്യമേഖലയിൽ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കേണ്ടതും സംസ്ഥാനങ്ങളാണ്. ഇവ തമ്മിൽ ചില സംസ്ഥാനങ്ങളിൽ വലിയ വിടവുകൾ ഉണ്ട്. ഈ രണ്ടു ചക്രങ്ങളും ഒരുപോലെ ചലിച്ചാൽ മാത്രമേ ആരോഗ്യ മേഖല മുന്നോട്ടു നീങ്ങുകയുള്ളൂ. അതിനാൽ സംസ്ഥാനങ്ങൾ കൂടുതൽ പണം ചെലവാക്കിയാൽ മാത്രമേ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കാൻ സാധിക്കൂ. ആരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്തുക എന്നത് എളുപ്പമുള്ള കാര്യമല്ല. ഇതിന് ഓരോ സംസ്ഥാനത്തും രാഷ്ട്രീയ ഇച്ഛാശക്തിയും ശക്തമായ നേതൃത്വവും മികച്ച ദിശാബോധവും ഉണ്ടാകണം.

### ദേശീയ ആരോഗ്യ പരിരക്ഷാ പദ്ധതി

രാജ്യത്തെ ഏറ്റവും പാവപ്പെട്ടവർക്കു പോലും ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് നല്കുന്നതിനാണ് ഗവൺമെന്റ് പരിശ്രമിക്കുന്നത് എന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്തുകൊണ്ട് 2016 ലെ സ്വാതന്ത്ര്യദിനത്തിൽ നടത്തിയ പ്രഭാഷണത്തിൽ പ്രധാനമന്ത്രി സൂചിപ്പിക്കുകയുണ്ടായി. നേരത്തെ 2016 ലെ ബജറ്റ് പ്രസംഗത്തിൽ ധനമന്ത്രിയും ദേശീയ ആരോഗ്യപരിരക്ഷാ പദ്ധതി നടപ്പാക്കുന്ന കാര്യം ചൂണ്ടിക്കാട്ടിയിരുന്നു. ഈ പശ്ചാത്തലത്തിൽ 2017 -18 ലെ ബജറ്റിൽ ഗവൺമെന്റ് കൂടുതൽ പ്രഖ്യാപനങ്ങൾ നടത്തുമെന്നായിരുന്നു ജനം പ്രതീക്ഷിച്ചത്. പക്ഷെ ഇക്കാര്യത്തിൽ ധനമന്ത്രി ജനങ്ങളെ നിരാശരാക്കി. പദ്ധതി ഉപേക്ഷിച്ചിട്ടില്ല എന്നുമാത്രം പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു പക്ഷേ അഞ്ചു സംസ്ഥാനങ്ങളിലെ ആസന്നമായ തെരഞ്ഞെടുപ്പുകാരണം ജനപ്രിയ പ്രഖ്യാപനങ്ങൾ ധനമന്ത്രി ഒഴിവാക്കിയതുമാവാം. മറ്റൊരവസരത്തിൽ ഗവൺമെന്റ് ഇതു സംബന്ധിച്ച ജനകീയ പ്രഖ്യാപനങ്ങൾ നടത്തി കൂടായ്കയുമില്ല.

അതുപോലെ തന്നെ, പുതിയ പദ്ധതികൾക്കായി, ഉദാഹരണത്തിന് ഗർഭിണികളായ അമ്മമാർക്ക് 6000 രൂപ നല്കുന്ന പദ്ധതി, കുഷ്ഠം, അഞ്ചാം പനി, ക്ഷയം എന്നിവ പോലുള്ള രോഗങ്ങളുടെ നിർമ്മാർജ്ജനത്തിനായി വിവിധ പ്രതിരോധ കുത്തിവയ്പുകൾ എന്നിവയ്ക്ക് പണം അനുവദിച്ചതിലും വ്യക്തത വന്നിട്ടില്ല. കാരണം ഈ ലക്ഷ്യങ്ങൾ നേടുന്നത് സംസ്ഥാന ഗവൺമെന്റുകളാണ്. എന്നാൽ ഇവയ്ക്കുള്ള തുക കേന്ദ്ര ബജറ്റിൽ നിന്നാണോ എന്നു വ്യക്തമായിട്ടില്ല.

പ്രവര്‍ത്തന രൂപരേഖ തായ്യാറായിട്ടുണ്ടെങ്കില്‍ പണത്തിനുള്ള വ്യവസ്ഥയും കണ്ടെത്തിയിരിക്കണം.

രാജ്യമെമ്പാടുമുള്ള ആരോഗ്യ ഉപകേന്ദ്രങ്ങളെ ആരോഗ്യ ക്ഷേമ കേന്ദ്രങ്ങളാക്കി മാറ്റുമെന്ന് ധനമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. രാജ്യത്തെ ഒന്നരലക്ഷത്തോളം ആരോഗ്യ ഉപകേന്ദ്രങ്ങളെ ഇപ്രകാരം മാറ്റുന്നതിന് എന്നാല്‍ ഒരു സമയപരിധി പറഞ്ഞിട്ടില്ല. മാത്രവുമല്ല അതിനു പ്രത്യേകമായി പണവും അനുവദിച്ചിട്ടില്ല. ഒരു പക്ഷെ അടുത്ത ഏതാനും വര്‍ഷങ്ങള്‍ക്കുള്ളില്‍ ഈ ആശയം നടപ്പാക്കുമായിരിക്കും. ന്യായ വിലയ്ക്ക് ജീവന്‍ രക്ഷാ മരുന്നുകള്‍ ലഭ്യമാക്കുന്നതിന് രാജ്യത്തെ ഔഷധ, സൗന്ദര്യ വസ്തു നിയമം ഭേദഗതി ചെയ്യുമെന്ന് പ്രഖ്യാപനം ഉണ്ടായിരുന്നു. അതിനും ബജറ്റില്‍ ഒരു സൂചനയും കണ്ടില്ല. എന്നിരുന്നാലും മൊത്തത്തില്‍ കേന്ദ്ര ആരോഗ്യ ബജറ്റ് ഗുണകരമാണെന്ന് പറയാം. ഇപ്പോള്‍ എല്ലാ കണ്ണുകളും സംസ്ഥാന ബജറ്റുകളിലാണ്. ആരോഗ്യ മേഖലയ്ക്കായി ഇനി സംസ്ഥാനങ്ങള്‍ എന്തു പരിഗണനയാണ് നല്കാന്‍ പോകുന്നത് എന്നാണ് ജനം കാത്തിരിക്കുന്നത്.

*(വികസനാത്മക പത്രപ്രവര്‍ത്തകനായ ലേഖകന്‍ നേരത്തെ ലോകബാങ്കുമായി ബന്ധപ്പെട്ട് സേവനമനുഷ്ഠിച്ചിരുന്നു)*

## വിജ്ഞാന പാത

### പദ്മ പുരസ്കാരം-2017

2017 ജനുവരി 26 ന് പ്രഖ്യാപിച്ച പദ്മപുരസ്ക്കാര പട്ടികയില്‍ 75 പത്മശ്രീ പുരസ്കാരങ്ങളും 7 പത്മ ഭൂഷന്‍ പുരസ്കാരങ്ങളും 7 പത്മ വിഭൂഷന്‍ പുരസ്കാരങ്ങളുമാണ് ഉള്‍പ്പെട്ടിട്ടുള്ളത്. രാജ്യത്തെ പരമോന്നത സിവിലിയന്‍ പുരസ്ക്കാരമായ ഭാരതരത്നത്തിന് ഇത്തവണ ആരെയും പരിഗണിച്ചിട്ടില്ല. പത്മവിഭൂഷന്‍ പുരസ്ക്കാര പട്ടികയില്‍ മലയാളിയായ ഡോ.കെ.ജെ.യേശുദാസ് ഉള്‍പ്പെട്ടിട്ടുണ്ട്. പത്മശ്രീ പുരസ്ക്കാര പട്ടികയിലെ അഞ്ചുപേര്‍ മലയാളികളാണ്.

#### പദ്മവിഭൂഷന്‍ ജേതാക്കള്‍

| | | |
|---|---|---|
| 1. | ശരത്പവാര്‍ | (പൊതുകാര്യം) |
| 2. | മുരളിമനോഹര്‍ ജോഷി | (പൊതുകാര്യം) |
| 3. | പി.എ.സാങ്മ | (പൊതുകാര്യം (മരണാന്തര ബഹുമതി)) |
| 4. | സുന്ദര്‍ലാല്‍ പത്വ | (പൊതുകാര്യം (മരണാന്തര ബഹുമതി)) |
| 5. | കെ.ജെ.യേശുദാസ് | (കല-സംഗീതം) |
| 6. | സത്ഗുരു ജഗ്ഗി വാസുദേവ് | (ആത്മീയത) |
| 7. | ഉഡുപ്പി രാമചന്ദ്രറാവു | (ശാസ്ത്രം) |

#### പത്മശ്രീ- 2017 ജേതാക്കളിലെ മലയാളികള്‍

| | |
|---|---|
| 1. അക്കിത്തം അച്യുതന്‍ നമ്പൂതിരി | (സാഹിത്യം, വിദ്യാഭ്യാസം) |
| 2. ചേമഞ്ചേരി കുഞ്ഞിരാമന്‍ നായര്‍ | (കല) |
| 3. പി.ആര്‍. ശ്രീജേഷ് | (സ്പോര്‍ട്സ്) |
| 4. മീനാക്ഷി അമ്മ | (ആയോധന കല) |
| 5. പാറശ്ശാല ബി. പൊന്നമ്മാള്‍ | (കല) |



# ബജറ്റ് 2017-18 : ഹ്രസ്വ- ദീർഘകാല പരിഗണനകളുടെ സന്തുലനം

**ഡോ.ജോസ് സെബാസ്റ്റ്യൻ**

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെയും സമൂഹത്തെയും യാഥാർത്ഥ്യ ബോധത്തോടെ കാണുന്നവർക്ക് 2017-18 ലെ ബജറ്റ് പ്രതീക്ഷ നൽകുന്നതാണ്. ധനമന്ത്രി ശ്രീ. അരുൺ ജെയ്റ്റ്‌ലി അകപ്പെട്ടിരിക്കുന്ന ചക്രവ്യൂഹം കണക്കിലെടുത്താൽ ഇതിൽ കൂടുതൽ മെച്ചമായ ഒരു ബജറ്റ് അദ്ദേഹത്തിൽ നിന്നും പ്രതീക്ഷിക്കാനാവുമായിരുന്നില്ല എന്നതാണ് വസ്തുത. നോട്ടു പിൻവലിക്കലിനെ തുടർന്നുള്ള സാമ്പത്തിക തളർച്ചയുടെ ആഘാതം ഒരു വശത്ത്, നാളിതുവരെ ആഗോളവൽക്കരണത്തെക്കുറിച്ച് നിരന്തരം വായ്ത്താരി മുഴക്കിയിരുന്ന വികസിത രാജ്യങ്ങളെപ്പോലും സ്വന്തം സമ്പദ്‌വ്യവസ്ഥയെ സംരക്ഷിക്കാൻ നിർബ്ബന്ധിതമാക്കുന്ന ആഗോള സാമ്പത്തിക സാഹചര്യം മറുവശത്ത്. കൂനിന്മേൽ കുരുവെന്ന പോലെ 2017-18ൽ ദേശീയ വരുമാനത്തിന്റെ മൂന്നു ശതമാനം എന്ന ധനകമ്മിയെ സംബന്ധിച്ച സ്വയം വരിച്ച ലക്ഷ്യം (ഈ ലക്ഷ്യം 2016-17 ൽ 3.5% എന്ന നിലയിൽ എത്തിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു എന്നോർക്കണം.) - ധനമന്ത്രിയെ അലട്ടിയ പ്രധാന പ്രതിസന്ധികൾ ഇവയായിരുന്നു.

നോട്ടു പിൻവലിക്കലിനെ തുടർന്നുണ്ടായ സ്വകാര്യ വ്യക്തികളുടെ ചോദനത്തിലെ ഇടിവും സംരംഭകരുടെ സാമ്പത്തിക നിക്ഷേപത്തെ സംബന്ധിച്ചുള്ള ആത്മവിശ്വാസത്തിലുണ്ടായ കുറവും പരിഹരിക്കാൻ വൻതോതിൽ സർക്കാർ ചെലവുകൾ വർദ്ധിപ്പിക്കുക തന്നെ വേണം. ധനകമ്മിയെ സംബന്ധിച്ച ലക്ഷ്യം ഒന്നങ്ങ് അയച്ചുകൊടുത്താൽപ്പോരേ എന്ന് തോന്നാം. ധനമന്ത്രി പക്ഷെ അത്തരം കൈവിട്ട കളിക്കൊന്നും തയ്യാറല്ല. എങ്കിലും ഒരു ഒത്തുതീർപ്പെന്ന നിലയിൽ അത് 2017-18ൽ 3.2% ആയി അയവുവരുത്താൻ അദ്ദേഹം തയ്യാറായി.

മേൽപറഞ്ഞ പരിമിതികൾക്ക് ഉള്ളിൽനിന്ന് ധനമന്ത്രി അവതരിപ്പിച്ച ബജറ്റിൽ പക്ഷേ വ്യക്തമായ ഒരു ധനശാസ്ത്രയുക്തി സൂക്ഷ്മമായി പരിശോധിക്കുന്നവർക്ക് കണ്ടെത്താൻ കഴിയും. നോട്ട് പിൻവലിക്കലിനുശേഷം നഗര - ഗ്രാമ ഭേദമില്ലാതെ ജനങ്ങളുടെ ചോദനം കുറഞ്ഞു എന്ന കാര്യം അനിഷേധ്യമാണ്. ഇത് വ്യവസായികോത്പാദനത്തെ പിന്നോട്ടടിച്ചു. കയറ്റുമതിയെ ആശ്രയിച്ചുള്ള വ്യവസായ വളർച്ചയ്ക്ക് ആഗോള സാഹചര്യങ്ങൾ തടസ്സമാണ്. അങ്ങനെ വരുമ്പോൾ 'ഇന്ത്യയിൽ ഉല്പാദിപ്പിക്കാം' എന്ന മുദ്രാവാക്യത്തോടൊപ്പം ഇന്ത്യയിൽ വിപണനം ചെയ്യുക എന്ന മുദ്രാവാക്യം കൂടി മുന്നോട്ടു വയ്ക്കേണ്ട സ്ഥിതിയിലാണ് രാജ്യമിന്ന്. ഒന്നോർത്താൽ 125 കോടി ജനങ്ങളുള്ള ഈ രാജ്യം എത്രമാത്രം ബൃഹത്തായ വിപണിയാണ്? ഇന്ത്യയിലെ ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ ക്രിയാശേഷി വർദ്ധിച്ചാൽ അത് സൃഷ്ടിക്കുന്ന വ്യവസായ മുന്നേറ്റവും തൊഴിലവസരങ്ങളും സങ്കല്പിക്കാനാവുമല്ലോ? കഴിഞ്ഞ ബജറ്റിൽ ഗ്രാമീണ മേഖല

യ്ക്ക് കൊടുത്ത ഊന്നൽ ഈ ബജറ്റിൽ വർദ്ധിച്ച തോതിൽ തുടരുന്നു എന്നത് ഇന്ത്യയുടെ വ്യവസായവൽക്കരണത്തിൽ മേൽപറഞ്ഞ തന്ത്രത്തിന്റെ പ്രാധാന്യം ധനമന്ത്രി അംഗീകരിച്ചു എന്നതിന്റെ തെളിവാണ്.

ഒന്നോർത്താൽ ഇന്ത്യയ്ക്ക് മുൻപിൽ മറ്റൊരു മാർഗവുമില്ല എന്നു കാണാം. നഗര കേന്ദ്രകൃതമായ വികസന മാതൃക ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്കുള്ള വൻതോതിലുള്ള കുടിയേറ്റം പ്രോത്സാഹിപ്പിക്കുകയേയുള്ളൂ. ഇത് അപ്രവചനീയമായ പ്രശ്നങ്ങളുടെ ഭാണ്ഡം തുറന്നിടുകയാവും. നിലവിൽതന്നെ നമ്മുടെ നഗരങ്ങൾ വീർപ്പുമുട്ടുകയാണ്. ഗ്രാമീണ ജനങ്ങൾക്ക് തൊഴിലും വരുമാനവും ഉണ്ടാക്കികൊടുത്ത് അവരെ ഗ്രാമങ്ങളിൽ സന്തുഷ്ടരായി ജീവിക്കാൻ പ്രോത്സാഹിപ്പിക്കുക എന്നതുതന്നെയാണ് ഇവിടെ വേണ്ട പരിഹാരം.

ഇക്കാലമത്രയും ഈ ദിശയിലുള്ള ശ്രമങ്ങളല്ലേ നടത്തിക്കൊണ്ടിരിക്കുന്നത് എന്ന് ചോദിച്ചേക്കാം. ശരിതന്നെയാണ്, പക്ഷേ ഈ ശ്രമങ്ങൾക്ക് സമഗ്രതയുടെയും സംയോജനത്തിന്റെയും കുറവുണ്ടായിരുന്നു എന്ന് സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാവും. ഉദാഹരണമായി ഗ്രാമീണ മേഖലയിൽ കൃഷിക്ക് പ്രോത്സാഹനങ്ങൾ കൊടുത്തുവന്നു. പക്ഷേ കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനുമുള്ള സൗകര്യം പലയിടത്തുമുണ്ടായില്ല. വൈദ്യുതിയുടെ അഭാവമോ, ലഭ്യമായാൽ തന്നെ മോശമായ ഗുണനിലവാരം മൂലമോ ഇതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താനാവുമായിരുന്നില്ല. പലയിടങ്ങളിലും വൈദ്യുതിയുണ്ടെങ്കിലും ഗതാഗത യോഗ്യമായ റോഡുകളുടെ അഭാവമായിരിക്കും പരിമിതി. കാർഷികവായ്പയുടെ കാര്യത്തിലും ജലസേചനത്തിന്റെ കാര്യത്തിലുമൊക്കെ സമഗ്രതയുടെയും സംയോജനത്തിന്റെയും അഭാവം കുറേക്കാലമായി ഉണ്ടായിരുന്നു.

ഈ സ്ഥിതിക്ക് ശ്രദ്ധേയമായ ഒരു മാറ്റം കഴിഞ്ഞ ബജറ്റു മുതൽ കണ്ടുവരുന്നു എന്നത് എടുത്തു പറയേണ്ടതാണ്. 2022 – ആകുമ്പോഴേയ്ക്കും കർഷകരുടെ വരുമാനം ഇരട്ടിയാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള ആസൂത്രിതമായ ഒരു നീക്കമാണിത്. കൃഷിക്കും, ഗ്രാമീണ മേഖലയ്ക്കുമുള്ള മൊത്തം വകയിരുത്തൽ 1,87,233 കോടി രൂപയാണ്. കാർഷിക വായ്പാ ലക്ഷ്യം മാത്രം 10 ലക്ഷം കോടി രൂപയാണ്. വിള ഇൻഷുറൻസ് പദ്ധതി, മണ്ണിന്റെ ആരോഗ്യകാർഡ് പദ്ധതി, കാർഷികോൽപന്ന വിപണന പദ്ധതി എന്നിവയൊക്കെ വിപുലമാക്കാനും ശാക്തീകരിക്കാനും ബഡ്ജറ്റിൽ നിർദ്ദേശങ്ങളും വകയിരുത്തലുകളുമുണ്ട്. ക്ഷീര സംസ്കരണശഷി വർദ്ധിപ്പിക്കാൻ നബാർഡ് വഴിയുള്ള ധനസഹായം, പാൽ ഉൽപാദനം വർദ്ധിപ്പിക്കാനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും തീർച്ചയായും പ്രയോജനപ്പെടും.

ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ള ബജറ്റ് നിർദ്ദേശങ്ങൾ ഇതോട് ഒത്തുപോകുന്നതാണ്. 2018 വർഷത്തോടെ മുഴുവൻ ഗ്രാമങ്ങളും വൈദ്യുതീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഗ്രാമീണ റോഡുകളുടെ വികസനത്തിനായുള്ള പ്രധാനമന്ത്രിയുടെ പദ്ധതി(PMGSY)ക്ക് കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ ഗ്രാമീണ പാർപ്പിട നിർമാണ പദ്ധതി(PMGAY)യുടെ വകയിരുത്തൽ 2016–17 ൽ 15,000 കോടി ആയിരുന്നത് 2017–18 ൽ 23,000 കോടി ആയാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിൽ ദാന പദ്ധതി (MGNREGA)യിലൂടെ 5000 കുളങ്ങൾ നിർമ്മിക്കുക എന്ന പദ്ധതി ഗ്രാമീണ മേഖലയിൽ സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള ആദ്യ പടിയാണ്.

നോട്ടു പിൻവലിക്കലിന്റെ ദുരിതങ്ങൾ ക്ഷമയോടെ സഹിച്ച ഗ്രാമീണ ജനതയോട് ധനമന്ത്രി നീതി പുലർത്തി എന്ന് നിശ്ചയമായും പറയാം. ജൻധൻ അക്കൗണ്ട് വഴിയായി അവർക്ക് മാസംതോറും ഒരു നിശ്ചിത തുക എത്തിക്കുക കൂടി ചെയ്തിരുന്നെങ്കിൽ എന്ന് ആശിച്ചുപോകുന്നു.

ഇന്ത്യയിലെ കാർഷികരംഗത്തെ മുഴുവൻ സാദ്ധ്യതകളും പ്രയോജനപ്പെടുത്താൻ നമ്മുടെ ചെറു കിട ഇടത്തരം കർഷകർക്ക് കഴിയുന്ന കാലം വിദൂരമാണ്. ആധുനിക സാങ്കേതികവിദ്യ കാർഷികരംഗത്ത് പ്രയോഗിച്ച് ആയിരക്കണക്ക് ഏക്കർ ഭൂമിയിൽ വിളവിറക്കി മാത്രമേ ഇത് സാദ്ധ്യമാകൂ. ഇതിന് വൻ മുതൽ മുടക്കും സംഘാടകശേഷിയും ആവശ്യമുണ്ട്. നമ്മുടെ കോർപ്പറേറ്റ് മേഖല കാർഷിക രംഗത്തേക്ക് കടന്നു വരുന്നതിനുള്ള ഒരു പ്രധാന തടസം ഭൂമിയുടെ ഉപയോഗം സംബന്ധിച്ച സമഗ്രമായ നിയമങ്ങളുടെ അഭാവമാണ്. കരാർ കൃഷിയെ സംബന്ധിച്ച് ഒരു മാതൃകാനിയമം കൊണ്ടുവരുമെന്നുള്ള പ്രഖ്യാപനം ഇത്തരുണത്തിൽ അങ്ങേയറ്റം സ്വാഗതാർഹമാണ്.

### അടിസ്ഥാന സൗകര്യമേഖല

അടിസ്ഥാന സൗകര്യ മേഖലയിൽ 64,000 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് 2016–17 ലേതിനേക്കാൾ 24% കൂടുതൽ ആണ്. അടിസ്ഥാന സൗകര്യമേഖലയിലെ വകയിരുത്തൽ തൊഴിലവസരങ്ങൾ

വർദ്ധിപ്പിക്കുന്നതിനും സിമന്റ്, സ്റ്റീൽ തുടങ്ങിയ വ്യവസായങ്ങളുടെ വളർച്ചയ്ക്കും ഉത്തേജനം പകരും.

റെയിൽവേ ബജറ്റ് പൊതു ബജറ്റിന്റെ ഭാഗമാക്കിയുള്ള പരീക്ഷണത്തിന്റെ ആദ്യവർഷമാണിത്. റെയിൽവേ അടക്കമുള്ള ഗതാഗത മേഖലയുടെ മൊത്തം വകയിരുത്തൽ 2,41,387 കോടി രൂപയാണ്. പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് നിർമ്മാണപദ്ധതിയിലൂടെ പ്രതിദിനം 133 കി.മീറ്റർ റോഡ് നിർമ്മിക്കുക എന്നതാണ് പുതിയ ലക്ഷ്യം. നഗരങ്ങളിലെ ഗതാഗത പ്രശ്നത്തിനുള്ള പരിഹാരം കൂടുതൽ റോഡുകൾ നിർമ്മിക്കുകയോ നിലവിലുള്ളവയുടെ വീതി വർദ്ധിപ്പിക്കുകയോ അല്ല എന്ന് വ്യക്തമായിക്കഴിഞ്ഞു. ഈ പശ്ചാത്തലത്തിൽ വേണം പുതിയ മെട്രോ റെയിൽ നയ പ്രഖ്യാപനത്തെ കാണാൻ. മൊത്തത്തിൽ അടിസ്ഥാന സൗകര്യ മേഖലയിലെ വകയിരുത്തൽ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്ക് ആക്കംകൂട്ടുന്നതാണ്.

## വ്യവസായ മേഖല :

വ്യവസായ മേഖലയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമായിട്ടുള്ളത് നോട്ട് പിൻവലിക്കലിനു ശേഷമുണ്ടായിട്ടുള്ള ചോദനത്തിലെ കുറവ് പരിഹരിക്കുകയാണ്. തീർച്ചയായും കാർഷിക, ഗ്രാമീണ മേഖലകളിൽ കൂടുതൽ പൊതു വിഭവങ്ങൾ ഒഴുകിയെത്തുന്നതോടെ വ്യാവസായികോൽപാദനം വർദ്ധിക്കും. കോർപ്പറേറ്റ് മേഖല ഉറ്റുനോക്കിക്കൊണ്ടിരുന്ന നികുതി ഇളവ് ചെറുകിട ഇടത്തരം വ്യവസായങ്ങൾക്കായി പരിമിതപ്പെടുത്തുകയാണ് ധനമന്ത്രി ചെയ്തത്. 5% നികുതി ഇളവ് ഇന്ത്യയിലെ വ്യവസായ മേഖലയുടെ നല്ലൊരു ഭാഗം ഉൾപ്പെടുന്ന ചെറുകിട - ഇടത്തരം വ്യവസായങ്ങൾക്ക് നല്ലൊരു ഉത്തേജനം തന്നെയാണ്. പുതുസംരംഭങ്ങൾക്ക് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന നികുതി ഇളവുകൾ ഈ ബഡ്ജറ്റിൽ കൂടുതൽ ഉദാരമാക്കിയിട്ടുണ്ട്.

ഇങ്ങനെയൊക്കെ ആണെങ്കിലും പലകാരണങ്ങൾ കൊണ്ടും സ്വകാര്യ മേഖലയുടെ മുതൽമുടക്ക് മന്ദീഭവിച്ച നിലയിൽ തുടരുകയാണ്. കൂടുതൽ വിദേശ നിക്ഷേപം ആകർഷിക്കുകയാണ് ഇവിടെ വേണ്ട പരിഹാരം. വിദേശ നിക്ഷേപത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമായിട്ടുള്ളത് ബിസിനസ്സ് ചെയ്യാനുള്ള എളുപ്പം തന്നെയാണ്. നിർഭാഗ്യവശാൽ ഇക്കാര്യത്തിൽ നമ്മുടെ രാജ്യം വികസിത രാജ്യങ്ങൾ പോകട്ടെ, ചില ഏഷ്യൻ രാജ്യങ്ങളെക്കാളും പിന്നിലാണ്. വിദേശ നിക്ഷേപ പ്രോത്സാഹന ബോർഡുപോലുള്ള സംവിധാനങ്ങൾ കൂടുതൽ കാലതാമസത്തിനും ചുവപ്പു നാടയ്ക്കും വഴിവയ്ക്കുകയല്ലാതെ വിദേശ നിക്ഷേപകരെ സംബന്ധിച്ചിടത്തോളം കാര്യങ്ങൾ ഒട്ടും എളുപ്പമാക്കുന്നില്ല. വിദേശ നിക്ഷേപ അപേക്ഷകളൊക്കെ ഈ ഡിജിറ്റൽ യുഗത്തിൽ ക്ഷണത്തിൽ പരിശോധിച്ച് അനുമതിനല്കാമെന്നിരിക്കെ ഈ സംവിധാനം വേണ്ടെന്നുവയ്ക്കേണ്ടകാലം അതിക്രമിച്ചിരുന്നു. ഇത്തരുണത്തിൽ പുതിയ തീരുമാനമെടുത്ത ധനമന്ത്രി അഭിനന്ദനം അർഹിക്കുന്നു. തൊഴിൽ നിയമങ്ങൾ ലളിതവത്കരിക്കും എന്ന പ്രഖ്യാപനവും നടപ്പിൽ വരുത്തുകയാണെങ്കിൽ ബിസിനസ് ചെയ്യാനുള്ള അന്തരീക്ഷം മെച്ചപ്പെടും.

വ്യവസായ മേഖല ഉറ്റുനോക്കുന്ന ഒരുകാര്യം ചരക്കു സേവന നികുതിയാണ്. ജൂലായ് മാസത്തോടെ ചരക്കു സേവനനികുതി നടപ്പിൽവരും എന്ന പ്രഖ്യാപനം ബഡ്ജറ്റിലുണ്ട്. ഇക്കാര്യത്തിൽ പക്ഷേ ഇനിയും ഒട്ടേറെ കടമ്പകൾ കടക്കേണ്ടതായിട്ടുണ്ട്. ചരക്കു സേവ ന നികുതി നിലവിൽ വരുമ്പോൾ സംസ്ഥാനങ്ങൾക്ക് ഉണ്ടായേക്കാവുന്ന നഷ്ടം പരിഹരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബജറ്റിൽ പക്ഷേ ഇക്കാര്യത്തിനായി പ്രത്യേക വകയിരുത്തൽ ഇല്ല എന്ന കാര്യം ആശങ്കയുണ്ടാക്കുന്നതാണ്.

വ്യവസായ മേഖലയെ സംബന്ധിച്ചിടത്തോളം പ്രതീക്ഷ നൽകുന്ന ഒരു ബജറ്റ് പ്രഖ്യാപനം യുവ ജനങ്ങളുടെ കരവിരുതുകൾ വികസിപ്പിക്കാൻ (Skill development) ലക്ഷ്യമിടുന്ന പദ്ധതിയാണ്. ഇന്ത്യയുടെ ജനസംഖ്യയിൽ 41% ചെറുപ്പക്കാരാണ്. ഇത് രാജ്യത്തെ സംബന്ധിച്ചിടത്തോളം ഒരു വലിയ കരുത്താണ്. നിർഭാഗ്യവശാൽ നമ്മുടെ യുവജനങ്ങളുടെ തൊഴിൽ അനുയോജ്യത വളരെ കുറവാണ്. ഇത് പരിഹരിച്ച് യുവജനങ്ങളെ തൊഴിൽ സജ്ജമാക്കാൻ ബജറ്റ് ലക്ഷ്യമിടുന്നു. കൂടുതൽ തൊഴിൽ അധിഷ്ഠിത കോഴ്സുകളും അപ്രന്റീസ്ഷിപ്പ് പദ്ധതികളും മാത്രമല്ല ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സാദ്ധ്യതകളും ഇക്കാര്യത്തിനായി പ്രയോജപ്പെടുത്താൻ പദ്ധതിയുണ്ട്. ടെലിവിഷൻ ചാനലുകൾ വഴിയായി 'SWAYAM' എന്ന ഓൺലൈൻ പ്ലാറ്റ്ഫോം ഇതിനായി സൃഷ്ടിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിലുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിന് കൂടുതൽ ഊന്നൽ ലഭിക്കുംവിധം വിദ്യാഭ്യസ സ്ഥാപനങ്ങളുടെ അംഗീകാരത്തിന് മാറ്റം വരുത്തുക, കൂടുതൽ സ്ഥാപനങ്ങൾക്ക് സ്വതന്ത്ര പദവി നല്കുക തുടങ്ങിയവയാണ് മറ്റ് ചില പ്രഖ്യാപനങ്ങൾ.

## പണരഹിത സമ്പദ് വ്യവസ്ഥയ്ക്കുള്ള ഊന്നൽ

നോട്ടു പിൻവലിക്കലിന്റെ യുക്തിയെകുറിച്ച്

ധനമന്ത്രിക്ക് യാതൊരുവിധ സന്ദേഹവുമില്ല എന്നതിന്റെ തെളിവാണ് പണരഹിത സമ്പദ്‌വ്യവസ്ഥയിലേക്കുള്ള കാൽവയ്പുകൾക്ക് ബജറ്റ് കൊടുത്തിട്ടുള്ള പിൻതുണ. മൂന്നുലക്ഷത്തിനു മുകളിലുള്ള പണമിടപാടുകൾ നിരോധിക്കുന്നതാണ് ഇതിൽ ഏറ്റവും പ്രധാനം. 2017-18 വർഷത്തിൽ 2500 കോടി രൂപയുടെ ഡിജിറ്റൽ ഇടപാടുകളാണ് ബജറ്റ് ലക്ഷ്യമിടുന്നത്. ആധാർ പേ, BHIM തുടങ്ങിയ പണരഹിത ഇടപാട് സംവിധാനങ്ങൾക്ക് വൻതോതിൽ പ്രോത്സാഹനമുണ്ട്. ആധാർ അടിസ്ഥാനമാക്കിയുള്ള 20 ലക്ഷം പോയിന്റ് ഓഫ് സെയിൽ (POS) മെഷിനുകൾ ലഭ്യമാക്കാൻ നിർദ്ദേശമുണ്ട്. ഈ ലക്ഷ്യത്തോടെ POS യന്ത്രങ്ങളുടെ ഉല്പാദകരെ എക്സൈസ് ഡ്യൂട്ടിയിൽ നിന്നും കസ്റ്റംസ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ഈ ലക്ഷ്യത്തിലേക്കുള്ള ഒരു വൻ കാൽവയ്പ്പാണ് ഗ്രാമപ്രദേശങ്ങളിലെ ഇന്റർനെറ്റ് കണക്ടിവിറ്റി വ്യാപിപ്പിക്കാനുള്ള 10,000 കോടി രൂപയുടെ ഭാരത് നെറ്റ് എന്ന വൻപദ്ധതി. 2017-18 അവസാനത്തോടെ ഒന്നര ലക്ഷം ഗ്രാമങ്ങളെ ഡിജിറ്റൽ സേവനങ്ങൾക്ക് പ്രാപ്തരാക്കാൻ ലക്ഷ്യമിടുന്ന ഈ പദ്ധതി പ്രവർത്തി പഥത്തിലായാൽ വലിയമാറ്റങ്ങളാവും നമ്മുടെ ഗ്രാമങ്ങളിൽ സംഭവിക്കുക.

ഇതോടൊപ്പം നമ്മുടെ രാഷ്ട്രീയ വ്യവസ്ഥയിൽ നിന്നും അഴിമതി തുടച്ചുനീക്കുക എന്ന ലക്ഷ്യവും ബജറ്റിനുണ്ട്. രാഷ്ട്രീയ പാർട്ടികൾക്ക് 2000 രൂപയിൽ കൂടുതൽ പണമായി സംഭാവന നല്കുന്നത് നിരോധിക്കുന്ന പ്രഖ്യാപനത്തിന്റെ പ്രായോഗികത ചോദ്യം ചെയ്യപ്പെട്ടേക്കാം. പക്ഷേ ഇക്കാര്യത്തിൽ ഒരു തുടക്കം കുറിച്ചു എന്ന കാര്യത്തിൽ സംശയമില്ല. രാഷ്ട്രീയ പാർട്ടികൾക്ക് ബോണ്ടുകൾ വഴിയായി സംഭാവന സ്വീകരിക്കാവുന്ന പദ്ധതി തികച്ചും ധീരവും നൂതനവുമാണ്.

## പൊതുവിഭവ സമാഹരണം : ലക്ഷ്യങ്ങൾ പാളുമോ ?

ബജറ്റിന്റെ ഒരു ബലഹീനതയായി പറയാവുന്നത് വിഭവസമാഹരണരംഗത്ത് കാര്യമായ നിർദ്ദേശങ്ങളില്ല എന്നതാണ്. ബജറ്റ് നടപ്പിൽ വരുത്താൻ ഏകദേശം 58 ലക്ഷം കോടിരൂപയുടെ കടമെടുപ്പ് വേണ്ടി വരും. പ്രത്യക്ഷ നികുതികളിൽ നിന്നുള്ള വരുമാനം 15.7% ആയി വർദ്ധിക്കുമെന്ന് കണക്കു കൂട്ടുമ്പോൾ പരോക്ഷ നികുതികളിൽ നിന്നും 8.8% മാത്രമേ പ്രതീക്ഷിക്കുന്നുള്ളു. ആദായനികുതിയിൽ പ്രഖ്യാപിച്ചിട്ടുള്ള 5% ഇളവ് ഇടത്തരക്കാരുടെ ക്രയശേഷി വർദ്ധിപ്പിക്കാൻ സഹായിക്കുമെങ്കിലും നികുതി വരുമാനം കുറയാനിടയാകും. ഒരുപക്ഷേ ചരക്കു സേവന നികുതിയിൽ നിന്നുള്ള അധിക വരുമാനത്തിലാണ് ധനമന്ത്രിയുടെ കണ്ണ് എന്ന് തോന്നുന്നു. ചരക്കുസേവന നികുതിയുടെ നടപ്പാക്കലിൽ കാലതാമസമുണ്ടാവുകയോ മറ്റോ ചെയ്താൽ ബജറ്റ് നടപ്പാക്കൽ പാളുകയില്ലേ എന്ന് ആരെങ്കിലും സംശയം പ്രകടിപ്പിച്ചാൽ അവരെ കുറ്റം പറയാനാവുകയില്ല.

ഏകദേശം 72500 കോടി രൂപയാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരിവില്പനയിൽ നിന്നും മറ്റുമായി കണ്ടെത്താൻ ലക്ഷ്യമിടുന്നത്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ വളരെ ഉയർന്ന ഒരു ലക്ഷ്യമാണ്. ഇത് എത്രമാത്രം പ്രായോഗികമാണ് എന്ന കാര്യം കണ്ടറിയുകതന്നെ വേണം.

രാജ്യത്തെ നികുതി നല്കൽ സംസ്കാരം മെച്ചപ്പെടേണ്ടത് അടിയന്തിര ആവശ്യമാണ് എന്ന കാര്യം തെളിവുസഹിതം ധനമന്ത്രി വ്യക്തമാക്കി. എല്ലാവരും നികുതി വ്യവസ്ഥയിലേക്ക് വരികയാണെങ്കിൽ കുറഞ്ഞ നികുതി നിരക്കുകളും സുതാര്യതയും എന്ന ലക്ഷ്യം അകലെയല്ല. സന്നദ്ധവും സത്യസന്ധവുമായി നികുതി നല്കുന്നവർക്ക് പ്രോത്സാഹനവും മന:പൂർവ്വം നികുതി വെട്ടിക്കുന്നവർക്ക് കനത്ത ശിക്ഷയും എന്ന 'തല്ലും തലോടലും' ശൈലിയാണ് ധനമന്ത്രിയുടെ മനസ്സിലുള്ളത് എന്ന് തോന്നുന്നു. പണരഹിത സമ്പദ് വ്യവസ്ഥ എന്ന ലക്ഷ്യം ഇതിനോട് തീർച്ചയായും ഒത്തുപോകുന്നതാണ്.

പരിവർത്തനോന്മുഖവും ഊർജ്ജസ്വലവുമായ ഇന്ത്യ എന്ന ലക്ഷ്യം മുന്നോട്ട് വയ്ക്കുകയാണ് 2017-18 ലെ ബഡ്ജറ്റ്. ഈ ലക്ഷ്യം മുൻനിർത്തിയുള്ള നിരവധി പദ്ധതികളും പരിപാടികളുമാണ് ബജറ്റിലുള്ളത്. നോട്ടുപിൻവലിക്കലിനെ തുടർന്ന് സമ്പദ്‌വ്യവസ്ഥയിലുണ്ടായ തളർച്ചയ്ക്കുള്ള ചികിത്സ ബജറ്റ് ഉൾക്കൊള്ളുന്നുണ്ട്. അതേ സമയം ഇത് ഹ്രസ്വകാല ലക്ഷ്യങ്ങൾക്കായി ദീർഘകാല ലക്ഷ്യങ്ങൾ ത്യജിക്കുന്നുമില്ല. ജനപ്രിയമായ ഒട്ടേറെ പദ്ധതികൾ മുന്നോട്ടു വയ്ക്കുമ്പോൾ തന്നെ സമ്പദ്‌വ്യവസ്ഥയുടെ ദീർഘകാല വളർച്ച മുന്നിൽ കാണുന്നു എന്നതാണ് ഈ ബജറ്റിന്റെ എടുത്തുപറയാവുന്ന കാര്യം. രാജ്യം നേരിട്ടു കൊണ്ടിരിക്കുന്ന സങ്കീർണ്ണ സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ ഹ്രസ്വകാല - ദീർഘകാല പരിഗണനകൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഈ ധനവിനിയോഗമാർഗം എന്തുകൊണ്ടും സ്വാഗതാർഹമാണ്.

*(ലേഖകൻ ഗുലാത്തി ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിലെ ഫാക്കൽറ്റിയംഗമാണ്).*



# യുവജനക്ഷേമവും നൈപുണ്യവികസനവും ലക്ഷ്യമിട്ട് വിദ്യാഭ്യാസ ബജറ്റ്

ഡോ.പി. ഗോപിനാഥൻ പിള്ള

21-ാം നൂറ്റാണ്ടിലെ വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കാൻ യുനെസ്കോ നിയമിച്ച കമ്മീഷൻ അതിന്റെ റിപ്പോർട്ടിൽ (Learning the Treasure within) വിദ്യാഭ്യാസത്തിന് നാല് പ്രധാനപ്പെട്ട ലക്ഷ്യങ്ങളുണ്ട് എന്ന് നിർദ്ദേശിക്കുന്നു. അറിവ് നേടുക, കഴിവുകൾ വികസിപ്പിക്കുക, അറിവും കഴിവും നേടി വ്യക്തിത്വം വളർത്തിയെടുക്കുക, സമൂഹവുമായി ഇഴുകിച്ചേർന്ന് ഒരു സാമൂഹ്യജീവിയായി വസിക്കാനാവശ്യമായ കരുത്തു നേടുക എന്നിവയാണവ. ആയതിനാൽ ആജീവനാന്ത വിദ്യാഭ്യാസമാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ വിജയത്തിന്റെ താക്കോൽ എന്ന് കമ്മീഷൻ ചൂണ്ടിക്കാട്ടുന്നു. പ്രസ്തുത ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് കേന്ദ്ര ധനകാര്യമന്ത്രി ഇക്കഴിഞ്ഞ രണ്ട് ബജറ്റുകളിലും ഇന്ത്യയുടെ വിദ്യാഭ്യാസ മേഖലയ്ക്കായുള്ള ധനവിനിയോഗവും നയരൂപീകരണവും നടത്തിയിട്ടുള്ളത് എന്ന് കാണാം.

## ടെക് ഇന്ത്യ (TEC India)

2017-ലെ ബജറ്റിൽ ജനങ്ങളുടെ ആശയാഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കാൻ Transform, Energise and Clean India (TEC India) എന്നതാണ് ഗവൺമെന്റിന്റെ അജണ്ട എന്ന് ധനകാര്യമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. ഇന്ത്യ പരിവർത്തനത്തിന്റെ പാതയിലാണെന്നും ഇന്നത്തെ നമ്മുടെ സാമൂഹ്യ-സാമ്പത്തിക കാലാവസ്ഥ പുത്തൻ പ്രതീക്ഷകൾ നൽകുന്നതാണെന്നും അദ്ദേഹം എടുത്തുപറയുകയുണ്ടായി. നമ്മുടെ യുവാക്കളുടെ കഴിവുകൾ വികസിപ്പിക്കുന്നതിലൂടെ നമുക്ക് ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി മാറാൻ കഴിയും. അഴിമതി, കള്ളപ്പണം, തത്വദീക്ഷയില്ലാത്ത രാഷ്ട്രീയ സംഭാവനകൾ എന്നിവയിൽ നിന്നും ഭാരതത്തെ മോചിപ്പിച്ച് ശുദ്ധീകരിക്കാനും കേന്ദ്ര ബജറ്റ് ലക്ഷ്യമിടുന്നു.

ടെക് ഇന്ത്യയുടെ അജണ്ട നടപ്പിലാക്കാനായി പത്ത് മേഖലകൾ കേന്ദ്രീകരിച്ചാണ് ബജറ്റിൽ വിഭവ വിതരണം നടത്തിയിട്ടുള്ളത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയായി വിദ്യാഭ്യാസത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസം, നൈപുണ്യവികസനം, തൊഴിൽ എന്നിവയിലൂടെ ഇന്ത്യൻ യുവാക്കളെ ശാക്തീകരിക്കാൻ ബജറ്റ് ലക്ഷ്യമിടുന്നു. യുവതയുടെ ശാക്തീകരണത്തിനായി നിരവധി പദ്ധതികൾ ഇത്തവണത്തെ ബജറ്റിൽ ഉൾപ്പെടുത്തുകയുണ്ടായി. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ തലത്തിലും നൽകാൻ ബജറ്റ് ലക്ഷ്യമിടുന്നു. ഹയർസെക്കന്ററി വിദ്യാഭ്യാസത്തിന് പ്രത്യേക ഇന്നവേഷൻ ഫണ്ട് രൂപീകരിക്കാനും അതിൽ കൂടി പ്രാദേശിക പ്രാധാന്യമുള്ള പുതിയ പദ്ധതികൾ നടപ്പിലാക്കാനും മുന്തിയ പ്രാധാന്യം നൽകിയിട്ടുണ്ട്. എല്ലാവർക്കും സെക്കന്ററി വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും അതിന്റെ ഗുണമേന്മ തുടർച്ചയായി മെച്ചപ്പെടുത്തുന്നതിനും പെൺകുട്ടികൾക്ക് ഹയർസെക്കന്ററി വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും ബജറ്റ് നിർദ്ദേശിക്കുന്നു. വാർഷിക പരീക്ഷ ലക്ഷ്യമാക്കിയുള്ള ഉന്നത വിദ്യാഭ്യാസ സംവിധാനത്തിൽ നിന്നും ക്രഡിറ്റ് അടിസ്ഥാനമാക്കിയുള്ള ഔട്ട് കം ബേസ്ഡ് പ്രോഗ്രാമിലേക്ക് ഉന്നതവിദ്യാഭ്യാസ മേഖലയെ തിരിച്ചുവിട്ടിരിക്കുന്നു. സ്വയം (SWAYAM) പദ്ധതിയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കാൻ അത് ഡി.ടി.എച്ച്. ചാനലുകളുമായി ബന്ധപ്പെടുത്തി. പ്രധാനമന്ത്രി കൗശൽ കേന്ദ്രങ്ങളിൽ പരിശീലനങ്ങൾ ശക്തിപ്പെടുത്താനും വിദേശ ഭാഷകളിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കാനും

തീരുമാനിച്ചിട്ടുണ്ട്. ഇത് കൂടുതൽ യുവാക്കൾക്ക് വിദേശ രാജ്യങ്ങളിൽ ജോലി നേടികൊടുക്കാൻ പര്യാപ്തമാകുമെന്ന് വിശ്വസിക്കപ്പെടുന്നു. വ്യവസായാധിഷ്ഠിതമായ കഴിവുകളുടെ വികസനത്തിലൂടെ പുത്തൻ തൊഴിൽ മേഖലകളിൽ ആവശ്യമായ തൊഴിലധിഷ്ഠിതമായ പരിശീലനങ്ങൾ ഐ.റ്റി.ഐ. തുടങ്ങിയ സ്ഥാപനങ്ങളിൽ ആരംഭിക്കാനും അപ്രിന്റിസ്ഷിപ്പ് പരിപാടികൾക്ക് മുന്തിയ പ്രാധാന്യം നൽകാനും കേന്ദ്രബജറ്റ് വിഭാവനം ചെയ്യുന്നു.

## ബജറ്റ് 2016: ഒരു തിരിഞ്ഞുനോട്ടം

2016 വർഷത്തെ ബജറ്റിൽ സ്കൂൾ വിദ്യാഭ്യാസത്തിനായി 43554 കോടി രൂപയും ഉന്നത വിദ്യാഭ്യാസത്തിനായി 28840 കോടി രൂപയും നീക്കിവെച്ച് നിരവധി പുത്തൻ പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നു. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്.

1. സർക്കാർ-സ്വകാര്യ മേഖലകളിലെ 10 വീതം മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ നിർദ്ദേശിച്ചിരുന്നു.

2. പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക് സംരംഭങ്ങൾ ആരംഭിക്കാൻ വേണ്ടി 500 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു.

3. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമുള്ള സർട്ടിഫിക്കറ്റുകൾ എപ്പോഴും എവിടേയും ലഭ്യമാക്കുന്നതിനായി ഒരു ഡിജിറ്റൽ റിപ്പോസിറ്ററിക്ക് തുടക്കം കുറിച്ചു.

4. ഉന്നത വിദ്യാഭ്യാസ മേഖലയിലെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി 1000 കോടി രൂപ അധികമായി നീക്കിവച്ചു.

5. 1500 മൾട്ടി സ്കിൽഡ് വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി ബജറ്റിൽ 1700 കോടി രൂപ അനുവദിച്ചു.

6. ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനായി 62 പുതിയ നവോദയ വിദ്യാലയങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചു.

7. ആറുകോടി ഗ്രാമീണരെ ലക്ഷ്യമാക്കി ഒരു ഡിജിറ്റൽ ലിറ്ററസി പദ്ധതി രൂപീകരിച്ചിരുന്നു.

8. എഴുപത്താറ് ലക്ഷം യുവാക്കൾക്ക് പരിശീലനം നൽകാൻ ലക്ഷ്യമിട്ടുകൊണ്ട് നാഷണൽ സ്കിൽ ഡവലപ്മെന്റ് മിഷന് രൂപം കൊടുത്തിരുന്നു.

9. സ്കൂളുകളിലും കോളേജുകളിലും സംരംഭകത്വ പരിശീനപരിപാടികളും ഓൺലൈൻ കോഴ്സുകളും ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചു.

10. സർവശിക്ഷാ അഭിയാനിലൂടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം സർവത്രികമാക്കാനും കഴിഞ്ഞ ബജറ്റിൽ പ്രത്യേക ഊന്നൽ നൽകിയിരുന്നു.

2016-ലെ ബജറ്റിൽ വിഭാവനം ചെയ്ത പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞോ എന്ന വിലയിരുത്തൽ അനിവാര്യമാണ്. ഫലപ്രദമായ ദിശാഗതി നിയന്ത്രണത്തിലൂടെയും മൂല്യനിർണ്ണയത്തിലൂടെയും മാത്രമേ പദ്ധതികൾ യഥാസമയം നടപ്പിലാക്കാൻ കഴിയൂ.

## 2017-ലെ വിദ്യാഭ്യാസ ബജറ്റ്

സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെ അടിസ്ഥാനകഴിവുകൾ വികസിപ്പിച്ചില്ലെങ്കിൽ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ നേടിയെടുക്കാനുള്ള അവരുടെ വലിയ സാധ്യതകൾ നമ്മൾ നഷ്ടപ്പെടുത്തുകയാണ് നിലവിലെ വിദ്യാഭ്യാസ പദ്ധതികളിലൂടെ ചെയ്യുക എന്ന് വിവിധ ഔദ്യോഗിക ഏജൻസികൾ അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ദശാബ്ദങ്ങൾക്ക് മുൻപുതന്നെ വിവിധ വിദ്യാഭ്യാസ കമ്മീഷനുകൾ നമ്മുടെ വിദ്യാഭ്യാസ ബജറ്റ് ജി.ഡി.പി.യുടെ ആറ് ശതമാനമായി ഉയർത്തണമെന്ന് നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അത് ഇന്നും 3 ശതമാനമായി തന്നെ നില നിൽക്കുന്നു എന്ന് സ്റ്റാറ്റിറ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം നൽകുന്ന കണക്കുകൾ വ്യക്തമാക്കുന്നു. ഇന്ത്യയുടെ വിദ്യാഭ്യാസരംഗം 2017-18-ൽ പരിഷ്ക്കരണത്തിന്റെ പാതയിലാണെന്ന് ധനകാര്യവകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ ചൂണ്ടിക്കാട്ടുകയുണ്ടായി. 2017-18 വർഷത്തിൽ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി 79,658.95 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. മുൻ വർഷത്തിൽ ഇത് 72394 കോടിയായിരുന്നു. 9.9 ശതമാനം വർദ്ധനവ് ഇത്തവണത്തെ ബജറ്റിൽ വിദ്യാഭ്യാസത്തിനായി വരുത്തിയിട്ടുണ്ടെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട വസ്തുതയാണ്. 2017-ലെ ബജറ്റിലെ വിദ്യാഭ്യാസ മേഖലക്കായുള്ള പ്രധാന നിർദ്ദേശങ്ങൾ ഇനി പറയുന്നവയാണ്.

1. സ്കൂൾ വിദ്യാഭ്യാസ മേഖലകളിൽ പരീക്ഷകളിലൂടെ കോഴ്സ് കണ്ടെന്റ് വിലയിരുത്തുന്നതിന് ഉപരിയായി വാർഷിക പഠന പുരോഗതി വിലയിരുത്താൻ ബജറ്റ് നിർദ്ദേശിക്കുന്നു.

2. ശാസ്ത്ര വിദ്യാഭ്യാസത്തിന് മുന്തിയ പ്രാധാന്യം നൽകും.

3. സ്കൂൾ കരിക്കുലം കൂടുതൽ അയവുള്ളതാക്കാനും വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും സൃഷ്ടിപരതക്ക് പ്രാധാന്യം നൽകാനും തീരുമാനിച്ചിരിക്കുന്നു.

4. സെക്കന്ററി വിദ്യാഭ്യാസത്തിനായി ഇന്നവേഷൻ ഫണ്ട് രൂപീകരിക്കും.

5. ഇന്ത്യയിലെ 3479 വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ബ്ലോക്ക് പഞ്ചായത്തുകളിൽ ICT enabled quality course കൾ ആരംഭിക്കാൻ നിർദ്ദേശിച്ചു.

6. യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷനി(UGC)ൽ കാല

ഘട്ടത്തിനനുസരിച്ച് പരിഷ്കരണം നടത്തും

7. ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങൾക്ക് അക്കാദമിക്കായും ഭരണപരമായും സ്വയംഭരണാവകാശം നൽകാനും ബജറ്റ് നിർദ്ദേശിക്കുന്നു.

8. അക്രഡിറ്റേഷനും റാങ്കിങ്ങും കൂടുതൽ ഫലപ്രദമാക്കി കോളേജുകൾക്ക് സ്വയംഭരണം നൽകും.

9. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റുകൾക്കും അതുപോലെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പരിപൂർണ്ണമായ സ്വയം ഭരണം നൽകുമെന്ന് ബജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി.

10. സ്കൂളുകളിൽ ഭാഷാ അദ്ധ്യാപകരെ നിയമിക്കുന്നതിനായി 125 കോടി രൂപ പ്രത്യേകം നീക്കി വയ്ക്കും.

11. ഈ-ലേണിംഗ് കോഴ്സുകൾക്കായി 497 കോടി രൂപ അനുവദിച്ചു. എന്നാൽ ഇത് 2016-17-ലെ ബജറ്റിൽ അനുവദിച്ചതിനേക്കാൾ കുറവാണ്.

12. മാസ്സീവ് ഓപ്പൺ ഓൺലൈൻ (MOOC) കോഴ്സുകൾക്കായി മാത്രം 75 കോടി രൂപ അനുവദിച്ചു.

13. ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കായി ഒരു സാമ്പത്തിക ഏജൻസി രൂപീകരിക്കാൻ മൂലധന നിക്ഷേപമായി 250 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഇത് ഒരു കോടി രൂപ മാത്രമായിരുന്നു.

14. ബജറ്റിൽ പുതിയതായി ഉൾപ്പെടുത്തിയ പ്രധാനമന്ത്രി ഗവേഷണ ഫെലോഷിപ്പിനായി 75 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

15. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റുകൾക്കായി 1030 കോടി രൂപ 2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 190 കോടി രൂപ പുതുതായി തുടങ്ങുന്ന ഇൻസ്റ്റിറ്റ്യൂട്ടുകൾക്കുവേണ്ടിയാണ്.

16. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി(IIT)കൾക്കായി ബജറ്റ് 7856 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്.

17. കേന്ദ്ര ഗവൺമെന്റിന്റെ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമായ സർവ്വശിക്ഷാ അഭിയാന് സ്കൂൾ വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുമായി 23500 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഇത് കഴിഞ്ഞ ബജറ്റിൽ 22500 കോടിയായിരുന്നു.

18. ഉച്ചഭക്ഷണ പരിപാടികൾക്കായി ബജറ്റിൽ 10,000 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് മുൻ ബജറ്റിനേക്കാൾ 300 കോടി അധികമാണ്.

19. 'സ്വയം' (SWAYAM) പ്ലാറ്റ്ഫോമിലൂടെ 350 ഓൺലൈൻ കോഴ്സുകൾ ആരംഭിക്കാൻ ലക്ഷ്യമിടുന്നു. ഇതിലൂടെ ഇന്ത്യയിലെ പ്രശസ്തരായ അദ്ധ്യാപകരുടെ ക്ലാസ്സുകളുടെ പ്രയോജനം ഗ്രാമീണ തലത്തിലുള്ള വിദ്യാർത്ഥികൾക്കുപോലും ലഭിക്കും.

20. പ്രധാനമന്ത്രി കൗശൽ കേന്ദ്രങ്ങൾ ഇന്ത്യയിലെ 600 ലധികം ജില്ലകളിൽ ഈ വർഷം നടപ്പിലാക്കും.

21. നൂറ് ഇന്ത്യ ഇന്റർനാഷണൽ സെന്ററുകൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുക വഴി യുവാക്കളുടെ കഴിവുകൾ മികച്ച രീതിയിൽ വികസിപ്പിക്കുന്നതിനു സാധിക്കും. ഇത് വിദേശരാജ്യങ്ങളിലെ തൊഴിൽ അവസരങ്ങൾ നേടിയെടുക്കാൻ അവരെ പ്രാപ്തരാക്കുമെന്ന് ധനമന്ത്രി പ്രതീക്ഷിക്കുന്നു.

22. ഇന്ത്യയിലെ 3.5 കോടി യുവാക്കൾക്ക് അവരുടെ കഴിവുകളും അറിവും വളർത്തി മെച്ചപ്പെട്ട ജീവിത വിജയം നേടിയെടുക്കാൻ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന സങ്കല്പ് (SANKALP) പദ്ധതിക്കായി ബജറ്റിൽ 4000 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മാർക്കറ്റിലെ ആവശ്യങ്ങൾക്കനുസൃതമായ പരിശീലനങ്ങളായിരിക്കും പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കുക.

23. നമ്മുടെ വ്യവസായശാലകൾക്ക് ആവശ്യമായ വിദഗ്ധ തൊഴിലാളികളെ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള സ്ട്രൈവ് (STRIVE) പദ്ധതിക്കായി 2200 കോടി രൂപ 2017-18 ബജറ്റിൽ അനുവദിച്ചിട്ടുണ്ട്.

24. ഒന്നരലക്ഷം ഗ്രാമങ്ങളിൽ വിദ്യാഭ്യാസവും പരിശീലനവും ലക്ഷ്യമാക്കി ഹൈസ്പീഡ് ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്താൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

25. യുവാക്കൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനായി രണ്ട് പ്രധാനപദ്ധതികൾ ബജറ്റിൽ നിർദ്ദേശിക്കുന്നു. ടെക്സ്റ്റൈൽസ് മേഖലയിലെപ്പോലെ ലതർ വ്യവസായ മേഖലയിലും പരിശീലനങ്ങളിലൂടെയും അപ്രന്റീസിഷിപ്പിലൂടെയും കൂടുതൽ യുവാക്കൾക്ക് തൊഴിൽ ഉറപ്പാക്കുന്ന പദ്ധതിയാണ് ഒന്ന്. മറ്റൊന്ന് ഇൻക്രെഡിബിൾ ഇന്ത്യ ക്യാമ്പയിനിലൂടെ ടൂറിസം മേഖലയിൽ മെച്ചപ്പെട്ട പദ്ധതികൾ നടപ്പിലാക്കി കൂടുതൽ തൊഴിലവസരങ്ങൾ യുവാക്കൾക്ക് ലഭ്യമാക്കുക എന്നതാണ്.

26. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് 5000 പി.ജി.സീറ്റുകൾ വർദ്ധിപ്പിക്കാനും ഡി.എൻ.ബി. കോഴ്സുകൾ മികച്ച സൗകര്യമുള്ള ജില്ലാ ആശുപത്രികളിൽ ആരംഭിക്കാനും ബജറ്റ് നിർദ്ദേശിക്കുന്നു.

27. രണ്ട് പുതിയ ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (AIIMS) സ്ഥാപനങ്ങൾ ജാർഖണ്ഡിലും ഗുജറാത്തിലും ആരംഭിക്കാൻ തീരുമാനിച്ചു.


28. നാഷണൽ ടെസ്റ്റിംഗ് ഏജൻസി രൂപീകരിച്ച് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന എല്ലാ തലത്തിലുമുള്ള പ്രവേശന പരീക്ഷകളും പ്രസ്തുത ഏജൻസിയുടെ നേതൃത്വത്തിൽ നടത്താൻ തീരുമാനിച്ചു. ഭാവിയിൽ എല്ലാ തലത്തിലുമുള്ള പരീക്ഷകളും മെച്ചപ്പെട്ട രീതിയിൽ നടത്താൻ ഈ ഏജൻസിയുടെ സഹായം ലഭ്യമാക്കും.

## പുതിയ പ്രതീക്ഷകൾ

വിദ്യാഭ്യാസരംഗത്ത് ഗുണപരമായ മാറ്റങ്ങൾ

സൃഷ്ടിക്കാൻ പര്യാപ്തമായ ബജറ്റാണ് ധനകാര്യമന്ത്രി ഇത്തവണ അവതരിപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷങ്ങളെക്കാൾ കൂടുതൽ തുക വിദ്യാഭ്യാസ മേഖലയ്ക്ക് അനുവദിച്ചെങ്കിലും ജി.ഡി.പി. യുടെ 6 ശതമാനം വിദ്യാഭ്യാസ മേഖലയ്ക്കായി നീക്കിവെയ്ക്കണം എന്ന വിദ്യാഭ്യാസ കമ്മീഷനുകളുടെ നിർദ്ദേശം ഇന്നും ഒരു വിദൂര സ്വപ്നമായി അവശേഷിക്കുകയാണ്. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ വാർഷിക പഠന മൂല്യനിർണ്ണയം നടത്തുന്നത്. ഇതുവരെ സിലബസ്സിൽ ഉൾപ്പെടുത്തിയ പാഠത്തിന്റെ അസെസ്സ്മെന്റ് മാത്രമാണ് നടത്തിയിരുന്നത്. കാണാതെ പഠിച്ച് പരീക്ഷ എഴുതി മാർക്കുവാങ്ങുന്ന തരത്തിലുള്ള സ്കൂൾ വിദ്യാഭ്യാസം കാലഹരണപ്പെട്ടിരിക്കുന്നു. പ്രോജക്ടുകളിലൂടെയും നേരിട്ടും നേടിയെടുക്കുന്ന അനുഭവജ്ഞാനങ്ങളിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തിനാണ് ഇന്ന് ലോകരാഷ്ട്രങ്ങൾ പ്രാധാന്യം നൽകുന്നത്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ജില്ലകളെ പ്രത്യേക ഇന്നവേഷൻ ഫണ്ടിലൂടെ മുന്നിലെത്തിക്കാനുള്ള ശ്രമവും അഭിനന്ദനാർഹമാണ്. യൂണിവേഴ്സിറ്റികളിൽ ഇന്ന് നിലനിൽക്കുന്ന അഫിലിയേഷൻ സമ്പ്രദായങ്ങളിൽ നിന്നുമാറി ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അക്കാദമിക് പരമായ സ്വയംഭരണം നൽകാനുള്ള നിർദ്ദേശം പുതിയ മാറ്റങ്ങൾക്ക് വഴിവെയ്ക്കും. എന്നാൽ ഇത്തരം സ്ഥാപനങ്ങൾ അക്കാദമിക് തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാണ് എന്ന് ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. പുതിയതായി തുടങ്ങാൻ പോകുന്ന 350 ഓൺലൈൻ കോഴ്സുകളുടെ നിലവാരം മികച്ചതായിരിക്കണം. നടപ്പിലാക്കലിൽ ഉണ്ടാകുന്ന പിഴവുകളിലൂടെ ഇത് പരാജയപ്പെടാൻ പാടില്ല. പത്ത്, പന്ത്രണ്ട്, ഡിഗ്രി തുടങ്ങിയവയ്ക്ക് ശേഷം നടത്തുന്ന പ്രവേശന പരീക്ഷകൾ വേണ്ടത്ര ശ്രദ്ധകൂടാതെയാണ് നടത്തുന്നത് എന്ന് പൊതുവെ പരാതിയുണ്ട്. നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുടെ രൂപീകരണത്തോടെ ഇത് ഫലപ്രദമായി നടപ്പാക്കാനാകും എന്ന് പ്രതീക്ഷിക്കപ്പെടുന്നു. എന്നാൽ ഈ ഏജൻസിയിൽ നിയമിക്കപ്പെടുന്നവർ മികച്ച അക്കാദമിക് മൂല്യമുള്ളവരും ആയിരിക്കണം. ഇല്ലെങ്കിൽ അതിന്റെ നിലനില്പുതന്നെ അപകടത്തിലാകും.

വിദ്യാഭ്യാസരംഗത്ത് ഒരിക്കലും അവഗണിക്കാനാകാത്ത ഒരു പ്രധാന മേഖലയാണ് ഗവേഷണം. എന്നാൽ 2017-ലെ ബജറ്റിൽ അതിന് വേണ്ടത്ര പ്രാധാന്യം ലഭിച്ചിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. യു.ജി.സി.-യിൽ കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങൾക്ക് പുതിയ ബജറ്റ് നിർദ്ദേശങ്ങൾ തുടക്കം കുറിക്കും. യു.ജി.സി. ഉന്നത വിദ്യാഭ്യാസ കരിക്കുലം ലോകത്തിലെ മികച്ച സർവ്വകലാശാലകളോടൊപ്പം എത്താൻ





പരിഷ്കരിക്കപ്പെടും. അദ്ധ്യാപകരുടെ വിദ്യാഭ്യാസത്തിനും പരിശീലനങ്ങൾക്കും പ്രാധാന്യം നൽകും.

ഇന്ത്യയെ ലോകത്തിന്റെ നൈപുണ്യതല സ്ഥാനമാക്കാൻ ലക്ഷ്യമിട്ടുള്ള 'സ്കിൽ ഇന്ത്യമിഷൻ' നമ്മുടെ യുവതയുടെ കഴിവുകളും വ്യക്തിത്വവും വളർത്തി ലോകത്തിന്റെ മനുഷ്യ വിഭവശേഷി ആവശ്യങ്ങൾ നിറവേറ്റാൻ തരത്തിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ യുവാക്കളിൽ 65 ശതമാനം പേരും തൊഴിൽ അന്വേഷകരാണ് എന്നത് എടുത്തുപറയേണ്ടതാണ്. അവരുടെ കഴിവുകൾ വികസിപ്പിക്കുന്നത് യുവാക്കളുടെ ജീവിതനിലവാരം ഉയർത്തുന്നതോടൊപ്പം നമ്മുടെ രാജ്യത്തെ സാമ്പത്തിക പുരോഗതിയിലേക്കും നയിക്കും.

ഇന്ത്യയെ പരിഷ്കരണത്തിലേക്കും ശാക്തീകരണത്തിലേക്കും നയിക്കാൻ മികച്ച വിദ്യാഭ്യാസവും പരിശീലനവും അനിവാര്യമാണ്. അതുകൊണ്ടുതന്നെ 2017 ബജറ്റിൽ ധനകാര്യവകുപ്പുമന്ത്രി വിദ്യാഭ്യാസ മേഖലയിൽ മികച്ച നേട്ടം കൈവരിക്കാനാവശ്യമായ നയവും പരിപാടികളുമാണ് ആവിഷ്കരിച്ചിട്ടുള്ളത്. അത് നമ്മുടെ വിദ്യാഭ്യാസ മേഖലയെ നളന്ദ, തക്ഷശില കാലഘട്ടത്തിലെ വിദ്യാഭ്യാസ മികവിലേക്ക് നയിക്കും എന്ന് നമുക്ക് പ്രതീക്ഷിക്കാം.

*(കേരള സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിലെ മുൻ ഫാക്കൽറ്റിയാണ് ലേഖകൻ)*




# ഡിജിറ്റൽ ഇന്ത്യയ്ക്ക് കരുത്തായി കേന്ദ്ര ബജറ്റ്


ഡോ.ബിജു.ടി & ഡോ.ടോജോ ജോസ്

അന്താരാഷ്ട്രതലത്തിൽ തന്നെ സർക്കാരുകളും സ്ഥാപനങ്ങളും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെയും ഡിജിറ്റൽ ഇടപാടുകളുടെയും പ്രാധാന്യവും, അവ സാമ്പത്തികരംഗത്ത് ചെലുത്തുന്ന സ്വാധീനത്തിന്റെ തോതും വളരെയധികം അംഗീകരിക്കുകയും മാറ്റങ്ങൾക്കായി ഒരുങ്ങുകയും ചെയ്യുന്നത് ഇന്ന് സാധാരണമായിരിക്കുകയാണ്. ഡിജിറ്റൽ സാങ്കേതികവിദ്യ മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിലും വിപ്ലവകരമായ മാറ്റങ്ങൾക്കു വഴിതുറക്കുന്നു. സാമൂഹിക ജീവിതത്തിലുളവാക്കുന്ന മാറ്റങ്ങൾക്കപ്പുറം സമ്പദ്ഘടനയിലും, വിപണിയിലും, വാണിജ്യ-വ്യവസായ മേഖലയിലും എന്തിന് സ്ഥാപനങ്ങളുടെ ഘടനയിൽപോലും സമൂലമായ ഉടച്ചുവാർക്കൽ ഇപ്രകാരം നടത്തിയിരിക്കുന്നു. ഇന്ന് സമ്പദ്‌വ്യവസ്ഥയുടെ മുഖ്യഘടകമായ ബാങ്കിംഗ് മേഖല മുതൽ, ചില്ലറ വ്യാപാര മേഖല, ഊർജ്ജം, ഗതാഗതം, വിദ്യാഭ്യാസം, പ്രസിദ്ധീകരണ മാധ്യമ മേഖലകൾ, ആരോഗ്യരംഗം എന്നിങ്ങനെ സമസ്ത മേഖലകളും സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളിലേക്ക് ചുവടുമാറികഴിഞ്ഞിരിക്കുന്നു.

നൂതനമായ ഡിജിറ്റൽ ലോകം പരമ്പരാഗത വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെ ഘടനയെ സമൂലമായ പരിവർത്തനത്തിനു വിധേയമാക്കുന്നു. തത്ഫലമായി പുതിയ സ്ഥാപനങ്ങൾ സൃഷ്ടിക്കപ്പെടുകയും ഡിജിറ്റലായി തന്നെ ഉത്പാദന-വിതരണ പ്രക്രിയ ക്രമീകരിക്കപ്പെടുകയും ചെയ്യുന്നു. ഒ.ഇ.സി.ഡി, യൂറോപ്യൻ യൂണിയൻ, ലോകസാമ്പത്തിക ഫോറം തുടങ്ങിയവയൊക്കെ തന്നെ ഇത്തരമൊരു ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയുടെ വലിപ്പവും, പ്രവർത്തനങ്ങളും തിട്ടപ്പെടുത്തുന്നതിലേക്ക് വിവിധ റിപ്പോർട്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്ത്യയിൽ നാസ്കോമിന്റെ (നാഷണൽ അസോസിയേഷൻ ഓഫ് സോഫ്റ്റ് വെയർ & സർവ്വീസസ് കമ്പനീസ്) സഹായത്തോടെ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്കും വികസനത്തിനുമായി ഒട്ടേറെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. ദേശീയ തലത്തിൽ തന്നെ നടപ്പിലാക്കിയിട്ടുള്ള ദേശീയ ഇ-ഭരണപദ്ധതി, ഭാരത്നെറ്റ് പരിപാടിയിലൂടെ ബ്രോഡ്ബാൻഡ് വികസനപരിപാടി, ഡി.ബി.റ്റി (ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) തുടങ്ങിയവ ഇവയിൽ ചിലതുമാത്രമാണ്. 2017-18ലെ കേന്ദ്ര ബഡ്ജറ്റ് ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്കും വികസനത്തിനും സവിശേഷ പ്രാധാന്യം നൽകിയിരിക്കുന്നു എന്നത് വളരെ ശ്രദ്ധേയമാണ്.

### ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ : 2017 ബജറ്റിലെ മുഖ്യ പ്രതിപാദ്യ വിഷയം.

2017 ബഡ്ജറ്റിലെ 9 പ്രധാന പ്രതിപാദ്യ വിഷയങ്ങളിൽ സുപ്രധാനമായ ഒന്നാണ് ഡിജിറ്റൽ സമ്പദ്



വ്യവസ്ഥ. ധനകാര്യമന്ത്രി ബജറ്റ് പ്രസംഗത്തിനിടെ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ രാജ്യത്ത് സുതാര്യതയും, ഉത്തരവാദിത്തവും അതോടൊപ്പം വേഗതയും ഉറപ്പു വരുത്തുമെന്ന് പ്രസ്താവിച്ചു. 'കള്ളപ്പണം, അഴിമതി എന്നിവയെ ഉന്മൂലനം ചെയ്ത് സുതാര്യമായ ഒരു സംവിധാനം ക്രമീകരിക്കുക എന്ന ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യം പ്രാപ്യമാക്കാൻ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ പ്രോത്സാഹിപ്പിക്കപ്പെടേണ്ടത് അനിവാര്യമാണ്. അതിലൂടെ സാമ്പത്തികമായി മിച്ചം പിടിക്കുന്ന തുക മുഴുവനായും ഔപചാരിക ബാങ്കിംഗ് സംവിധാനത്തിലേക്കെത്തിക്കാനും അങ്ങനെ സുസംഘടിതമായ ഒരു സമ്പദ്ഘടന രൂപപ്പെടുത്താനും നമുക്കു സാധിക്കും. ഇതിന്റെ ഫലമായി അനായാസവും, ചെലവുകുറഞ്ഞതുമായ രീതിയിൽ വായ്പാ ലഭ്യത ഉറപ്പാക്കുകയും സ്വകാര്യ നിക്ഷേപങ്ങൾ ത്വരിതമാക്കപ്പെടുകയും ചെയ്യും. ഇന്ത്യ അതിശക്തമായ ഡിജിറ്റൽ വിപ്ലവത്തിന്റെ പാതയിലാണ്'- മേലുദ്ധരിച്ച ധനമന്ത്രിയുടെ വാക്കുകളിൽ നിന്നും ഡിജിറ്റൽ സമ്പദ് വ്യവസ്ഥയുടെ വികസനത്തിനു ഇത്തവണത്തെ ബജറ്റ് നൽകിയിട്ടുള്ള ഊന്നൽ സ്പഷ്ടമാണ്.

ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ എന്ന അടിസ്ഥാനത്തിലൂന്നി നിന്നുകൊണ്ട് വിവിധ തലങ്ങളിലെ ലക്ഷ്യങ്ങളുടെ പൂർത്തീകരണം സാധ്യമാക്കാൻ ബഡ്ജറ്റ് ലക്ഷ്യമിടുന്നു. ഡിജിറ്റൽ പേയ്മെന്റിനായുള്ള അടിസ്ഥാന സൗകര്യവികസനം, ഗ്രാമീണമേഖലകളിലെ ഡിജിറ്റൽ കണക്ടിവിറ്റി വ്യാപിപ്പിക്കൽ, യുവജനങ്ങൾക്കായുള്ള നൈപുണ്യ-വിദ്യാഭ്യാസ വികസനം, ഇ- ഭരണം (ഇ-ഗവേണൻസ്), ഡിജിറ്റൽ ഉത്പാദന പ്രക്രിയ പ്രോത്സാഹിപ്പിക്കൽ എന്നിവ ഇവയിൽ ചിലതാണ്.

### 1. ഡിജിറ്റൽ പെയ്മെന്റുകൾ

ഇത്തവണത്തെ കേന്ദ്രബഡ്ജറ്റ് ഡിജിറ്റൽ പേയ്മെന്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ഒരു സുപ്രധാന 'പ്ലാറ്റ്ഫോം' ആയിതീർന്നിരിക്കുന്നു. ആയതിലേക്ക് യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫെസ് (യു. പി.ഐ), അൺസ്ട്രക്ചേർഡ് സപ്ലിമെന്ററി സർവ്വീസ് ഡേറ്റ (യു. എസ്.എസ്.ഡി), ആധാർപേ, ഇമ്മീഡിയേറ്റ് പേയ്മെന്റ് സർവ്വീസ് (ഐ.എം.പി.എസ്സ്), ഡെബിറ്റ് കാർഡുകൾ തുടങ്ങി ഡിജിറ്റൽ സാങ്കേതികവിദ്യ അവലംബിക്കുന്ന വിവിധ മാർഗങ്ങളിലൂടെ 2500 കോടി ഡിജിറ്റൽ ഇടപാടുകൾ 2017-18ൽ സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ പുതിയ ദൗത്യത്തിന് ബജറ്റിൽ ശുപാർശയുണ്ട്. നിലവിൽ സാധാരണ ജനങ്ങളെ പൊതുസേവനങ്ങളുമായി JAM (ജൻധൻ, ആധാർ & മൊബൈൽ) വഴി ബന്ധിപ്പിക്കാൻ ഒരളവുവരെ സാധ്യമായിട്ടുണ്ട്. ഗവൺമെന്റ് സബ്സിഡികളും മറ്റ് ആനുകൂല്യങ്ങളും ഗുണഭോക്താവിന്റെ അക്കൗണ്ടിൽ നേരിട്ടെത്തിക്കുന്ന ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ (DBT) എന്ന പരിപാടിയിലൂടെ അതിപിന്നോക്കാവസ്ഥയിലുള്ളവരെ പോലും ഡിജിറ്റൽ പ്ലാറ്റ്ഫോമിലെത്തിക്കാനായിട്ടുണ്ട്. സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഇത്തരം ഡിജിറ്റൽ ഇടപാടുകൾ സാധാരണക്കാരന് വളരെ വലിയ നേട്ടങ്ങൾ സംഭാവന ചെയ്തു. സാമ്പത്തിക ഉൾപ്പെടുത്തലും JAMഉം ഗവൺമെന്റ് സേവനങ്ങൾ സാധാരണ ജനങ്ങൾക്ക് പ്രയോജനപ്രദമായി ലഭ്യമാക്കുന്നതിൽ വലിയ മാറ്റങ്ങളുണ്ടാക്കി എന്നത് സത്യമാണ്.

ധനകാര്യമന്ത്രി 'ഭീം -ആപ്പിന്റെ' പ്രചരണരത്തിനായി രണ്ടുപുതിയ പദ്ധതികൾ കൂടി അവതരിപ്പിച്ചിട്ടുണ്ട്. പ്രധാനമന്ത്രി അവതരിപ്പിച്ച ഭീംറാവു അംബേദ്കറിന്റെ പേരിലുള്ള ഡിജിറ്റൽ ഇടപാടുകളെ പ്രോത്സാഹിപ്പിക്കുന്ന ആപ് (BHIM) രാജ്യവ്യാപകമായി ഉപയോഗത്തിൽ വരുത്തുക ബജറ്റിന്റെ ഒരു പ്രധാന ലക്ഷ്യമാണ്. ഇതുസംബന്ധിച്ച ഒന്നാമത്തെ പദ്ധതി 'റഫറൽ ബോണസ് സ്കീം' എന്ന പേരിൽ വ്യക്തികൾക്കായും രണ്ടാമത്തേത് 'ക്യാഷ് ബാക്ക് സ്കീം' എന്നപേരിൽ വ്യാപാരികൾക്കായും വിഭാവനം ചെയ്തിരിക്കുന്നു. അതുപോലെ തന്നെ ആധാർ അധിഷ്ഠിത പേയ്മെന്റ് സംവിധാനത്തിൽ വ്യാപാരികൾക്കായുള്ള 'ആധാർ പേ' എന്ന സൗകര്യവും കാലതാമസമില്ലാതെ നിലവിൽ വരുമെന്നും പറഞ്ഞിരിക്കുന്നു. 2017 മാർച്ചിനു മുൻപു തന്നെ 10 ലക്ഷം പുതിയ പി.ഒ.എസ്സ് (പോയിന്റ് ഓഫ് സെയിൽ) ടെർമിനലുകൾ ആരംഭിക്കുന്നതിന് ബാങ്കുകൾ ലക്ഷ്യമിടുന്നു. 2017 സെപ്തംബറോടെ 20 ലക്ഷം ആധാർ അധിഷ്ഠിത പി.ഒ.എസ്സുകൾ ആരംഭിക്കാൻ ഗവൺമെന്റ് ബാങ്കുകളോട് ആവശ്യപ്പെടും.

സാമൂഹ്യ ജീവിതത്തിന്റെ സമസ്തതലങ്ങളിലും, പ്രത്യേകിച്ച് സ്ഥാപനങ്ങളിലും, വിപണിയിലും ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങൾ (ഭീം ആപ്പ് ഉൾപ്പടെ) പ്രോത്സാഹിപ്പിക്കപ്പെടേണ്ടതിന്റെ അനിവാര്യത ബഡ്ജറ്റ് ഊന്നിപ്പറയുന്നു. പെട്രോൾ പമ്പുകൾ, വളം വില്പന ശാലകൾ, മുനിസിപ്പാലിറ്റികൾ, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഗതാഗത സ്ഥാപനങ്ങൾ, വിവിധ കാര്യാലയങ്ങൾ, യൂണിവേഴ്സിറ്റികൾ, കലാലയങ്ങൾ, ആശുപത്രികൾ തുടങ്ങി എല്ലായിടങ്ങളിലും

'ഭീം ആപ്പ്' ഉൾപ്പടെയുള്ള ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നത് ബഡ്ജറ്റ് നിർദ്ദേശിക്കുന്നു.

ഡിജിറ്റൽ പണമിടപാടുകൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്ക് കൂടുതൽ സാമ്പത്തിക സഹായം ഔപചാരിക സാമ്പത്തിക മേഖലയിൽ നിന്നുതന്നെ ലഭ്യമാക്കാനാകുമെന്നും, ഡിജിറ്റൽ പേയ്മെന്റുകളുടെ നിയമപരമായ നിയന്ത്രണത്തിന് വേണ്ട മേൽനോട്ടത്തിനുള്ള ചട്ടക്കൂടുകൾ തദ്വാര മെച്ചപ്പെടുത്തുമെന്നും ധനമന്ത്രി ബഡ്ജറ്റ് അവതരണ വേളയിൽ പ്രസ്താവിക്കുകയുണ്ടായി. ഇതിന്റെ ഫലമായി ബാങ്കുകൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും നൂതനമായ പെയ്മെന്റ് സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താനാകും.

നിലവിൽ കേന്ദ്ര സാമ്പത്തിക കാര്യവകുപ്പ് ഡിജിറ്റൽ പെയ്മെന്റുകളെക്കുറിച്ച് പഠിക്കുന്നതിലേക്ക് രൂപീകരിച്ചിട്ടുള്ള രത്തൻ. പി. വട്ടൽ കമ്മിറ്റിയുടെ ശുപാർശകൾ പ്രകാരം പെയ്മെന്റ് സമ്പ്രദായത്തിൽ ഘടനാപരമായ മാറ്റങ്ങൾ ഉൾക്കൊണ്ടുള്ള ഡിജിറ്റൽ പേയ്മെന്റുകൾക്കായുള്ള നിയമപരമായ ചട്ടക്കൂടായ പെയ്മെന്റ് ആൻഡ് സെറ്റിൽമെന്റ് സിസ്റ്റംസ് ആക്ട് 2007 ന് അനിവാര്യമായ മാറ്റങ്ങൾ വരുത്തും. നിലവിലുള്ള മേൽനോട്ട സമിതിയായ ബോർഡ് ഫോർ റഗുലേഷൻ ആന്റ് സൂപ്പർ വിഷൻ ഓഫ് പേയ്മെന്റ് ആന്റ് സെറ്റിൽമെന്റ് സിസ്റ്റത്തിനു പകരം പുതിയ പെയ്മെന്റ് റഗുലേറ്ററി ബോർഡ് റിസർവ് ബാങ്കിൽ സ്ഥാപിക്കുമെന്ന ബജറ്റ് നിർദ്ദേശവും ശ്രദ്ധേയമാണ്.

## 2. കണക്ടിവിറ്റി

ഡിജിറ്റൽ സമ്പ്രദായത്തിന്റെ വളർച്ചയ്ക്കും, വികാസത്തിനും ഏറ്റവും അനിവാര്യമാണ് മികച്ച ഇന്റർനെറ്റ് കണക്ടിവിറ്റി. ഡിജിറ്റൽ സമ്പദ്വ്യവസ്ഥയിലൂന്നി നിൽക്കുന്ന നിലവിലെ ബഡ്ജറ്റിന്റെ രണ്ടാമത്തെ തലം കണക്ടിവിറ്റി വർദ്ധിപ്പിക്കുക എന്നതാണ്. വേഗതയേറിയ ഇന്റർനെറ്റ് കണക്ടിവിറ്റി ഇല്ലാതെ ജനങ്ങൾക്ക് ഡിജിറ്റൽ സേവനങ്ങൾ ഉപയോഗനപ്പെടുത്താനാകില്ല. അതിനാൽതന്നെ ബ്രോഡ്ബാൻഡ് കണക്ടിവിറ്റി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതു മുന്നിൽകണ്ട് 2017-18 ലെ ബഡ്ജറ്റിൽ നിലവിലെ ഭാരത്നെറ്റ് പ്രോജക്ടിനായി 10,000 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഗ്രാമീണ ഇന്ത്യയെ മൊത്തത്തിൽ ബ്രോഡ്ബാൻഡ് കണക്ടിവിറ്റി പ്രദേശമാക്കി മാറ്റുക എന്ന ഉദ്ദേശ്യത്തോടെ ബഡ്ജറ്റ് ഭാരത് നെറ്റിലൂടെ രാജ്യത്തെ 2,50,000 പഞ്ചായത്തുകളെ സമ്പൂർണ്ണമായും കണക്ടിവിറ്റി നെറ്റിൽ കൊണ്ടു വരാൻ ലക്ഷ്യമിടുന്നു. 2017-18 അവസാനത്തോടെ ഒപ്റ്റിക്കൽ ഫൈബർ ഉപയോഗിച്ച് അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ടിവിറ്റി 1,50,000 ത്തിലധികം ഗ്രാമപഞ്ചായത്തുകളിലെത്തിക്കുകയും, വൈഫൈ ഹോട്ട് സ്പോട്ടുകൾ ഉപയോഗിച്ച് കുറഞ്ഞ നിരക്കിൽ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുമെന്ന് ബഡ്ജറ്റ് വിഭാവനം ചെയ്യുന്നു.

## 3. ഡിജിറ്റൽ വിദ്യാഭ്യാസം / നൈപുണ്യ വികസനം

ഡിജിറ്റൽ സമ്പദ്വ്യവസ്ഥ മറ്റേതൊരു മേഖലയെക്കാളുമേറെ സ്വാധീനം ചെലുത്താൻ സാധ്യതയുള്ള മേഖലയാണ് വിദ്യാഭ്യാസം. രാജ്യത്തിന്റെ ഭാവി യുവജനങ്ങളിലാണെന്ന തിരിച്ചറിവിൽ ഊന്നിനിന്നുകൊണ്ട് അവരുടെ വിദ്യാഭ്യാസത്തിനും നൈപുണ്യ നിർമ്മിതിക്കും ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന് ഗവൺമെന്റ് ബഡ്ജറ്റിലൂടെ ലക്ഷ്യമിടുന്നു. നിലവിൽ കേന്ദ്രമാനവശേഷി വികസന വകുപ്പ് നടപ്പിൽ വരുത്തിയിട്ടുള്ള 'സ്വയം' (SWAYAM) എന്ന പ്രാദേശികമായി വികസിപ്പിച്ചെടുത്തിട്ടുള്ള വിവര സാങ്കേതിക സംവിധാനത്തിലൂടെ ഒൻപതാം ക്ലാസ്സു മുതൽ, ബിരുദാനന്തര ബിരുദതലം വരെയുള്ള ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന കോഴ്സുകൾ ആർക്കും എവിടെയും, എപ്പോൾ വേണമെങ്കിലും പ്രാപ്യമാക്കാനാവും. സാമൂഹിക പിന്നാക്കാവസ്ഥയിലുള്ളവർക്കുപോലും ഏറ്റവും മികച്ച വിദ്യാഭ്യാസ സാഹചര്യവും, വിഭവങ്ങളും എത്തിച്ചു നൽകുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്.

സ്വയം (SWAYAM) പദ്ധതിയിലൂടെ ഏതാണ്ട് 350 ഓളം കോഴ്സുകൾ ഏവർക്കും പ്രാപ്യമാകുന്നതോടെ മുഖ്യധാരാ വൈജ്ഞാനിക സമ്പദ്വ്യവസ്ഥ (Knowledge Economy) യുടെ ഭാഗമാകാൻ കഴിയാതെ പോയവരെ മുഖ്യധാരയിലെത്തിക്കുന്നതിനും അതിലൂടെ 'ഡിജിറ്റൽ ഡിവൈഡ്' ഇല്ലാതാക്കുന്നതിനും സാധിക്കും.

ഇതുകൂടാതെ ഡിജിഗാവോൺ (DigiGaon) പദ്ധതിയിലൂടെ ടെലി-മെഡിസിൻ, വിദ്യാഭ്യാസം, നൈപുണ്യ നിർമ്മിതി തുടങ്ങിയവ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് സാധ്യമാക്കാനും ബജറ്റ് ലക്ഷ്യമിടുന്നു. മാത്രവുമല്ല, ഡിജിറ്റൽ ലോകത്തെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലേക്ക് പുതിയ സ്റ്റാർട്ട് അപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിയുണ്ട്.

## 4. പൊതു സേവനങ്ങളുടെ വിതരണവും ഇ-ഗവേണൻസും

ഡിജിറ്റൽ ഇന്ത്യാ ദൗത്യം ആരംഭിച്ച നാൾ മുതൽ തന്നെ 'ജൻധൻ - ആധാർ - മൊബൈൽ' (JAM) പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തി ഗവൺമെന്റിൽ നിന്നുള്ള വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും അതിലൂടെ ഡിജിറ്റൽ വിപ്ലവത്തിന്റെ ഗുണഫലങ്ങൾ അനേകരിലേക്കെത്തിക്കാനും പരിശ്രമം നടന്നുവരുന്നു. ഇതിന് മകുടോദാഹരണങ്ങളാണ് സാമൂഹിക പെൻഷനുകൾ, തൊഴിലുറപ്പ് വേതനം, സ്കോളർഷിപ്പുക

ൾ എന്നിവയുടെ വിതരണം.

അടിസ്ഥാനമേഖലയിലേക്കും, സാധാരണ ജന വിഭാഗങ്ങളിലേക്കും ഡിജിറ്റൽ-സാങ്കേതികവിദ്യയുടെ ഗുണഫലങ്ങളെത്തിക്കുക എന്നതാണ് ബജറ്റിൽ ധന കാര്യമന്ത്രി നടത്തിയ ദേശീയ ഓൺലൈൻ കാർഷിക വിപണി (e-NAM)യുടെ വികസനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്തരം ഒരു വിപണിയിലൂടെ രാജ്യത്തെ മുഴുവൻ കർഷകർക്കും അവരുടെ ഉല്പന്നങ്ങൾക്ക് മികച്ചവില നേടാനാകും എന്ന് കേന്ദ്രഗവൺമെന്റ് പ്രത്യാശിക്കുന്നു.

ബജറ്റ് പ്രകാരം ദേശീയ ഓൺലൈൻ കാർഷിക വിപണി (e-NAM), 585 കാർഷിക ഉല്പന്ന വിപണന കമ്മിറ്റികളിലേക്ക് (APMCs) കൂടി വ്യാപിപ്പിക്കുകയും, ഇവയെ രാജ്യത്തെ ഡെറിവേറ്റീവ് മാർക്കറ്റുകളുമായി ബന്ധിപ്പിക്കുകയും ചെയ്യും.

**5. ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ: സാമ്പത്തിക രംഗത്തെ ശുദ്ധീകരണം**

കറൻസി അധിഷ്ഠിത സമ്പദ്‌വ്യവസ്ഥയെ അപേക്ഷിച്ച് ഡിജിറ്റൽ ഇടപാടുകളിലേക്ക് ചുവടുമാറ്റപ്പെടുമ്പോൾ എല്ലാ അക്കൗണ്ടുകളും, ഇടപാടുകളും രേഖപ്പെടുത്തലുകൾക്ക് വിധേയമാകുന്നു എന്നതും, അതുവഴി കള്ളപ്പണം, നികുതി വെട്ടിപ്പ് എന്നിവ തടയാനാകുന്നു എന്നതുമാണ് സുപ്രധാനനേട്ടങ്ങളായി പരിഗണിക്കപ്പെടുന്നത്. ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ സാമ്പത്തിക രംഗത്തിന്റെ ശുദ്ധീകരണത്തിന് സർക്കാരിനെ സഹായിക്കുമെന്ന് കരുതാം.

ബഡ്ജറ്റ് അവതരണവേളയിൽ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിലൂടെ നികുതിവെട്ടിപ്പ് വളരെയേറെ കുറയ്ക്കാനാകുമെന്ന് ധനമന്ത്രി അഭിപ്രായപ്പെടുന്നു. കറൻസി അധിഷ്ഠിതമായ സമ്പദ്‌വ്യവസ്ഥയാണ് മനുഷ്യരെ നികുതി വെട്ടിപ്പിന് പ്രാപ്തരാക്കുന്നത്. ഇത്തരത്തിൽ അനേകർ നികുതി വെട്ടിക്കുമ്പോൾ അതിന്റെ ഭാരം സത്യസന്ധരായ നികുതിദായകരുടെമേൽ പതിക്കുന്നുവെന്ന് അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി.

സുതാര്യത ഉറപ്പുവരുത്തുന്നതിനും, ഗവൺമെന്റ് ഇടുപാടുകൾ സംശുദ്ധമാക്കുന്നതിനുമായി ബജറ്റ് 3 ലക്ഷം രൂപയ്ക്കുമുകളിലുള്ള മുഴുവൻ ഇടപാടുകളും ബാങ്ക് അക്കൗണ്ട് മുഖാന്തിരമാക്കി മാറ്റാൻ നിർദ്ദേശിക്കുന്നു. കള്ളപ്പണത്തെക്കുറിച്ച് അന്വേഷിച്ച പ്രത്യേക അന്വേഷണ സംഘത്തിന്റെ ശുപാർശകൾക്കനുസൃതമായാണ് ഇത്തരമൊരു നിർദ്ദേശം. മറ്റൊരു ശ്രദ്ധേയമായ ബജറ്റ് നിർദ്ദേശം രാഷ്ട്രീയ പാർട്ടികൾക്കായുള്ള കറൻസി അധിഷ്ഠിത സംഭാവനകൾ 2000 രൂപയായി ചുരുക്കി എന്നതാണ്.

**6. ഡിജിറ്റൽ ഇടപാടുകൾക്കായുള്ള ഉപകരണങ്ങളുടെ നിർമ്മാണം**

കറൻസി രഹിത ഡിജിറ്റൽ സമ്പദ് വ്യവസ്ഥ സാധ്യമാകണമെങ്കിൽ അടിസ്ഥാനപരമായി അതിനാവശ്യമായ ഉപകരണങ്ങളും, അടിസ്ഥാന സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്. ആയതിലേക്ക് ബജറ്റ് ചില നിർദ്ദേശങ്ങൾ മുന്നോട്ട് വെയ്ക്കുന്നു എന്നത് ശ്രദ്ധേയമാണ്. വിവിധ പടികളിലായി POS (പോയിന്റ് ഓഫ് സെയിൽസ്) മെഷീനുകൾ തുടങ്ങി മൈക്രോ എറ്റിഎമ്മുകൾവരെയുള്ള ഉപകരണങ്ങളുടെ തദ്ദേശീയമായ നിർമ്മാണത്തിനും, ഉപയോഗം ഊർജ്ജിതപ്പെടുത്തുന്നതിനും അടിസ്ഥാന കസ്റ്റംസ് ഡ്യൂട്ടി, കൗണ്ടർ വെയിലിംഗ് ഡ്യൂട്ടി, അതുപോലെ തന്നെ ഇറക്കുമതി ചെയ്യുന്ന ഉപകരണ ഭാഗങ്ങൾക്കുള്ള പ്രത്യേക അധിക നികുതി എന്നിവ ഒഴിവാക്കുകയും, പലവിധ POS മെഷീനുകൾക്കുള്ള എക്സൈസ് ഡ്യൂട്ടി എടുത്തുകളയുകയും ചെയ്തു. മൈക്രോ എറ്റിഎം, ഫിംഗർ പ്രിന്റ് റീഡർ, സ്കാനർ, ഐറിസ് സ്കാനർ എന്നിവയുടെയെല്ലാം എക്സൈസ് ഡ്യൂട്ടി ഒഴിവാക്കിയിട്ടുണ്ട്.

ഉത്പ്പാദക മേഖലയെ സംബന്ധിച്ചിടത്തോളം, എം-സിപ്സ് (മോഡിഫൈഡ് സ്പെഷ്യൽ ഇൻസന്റീവ് പാക്കേജ്), ഇ.ഡി.എഫ് (ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് ഫണ്ട്) തുടങ്ങിയ പ്രോത്സാഹന പദ്ധതികൾക്കുള്ള വിഹിതം നാളിതുവരെയുള്ളതിൽ ഏറ്റവും ഉയർന്ന തുകയായ 745 കോടി രൂപയാണ് ഇത്തവണ വകയിരുത്തിയിട്ടുള്ളത്.

ചുരുക്കത്തിൽ 2017ലെ ബജറ്റിന്റെ സുപ്രധാനമായ ഊന്നൽ ഡിജിറ്റൽ സമ്പദ് വ്യവസ്ഥയുടെ വളർച്ചയും, വികസനവുമാണ്. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്കും, സാമ്പത്തിക പ്രവർത്തനങ്ങൾക്കും സ്ഥാപനങ്ങൾക്കും ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയുടെ ഗുണഫലങ്ങൾ ആർജ്ജിക്കാൻ കഴിയും വിധം വിവിധങ്ങളായ പദ്ധതികൾ ബജറ്റ് മുന്നോട്ട് വയ്ക്കുന്നു.

ഡിജിറ്റൽ സമ്പദ് വ്യവസ്ഥയ്ക്ക് വലിയ ഊന്നൽ നൽകുമ്പോഴും ബഡ്ജറ്റ് ഡിജിറ്റൽ കുറ്റകൃത്യങ്ങളെ നേരിടാൻ തക്കവിധത്തിൽ വേണ്ടത്ര നിയമ നിർമ്മാണത്തിനുള്ള സൂചനകളും, നീക്കിയിരുപ്പുകളും നൽകുന്നില്ല എന്നത് നിർഭാഗ്യകരമാണ്. ഈ മേഖലയിൽ ഡിജിറ്റൽ ഇടപാടുകളുടെ സുരക്ഷാ വർദ്ധനവിൽ മാത്രം ഒതുങ്ങുന്നു ബഡ്ജറ്റ് പ്രഖ്യാപനം. എങ്കിൽത്തന്നെയും ഡിജിറ്റൽ എക്കോണമിയുടെ ഭാഗമായി ഏറെ മുന്നോട്ട് പോകാനുള്ള ഒരു സമ്പദ് വ്യവസ്ഥയ്ക്ക് യാഥാർത്ഥ്യങ്ങളിലൂന്നിയ ഒരു ബഡ്ജറ്റിന്റെ ആദ്യ ചുവടുവെയ്പ്പായി ഇത്തവണത്തെ ബജറ്റിനെ കാണാൻ സാധിക്കും.

*(ലേഖകർ യഥാക്രമം ചവറ ബിജെഎം ഗവ. കോളേജിൽ കൊമേഴ്സ് വിഭാഗം അസി.പ്രൊഫസറും മണിമലക്കുന്ന് റ്റി.എം.ജെ.എം. ഗവ.കോളേജിൽ എക്കണോമിക്സ് വിഭാഗം അസി.പ്രൊഫസറുമാണ്.)*

# വാണിജ്യ, വ്യവസായ രംഗത്ത് ഉണർവ്വേകുന്ന ബജറ്റ്

**ശചീന്ദ്രൻ.വി**

രാജ്യത്തിന്റെ സമസ്ത മേഖലകളെയും സാമ്പത്തിക അച്ചടക്കത്തോടെ സമീപിക്കുന്നതോടൊപ്പം ഡിജിറ്റൽ വിപ്ലവത്തിലേക്ക് ഇന്ത്യയെ നയിക്കാൻ കൂടി ഉതകുന്നതാണ് ഇത്തവണത്തെ ബജറ്റ്. ഗ്രാമീണ മേഖലയിൽ സമഗ്ര വികസനം ലക്ഷ്യമിടുന്നതോടൊപ്പം രാജ്യസുരക്ഷ, ആരോഗ്യം, കാർഷികം, വാണിജ്യ മേഖല തുടങ്ങിയ എല്ലാ പ്രധാന തലങ്ങളിലും ബജറ്റ് വളർച്ചയ്ക്കുള്ള അവസരമൊരുക്കുന്നു. ബജറ്റിലെ വ്യവസായ വാണിജ്യ മേഖലകൾക്കായുള്ള പ്രധാന നിർദ്ദേശങ്ങൾ വിലയിരുത്തുക എന്നതാണ് ഈ ലേഖനത്തിന്റെ മുഖ്യ ലക്ഷ്യം.

## ബജറ്റും വാണിജ്യവ്യവസായ മേഖലകളും

ഇത്തവണത്തെ കേന്ദ്രബജറ്റിൽ വാണിജ്യ വ്യവസായ മേഖലയുടെ അഭിവൃദ്ധിക്കായി കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ ചുവടെച്ചേർക്കുന്നു:

1. അനുമാനാധിഷ്ഠിതമായ ആദായ നികുതി അടയ്ക്കാവുന്ന സംരഭങ്ങളുടെ വാർഷിക വിറ്റുവരവ് പരിധി 1 കോടി രൂപയിൽ നിന്ന് 2 കോടി രൂപയാക്കി ഉയർത്തി. ഇത് കൂടുതൽ സംരംഭങ്ങളെ അനുമാനാധിഷ്ഠിത നികുതി രീതി പിൻതുടരാൻ പ്രാപ്തമാക്കും. ഡിജിറ്റൽ രീതിയിലുള്ള ഇടപാടുകാർക്ക് വിറ്റുവരവിന്റെ 6% കണക്കാക്കിയാവും നികുതി.

2. 50 കോടി രൂപ വരെ വാർഷിക വിറ്റുവരവുള്ള സംരഭങ്ങളുടെ നികുതി 30 ശതമാനത്തിൽ നിന്നും 25 ശതമാനമായി കുറച്ചു. ചെറുകിട ഇടത്തരം സംരഭങ്ങൾക്ക് ഇത് ഗുണം ചെയ്യും.

3. ദ്രവീകൃത പ്രകൃതി വാതകത്തിന്റെ അടിസ്ഥാന കസ്റ്റംസ് തീരുവ 5 ശതമാനത്തിൽ നിന്ന് 2.5 ശതമാനമായി കുറച്ചു. ഫാക്ട്, ബി.പി.സി.എൽ, കൊച്ചിൻ റിഫൈനറീസ് പോലുള്ള പൊതു മേഖലാ കമ്പനികൾക്കും, ടാറ്റാ സെറാമിക്സ് പോലുള്ള സ്വകാര്യ കമ്പനികൾക്കും പ്രകൃതി വാതകത്തിന്റെ ചെലവിൽ യൂണിറ്റിന് 12-14 രൂപ വരെ കുറവ് ലഭിക്കാൻ ഇത് സഹായിക്കും.

4. ചെലവ് കുറഞ്ഞ ബജറ്റ് ഭവനങ്ങളുടെ നിർമാണത്തിന് അടിസ്ഥാന സൗകര്യപദവിയും, കൂടുതൽ വായ്പാ സൗകര്യങ്ങളും അനുവദിച്ചിരിക്കുന്നു. ഈ രംഗത്തേക്ക് കൂടുതൽ കമ്പനികൾ കടന്നു വരാനും, നിർമ്മാണ മേഖലയ്ക്ക് ഊർജം പകരാനും ഈ നീക്കം ഉപകരിക്കും. 2022 ഓടെ 'എല്ലാവർക്കും ഭവനം' എന്നതാണ് ലക്ഷ്യം. ദേശീയ ഭവനബാങ്ക് (NHB) 20000 കോടി രൂപയുടെ പുനർ വായ്പാ സഹായം നൽകും.

5. ആദായ നികുതിയുടെ കീഴിൽ വരാത്ത താഴ്ന്ന വരുമാനക്കാരായ ഇൻഷൂറൻസ് ഏജന്റുമാർക്ക് ലഭിക്കുന്ന കമ്മീഷനിൽ നിന്നും 5 ശതമാനം നികുതി കിഴിക്കേണ്ടതില്ല എന്ന വ്യവസ്ഥ കൊണ്ടുവന്നു.

6. സർചാർജ് ഈടാക്കുന്നതിൽ സംരഭങ്ങളെ രണ്ട് തട്ടിലാക്കി തിരിച്ചു. 50 ലക്ഷം രൂപ മുതൽ ഒരുകോടി രൂപ വരെ വരുമാനം ഉള്ളവർക്ക് 10% സർചാർജും, ഒരു കോടി രൂപയ്ക്ക് മുകളിൽ 15 ശതമാനം സർചാർജും ഈടാക്കും.


7. ചാരിറ്റബിൾ ട്രസ്റ്റുകൾക്ക് 2000 രൂപ വരെ മാത്രമേ കറൻസി രൂപത്തിൽ സംഭാവന വാങ്ങാൻ കഴിയൂ.

8. മൂന്ന് ലക്ഷം രൂപയിൽ കൂടുതൽ കറൻസിയിലുള്ള ഇടപാടുകൾ നിരോധിച്ചു.

9. പൊതു മേഖലാ ബാങ്കുകൾക്ക് 10000 കോടി രൂപയുടെ പുനർ മൂലധനം നൽകാനുള്ള തീരുമാനം അവയുടെ പ്രവർത്തന ശേഷി ഗണ്യമായി വർദ്ധിപ്പിക്കും. 2015 ൽ തുടങ്ങിയ 'ഇന്ദ്രധനുഷ്' പദ്ധതിയുടെ കീഴിലെ മൂന്നാം വർഷ തുകയായാണ് 10000 കോടി രൂപ നൽകുന്നത്.

10. വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്ന ബോർഡ്

## Capital Allocation Programme under Indradhanush




**Source:** finance ministry

## Performance Metrics of Different Banking Groups

| | RETURN ON ASSETS | | RETURN ON EQUITY | |
|---|---|---|---|---|
| BANK GROUP | 2014-15 | 2015-16 | 2014-15 | 2015-16 |
| Public Sector | 0.46 | -0.20 | 7.76 | -3.47 |
| Private Sector | 1.68 | 1.50 | 15.74 | 13.81 |
| Foreign Banks | 1.84 | 1.45 | 10.24 | 8.00 |
| All SCBs | 0.81 | 0.31 | 10.42 | 3.59 |

**Source:** RBI

## Gross NPA ratio as on March-end




(FIPB) 2017-18 സാമ്പത്തിക വർഷത്തോടെ നിർത്തലാക്കും. ഇത് വിദേശ നിക്ഷേപങ്ങൾക്ക് അനുമതി നൽകുന്നതിലെ കാലതാമസം ഒഴിവാക്കും. വിവിധ മേഖലകളിലെ കേവലം 10 ശതമാനം വിദേശ നിക്ഷേപങ്ങൾക്ക് മാത്രമേ ബോർഡ് അനുമതി ഇപ്പോൾ ആവശ്യമായുള്ളൂ. വിദേശ നിക്ഷേപ നയം കൂടുതൽ ഉദാരമാക്കും എന്ന പ്രഖ്യാപനം വാണിജ്യ മേഖലയ്ക്ക് ഊർജ്ജം പകരും.

11. പോയിന്റ് ഓഫ് സെയിൽസ് (POS) മെഷീനുകൾ, ഫിംഗർ പ്രിന്റ് റീഡറുകൾ എന്നിവയ്ക്ക് അടിസ്ഥാന കസ്റ്റംസ്, എക്സൈസ് തീരുവകൾ ഇല്ലാതാക്കുന്നത് കറൻസി രഹിത ഇടപാടുകൾ നടത്തുന്നതിന് വാണിജ്യ സ്ഥാപനങ്ങളെ പ്രോൽസാഹിപ്പിക്കും.

12. സൈബർ സാമ്പത്തിക കുറ്റങ്ങൾ നേരിടാൻ പ്രത്യേക ഏജൻസി വരുന്നത് ഡിജിറ്റൽ ഇടപാടുകൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ സഹായിക്കും.

13. ഓഹരി വിപണികൾക്ക് ഉണർവേകുന്നതാണ് ഈ ബജറ്റ്. ബജറ്റ് ദിനത്തിൽ ബി.എസ്.ഇ യുടെ സൂചികയായ സെൻസെക്സ് 486 പോയിന്റും, നിഫ്റ്റി 155 പോയിന്റും ഉയർന്നിരുന്നു. ബാങ്കിങ്ങ്, അടിസ്ഥാന സൗകര്യ വികസന മേഖലകളിലെ കമ്പനികൾ എന്നിവയുടെ ഓഹരിവിലകളാണ് പ്രധാനമായും ഉയർന്നത്. വിദേശ നിക്ഷേപങ്ങളെ ഉദാരമാക്കും എന്ന പ്രഖ്യാപനവും, റയിൽവേ സംരംഭങ്ങളായ ഐ.ആർ.സി.ടി.സി, ഇർകോൺ, ഐ.ആർ.എഫ്.സി എന്നിവ ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്യും എന്ന പ്രഖ്യാപനവും വിപണിക്ക് ഉണർവേകി. പൊതുമേഖലാ ഓഹരി വിൽക്കാനായി എക്സേഞ്ച് ട്രേഡഡ് ഫണ്ട് മാർഗം ഉപയോഗിക്കുമെന്നതും വിപണിയിലെ നിക്ഷേപകരുടെ ആത്മവിശ്വാസം ഉയർത്തി.

14. ജി.എസ്.ടി നടപ്പിൽ വരുന്നതിനാൽ പരോക്ഷ നികുതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല. പ്രത്യക്ഷ നികുതിയായ ആദായ നികുതിയിലാകട്ടെ സമർത്ഥമായ മാറ്റങ്ങളാണ് വരുത്തിയത്. നികുതി രഹിത വരുമാനം രണ്ടര ലക്ഷത്തിൽ നിന്നും മൂന്നു ലക്ഷം രൂപയാക്കി ഉയർത്തി. മൂന്നു ലക്ഷം രൂപ മുതൽ അഞ്ച് ലക്ഷം രൂപ വരെയുള്ള വരുമാനത്തിനുള്ള നികുതി നിരക്ക് 10 ശതമാനത്തിൽ നിന്ന് 5 ശതമാനമാക്കി കുറച്ചു. മൂന്നര ലക്ഷം വരെ വരുമാനമുള്ളവർക്ക് 2500 രൂപയുടെ റിബേറ്റ് അനുവദിച്ചു. ചുരുക്കത്തിൽ 5 ലക്ഷം വരെ വരുമാനമുള്ളവർക്ക് 12500 രൂപയുടെ നികുതിയിളവ് ലഭിക്കും.

5 ലക്ഷം രൂപ വരെ വരുമാനമുള്ളവർക്ക് ഒരു പേജിലുള്ള റിട്ടേൺ നൽകിയാൽ മതിയാകും. ലാഭവിഹിതം 10 ലക്ഷം രൂപയ്ക്ക് മുകളിൽ ലഭിക്കുന്നവർക്ക് അതിനു 10 ശതമാനം നികുതി നൽകണം. ഓഡിറ്റിങ്ങ് നിർബന്ധമല്ലാത്ത വ്യക്തികൾക്കും അവിഭക്ത ഹിന്ദു കുടുംബങ്ങൾക്കും വീട്ടുവാടകയിനത്തിലുള്ള വരുമാനം 50000 രൂപയ്ക്ക് മുകളിലാണെങ്കിൽ അതിന്റെ 5 ശതമാനം സ്രോതസിൽ നിന്ന് കിഴിവ് വരുത്തണം.

ആദായനികുതി റിട്ടേണുകൾ സമയബന്ധിതമായി സമർപ്പിക്കാത്തവരിൽ നിന്നും പിഴ ഈടാക്കും. സമയപരിധി കഴിഞ്ഞ് ഡിസംബർ 31 നുള്ളിൽ ആണ് സമർപ്പിക്കുന്നതെങ്കിൽ 5000 രൂപയും അതിനു ശേഷമാണെ

ങ്കിൽ 10000 രൂപ വരെയും പിഴയടക്കേണ്ടി വരും.

15. അക്കൗണ്ടിൽ പണമില്ലാത്തതിനാൽ ചെക്ക് മടങ്ങുന്ന കേസുകളിൽ ഉടൻ തീർപ്പാക്കാനായി നെഗോഷ്യബിൾ ഇൻസ്ട്രുമെൻസ് ആക്ട് ഭേദഗതി ചെയ്യും. കോടതികളിൽ കെട്ടികിടക്കുന്ന 18 ലക്ഷത്തോളം 'വണ്ടി ചെക്ക്' കേസുകളിൽ എളുപ്പം പരിഹാരം കാണുന്നത് ബിസിനസുകാരെ ഏറെ സഹായിക്കും .

16. സ്റ്റാർട്ടപ്പുകൾക്ക് 7 വർഷം വരെയുള്ള നികുതിയിളവ് കൂടുതൽ വ്യവസായ സംരഭകരെ ആകർഷിക്കും.

ഗ്രാമീണ മേഖല ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ അവിഭാജ്യ ഘടകമാണ്. അതിനാൽ തന്നെ ഗ്രാമീണ മേഖലയുടെ സമഗ്ര വികസനത്തിന് ഉതകുന്ന നിരവധി നിർദ്ദേശങ്ങൾ ഉൾകൊള്ളുന്നതാണ് 2017-18 സാമ്പത്തിക വർഷത്തിലേക്കുള്ള ബജറ്റ്. അവയിൽ പ്രധാനമായവ ചുവടെ ചേർക്കുന്നു.

1. അന്ത്യോദയ ദൗത്യ പ്രകാരം 2019 ഓടെ ഒരു കോടി കുടുംബങ്ങളും അര ലക്ഷം ഗ്രാമപഞ്ചായത്തുകളും ദാരിദ്ര്യ മുക്തമാക്കാനുള്ള ശ്രമം വ്യാപിപ്പിക്കും.

2. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്കായി കഴിഞ്ഞ വർഷത്തിൽ നിന്നും 25% വർദ്ധനവോടെ 48000 കോടിയുടെ വിഹിതം ഏർപ്പെടുത്തി.

3. ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി പദ്ധതിയിലൂടെ 2018 മെയ് 1 ന് മുമ്പായി ഇന്ത്യയിലെ മുഴുവൻ ഗ്രാമങ്ങളിലും വൈദ്യുതി ലഭ്യമാക്കും. ഇതിനായി 4814 കോടി രൂപ നീക്കി വച്ചു.

4. പ്രധാനമന്ത്രി ഗ്രാമീണ റോഡ് വികസന പദ്ധതി പ്രകാരമുള്ള തുക, കേന്ദ്ര വിഹിതമായ 19000 കോടി രൂപയും സംസ്ഥാന വിഹിതവും കൂടുമ്പോൾ 27000 കോടിയിലെത്തും.

5. ദേശീയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി 4 വർഷത്തിനുള്ളിൽ ഗ്രാമീണ മേഖലയിലെ എല്ലായിടത്തും ശുദ്ധജലം എത്തിക്കും.

6. ദേശീയ നൈപുണ്യ വികസന സംരംഭങ്ങൾക്കായി 4500 കോടി രൂപ നീക്കിവെച്ചു.

7. പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയിലൂടെയുള്ള വായ്പാ സഹായം വർദ്ധിപ്പിക്കും. 2022 നു മുമ്പ് 5 ലക്ഷം പേർക്ക് നിർമാണ മേഖലയിലെ തൊഴിലുകളിൽ പരിശീലനം നൽകും.

8. 2017-18 സാമ്പത്തിക വർഷാവസാനത്തോടെ ഒന്നര ലക്ഷം ഗ്രാമങ്ങളിൽ ബ്രോഡ്ബാന്റ് കണക്ഷൻ നൽകും.

ഇത്തരത്തിൽ ഗ്രാമീണ മേഖലയുടെ സമഗ്ര വികസനം സാധ്യമാകുമ്പോൾ സ്വാഭാവികമായും ഇന്ത്യയുടെ മൊത്തത്തിലുള്ള സമ്പദ്‌വ്യവസ്ഥയിൽ കാര്യമായ ഉണർവുണ്ടാകും.

## മറ്റു മേഖലകൾ

- കാർഷിക മേഖലയിൽ വ്യാപകമായ ഇടപെടലുകൾ ഈ ബജറ്റ് നടത്തിയിട്ടുണ്ട്. നബാർഡ് മുഖേന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി കാർഷിക വായ്പകൾ, പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ നഷ്ടപരിഹാരത്തിനായി വിള ഇൻഷൂറൻസ്, കൃഷി വിജ്ഞാൻ കേന്ദ്രങ്ങളിൽ മണ്ണു പരിശോധനക്കുള്ള സംവിധാനങ്ങൾ, ക്ഷീര സംരക്ഷണ നിധി, ദേശീയ കാർഷിക വിപണി വ്യാപിപ്പിക്കൽ, പഴം, പച്ചക്കറി കർഷകർക്കായി 'കരാർ കൃഷി നിയമം' നടപ്പാക്കൽ എന്നിവ അവയിൽ പ്രധാനമാണ്.

- റെയിൽവേയുടെ വികസനത്തിനാവശ്യമായ വിവിധ പദ്ധതികൾ ബജറ്റിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലയിൽ 1.31 ലക്ഷം കോടി രൂപയുടെ നിക്ഷേപം ബജറ്റിലുണ്ട്. 3500 മീറ്റർ പുതിയ റെയിൽപാത, സർവീസ് ചാർജില്ലാതെ ഐ. ആർ. സി. ടി. സി മുഖേനയുള്ള ടിക്കറ്റ് ബുക്കിങ്ങ്, ആളില്ലാ ലെവൽ ക്രോസ് ഒഴിവാക്കൽ, സ്റ്റേഷനുകളുടെ ആധുനിക വൽകരണം, കോച്ചുകളില ജൈവ ശുചിമുറി എന്നിവ ഇതിലുൾപ്പെടുന്നു.

- പ്രതിരോധ മേഖലയ്ക്ക് 86488 കോടി രൂപയുടെ വിഹിതം നൽകിയിട്ടുണ്ട്.

- യുവാക്കൾക്ക് 'സ്വയം', 'സങ്കൽപ്', 'സ്ട്രൈവ്' പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്.

ചുരുക്കത്തിൽ ഇന്ത്യയുടെ സമഗ്ര വികസനത്തിനാവശ്യമായ നിരവധി ഘടകങ്ങൾ അടങ്ങിയതാണ് 2017-18 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബജറ്റ്.

*(മഞ്ചേശ്വരം ജിപിഎം ഗവൺമെന്റ് കോളേജിൽ കൊമേഴ്സ് വിഭാഗം മേധാവിയാണ് ലേഖകൻ)*



# എല്ലാവർക്കും വീട്: ചെലവു കുറഞ്ഞ ഭവന പദ്ധതികൾക്ക് ബജറ്റ് നൽകുന്ന പ്രതീക്ഷകൾ

പ്രഭിഷ.എ.ടി.

**നി**കുതി വെട്ടിപ്പ് തടയലും കള്ളപ്പണ നിർമ്മാർജ്ജനവും ലക്ഷ്യമിട്ടുകൊണ്ട് ഉയർന്ന മൂല്യമുള്ള കറൻസി നോട്ടുകൾ പിൻവലിച്ചതോടെ, പണമിടപാടുകളിൽ ഉയർന്ന വിശ്വാസ്യതയും സുതാര്യതയും ഉറപ്പുവരുത്തുകയാണ് കേന്ദ്രസർക്കാർ. എന്നാൽ ഈ തീരുമാനത്തിലൂടെ ചില പ്രധാന മേഖലകളായ റിയൽ എസ്റ്റേറ്റ്, വിനോദസഞ്ചാരം, ഓട്ടോ മൊബൈൽ മേഖല എന്നീ വിപണികളിൽ നഷ്ടം നേരിട്ടു. കണക്കിൽപ്പെടാത്ത പണത്തിന്റെ അംശം വളരെയധികം നിലവിലുണ്ടായിരുന്ന റിയൽ എസ്റ്റേറ്റ് മേഖലയെ നോട്ടസാധുവാക്കൽ പ്രക്രിയ വളരെ വലിയ രീതിയിൽ തന്നെ ബാധിച്ചു. ഈ മേഖലയിലെ ഭൂ-ഭവനവസ്തുക്കൾക്ക് വിലക്കുറവ് നേരിട്ടതിനാൽ വിൽപ്പനക്കാരെ അവ കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ നിർബന്ധിതരാക്കുകയും വാങ്ങുന്നവരെ വാങ്ങാനുള്ള അനുകൂല സമയത്തിന് കാത്തിരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. എന്നാൽ മാന്ദ്യം നേരിട്ട ഭവനമേഖലയ്ക്ക് വളരെയധികം പ്രാധാന്യം നൽകികൊണ്ട് കേന്ദ്ര ധനമന്ത്രി അരുൺജെയ്റ്റ്ലി കേന്ദ്ര ബജറ്റ്-2017 പ്രഖ്യാപിച്ചതോടു കൂടി ഈ മേഖലയിൽ ഉണർവ്വ് വന്നിരിക്കുകയാണ്. ഭവനമേഖലയുടെ വളർച്ച ലക്ഷ്യം വച്ച് സർക്കാർ പ്രഖ്യാപിച്ച ചില പ്രധാന നിർദ്ദേശങ്ങളും അവയുടെ സാധ്യതകളും വിശദീകരിക്കുകയാണ് ചുവടെ:

### 1. ചെലവുകുറഞ്ഞ ഭവനപദ്ധതികൾക്ക് അടിസ്ഥാന സൗകര്യ പദവി (Infrastructure status):

ചെലവു കുറഞ്ഞ ഭവനപദ്ധതികൾക്ക് അടിസ്ഥാനസൗകര്യ പദവി ലഭിക്കുന്നതോടെ ഈ പദ്ധതികൾക്കായി വായ്പയെടുക്കുന്ന നിർമ്മാതാക്കൾക്കും കമ്പനികൾക്കും കൂടുതൽ നികുതി ആനുകൂല്യങ്ങളും ധനസഹായവും ലഭ്യമാകും. ഈ രംഗത്തേക്ക് കൂടുതൽ കമ്പനികൾ വരുകയും ഇതിലൂടെ മത്സരം ശക്തമാകുകയും ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയ്ക്ക് ഭൂമിയും ഭവനവും ലഭ്യമാവുകയും ചെയ്യും. കൂടാതെ അടിസ്ഥാന സൗകര്യ പദവി ലഭിക്കുന്ന ഭവനമേഖലയിൽ വായ്പാരംഗത്ത് നിരക്കുകുറവുകളും സബ്സിഡി ആനുകൂല്യങ്ങളും സർക്കാർ വീണ്ടും അനുവദിച്ചേക്കാം എന്നുള്ളതും ശ്രദ്ധേയമാണ്. അടിസ്ഥാന സൗകര്യപദവി ലഭിക്കുന്നതിലൂടെ കുറഞ്ഞ ചെലവിലുള്ള ഭവന പദ്ധതികൾക്കുള്ള അനുമതികൾ കൂടുതൽ ലളിതമാകുകയും ഈ മേഖലയിൽ കൃത്യമായ രൂപരേഖയുണ്ടാകുകയും സുതാര്യത വർദ്ധിക്കുകയും ചെയ്യുമെന്നാണ് പ്രതീ ക്ഷ.

### 2. പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് കീഴിൽ കൂടുതൽ ഇളവുകൾ:

പ്രധാനമന്ത്രിയുടെ 'എല്ലാവർക്കും ഭവനം' പദ്ധതിക്കു കീഴിലുള്ള ചെലവു കുറഞ്ഞ ഭവനപദ്ധതികൾക്ക് കേന്ദ്രബജറ്റ്-2017 കൂടുതൽ ശ്രദ്ധ കൊടുത്തിരിക്കുന്നു. പ്രധാനമന്ത്രി ആവാസ് യോജനക്ക് വേണ്ടിയുള്ള വിഹിതം 15000 കോടി രൂപയിൽ നിന്നും 23000 കോടി രൂപയായി വർദ്ധിപ്പിച്ചതും വായ്പാകാലയളവ് 15 വർഷത്തിൽ നിന്നും 20 വർഷമായി നീട്ടിയതും ഗുണഭോക്താക്കളായ ദരിദ്ര-മധ്യവർഗ ജനവിഭാഗങ്ങൾക്ക് ഏറെ ആശ്വാസകരമായിരിക്കും. നോട്ട് അസാധുവാക്കൽ പ്രക്രിയ നടപ്പിലാക്കിയതിനു ശേഷം 50-ാം ദിവസം പ്രധാനമന്ത്രി കൂടുതൽ സബ്സിഡികൾ പ്രഖ്യാപിച്ചിരുന്നു. ആദ്യം 6,50,000 രൂപ വരെയുള്ള ഭവനവായ്പയ്ക്ക് പലിശനിരക്കിൽ 6.5% സബ്സിഡിയോടെ 15 വർഷക്കാലയളവിലേക്കായിരുന്നു ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി. പിന്നീട് 9,00,000 രൂപ വരെയുള്ള ഭവനവായ്പയുടെ പലിശ നിരക്കിന്മേൽ 4% സബ്സിഡിയും 12,00,000 രൂപ വരെയുള്ള ഭവനവായ്പയുടെ പലിശനിരക്കിന്മേൽ 3% സബ്സിഡിയും പ്രഖ്യാപിച്ചു. അതിനു ശേഷം ബജറ്റ് പ്രഖ്യാപനവേളയിലാണ് 20 വർഷ

ത്തേക്ക് തിരിച്ചടവ് കാലാവധി ഉയർത്തിയത്.

### 3. ചെലവുകുറഞ്ഞ ഭവനപദ്ധതിക്കായി കൂടുതൽ സൗകര്യം:

'എല്ലാവർക്കും ഭവനം' എന്ന പദ്ധതിക്കു കീഴിലുള്ള ചെലവു കുറഞ്ഞ ഭവനപദ്ധതികൾക്ക് നികുതിയിളവ് നൽകാൻ ബിൽട്ട്അപ്പ് ഏരിയ അടിസ്ഥാനം എന്നുള്ളത് കാർപ്പറ്റ് ഏരിയയാക്കി മാറ്റി. നികുതിയിളവ് നൽകാൻ മെട്രോ നഗരങ്ങളിൽ ബിൽട്ട് അപ്പ് ഏരിയക്ക് 30 ചതുരശ്രമീറ്റർ വിസ്തൃതിയും മറ്റുള്ളവയ്ക്ക് 60 ചതുരശ്രമീറ്റർ വിസ്തൃതിയുമുള്ള ഭവനങ്ങളായിരുന്നു ആദ്യം പരിഗണിച്ചിരുന്നത്. എന്നാൽ ബജറ്റിലിത് കാർപ്പറ്റ് ഏരിയാ അടിസ്ഥാനത്തിലാക്കുകയും 30 ചതുരശ്രമീറ്റർ പരിധി 4 പ്രധാന മെട്രോകളുടെ മുനിസിപ്പൽ/കോർപ്പറേഷൻ പരിധിയിലുൾപ്പെടുത്തുകയും ചെയ്തു. കൂടാതെ നിർമ്മാണം പൂർത്തിയാക്കൽ രേഖ ലഭിച്ചിട്ടും ആളുകൾ താമസിക്കാത്ത വീടുകൾക്ക് ഇപ്പോൾ ഈടാക്കുന്ന വാടകവരുമാനം ഇനി മുതൽ, വിൽക്കാൻ വച്ചിരിക്കുന്ന വീടുകളുടെ കാര്യത്തിൽ നിർമ്മാണം പൂർത്തിയാക്കൽ രേഖ ലഭിച്ച് ഒരു വർഷം കഴിഞ്ഞേ ഈടാക്കൂ എന്നുള്ളത് കേന്ദ്രബജറ്റ് -2017 വഴി നിർമ്മാതാക്കൾക്ക് ലഭിക്കുന്ന മറ്റൊരു ആനുകൂല്യമാണ്.

### 4. ഭവനപദ്ധതി പൂർത്തീകരണത്തിന് രണ്ട് വർഷത്തെ അധിക ഇളവ്:

ഭവനവായ്പയെടുത്തശേഷം നിർമ്മാണ സമയത്തെ പലിശനിരക്കിൽ നികുതിയിളവ് ലഭിക്കാൻ 3 വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കണമെന്ന നിബന്ധന രണ്ടു വർഷം കൂടി കൂട്ടി നൽകി. അതായത് ബജറ്റ്-2017 ൽ അത് അഞ്ച് വർഷമാക്കി മാറ്റിയിട്ടുണ്ട്. ഇതു വഴി പലിശ നിരക്കിൽ നികുതി ഇളവ് ലഭിക്കാൻ, 3 വർഷം കൊണ്ട് ഭവനനിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത ഭവനവായ്പാ ഉപഭോക്താക്കൾക്ക് 5 വർഷം കൊണ്ട് പണി പൂർത്തിയാക്കാനുള്ള സാവകാശം ലഭിക്കുകയും നികുതിയിളവ് ആനുകൂല്യം നേടുകയും ചെയ്യാം.

### 5. വ്യക്തിഗതഭവനവായ്പകൾക്ക് നാഷണൽ ഹൗസിംഗ് ബാങ്കിന്റെ അധികവായ്പാ സൗകര്യം:

ഭവനവായ്പാ മേഖലയ്ക്ക് കൂടുതൽ ശക്തി പകരാനായി നാഷണൽ ഹൗസിംഗ് ബാങ്ക് വ്യക്തിഗത വായ്പകൾക്ക് 20000 കോടി രൂപയുടെ അധിക വായ്പ അനുവദിച്ചിരിക്കുകയാണ്. ഇത് ഈ മേഖലയിലേക്ക് ഭവനവായ്പാ ഉപഭോക്താക്കളെ കൂടുതലായി ആകർഷിക്കാൻ ഇടവരുത്തുകയും അവർക്ക് കൂടുതൽ ഭവനവായ്പാ അനുവദിക്കാനായി ഭവനവായ്പാ സ്ഥാപനങ്ങളെ സജ്ജരാക്കുകയും ചെയ്യും.

### 6. ഭവനരഹിതർക്കായി 2019-ഓടു കൂടി ഒരു കോടി വീടുകൾ:

ഭവനരഹിതർക്കും സുരക്ഷിതമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്നവർക്കും 2019-ഓടു കൂടി ഒരു

Housing for all

Ministry of Housing & Poverty Alleviation

കോടി വീടുകൾ നിർമ്മിച്ചു നൽകുമെന്ന് ധനമന്ത്രി കേന്ദ്രബജറ്റ് പ്രഖ്യാപനവേളയിൽ പറഞ്ഞു. വലിയതോതിലുള്ള ഡിമാൻഡ് ഈ മേഖലയിൽ ഉളവാകുന്നുണ്ടെങ്കിലും ഭവനവായ്പാ കമ്പനികളോ പൂർവകാലങ്ങളിൽ നിർമ്മാണ കമ്പനികളോ ഇത്തരം പദ്ധതികൾക്ക് അധികം താത്പര്യം കാണിച്ചിരുന്നില്ല. എന്നാൽ കേന്ദ്രബജറ്റ്- 2017ലെ നിർദ്ദേശങ്ങൾ ചെലവ് കുറഞ്ഞ ഭവനപദ്ധതികൾക്ക് കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നതിനാൽ ഈ മേഖലയിൽ കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിനും വായ്പാ വിതരണരംഗം കൂടുതൽ ശക്തി പ്രാപിക്കുന്നതിനും ഇടവരുത്തുമെന്നാണ് വിലയിരുത്തൽ.

### 7. ആദായ നികുതിയിളവിലൂടെ റിയൽ എസ്റ്റേറ്റ് മേഖലയ്ക്ക് കൂടുതൽ ഉണർവ്വ്:

മധ്യവർഗ വിഭാഗത്തിന് നേട്ടം നൽകിക്കൊണ്ട്, രണ്ടരലക്ഷം രൂപ മുതൽ അഞ്ചുലക്ഷം രൂപ വരെയുള്ള ഏറ്റവും താഴ്ന്ന സ്ലാബിന് ആദായനികുതി നിരക്ക് പകുതിയായി കുറച്ചിരിക്കുകയാണ് കേന്ദ്രബജറ്റ്. ഈ സ്ലാബിൽ നിലവിൽ 10% ആയിരുന്ന നികുതി 5% ആക്കി കുറച്ചു. കൂടാതെ ആദായ നികുതി ഇളവു ലഭിക്കുന്ന എല്ലാ കിഴിവുകളും കഴിഞ്ഞുള്ള വരുമാനം 5 ലക്ഷം രൂപയിൽ താഴെയുള്ളവർക്ക് പരമാവധി 2500 രൂപയോ അല്ലെങ്കിൽ നികുതി അടയ്ക്കേണ്ട തുക എത്രയോ, ഇവയിൽ ഏതാണോ കുറവ് ആ തുക, റിബേറ്റായും ലഭിക്കും. നികുതി നിരക്ക് 5% ആക്കുന്നതിനോടൊപ്പം 2500 രൂപ റിബേറ്റും കൂടി ചേരുമ്പോൾ 3 ലക്ഷം രൂപ വരെ വരുമാനമുള്ളവർക്ക് ഫലത്തിൽ നികുതി ഒടുക്കേണ്ടി വരില്ല. ഇത് മധ്യവർഗ വിഭാഗക്കാർ ഭവന/ഭൂമേഖലയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് ഇടയാക്കും.

നോട്ട് അസാധുവാക്കൽ പ്രക്രിയയിലൂടെ കനത്ത ആഘാതം നേരിട്ട റിയൽ എസ്റ്റേറ്റ് വിപണിയിൽ കേന്ദ്രബജറ്റിന്റെ പ്രഖ്യാപന ദിവസം തന്നെ ഉണർവ് ദൃശ്യമായിരുന്നു. കുറഞ്ഞ ചെലവിലുള്ള ഭവന നിർമ്മാണത്തിന് സർക്കാർ പ്രഖ്യാപിച്ച നികുതിയിളവുകളും സബ്സിഡികളും, അടിസ്ഥാനസൗകര്യ പദവിയിലൂടെ ഇനി വരാനിടയുള്ള വായ്പാ ഇളവുകളും മറ്റും ഈ മേഖലയ്ക്ക് നല്ല രീതിയിലുള്ള പ്രതീക്ഷകളാണ് നൽകിയിരിക്കുന്നത്. ഇതു വഴി 'എല്ലാവർക്കും ഭവനം' എന്ന കേന്ദ്രസർക്കാരിന്റെ ലക്ഷ്യസാധൂകരണം എളുപ്പം പൂർത്തിയാക്കാനാവും എന്നു തന്നെയാണ് പ്രതീക്ഷ.

*(തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിലെ കോമേഴ്സ് വിഭാഗം ഗവേഷകയാണ് ലേഖിക)*

FORM – IV

(Statement of ownership and other particulars about newspaper Yojana (Malayalam) to be published in the first issue of every year after the last day of February)

| | | |
|---|---|---|
| 1. | Place of Publication | : Thiruvananthapuram |
| 2. | Periodicity of its publication | : Monthly |
| 3. | Printer's Name & Nationality | : Dr. Sadhana Rout,<br>(Indian<br>Soochna Bhavan,<br>Publications Division<br>New Delhi-110 003. |
| 4. | Publisher's Name, Nationality & Address | : Dr. Sadhana Rout,<br>Indian,<br>Soochna Bhavan,<br>Publications Division,<br>New Delhi -110 003. |
| 5. | Editor's Name, Nationality &Address | : Dhanya Sanal.K<br>Indian<br>Govt. Press Road,<br>Thiruvananthapuram-695 001 |
| 6. | Name and addresses of individuals Who own the newspaper and partners or shareholders holding more than One per cent of the total capital. | : Wholly owned by Ministry of I&B<br>Govt. of India, New Delhi-110 001. |

I, Sadhana Rout hereby declare that the particulars given above are true to the best of my knowledge and belief.

Date:

(Dr. Sadhana Rout)
(Signature of Publisher)

# സാർവത്രിക അടിസ്ഥാന വരുമാനം




സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം 2011 – 12 കാലഘട്ടത്തിലെത്തിയപ്പോൾ രാജ്യത്തെ ദാരിദ്രരുടെ എണ്ണം 70 ശതമാനത്തിൽ നിന്ന് 22 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുവാൻ തക്കവിധം വളർച്ച കൈവരിക്കാൻ നമുക്കായെങ്കിലും (തെണ്ടുൽക്കർ കമ്മിറ്റി) സമ്പൂർണ്ണ ദാരിദ്യനിർമാർജനം സാധ്യമാകാത്തത് നമ്മളെ ഇന്നും വേട്ടയാടുന്നുണ്ട്. രാജ്യത്തെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് നിലവിലുള്ള വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികൾക്കു പകരമായി 2016 –17 ലെ സാമ്പത്തിക സർവെ ശുപാർശ ചെയ്യുന്നത് സാർവത്രിക അടിസ്ഥാന വരുമാനലഭ്യതയാണ്. രാജ്യത്തെ ഓരോ പൗരനും അവന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള അടിസ്ഥാന വരുമാനത്തിന് അവകാശമുണ്ട് എന്നതാണ് സാർവത്രിക അടിസ്ഥാന വരുമാനം എന്നതിനു പിന്നിലെ സങ്കല്പം.

ഇതിനു മൂന്നു ഘടകങ്ങളുണ്ട്. സാർവത്രികത (സാർവത്രിക സ്വഭാവം), നിരുപാധികത (ഗുണഭോക്താവിനു കൈമാറ്റം ചെയ്യാവുന്ന പണത്തിന് വ്യവസ്ഥകൾ ഒന്നുമില്ല), പ്രാതിനിധ്യം (തീരുമാനമെടുക്കാനുള്ള ജനങ്ങളുടെ കഴിവിനെ ആദരിക്കുന്നു. അധികാര നിലപാട് സ്വീകരിക്കാറില്ല) എന്നിവയാണവ.

**സാർവത്രിക അടിസ്ഥാന വരുമാനത്തിന് അനുകൂലമായ വാദഗതികൾ ചുവടെപ്പറയുന്നു:**

**സാമൂഹ്യ നീതി:** സമൂഹത്തിലെ ഓരോ അംഗത്തിനും അയാൾക്ക് അവകാശപ്പെട്ടത് നല്കാൻ സാധിക്കുന്നില്ലെങ്കിൽ സമൂഹം അവരോട് നീതി പുലർത്തി എന്നു പറയാനാവില്ല.

**ദാരിദ്ര്യ ലഘൂകരണം:** ദാരിദ്ര്യ ലഘൂകരണത്തിന് യോജിച്ച ഏറ്റവും ലളിതവും ശീഘ്രവുമായ മാർഗ്ഗം സാർവത്രിക അടിസ്ഥാന വരുമാനമാണ്. അതു വിതരണം ചെയ്യുന്നതിന് കൃത്യമായി പ്രവർത്തിക്കുന്ന സാമ്പത്തിക സംവിധാനം നിലവിവുണ്ടാകണം.

**തൊഴിലവസരങ്ങൾ:** തൊഴിൽ അവസരങ്ങൾ അനിശ്ചിതത്വത്തിൽ നില്ക്കുന്ന ഈ കാലഘട്ടത്തിൽ ഏറ്റവും അടിസ്ഥാനമായ ജീവിത നിലവാരം ഉറപ്പു വരുന്നതുന്നതിനുള്ള സമൂഹത്തിന്റെ ബാധ്യതയാണ് സാർവത്രിക അടിസ്ഥാന വരുമാനം. അടിസ്ഥാന വരുമാനം ഉള്ള ഒരു വ്യക്തിക്ക് തൊഴിൽ വിപണിയിൽ വില പേശാനാവും. തൊഴിൽ സാഹചര്യങ്ങൾ അയാളെ അടിച്ചേൽപ്പിക്കാനാവില്ല. അതിനാൽ ഇത് തൊഴിലാളി ചൂഷണത്തെ കുറയ്ക്കുന്നു.

**പ്രാതിനിധ്യ സ്വഭാവം :** ഇന്ത്യയിലെ ദരിദ്രരെ വെറും വിധേയർ മാത്രമായാണ് പലപ്പോഴും ഗവൺമെന്റ് നയത്തിൽ പരിഗണിക്കുന്നത്. നിലവിലുള്ള നമ്മുടെ ക്ഷേമ സംവിധാനം, അത് സദുദ്ദേശത്തോടുകൂടി ഉള്ളതാണെങ്കിലും, പാവങ്ങൾക്ക് ജീവിതവുമായി ബന്ധപ്പെട്ട സാമ്പത്തിക തീരുമാനങ്ങൾ സ്വീകരിക്കാൻ സാധിക്കില്ല എന്ന അർത്ഥത്തിൽ അവർക്ക് അർഹിക്കുന്ന മാന്യത നല്കുന്നില്ല. നിരുപാധികമുള്ള പണം കൈമാറ്റം അവരെ വിധേയർക്കു പകരം പ്രതിനിധികളായി പരിഗണിക്കുന്നു.

**പ്രായോഗികമായി ഉപകാരപ്രദം:** വ്യക്തികൾ ദാരിദ്രത്തിൽ കുടുങ്ങുന്നത് പല വിധത്തിലാണ്. അവർ അഭിമുഖീകരിക്കുന്ന അപകട സാധ്യതകളും ആഘാതങ്ങളും പോലും വ്യത്യസ്തമാണ്. ഈ അപകട സാധ്യതകൾ ലഘൂകരിക്കണമെന്നോ അതിന് എന്തു മുൻഗണനകൾ നിശ്ചയിക്കണമെന്നോ ഗവൺമെന്റിന് വ്യക്തമല്ല. എന്നാൽ കുടുംബത്തെ മൊത്തത്തിൽ കണക്കിലെടുക്കാതെ വ്യക്തികളെ മാത്രം ഗുണഭോക്താക്കളായി പരിഗണക്കുന്ന സാർവത്രിക അടിസ്ഥാന വരുമാന പദ്ധതിയിൽ വീട്ടിലെ സ്ത്രീകളെ പ്രതിനിധികളായി ഉയർത്താനാവും.

**ഭരണ കാര്യക്ഷമത:** നിലവിലുള്ള ക്ഷേമ പദ്ധതികളിൽ നിന്ന് പലപ്പോഴും പണം ചോരുകയും അർഹരായവർ അതിന്റെ പരിധിക്ക് പുറത്താവുകയും ചെയ്യുന്നു. ജൻധൻ, ആധാർ, മൊബൈൽ എന്ന ത്രിത്വ സംവിധാനത്തെ (JAM) പൂർണമായി ഉപയോഗപ്പെടുത്തുകയാണെങ്കിൽ ഇതാണ് ഏറ്റവും ഫലപ്രദമായി ഭരണം നിർവഹിക്കാൻ യോജിച്ച സമയം.

## സാർവത്രിക അടിസ്ഥാന വരുമാനത്തിന് എതിരെ ഉയരുന്ന വാദഗതികൾ:

- **സാർവത്രിക അടിസ്ഥാന വരുമാനം തൊഴിൽ ചെയ്യുന്നതിനുള്ള പ്രേരണ കുറയ്ക്കുന്നു:** പക്ഷെ ഇത് വളരെ പെരുപ്പിച്ചു പറയുന്ന ഒരു വാദഗതിയാണ്. സാർവത്രിക അടിസ്ഥാന വരുമാനം ഏറ്റവും അർഹതപ്പെട്ട മേഖലയിലാണ് പ്രാവർത്തികമാക്കുക. അതിനാൽ അവിടെ തൊഴിലിനെ ബാധിക്കുന്നേയില്ല.

- **വരുമാനം തൊഴിലിൽ നിന്ന് വേർപെടുത്താനാകുമോ?:** ഏതെങ്കിലും സമൂഹത്തിൽ ഏതെങ്കിലും തരത്തിലുള്ള തൊഴിൽ രഹിത വരുമാനം സ്വീകരിക്കുന്നതിനെ അംഗീകരിക്കുന്ന പാരമ്പര്യം ഉണ്ടെങ്കിൽ അവിടെ വരുമാനം തൊഴിലിൽ നിന്നു വേർപെട്ടു കഴിഞ്ഞു.

- **അന്യോന്യതയെ സംബന്ധിച്ച ഉത്ക്കണ്ഠ:** ഒരാൾക്ക് സമൂഹം സാർവത്രിക അടിസ്ഥാന വരുമാനം ലഭ്യമാക്കിയാൽ തിരികെ എന്താണ് ലഭിക്കുക? അതിനുള്ള ഉത്തരം, ആ വ്യക്തി പിന്നീട് അയാൾക്കാവുന്ന വിധത്തിൽ വിവിധ രീതിയിൽ സമൂഹത്തിന് സംഭാവനകൾ നല്കും എന്നാണ്. യഥാർത്ഥത്തിൽ സാർവത്രിക അടിസ്ഥാന വരുമാനത്തെ വേതന രഹിത തൊഴിലുമായി ബന്ധപ്പെടുത്തി സമൂഹത്തിനു ലഭിക്കുന്ന സംഭാവനായി അംഗീകരിക്കാവുന്നതാണ്. ഉദാഹരണത്തിന് ഒരു സ്ത്രീ വീട്ടിൽ ചെയ്യുന്ന ഗൃഹജോലിക്ക് ആരും വേതനം നല്കുന്നില്ല, അത് ജോലിയായി അംഗീകരിക്കുന്നുമില്ല.

## നിലവിലുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ പ്രശ്നങ്ങൾ:

- സമ്പന്ന മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ രാജ്യത്തെ ഏറ്റവും ദരിദ്രമായ മേഖലകളിൽ ഗവൺമെന്റിൽ നിന്നുള്ള വിഭവങ്ങളുടെ നേരിയ വിഹിതം മാത്രമേ പലപ്പോഴും ലഭിക്കുന്നുള്ളു.

- യഥാർത്ഥത്തിൽ അർഹരായവർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു.

- ക്ഷേമകാര്യ വിതരണ സംവിധാനത്തിൽ ചോർച്ച ഉണ്ടാകുന്നു.

## സാർവത്രിക അടിസ്ഥാന വരുമാനത്തിലൂടെ പരിഹാരം

- സാർവത്രിക അടിസ്ഥാന വരുമാനം  ക്ഷേമകാര്യ സംവിധാനത്തിലെ ചോർച്ച തടയുന്നുണ്ട്. കാരണം സാമ്പത്തിക കൈമാറ്റം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് ലഭിക്കുന്നത്. അതിനാൽ  വ്യതിചലന സാധ്യത കുറവാണ്.  മാത്രവുമല്ല അധികാരികളുടെ വിവേചനാധികാരവും ഏതാണ്ട് പൂർണമായി എടുത്തു കളഞ്ഞിരിക്കുകയാണ്.

- സാർവത്രിക സ്വഭാവമുള്ളതായതിനാൽ ഈ പദ്ധതിയിൽ നിന്ന് ആരെയും ഒഴിവാക്കുക എളുപ്പവുമല്ല.

- സാർവത്രിക അടിസ്ഥാന വരുമാനം ഒരു ഇൻഷുറൻസ് പരിരക്ഷ പോലെയാണ് പ്രവർത്തിക്കുക. പാവപ്പെട്ടവർക്ക്  ഒരുതരം മനശാസ്ത്രപരമായ താങ്ങുകൂടിയാണ് ഈ പദ്ധതി.

## സാർവത്രിക അടിസ്ഥാന വരുമാനത്തിനുള്ള വ്യവസ്ഥകൾ

- സുസജ്ജമായ JAM അഥവാ ജൻധൻ, ആധാർ, മൊബൈൽ, സംവിധാനം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്കു പണം നേരിട്ടു കൈമാറ്റം ചെയ്യപ്പെടുന്നു എന്ന് ഉറപ്പാക്കുന്നു. പക്ഷെ ഇന്ത്യയിലെ പ്രായപൂർത്തിയായവരിൽ മൂന്നിൽ ഒരു ശതമാനത്തിനും ബാങ്ക് അക്കൗണ്ട് ഇല്ല എന്നതാണ് വസ്തുത. അതുകൊണ്ട് നാം പിന്തള്ളപ്പെടാൻ സാധ്യതയുണ്ട്. ഇവരാകട്ടെ ഏറ്റവും പാവപ്പെട്ട സാമൂഹിക വിഭാഗങ്ങളുമാണ് – സ്ത്രീകൾ, പട്ടിക ജാതി, പട്ടിക വർഗ്ഗം, വൃദ്ധർ, രോഗികൾ തുടങ്ങി  ആനുകൂല്യങ്ങൾ ഏറ്റവും ആവശ്യമുള്ളവരും.

- സുപ്രധാനമായ മറ്റൊരു ചോദ്യം സാർവത്രിക അടിസ്ഥാന വരുമാനത്തിനുള്ള കേന്ദ്ര സംസ്ഥാന വിഹിതത്തെ കുറിച്ചാണ്. ഇതു സംബന്ധിച്ച്  കേന്ദ്രസംസ്ഥാന തലത്തിലുള്ള ചർച്ചകൾ വളരെ നിർണായകമാണ്.


- സാർവത്രിക അടിസ്ഥാന വരുമാന പദ്ധതി നടപ്പാക്കുമ്പോഴുള്ള സാമ്പത്തിക ചെലവ് : രാജ്യത്തെ ദാരിദ്ര്യം 0.5 ശതമാനം ലഘൂകരിക്കുന്നതിനുള്ള സാർവത്രിക അടിസ്ഥാന വരുമാന പദ്ധതിക്ക് മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 4.5 ശതമാനം വേണ്ടിവരും. അതേ സമയം നിലവിൽ ഭക്ഷ്യസാധനങ്ങൾ, പെട്രോളിയം, വളം എന്നിവയുടെ സബ്സിഡിക്ക് വേണ്ടിവരുന്നത്  മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 3 ശതമാനം മാത്രമാണ്.

- സാമ്പത്തിക സർവേ ഉപസംഹരിക്കുന്നത് സാർവത്രിക അടിസ്ഥാന വരുമാനം വളരെ ശക്തമായ ഒരു ആശയമാണ് എന്നാണ്. പക്ഷെ അത് നടപ്പിലാക്കാൻ തക്കവിധം നമ്മുടെ രാജ്യം ഇനിയും വളരേണ്ടതുണ്ടെന്ന് സർവ്വേ ചൂണ്ടിക്കാട്ടുന്നു. എന്നാലും ഗൗരവമായ ചർച്ചയ്ക്ക് വളർച്ചയെത്തിയിട്ടുമുണ്ട്. മഹാത്മഗാന്ധി തന്റെ ജീവിതത്തിലുടനീളം ഏതു ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുവാൻ വേണ്ടി പോരാടിയോ അവ നേടാൻ സാർവത്രിക അടിസ്ഥാന വരുമാനം സഹായിക്കും.

# BudjetForBetterIndia

## Rupee Comes From

Budget forbetter INDIA 2017-16




# BudjetForBetterIndia

## Rupee Goes To

Budget forbetter INDIA 2017-16

